**പതിനഞ്ചാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## പതിനെട്ടാമത് റിപ്പോർട്ട്

(2022 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-2006 മുതൽ 2014-2015 വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട കോഴിക്കോട് നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളുടെയും 2002-2003 മുതൽ 2015-2016 വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ വടകര, കൊയിലാണ്ടി എന്നീ നഗരസഭകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി**
**(2021-2023)**

പതിനെട്ടാമത് റിപ്പോർട്ട്

(2022 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-2006 മുതൽ 2014-2015 വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട കോഴിക്കോട് നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളുടെയും 2002-2003 മുതൽ 2015-2016 വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ വടകര, കൊയിലാണ്ടി എന്നീ നഗരസഭകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

438/2022.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശുപാർശകളും | .. | 105 |
| അനുബന്ധം II : | | |
| സർക്കാരിൽ നിന്ന് ലഭിച്ച മറുപടി | .. | 110 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഷാനവാസ് പി. പി., ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ എൻ. ജി., അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2021-2023)-യുടെ പതിനെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-2006 മുതൽ 2014-2015 വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട കോഴിക്കോട് നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളുടെയും 2002-2003 മുതൽ 2015-2016 വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ വടകര, കൊയിലാണ്ടി എന്നീ നഗരസഭകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2022 ഫെബ്രുവരി മാസം 21-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,

2022 ഫെബ്രുവരി 24.

# റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 മുതൽ 2014-15 വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട കോഴിക്കോട് നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളുടെയും 2002-03 മുതൽ 2015-16 വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ വടകര, കൊയിലാണ്ടി എന്നീ നഗരസഭകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.

## കോഴിക്കോട് നഗരസഭ

ഓഡിറ്റ് ഖണ്ഡിക

### കോമേഴ്സ്യൽ കോംപ്ലക്സ് -കം-സ്റ്റേഡിയം നിർമ്മാണത്തിൽ അപാകത, നഷ്ടം

(2002-2003 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3-11)

സ്റ്റേഡിയം പുതുക്കിപ്പണിയുന്നതിനും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുമുള്ള പ്രോജക്ടിന്റെ അടങ്കൽ 596 ലക്ഷം രൂപ ടെണ്ടർ അധികം അടക്കം ഉദ്ദേശകരാർ തുക 694 ലക്ഷം രൂപ 28-11-1997-ന് കരാറുകാരൻ ഉടമ്പടി വച്ചു. നിശ്ചിത കാലാവധിയ്ക്കകം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയതു കാരണം പൂർത്തിയാക്കാത്ത പ്രവൃത്തി 12-11-2003-ൽ വീണ്ടും ടെണ്ടർ ചെയ്ത് മറ്റൊരു കരാറുകാരനെ ഏൽപ്പിച്ചു.

പ്രോജക്ടിന്റെ രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കിയ ആർക്കിടെക്റ്റിന് യഥാർത്ഥ അടങ്കൽ പരിഗണിക്കാതെ ടെണ്ടർ അധികം ഉൾപ്പെടെയുള്ള തുകയ്ക്ക് ഫീസ് നൽകിയതിനാൽ 12,44,840 രൂപ അധികം നൽകി. പ്രോജക്റ്റിന് വേണ്ട സ്ഥലം ഒഴിപ്പിച്ചു വാങ്ങാതെയും നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റുന്ന പ്രവൃത്തി അടങ്കലിൽ ഉൾപ്പെടുത്താതെയും ടെണ്ടർ ചെയ്തതിനാൽ നഗരസഭയ്ക്ക് 68,31,133 രൂപ അധിക ചെലവ് വന്നു. കരാറുകാരന് അനധികൃതമായി മുൻകൂർ നൽകുകയും പലിശ വസൂലാക്കുകയും ചെയ്യാത്തതിനാൽ 38,192 രൂപ നഗരസഭയ്ക്ക് നഷ്ടപ്പെട്ടു. കരാറുകാരന് നൽകിയ സമാഹരണമുൻകൂർ 84,280 രൂപ തിരിച്ചുപിടിക്കുന്നതിൽ വീഴ്ച വരുത്തി. നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റിയപ്പോൾ ലഭിച്ച വസ്തുക്കൾ പൊതു ലേലം വഴി വിറ്റഴിക്കുകയോ പുതിയ നിർമ്മാണത്തിന് ഉപയോഗിച്ച് നിയമാനുസൃതം വില ഈടാക്കുകയോ ചെയ്തിട്ടില്ല. മേൽ പറഞ്ഞ നഷ്ടം ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കാൻ നിർദ്ദേശിച്ചു.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2005-06; ഖണ്ഡിക 3.5.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് വർഷങ്ങൾക്ക് മുമ്പ് നടന്ന സ്റ്റേഡിയം നിർമ്മാണത്തിലെ അപാകതയുമായി ബന്ധപ്പെട്ടതാണ് പ്രസ്തുത ഓഡിറ്റ് പരാമർശമെന്നും എസ്റ്റിമേറ്റ് തുകയുടെ 3 ശതമാനമാണ് കൺസൾട്ടന്റ് ഫീസായി നൽകിയിരിക്കുന്നതെന്നും ഹഡ്കോയിൽ നിന്നും ലോൺ എടുത്താണ് കോർപ്പറേഷൻ ടി പദ്ധതി ആരംഭിച്ചത് എന്നും ഹഡ്കോ അംഗീകരിച്ച പ്രോജക്ട് കോസ്റ്റിന്റെ 3 ശതമാനം കൺസൾട്ടന്റ് ഫീസായി നൽകണമെന്നാണ് എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്തിരുന്നതെന്നും അത്തരത്തിൽ അനുവദിക്കണമെന്നാണ് സർക്കാരിൽ നിന്ന് സാങ്ഷൻ ലഭിച്ചതെന്നും അക്രഡിറ്റഡ് ഏജൻസികൾക്ക് മാത്രമേ തുക അഡ്വാൻസായി നൽകാമെന്നിരിക്കെ കോൺട്രാക്ടർക്ക് തുക അഡ്വാൻസായി നൽകിയെന്നതാണ് രണ്ടാമത്തെ ഒബ്ജക്ഷൻ എന്നും  അത്തരത്തിൽ കൊടുത്ത തുകയുടെ പലിശയടക്കം തിരിച്ച് പിടിക്കണമെന്നാണ് ഓഡിറ്റ് പരാമർശത്തിൽ പറയുന്നതെന്നും കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കാതെ ഇടയ്ക്ക് ഉപേക്ഷിച്ചപ്പോൾ റിസ്ക് ആന്റ് കോസ്റ്റിൽ റീ ടെണ്ടർ ചെയ്തത് കുറഞ്ഞ നിരക്കിലാണ് അനുവദിച്ചിരിക്കുന്നതെന്നും അതിനാൽ ആദ്യത്തെ റിസ്ക് ആന്റ് കോസ്റ്റിൽ ആദ്യത്തെ കോൺട്രാക്ടറിൽ നിന്നും തുക ഈടാക്കേണ്ടതില്ലായെന്നും ടി കോൺട്രാക്ടറുടെ സെക്യൂരിറ്റി തുകയും ഇതുവരെ റിലീസ് ചെയ്തിട്ടില്ലായെന്നും ഫൈനൽ സെറ്റിൽമെന്റിന്റെ ഭാഗമായി ഏകദേശം 2 ലക്ഷം രൂപയിൽ താഴെ മാത്രമേ വരികയുള്ളുവെന്നും ആയത് പഞ്ചായത്തിൽ നിന്നും തിരിച്ചുപിടിക്കാമെന്നാണ് മറുപടി നൽകിയിരിക്കുന്നതെന്നും കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി-ഇൻ-ചാർജ് സമിതിയെ അറിയിച്ചു.  സ്ഥലത്തിന്റെ വില ഉൾപ്പെടെ 25 കോടിയോളം രൂപ എസ്റ്റിമേറ്റ് വച്ചിരുന്ന പ്രവൃത്തിയ്ക്ക് സ്ഥല വില ഒഴികെ അംഗീകരിച്ച 10 കോടി രൂപയുടെ 3 ശതമാനമാണ് ഫീസായി അനുവദിച്ചതെന്നും പ്രോജക്ട് കോസ്റ്റ് റിവൈസ് ചെയ്തിട്ടില്ലായെന്നും ഹഡ്കോയിൽ നിന്ന് 10 കോടി രൂപയാണ് വായ്പയെടുത്തതെന്നും 24 കോടി രൂപയുടെ പ്രോജക്ടിനാണ് ഹഡ്കോയിൽ അപേക്ഷ നൽകിയതെന്നും അതിൽ സ്ഥലത്തിന്റെ വിലയും ഉൾപ്പെട്ടിട്ടുണ്ടെന്നും കോഴിക്കോട് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) മറുപടി നൽകി.  തുടർന്ന് 596 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുകയാണ് ടെണ്ടർ എക്സസ് ഉൾപ്പെടെ 694 ലക്ഷം രൂപയായതെന്നും പ്രസ്തുത തുകയ്ക്കാണ് 1993-ൽ സർക്കാർ അനുമതി ലഭിച്ചതെന്നും 10 കോടി രൂപ എന്നത് 2001-ലെ തുകയാണെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു.

2. 1992-ലെ സർക്കാർ ഉത്തരവിലാണ് പ്രോജക്ട് കോസ്റ്റിന്റെ 3 ശതമാനം ആർക്കിടെക്റ്റിന് ഫീസായി അനുവദിക്കണമെന്ന് നിർദ്ദേശമുണ്ടായിരുന്നതെന്നും 1997-ൽ വർക്കിന്റെ എഗ്രിമെന്റും 2000-ൽ ആർക്കിടെക്റ്റുമായി കരാറിലേർപ്പെടുകയുമാണ് ഉണ്ടായതെന്നും പ്രോജക്ടിന് 3-7-1992-ലാണ്  സർക്കാർ അനുമതി നൽകിയതെന്നും

കോഴിക്കോട് കോർപ്പറേഷൻ ഉദ്യോഗസ്ഥൻ സമിതിയെ ബോധിപ്പിച്ചു. ആർക്കിടെക്റ്റുമായി കരാറിലേർപ്പെട്ടതിന് ശേഷമാണോ ടെണ്ടർ എക്സസ് വന്നതെന്നും, വർക്ക് ടെണ്ടർ ചെയ്തത് എത്ര തുകയ്ക്കാണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് 10.17 കോടി രൂപ എന്നത് ഹഡ്കോയുടെ കണക്കാണെന്നും നഗരസഭയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് 5.65 കോടി രൂപയാണെന്നും അതിന്റെ കൂടെ ഹഡ്കോ അനുമാനിക്കുന്ന ടെണ്ടർ എക്സസും കൂടി ചേർത്ത തുക 10.17 കോടി രൂപയാണെന്നും അതിന് ശേഷം 1997-ലാണ് വർക്ക് ടെണ്ടർ ചെയ്യുന്നതെന്നും അത്തരത്തിൽ അനുവദിച്ച 10.17 കോടി രൂപയുടെ 3 ശതമാനമാണ് ആർക്കിടെക്റ്റിന് ഫീസായി അനുവദിച്ചതെന്നും 6.94 കോടി രൂപയാണ് വർക്ക് കോസ്റ്റ് എന്നും കോഴിക്കോട് കോർപ്പറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സമിതിയെ ബോധിപ്പിച്ചു.

3. വർക്ക് കോസ്റ്റ് 6.94 കോടി രൂപയെന്നിരിക്കെ എന്തിനാണ് ഹഡ്കോ അംഗീകരിച്ച തുകയുടെ 3 ശതമാനം ഫീസിനത്തിൽ ആർക്കിടെക്റ്റിന് നൽകിയതെന്ന സമിതിയുടെ ചോദ്യത്തിന് 1992-ലെ സർക്കാർ ഉത്തരവിലുണ്ടായിരുന്നതിനാലാണ് പ്രസ്തുത തുകയുടെ 3 ശതമാനം ഫീസായി നൽകിയതെന്ന് കോഴിക്കോട് കോർപ്പറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. 1992-ൽ സർക്കാർ അനുമതി ലഭിച്ച പ്രോജക്ട് കോസ്റ്റ് എന്നത് 596 ലക്ഷം രൂപയാണെന്നും 1996-ലെ തീരുമാന പ്രകാരം എ.എസ് ലഭിച്ച തുക എന്നത് 596 ലക്ഷം രൂപ തന്നെയാണെന്നും ഹഡ്കോയിൽ നിന്ന് വായ്പയെടുക്കുമ്പോൾ അതിനായി പ്രോപ്പർട്ടിയുടെ കോസ്റ്റ് ഉൾപ്പെടെ കാണിക്കുന്ന തുകയാണ് അപേക്ഷയിൽ ഉൾപ്പെടുത്തുന്നതെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. ആക്ച്വൽ എക്സസ് അടക്കമാണോ ടെണ്ടർ നൽകേണ്ടതെന്നും അതോ ഹഡ്കോ അംഗീകരിച്ച തുകയ്ക്കാണോ ആർക്കിടെക്റ്റിന്റെ ഫീസ് നിശ്ചയിച്ചിരിക്കുന്നത് എന്നത് സംബന്ധിച്ച് സർക്കാരിനോട് ക്ലാരിഫിക്കേഷൻ ആരാഞ്ഞിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ക്ലാരിഫിക്കേഷൻ ചോദിച്ചിട്ടില്ലായെന്നും പ്രോജക്ടിന്റെ മൊത്തം കോസ്റ്റ് 24.45 കോടി രൂപയാണെന്നും അതിൽ സ്ഥലത്തിന്റെ മൂല്യ വില കുറച്ച് 10 കോടി രൂപയാണ് ഹഡ്കോയുടെ വായ്പയെന്നും അംഗീകരിച്ച മൊത്തം തുക 10.17 കോടി രൂപയാണെന്നും ആർക്കിടെക്റ്റിന് മുഴുവൻ തുകയും നൽകിയിട്ടില്ലായെന്നും 1.2 ലക്ഷം രൂപ ഇനിയും നൽകാനുണ്ടെന്നും ടെണ്ടർ നടന്നത് 1997-ലാണ് എന്നും കോഴിക്കോട് കോർപ്പറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി.

4. ഈ വിഷയത്തിൽ സമിതി ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞതിന് ഹഡ്കോ അനുവദിക്കുന്ന തുകയുടെ നിശ്ചിത ശതമാനമല്ല ഫീസിനത്തിൽ അനുവദിക്കേണ്ടത് എന്നാണ് സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്നതെന്നും യഥാർത്ഥത്തിൽ എസ്റ്റിമേറ്റ് തുകയുടെ അടിസ്ഥാനത്തിലാണ് ഫീസ് അനുവദിക്കേണ്ടത് എന്നാണ് ഉത്തരവിറക്കേണ്ടിയിരുന്നതെന്നും ഇക്കാര്യത്തിൽ നഗരസഭ സർക്കാരിൽ

നിന്ന് ഒരു ക്ലാരിഫിക്കേഷൻ വാങ്ങേണ്ടതായിരുന്നു എന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി. തുടർന്ന് പദ്ധതിയുമായി ബന്ധപ്പെട്ട സെറ്റിൽമെന്റ് ബിൽ തയ്യാറാക്കിയത് പ്രീഓഡിറ്റ് നടത്തിയതിന് ശേഷമാണെന്നും ഫൈനൽ ബിൽ ഇതുവരെ കരാറുകാരന് നൽകിയിട്ടില്ല എന്നും ബിൽ നൽകുന്ന വേളയിൽ തുക ഈടാക്കുന്നതാണെന്നും ഗവൺമെന്റ് മറുപടിയിൽ പറയുന്നുണ്ടെങ്കിലും പ്രസ്തുത രേഖകൾ നാളിതുവരെ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല എന്ന ഓഡിറ്റിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട് നിലനില്ക്കുന്ന ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് വകുപ്പിന് നഗരസഭ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും മുൻ സെക്രട്ടറിയുടെ അറിവോടെയാണ് ഇക്കാര്യം നടന്നിരിക്കുന്നതെന്നും ടിയാൻ മരണപ്പെട്ടുപോയിട്ടുള്ളതുമാണെന്നുമാണ് റിപ്പോർട്ടിൽ പറയുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ആന്റ് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

5. തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധന നടത്തി ഒരു മാസത്തിനകം സമിതിയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

**6. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പരാമർശങ്ങൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധന നടത്തി ഒരുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**നിയന്ത്രണ മേഖലയിൽ ചട്ടം ലംഘിച്ച് ഓപ്പൺ എയർ സ്റ്റേജ്**

(2002-2003 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3-12)

പൊതുസമ്മേളനങ്ങളും കലാ സാംസ്കാരിക പരിപാടികളും നടത്തുന്നതിന് കോഴിക്കോട് കടപ്പുറത്ത് ഓപ്പൺ എയർ സ്റ്റേജ് നിർമ്മിക്കാനായിരുന്നു പദ്ധതി. നിർമ്മാണം തീരദേശ നിയന്ത്രിത മേഖലയിലായതിനാൽ പ്രബലിത കോൺക്രീറ്റിൽ സ്ഥിരം നിർമ്മാണം പാടില്ല എന്നും താൽക്കാലിക നിർമ്മാണം നടത്താമെന്നുമുള്ള വ്യവസ്ഥയിലായിരുന്നു സർക്കാരും ശാസ്ത്ര സാങ്കേതിക വകുപ്പും പദ്ധതിക്ക് അംഗീകാരം നൽകിയത്. വ്യവസ്ഥ ലംഘിച്ച് നഗരസഭ പ്രബലിത കോൺക്രീറ്റിൽ നിർമ്മാണം നടത്തി 5,94,372 രൂപ ചെലവഴിച്ചു. നിയമവിരുദ്ധ നിർമ്മാണം പൊളിച്ചുമാറ്റാനുള്ള ഹൈക്കോടതി ഉത്തരവ് (ഒ.പി. നം. 2381/97) സുപ്രീംകോടതി ശരിവയ്ക്കുകയും (എസ്.എൽ.പി. നം. 22352/2001) ചെയ്തതോടെ നഗരസഭ ചെലവഴിച്ച പണം പാഴാവുകയായിരുന്നു. ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തി. പ്രവൃത്തിയുടെ റിവൈസ്ഡ്

എസ്റ്റിമേറ്റിൽ കടൽ മണൽ ഉപയോഗിച്ചുള്ള ഫില്ലിംഗിന് അധിക നിരക്ക് നിശ്ചയിച്ചതിനാലുണ്ടായ നഷ്ടം 17,705 രൂപ ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്ന് ഈടാക്കണം.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2005-06, ഖണ്ഡിക 3.5.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

7. ഓപ്പൺ എയർ സ്റ്റേജ് പണിയുന്നത് ഏതു വർഷമാണ് എന്ന സമിതിയുടെ ചോദ്യത്തിന് 1998-ലാണ് എന്നും ശാസ്ത്ര സാങ്കേതിക വകുപ്പിൽ നിന്ന് സ്പെഷ്യൽ ക്ലിയറൻസ് വാങ്ങിയാണ് നിർമ്മാണം നടത്തിയതെന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർ, കോഴിക്കോട് കോർപ്പറേഷൻ മറുപടി നൽകി. തുടർന്ന് കോൺക്രീറ്റിൽ സ്ഥിരം നിർമ്മാണം പാടില്ലായെന്ന വ്യവസ്ഥ നിലനിൽക്കെ നിർമ്മാണം ആരംഭിച്ചത് എന്തിനാണെന്നും താൽക്കാലിക സംവിധാനം ഒരുക്കാമെന്ന വ്യവസ്ഥയിലാണ് അനുമതി നൽകിയിട്ടുള്ളതെന്നും അതിന് വിരുദ്ധമായി പ്രവൃത്തി ചെയ്തതുകൊണ്ടാണ് പൊളിക്കേണ്ടിവന്നതെന്നും സമിതി ചൂണ്ടിക്കാട്ടിയപ്പോൾ ഓപ്പൺ എയർ സ്റ്റേജ് സംബന്ധിച്ച് കൗൺസിൽ തീരുമാനം ഗവൺമെന്റിലേയ്ക്ക് അയച്ച് പരിസ്ഥിതി വകുപ്പിന്റെ അനുമതി വാങ്ങിയിട്ടുണ്ടെന്നും ലൈറ്റ് ഹൗസിൽ നിന്നും ഒരു മീറ്റർ മാറി സ്റ്റേജ് നിർമ്മിക്കണമെന്ന നിബന്ധന അനുസരിച്ചാണ് സ്റ്റേജ് നിർമ്മിച്ചതെന്നും അതിൽ കോൺക്രീറ്റ് സ്ട്രക്ച്ചറൊന്നും ഉപയോഗിച്ചിട്ടില്ലായെന്നും സ്റ്റേജിൽ ഗ്രീൻ റൂം പണിയേണ്ടത് അത്യാവശ്യമായിരുന്നു എന്നും ആയതിലേയ്ക്ക് കുഴിയെടുത്ത് ഉയരം ക്രമീകരിച്ച് കോൺക്രീറ്റ് റൂഫ് സ്ഥാപിച്ച് ഗ്രീൻ റൂം നിർമ്മിച്ചതെന്നും 20 വർഷത്തോളം ഈ സ്റ്റേജ് ഉപയോഗിച്ചിരുന്നെന്നും മുൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ സമിതിയെ ബോധിപ്പിച്ചു. പ്രവൃത്തി നടക്കുന്ന സ്ഥലത്തിന് ചുറ്റും കടൽ മണ്ണ് ഉണ്ടെങ്കിലും ആയത് എടുക്കുന്നത് അനധികൃതമായതിനാൽ 14 കി.മീ. ദൂരെയുള്ള പുതിയ ഡ്രഡ്ജിംഗ് ഹാർബറിൽ നിന്നുമാണ് ഫില്ലിംഗിനായി കടൽമണൽ കൊണ്ടുവന്നതെന്നും ആയതിനാലാണ് മണ്ണ് ഫില്ലിംഗിനായി അധികതുക നൽകേണ്ടി വന്നതെന്നും പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഗവൺമെന്റിലേയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നും അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി. ഗവൺമെന്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**8. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

താമരക്കുളം നവീകരണത്തിൽ അപാകത

(2002-2003 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3-13)

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് താമരക്കുളം നവീകരിക്കുന്നതിന് നിർവഹിച്ച പദ്ധതിയിൽ അപാകതകൾ

1. കുളത്തിലെ വെള്ളം കുടിവെള്ളമായി ഉപയോഗിക്കാൻ പറ്റുമോ എന്ന് ഹൈഡ്രോ ജിയോളജിക്കൽ ടെസ്റ്റ് നടത്തി ഉറപ്പുവരുത്തിയില്ല.

2. 12 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്ത ശേഷം അധിക പ്രവൃത്തികൾ ഉൾപ്പെടുത്തി 23.65 ലക്ഷം രൂപയാക്കി പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയത് ചട്ടവിരുദ്ധമാണ്. ആദ്യ അടങ്കൽ തയ്യാറാക്കിയത് യാഥാർത്ഥ്യ ബോധത്തോടെ ആയിരുന്നില്ല.

3. നിശ്ചിത സമയത്ത് കരാർ ചമയ്ക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരനിൽ നിന്ന് പിഴയായി 11,510 രൂപ ഈടാക്കിയില്ല.

4. പ്രവൃത്തിക്ക് പണം അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കി സർക്കാരിലും മറ്റും അടവാക്കേണ്ട 33,591 രൂപ കുറവ് വരുത്തിയില്ല.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2005-06; ഖണ്ഡിക 3.5.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

9. താമരക്കുളത്തിലെ ജലം കുടിവെള്ള പദ്ധതിക്കായി ഉപയോഗിക്കുന്നുണ്ടോ എന്നും കുടിവെള്ളം ലഭ്യമാക്കുന്നതിന്റെ പ്രാഥമികമായ നടപടിക്രമം എന്താണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് പ്രസ്തുത ജലം കുടിവെള്ളത്തിനായി ഉപയോഗിക്കാമെന്ന് പരിശോധന നടത്തി ഉറപ്പുവരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് അവിടെ നിന്ന് വെള്ളം എടുക്കാൻ അനുവദിക്കുന്നതെന്നും വരൾച്ചാകാലത്ത് വെള്ളം സപ്ലൈ ചെയ്യുന്നുണ്ടെന്നും കുളത്തിലെ ജലം കുടിവെള്ളത്തിനായി കൊടുക്കുന്നതിന് മുമ്പ് പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്താറുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. ഈ വിഷയം സംബന്ധിച്ച് ഗവൺമെന്റിന് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോയെന്ന്

സമിതി ആരാഞ്ഞതിന് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെന്ന് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ തദ്ദേശസ്വയംഭരണ വകുപ്പ് മറുപടി നൽകി. തുടർന്ന് പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഫയൽ നടപടി അവസാനിപ്പിക്കുവാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**10. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ബുൾഡോസർ വാടക: അധിക നിരക്ക് നൽകി**

(2002-2003 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3-15)

നഗരസഭയുടെ മാലിന്യ നിക്ഷേപകേന്ദ്രത്തിലെ ചണ്ടി നിരത്തുന്നതിന് ബുൾഡോസർ വാടകയ്ക്കെടുത്തപ്പോൾ അധിക നിരക്ക് നൽകി. കരാറുകാരൻ ഉപയോഗിച്ച ബുൾഡോസറിന് സർക്കാർ അംഗീകൃത നിരക്കായ മണിക്കൂറിന് 884 രൂപയാണ് (17-4-1990)-ലെ ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ മെക്കാനിക്കലിന്റെ ഉത്തരവ്). എന്നാൽ കരാറുകാരന് നൽകിയത് മണിക്കൂറിന് 1300 രൂപ പ്രകാരമാണ്. 15-12-2001 മുതൽ 5-2-2002 വരെ 265.40 മണിക്കൂർ ബുൾഡോസർ ഉപയോഗിച്ചതിന് 2,34,849 രൂപയ്ക്ക് പകരം 3,45,367 രൂപ നൽകുകയുണ്ടായി. അധിക ചെലവിന് സർക്കാർ അംഗീകാരം വാങ്ങുകയോ തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി നഗരസഭാ ഫണ്ടിൽ അടയ്ക്കുകയോ വേണം.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2005-06, ഖണ്ഡിക 3.5.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

11. പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിൽ നിന്ന് സാധൂകരണം നൽകിയിട്ടുണ്ടെന്ന് അഡീഷണൽ സെക്രട്ടറി ആന്റ് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**12. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക്; പദ്ധതിപ്പണം പാഴായി

(2002-2003 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3-20)

സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിന് 1997-98-ൽ പ്രോജക്ട് തയ്യാറാക്കി ഉപകരണങ്ങൾ വാങ്ങുന്നതിന് തിരുവനന്തപുരം സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക് 16 ലക്ഷം രൂപ നൽകി. എസ്.ടി.പി.ഐ. രജിസ്ട്രേഷനുള്ള അഞ്ച് സ്ഥാപനങ്ങൾ തുടങ്ങുന്നതിന് കേരള നഗരവികസന ധനകാര്യ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് എടുത്തു. വ്യക്തമായ വ്യവസ്ഥകളോടെ കരാർ വയ്ക്കാതെ നാല് സ്വകാര്യ സ്ഥാപനങ്ങൾക്ക് ഏൽപ്പിച്ചു കൊടുത്തു. സ്ഥാപനങ്ങൾ ലൈസൻസ് ഫീ അടച്ചിട്ടില്ല. ഏതാനും മാസം പ്രവർത്തിച്ച ശേഷം ഒഴിഞ്ഞുപോയി. വാടക, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം ഇനങ്ങളിൽ നഗരസഭ 15,56,047 രൂപ ചെലവഴിച്ചു. സ്ഥാപനങ്ങൾ ഒഴിഞ്ഞുപോയിട്ടും രണ്ട് വർഷത്തോളം കെ.യു.ഡി.എഫ്.സി.-ക്ക് അനാവശ്യമായി വാടക നൽകി. എസ്.ടി.പി.ഐ.-ക്ക് നൽകിയ 16 ലക്ഷം രൂപ തിരിച്ചുവാങ്ങാനും സമയബന്ധിതമായി നടപടി എടുക്കാത്തതിനാൽ വാടക അനാവശ്യമായി നൽകിയ 3,13,152 രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കാനും നിർദ്ദേശിച്ചു.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2005-06, ഖണ്ഡിക 3.5.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

13. കരാർ വയ്ക്കാതെ നാല് സ്വകാര്യ സ്ഥാപനങ്ങൾക്ക് കെട്ടിടം വാടകയ്ക്ക് നൽകിയത് സംബന്ധിച്ചും വെള്ളക്കരം അവരിൽ നിന്നും ഈടാക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ചും സമിതി ആരാഞ്ഞതിന് റവന്യൂ ഓഫീസേഴ്സിൽ നിന്നും 3 ലക്ഷം രൂപ ഈടാക്കണമെന്ന് ഓഡിറ്റ് പരാമർശമുണ്ടായിരുന്നുവെന്നും ആ തുക ഈടാക്കുന്നതിനായി അവർക്കെതിരെ സർചാർജ് നോട്ടീസ് നൽകിയതിനെ തുടർന്ന് അവർ ജില്ലാ കോടതിയെ സമീപിക്കുകയും അവർക്കനുകൂലമായി ഉത്തരവ് സമ്പാദിക്കുകയുമാണ് ചെയ്തതെന്ന് സ്വകാര്യ സ്ഥാപനങ്ങളുമായി കരാർ വയ്ക്കാതെ നാല് സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകിയതിൽ നടപടിക്രമത്തിൽ അപാകതയുണ്ടെന്നും കോഴിക്കോട് കോർപ്പറേഷൻ

സെക്രട്ടറി-ഇൻ-ചാർജ് മറുപടി നൽകി. വാടക, വെള്ളക്കരം, വൈദ്യുതി ചാർജ് എന്നീ ഇനത്തിൽ 15,56,047 രൂപ നല്കിയതായാണ് റിപ്പോർട്ടിലുള്ളതെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ വാടകയ്ക്ക് കൊടുത്തതിൽ രണ്ട് യൂണിറ്റുകൾ തുക അടയ്ക്കുകയും മറ്റ് രണ്ട് യൂണിറ്റുകൾ തുക അടയ്ക്കാത്ത സ്ഥിതിയുണ്ടായെന്നും ആ ഇനത്തിലെ തുക ചാർജ് ചെയ്താണ് സർചാർജ് സർട്ടിഫിക്കറ്റ് ഉദ്യോഗസ്ഥർക്ക് നൽകിയതെന്നും സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിന് 16 ലക്ഷം രൂപയാണ് ഡയറക്ടർക്ക് നൽകിയതെന്നും 4 സ്വകാര്യ സ്ഥാപനങ്ങൾക്ക് കെട്ടിടം വാടകയ്ക്ക് എടുത്ത് കൊടുത്തതിന്റെ ഡ്യൂസ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കാനാണ് സർ-ചാർജ് സർട്ടിഫിക്കറ്റ് ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ചിരിക്കുന്നതെന്നും ഡിപ്പാർട്ട്മെന്റിന് ഡെപ്പോസിറ്റ് ചെയ്ത 16 ലക്ഷം രൂപ നാളിതുവരെ ലഭിച്ചിട്ടില്ലായെന്നും ഉദ്യോഗസ്ഥർ വാടകയ്ക്കെടുത്ത കെട്ടിടം കമ്പനികൾ ഒഴിഞ്ഞു പോയിട്ടും വാടകയിനത്തിൽ കോർപ്പറേഷൻ തുക നൽകിയ സാഹചര്യത്തിൽ രണ്ട് സ്ഥാപനത്തിന്റെ വാടക കോർപ്പറേഷന് തിരികെ ലഭിക്കാനുണ്ടെന്നും അത് ഈടാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ സർചാർജ് സർട്ടിഫിക്കറ്റ് നല്കുകയും പ്രസ്തുത സർചാർജ് ജില്ലാ കോടതിയിൽ ചോദ്യം ചെയ്യുകയും ചെയ്തുവെന്നും ആയത് Time Barred ആണെന്നതിനാൽ ഡിസ്മിസ് ചെയ്യുകയുമാണുണ്ടായതെന്നും അതിനെതിരെ അപ്പീൽ പോകേണ്ടത് സംസ്ഥാന ഓഡിറ്റ് വകുപ്പായതിനാൽ പ്രസ്തുത വിഷയത്തിന്മേൽ കോഴിക്കോട് കോർപ്പറേഷന് അപ്പീൽ പോകാൻ സാധിച്ചില്ലായെന്നും 16 ലക്ഷം രൂപ സോഫ്റ്റ്‌വെയർ സർവ്വീസ് ലിങ്ക് സ്ഥാപിക്കുന്നതിനായി ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്നും പ്രസ്തുത തുക നോട്ടീസ് ഇഷ്യൂ ചെയ്ത് തിരിച്ച് ലഭ്യമാക്കേണ്ടതുണ്ടെന്നും കോഴിക്കോട് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) മറുപടി നൽകി. അധികം നൽകിയ തുകയെ സംബന്ധിച്ചാണ് സർചാർജ് കൊടുത്തിട്ടുള്ളതെന്നും സർചാർജ് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്തു കഴിഞ്ഞാൽ അടുത്ത ഘട്ടമായ റിക്കവറി നടപടി കോർപ്പറേഷനിൽ നിന്നാണ് ഉണ്ടാവേണ്ടത് എന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടപ്പോൾ കേസ്സിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് കക്ഷിയാണെന്നും പ്രസ്തുത തുക ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കാനാണ് പറഞ്ഞിട്ടുള്ളതെന്നും കോർപ്പറേഷനെ അറിയിക്കാതെയാണ് രണ്ട് കമ്പനികൾ പ്രവർത്തനം അവസാനിപ്പിച്ചതെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പിന് കൃത്യമായ ഹൈക്കോടതി വിധിയുണ്ടെന്നും അത് time barred ആകില്ലെന്ന് പരാമർശിച്ചുകൊണ്ട് ഹൈക്കോടതിയുടെ കൃത്യമായ വിധിയുണ്ടെന്നും അത് ചോദ്യം ചെയ്യാൻ ഡിപ്പാർട്ട്മെന്റിന് മാത്രമേ സാധിക്കുകയുള്ളൂയെന്നും തുക ഈടാക്കുന്നതിനായി നോട്ടീസ് നൽകുന്നതാണെന്നും കോഴിക്കോട് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) മറുപടി നൽകി.

14. ഈ വിഷയത്തിന്മേൽ വാടക കുടിശ്ശിക വരുത്തിയ യൂണിറ്റുകളിൽ നിന്നും തുക ഈടാക്കുന്നതിന് നിയമ നടപടികൾ സ്വീകരിക്കണമെന്ന സ്റ്റാന്റിംഗ് കൗൺസിലിന്റെ തീരുമാനം പ്രസക്തമായതിനാൽ സ്റ്റാന്റിംഗ് കൗൺസിലിന്റെ തീരുമാനത്തിനുമേൽ തുടർനടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**15. വാടക, വെള്ളക്കരം എന്നീയിനങ്ങളിൽ സോഫ്റ്റ്‌വെയർ യൂണിറ്റുകൾ കുടിശ്ശിക വരുത്തിയ തുക ഈടാക്കുന്നതിന് നിയമ നടപടി സ്വീകരിക്കണമെന്ന സ്റ്റാന്റിംഗ് കൗൺസിലിന്റെ തിരുമാന പ്രകാരം തുടർനടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക്: പ്രവൃത്തി ആരംഭിച്ചില്ല

(2002-2003 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3-21)

നഗരസഭയുടെ പഴയ ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റിയ സ്ഥലത്ത് 13 കോടി രൂപ ചെലവിൽ 9 നിലകളിൽ സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്കിന് കെട്ടിടം നിർമ്മിക്കാൻ തീരുമാനിക്കുകയുണ്ടായി. കെട്ടിടത്തിന്റെ രൂപകല്പന, പ്ലാൻ, അടങ്കൽ തുടങ്ങിയവ തയ്യാറാക്കൽ ആർകിടെക്റ്റ് പ്രശാന്ത് ആന്റ് അസോസിയേറ്റ്സ് 2,80,000 രൂപയും സോയിൽ ടെസ്റ്റ് നടത്താൻ എൽ.ബി.എസ്. സെന്ററിന് 30,000 രൂപയും സ്ട്രക്ച്ചറൽ ഡിസൈൻ സൂക്ഷ്മപരിശോധന നടത്താൻ എൻ.ഐ.ടി. കോഴിക്കോടിന് 50,000 രൂപയും നൽകിയിട്ടുണ്ട്. സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ലഭ്യമാക്കുകയോ പ്രവൃത്തി ആരംഭിക്കുകയോ ചെയ്യാത്തതിനാൽ ചെലവഴിച്ച ആകെ ചെലവ് 3,84,626 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തി.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2005-06, ഖണ്ഡിക 3.5.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

16. സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്കിന്റെ പ്രവൃത്തി ആരംഭിക്കാത്തതിനുള്ള കാരണം സമിതി ആരാഞ്ഞതിന് പ്രോജക്ടിന്റെ ഡിസൈൻ തയ്യാറാക്കി എസ്റ്റിമേറ്റ് സ്ക്രൂട്ടിനി ചെയ്തിരുന്നുവെങ്കിലും 2010-ലെ കൗൺസിൽ പ്രസ്തുത പ്രവൃത്തി മാറ്റി ജൂബിലി ബ്ലോക്ക് ഓഫീസിന്റെ അഡീഷണൽ ഏരിയ നിർമ്മിക്കാൻ തീരുമാനിച്ചുവെന്നും പ്രോജക്ട് ഡിസൈൻ നിലവിൽ റിവൈസ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെന്നും സോഫ്റ്റ്വെയർ

ടെക്നോളജി പാർക്കിന്റെ പ്രോജക്ട് ഇനി ആരംഭിക്കില്ലായെന്നും കോഴിക്കോട് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ- ചാർജ്) മറുപടി നൽകി. തുടർന്ന് ആർക്കിടെക്റ്റിനും എൻ.ഐ.ടി. കോഴിക്കോടിനും കൊടുത്ത തുകയെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പ്രസ്തുത പ്രോജക്ട് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഉല്പാദനമേഖലയിലെ വ്യവസായ പ്രോജക്ടായി ചെയ്യണമെന്നാണ് കൗൺസിലിന്റെ തീരുമാനമെന്നും ആർക്കിടെക്റ്റിനെ വച്ച് റിവൈസ്ഡ് പ്ലാൻ തയ്യാറാക്കുമ്പോൾ കൊടുത്ത തുക അഡ്ജസ്റ്റ് ചെയ്യാൻ സാധിക്കുമെന്നും നേരത്തെ തയ്യാറാക്കിയ ഡിസൈൻ വെറ്റ് ചെയ്യുന്നതിനായി എൻ.ഐ.ടി.-ക്ക് കൊടുത്തിട്ടുണ്ടെന്നും മറ്റ് ഡിസൈനുകളോടൊപ്പം ഇതു സംബന്ധിച്ച സ്കൂട്ടിണി റിപ്പോർട്ടും തിരികെ ലഭിക്കുന്നതിന് എൻ.ഐ.ടി-ക്ക് കത്തയച്ചിട്ടുണ്ടെന്നും സെക്രട്ടറി-ഇൻ-ചാർജ് മറുപടി നൽകി. ഗവൺമെന്റ് മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

17. കോർപ്പറേഷനിൽ അക്കൗണ്ട്സ് പോസ്റ്റ് ഇല്ലാത്തതിനാൽ കോടികളുടെ അക്കൗണ്ട്സ് കൈകാര്യം ചെയ്യുന്നത് പ്രാഥമിക പരിശീലനം പോലും ലഭിക്കാത്ത ഉദ്യോഗസ്ഥരാണെന്നും ചാർട്ടേഡ് അക്കൗണ്ടന്റ് തലത്തിലുള്ള ഒരാളെ അക്കൗണ്ട്സ് വിഭാഗത്തിന്റെ തലവനായി വച്ചാൽ മാത്രമേ അക്കൗണ്ട്സ് പ്രോപ്പറായി നടക്കുകയുള്ളൂയെന്ന് കോഴിക്കോട് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചതിനെ തുടർന്ന് ചാർട്ടേഡ് അക്കൗണ്ടന്റിനെ നിയമിക്കാനായി ഗവൺമെന്റിൽ ഒരു പ്രൊപ്പോസലുണ്ടെന്നും അർബൻ അഫയേഴ്സ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

18. അക്കൗണ്ട്സ് വിഭാഗത്തിൽ ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതിയുടെ പൊതു ശിപാർശയിൽ ഉൾപ്പെടുത്തി സർക്കാരിന് സമർപ്പിക്കണമെന്ന് തീരുമാനിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**19. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>പൊതുശിപാർശ</u>

**20. സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച, കോർപ്പറേഷനിലെ അക്കൗണ്ട്സ് വിഭാഗത്തിൽ ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ സേവനം ലഭ്യമാക്കണമെന്ന ആവശ്യത്തിന്മേൽ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

ലൈസൻസ് ഫീ വർദ്ധന : കുടിശ്ശിക ഈടാക്കിയില്ല

(2002-2003 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2-19)

ഇന്ദിരാഗാന്ധി റോഡ് ബസ്സ്റ്റാന്റ് കെട്ടിടത്തിലെ 10, 10 എ എന്നീ മുറികളുടെ വാടകക്കാരനിൽ നിന്ന് വർദ്ധിപ്പിച്ച ലൈസൻസ് ഫീ കുടിശ്ശിക ഈടാക്കാത്തതിനാൽ നഗരസഭയ്ക്ക് 1,28,030 രൂപയുടെ നഷ്ടം. 1-4-1995 മുതൽ 31-3-1998 വരെ പ്രതിമാസം 7,590 രൂപ ലൈസൻസ് ഫീയും 380 രൂപ സർവ്വീസ് ചാർജ്ജും വാങ്ങുകയുണ്ടായി. 1-4-1998 മുതൽ 30-9-2002 വരെയും 1-10-2002 മുതൽ 31-1-2003 വരെയും കൗൺസിൽ തീരുമാനപ്രകാരം വർദ്ധിപ്പിച്ച ലൈസൻസ് ഫീയും സർവ്വീസ് ചാർജ്ജും ഈടാക്കിയില്ല. തുക ഈടാക്കണം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2005-06; ഖണ്ഡിക 3.5.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

21. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട തുക ഈടാക്കിയിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**22. തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

നികുതി പിരിവിന്റെ പുരോഗതി: ഫലപ്രദമായ നടപടികൾ ഉണ്ടാകുന്നില്ല

(ഓഡിറ്റ് റിപ്പോർട്ട് - 2003-2004: ഖണ്ഡിക 1-6)

നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സുകളായ വസ്തു നികുതി, തൊഴിൽ നികുതി, കെട്ടിടങ്ങളുടെ ലൈസൻസ് ഫീ, വാടക എന്നിവ കുടിശ്ശികയാകാതെ പിരിച്ചെടുക്കുന്നതിൽ നഗരസഭയുടെ ഭാഗത്തുനിന്നും ഫലപ്രദമായ നടപടികൾ ഉണ്ടാകുന്നില്ല. വിവിധ നികുതിയിനങ്ങൾ ഡിമാന്റ് ചെയ്യുന്നതിലെ കാലതാമസവും അവ പിരിച്ചെടുക്കുന്നതിലെ അനാസ്ഥയും കാരണം നഗരസഭയ്ക്ക് വരവിനങ്ങളിൽ ഭീമമായ

നഷ്ടമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ലഭ്യമായ കണക്കുകൾ പ്രകാരം 1985-86 വർഷം മുതൽ 2001-2002 വർഷംവരെ നഗരസഭയ്ക്ക് 14.358 കോടിയിൽപരം രൂപ വിവിധ നികുതിയിനങ്ങളിലായി താഴെ വിവരിയ്ക്കും പ്രകാരം പിരിഞ്ഞുകിട്ടാനുണ്ട്.

| | നികുതിയിനം | കുടിശ്ശിക (രൂപ) |
|---|---|---|
| 1 | വസ്തു നികുതി | 11,59,29,059 |
| 2 | തൊഴിൽ നികുതി | 1,36,57,098 |
| 3 | കെട്ടിട വാടക | 90,21,281 |
| 4 | ഡി ആന്റ് ഒ ലൈസൻസ് ഫീ | 5,48,385 |
| 5 | പരസ്യ നികുതി | 6,12,450 |
| 6 | മാർക്കറ്റ്, ടാക്സി സ്റ്റാന്റ് വാടക മുതലായവ | 38,12,057 |
| 7 | പി. എഫ്. എ. ലൈസൻസ് | 4,845 |
| | **ആകെ** | **14,35,85,175** |

കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 539(1) പ്രകാരം മുനിസിപ്പാലിറ്റിയ്ക്ക് ലഭിക്കേണ്ട ഏതെങ്കിലും തുക ഈടാക്കാനുള്ള നടപടി സ്വീകരിച്ച് 3 വർഷത്തിനകം പിരിച്ചെടുക്കാൻ സാധിക്കാതെവന്നാൽ കാലഹരണം സംഭവിക്കുകയും നിയമപരമായി പിരിച്ചെടുക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു. ഇങ്ങനെ കാലഹരണപ്പെട്ട് നഗരസഭയ്ക്ക് നഷ്ടപ്പെടുന്ന തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കണമെന്ന് 539(12)-ാം വകുപ്പ് നിർദ്ദേശിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07, ഖണ്ഡിക 4.5.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

23. നഗരസഭ നികുതി പിരിച്ചെടുക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ എന്നും ആയതിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചും സമിതി ആരാഞ്ഞതിന് 2006-07-ന് ശേഷം 2009-10-ൽ നികുതിയിനത്തിൽ കൂട്ടിച്ചേർക്കൽ വന്നിട്ടുണ്ടെന്നും വസ്തു നികുതി 9.31 കോടി രൂപയും തൊഴിൽ നികുതി 2.64 കോടി രൂപയും കുടിശ്ശികയുണ്ടെന്ന് അറിയിച്ചിട്ടുണ്ടെന്നും ഇക്കാര്യങ്ങൾ വാർഡ്തലം വരെയുള്ള കുടിശ്ശിക ലിസ്റ്റ് പരിശോധിച്ചപ്പോൾ പല കെട്ടിടങ്ങളും കാലപ്പഴക്കംമൂലം പൊളിച്ചുകളഞ്ഞിട്ടുണ്ടെങ്കിലും

അവ നഗരസഭയെ യഥാസമയം അറിയിക്കാത്തതിനാൽ ഡിമാന്റിൽ നിന്നും നീക്കിയിട്ടില്ലായെന്നും അത് കാലാകാലങ്ങളായി കുടിശ്ശികയായി അവശേഷിക്കുന്നുവെന്നും കൂടാതെ എക്സ്-സർവ്വീസുകാർക്ക് നൽകുന്ന ഇളവുകളും പൊളിച്ചുപോയ കെട്ടിടത്തിന്റെ സ്ഥാനത്ത് പുതിയ കെട്ടിടം വരുമ്പോൾ പഴയതിനും പുതിയതിനും നികുതി രേഖപ്പെടുത്തുകയാണെന്നും വേക്കൻസി റിഡക്ഷൻ അനുവദിക്കുന്നത് യഥാസമയം ഡിമാന്റിൽ നിന്നും ഒഴിവാക്കാതിരുന്നതിനാലാണ് ഭീമമായ തുക കുടിശ്ശിക ഇനത്തിൽ വരുന്നതെന്നും 2016-17 വരെ വാർഡ് തലം വരെയുള്ള പരിശോധന നടത്തിയതിൽ വസ്തു നികുതിയിനത്തിൽ 2 കോടി രൂപയാണ് കുടിശ്ശികയായി നിലനിൽക്കുന്നതെന്നും വാർഡ് തലത്തിൽ കണക്കുകളെടുത്ത് റവന്യൂ ഇൻസ്പെക്ടർമാരെ വച്ച് പരിശോധന നടത്തിയതിന് ശേഷമാണ് ആയത് ധനകാര്യ കമ്മിറ്റിയിൽ വച്ച് കറക്റ്റ് ചെയ്തതെന്നും കോഴിക്കോട് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്ജ്) മറുപടി നൽകി.

24. കോർപ്പറേഷന് ഇക്കാര്യങ്ങളിൽ ഒരു മാപ്പിംഗ് നടത്തുന്നതിന് സംവിധാനങ്ങളില്ലേ എന്ന സമിതിയുടെ ചോദ്യത്തിന് ജി.ഐ.എസ്. മാപ്പിംഗ് നടത്തുന്നതിനായി ഊരാളുങ്കൽ സൊസൈറ്റിയെ നിയോഗിച്ചിരിക്കുകയാണെന്നും സമാനമായി അമൃത് പദ്ധതിയിലും ജി.ഐ.എസ്. മാതൃകയിൽ പുതിയ സംവിധാനം ഏർപ്പെടുത്തുന്നതിനും നഗരസഭ ആലോചിച്ചിട്ടുണ്ടെന്നും ഊരാളുങ്കൽ സൊസൈറ്റിയെ നിയോഗിക്കുന്നതിനുള്ള പ്രാഥമിക ചർച്ചകൾ കഴിഞ്ഞിരിക്കുകയാണെന്നും കോഴിക്കോട് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) മറുപടി നൽകി.

25. തൊഴിൽ നികുതി ഇനത്തിൽ ലഭിക്കേണ്ട കുടിശ്ശിക സംബന്ധിച്ച നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞതിന് തൊഴിൽ നികുതിയിനത്തിൽ 2.64 കോടി രൂപയുടെ കുടിശ്ശികയാണ് ഓഡിറ്റ് വകുപ്പ് കണക്കാക്കിയിരിക്കുന്നതെന്നും നികുതിയിനത്തിൽ 3.5 കോടി രൂപ കച്ചവടക്കാരിൽ നിന്നും മറ്റുള്ളത് ഉദ്യോഗസ്ഥരിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കാനുള്ളതെന്നും യഥാർത്ഥത്തിൽ 5.44 കോടി രൂപയുടെ കുടിശ്ശികയാണ് പിരിച്ചെടുക്കാനുള്ളതെന്ന് കൗൺസിൽ അംഗീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ 15 കോടിയെന്ന് തെറ്റായി രേഖപ്പെടുത്തുകയാണ് ഉണ്ടായതെന്നും കോഴിക്കോട് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) മറുപടി നൽകി.

26. നികുതിയിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി കണക്കാക്കുന്നതിനായി ആധുനിക വിവരസാങ്കേതികവിദ്യയുടെ സഹായം ഉറപ്പുവരുത്തണമെന്ന് അഭിപ്രായപ്പെട്ട സമിതി കുടിശ്ശിക തുക സംബന്ധിച്ച് നഗരസഭ പരിശോധന നടത്തി അതിനുള്ള ക്ലാരിഫിക്കേഷനോടെ തുകകളിൽ മാറ്റം വരുമ്പോൾ അവ ബന്ധപ്പെട്ട വകുപ്പുകളെ കൂടി യഥാസമയം അറിയിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും കുടിശ്ശികകൾ സമയബന്ധിതമായി പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**27. വിവിധ നികുതിയിനങ്ങളിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി കണക്കാക്കുന്നതിനായി ആധുനിക വിവരസാങ്കേതികവിദ്യയുടെ സഹായം ഉറപ്പ് വരുത്തണമെന്നും കുടിശ്ശിക തുക സംബന്ധിച്ച് നഗരസഭ പരിശോധന നടത്തി കുടിശ്ശിക തുകകളിൽ വരുന്ന മാറ്റം ബന്ധപ്പെട്ട വകുപ്പുകളെ അറിയിക്കണമെന്നും കുടിശ്ശികകൾ സമയബന്ധിതമായി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കണമെന്നും നികുതി പിരിവിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്കായി സംസ്ഥാന ഓഡിറ്റ് വകുപ്പിന് യഥാസമയം നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വസ്തുനികുതി-മിനിമം നികുതി ഈടാക്കി വരുന്നില്ല-20 ലക്ഷത്തോളം രൂപയുടെ ആവർത്തന നഷ്ടം:**

(ഓഡിറ്റ് റിപ്പോർട്ട് 2003-2004; ഖണ്ഡിക : 2-6)

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 235(5) വകുപ്പ് പ്രകാരം കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ട ഏറ്റവും കുറഞ്ഞ വസ്തുനികുതി നിരക്ക് 50 രൂപയാണ്. നഗരസഭയിലെ 39 വാർഡുകളിലും ഇതിലും കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കി വരുന്നതിനാൽ പ്രതിവർഷം ഏകദേശം 20 ലക്ഷം രൂപ നഗരസഭയ്ക്ക് നഷ്ടമുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07, ഖണ്ഡിക 4.5.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

28. തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഖണ്ഡികയിലെ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**29. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പി.എസ്.സി. ലിസ്റ്റ് നിലവിലിരിക്കെ ദിവസക്കൂലി അടിസ്ഥാനത്തിൽ വർക്ക് സൂപ്രണ്ടുമാരെ നിയമിച്ചത് അംഗീകരിക്കുന്നില്ല:**

(ഓഡിറ്റ് റിപ്പോർട്ട് - 2003-2004, ഖണ്ഡിക 3-2)

22-7-1992-ലെ 12499/സി.3-92/പി.ആന്റ്.എ.ആർ.ഡി. നമ്പർ സർക്കുലറിന് വിരുദ്ധമായി പി.എസ്.സി. ലിസ്റ്റ് നിലവിലിരിക്കെ 2003-04 വർഷത്തിൽ 15 ഓളം വർക്ക് സൂപ്രണ്ടുമാരെ ദിവസക്കൂലി നിരക്കിൽ നിയമിച്ച് 1,70,520 രൂപ വേതനം നൽകിയിട്ടുണ്ട്. വർക്ക് സൂപ്രണ്ട് തസ്തികയിൽ ദിവസക്കൂലി നിരക്ക് എത്രയെന്ന് സർക്കാർ നിശ്ചയിക്കുകയോ നിയമനം നടത്താനുള്ള അനുവാദം നൽകുകയോ ചെയ്തിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07; ഖണ്ഡിക 4.5.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

30. തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**31. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയ ശുദ്ധജല വിതരണം - 10.05 കോടി രൂപ 15 വർഷം കഴിഞ്ഞിട്ടും ലഭിച്ചില്ല:**

(ഓഡിറ്റ് റിപ്പോർട്ട് - 2003-2004, ഖണ്ഡിക 3-5)

കോഴിക്കോട് നഗരസഭയുടെ ചുമതലയിലുണ്ടായിരുന്ന ശുദ്ധജല വിതരണം 1990 നവംബർ 15 മുതൽ കേരള വാട്ടർ അതോറിറ്റിയെ ഏൽപ്പിച്ചിരുന്നു. നഗരസഭ കൈമാറിയ ആസ്തിയുടെ വില 10.05 കോടി രൂപയായി നിജപ്പെടുത്തുകയും തുക നൽകുന്നതിന് നഗരസഭ വാട്ടർ അതോറിറ്റിയോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ ആസ്തി കൈമാറി 17 വർഷമായിട്ടും തുക നഗരസഭയ്ക്ക് ലഭിച്ചിട്ടില്ല. ആസ്തിയുടെ വിലയായി 10.05 കോടി രൂപ കിട്ടാനിരിക്കെ വർഷം തോറും കോഴിക്കോട് നഗരസഭയ്ക്ക് ലഭിക്കേണ്ട സ്റ്റാമ്പ് ഡ്യൂട്ടി വിഹിതത്തിൽ നിന്നും വൻതുക കുറവുവരുത്തി വെള്ളക്കരത്തിന്റെ കുടിശ്ശികയായി വാട്ടർ അതോറിറ്റിക്ക് നൽകിവരുന്നു. 2003-04 സാമ്പത്തിക വർഷത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട സ്റ്റാമ്പ് ഡ്യൂട്ടി വിഹിതത്തിൽ നിന്നും 1,27,67,415 രൂപ കുറവു വരുത്തി കേരളാ വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07; ഖണ്ഡിക 4.5.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

32. തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് വാല്യൂ അസസ് ചെയ്ത് 10 കോടി രൂപയുടെ ആസ്തി വാട്ടർ അതോറിറ്റിക്ക് കൈമാറിയിരുന്നെങ്കിലും പ്രസ്തുത തുക കോർപ്പറേഷന് നൽകിയിട്ടില്ലായെന്നും ഓരോ വർഷവും പുതുക്കിയ സ്റ്റേജ് പ്രകാരം വെള്ളക്കരം ഇനത്തിൽ 9 കോടി രൂപയാണ് നഗരസഭയിൽ നിന്ന് വാട്ടർ അതോറിറ്റി ഈടാക്കിക്കൊണ്ടിരിക്കുന്നതെന്നും കോഴിക്കോട് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്ജ്) മറുപടി നൽകി. തുടർന്ന് ഇക്കാര്യം സംബന്ധിച്ച് നഗരസഭയും വാട്ടർ അതോറിറ്റിയും ചർച്ച നടത്തിയിട്ടും ഇവർ വിട്ടുവീഴ്ചയ്ക്ക് തയ്യാറാകുന്നില്ലെന്ന് അഡീഷണൽ സെക്രട്ടറി ആന്റ് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

33. പ്രസ്തുത വിഷയത്തിൽ സർക്കാർ ഇടപെടൽ ഉണ്ടാകേണ്ടത് അനിവാര്യമാണെന്ന് വിലയിരുത്തിയ സമിതി ബന്ധപ്പെട്ട വകുപ്പുകൾ മുൻകൈ എടുത്ത് സർക്കാർ തലത്തിൽ ചർച്ചകൾ നടത്തി പ്രശ്നം അടിയന്തരമായി പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**34. പരാമർശ വിഷയം സംബന്ധിച്ച് നഗരസഭയും വാട്ടർ അതോറിറ്റിയും ചർച്ച നടത്തിയെങ്കിലും ഇരുവരും വിട്ടുവീഴ്ചയ്ക്ക് തയ്യാറാകാത്ത സ്ഥിതിവിശേഷം സംജാതമായതിനാൽ ബന്ധപ്പെട്ട വകുപ്പുകൾ മുൻകൈ എടുത്ത് സർക്കാർ തലത്തിൽ ചർച്ച് നടത്തി പ്രശ്നം അടിയന്തരമായി പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്റ്റേഡിയം-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - വായ്പ തിരിച്ചടക്കുന്നതിൽ വീഴ്ച – 442.32 ലക്ഷം രൂപയുടെ അധികബാദ്ധ്യത:**

(ഓഡിറ്റ് റിപ്പോർട്ട് - 2003-2004, ഖണ്ഡിക 3-6)

സ്റ്റേഡിയം-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനുവേണ്ടി 590.17 ലക്ഷം രൂപ ഹഡ്കോയിൽ നിന്നും വായ്പയെടുത്തു. എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം വായ്പയുടെ മുതലും പലിശയും തിരിച്ചടക്കുന്നതിൽ വീഴ്ച വരുത്തി. 1994-ലെ കേരളാ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 286 പ്രകാരം ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ വായ്പയുടെ മുതലും പലിശയും

തിരിച്ചടക്കുന്നതിന് മതിയായ തുക വകയിരുത്തേണ്ടതും തിരിച്ചടവ് ഉറപ്പും വരുത്തേണ്ടതുമാണ്. എന്നാൽ തിരിച്ചടവിൽ വീഴ്ച വരുത്തിയതുകൊണ്ടും, താഴ്ന്നകൊണ്ടിരിക്കുന്ന പലിശ നിരക്കിലേക്ക് മാറാൻ കാലതാമസം വരുത്തിയതിനാലും, 31-3-2003 വരെ പലിശ, പിഴപ്പലിശ, കൂട്ടുപലിശ, പലിശനികുതി, ലോൺ റീസെറ്റ് ചാർജ്ജ്, ഡെഫർമെന്റ് ചാർജ്ജ് എന്നീ ഇനങ്ങളിലായി 442.32 ലക്ഷം രൂപയുടെ അധിക ബാദ്ധ്യതയുണ്ടായി.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07; ഖണ്ഡിക 4.5.5)

<u>മെയിന്റനൻസ് ഗ്രാന്റ് - ആസ്തി നിർമ്മാണ പ്രവൃത്തികൾക്ക് വകമാറ്റി ചെലവഴിച്ചു:</u>

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-2005, ഖണ്ഡിക നമ്പർ, 3-1)

നഗരസഭയുടെ കീഴിലുള്ള കമേഴ്സ്യൽ കോംപ്ലക്സ്-കം-സ്റ്റേഡിയം പ്രവൃത്തിയ്ക്കായി ഹഡ്കോയിൽ നിന്നും 9.26 കോടി രൂപയ്ക്കു പുറമേ 435 ലക്ഷം രൂപ കൂടി വായ്പയിനത്തിൽ അനുവദിച്ചിരുന്നു. എന്നാൽ കരാറുകാരന് അവസാനമായി 4 ബില്ലുകളിലായി 1,41,18,352 (ഒരു കോടി നാൽപ്പത്തൊന്ന് ലക്ഷത്തി പതിനെട്ടായിരത്തി മുന്നൂറ്റി അൻപത്തിരണ്ട്) രൂപ നൽകിയത് മെയിന്റനൻസ് ഗ്രാന്റിൽ നിന്നുമാണ്. 9-12-2004-ലെ ജി.ഒ.(എം.എസ്.) നം.330/04/എൽ.എസ്.ജി.ഡി. സർക്കാർ ഉത്തരവനുസരിച്ച്, സ്റ്റേഡിയം നിർമ്മാണത്തിനായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക വകമാറ്റി ചെലവഴിച്ചത് അനുവദനീയമല്ല.

നിയമവിരുദ്ധമായ ഈ ചെലവിനെക്കുറിച്ചുള്ള വിവരങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് സർക്കാരിൽ നിന്നും 12-2-2007-ലെ 22889/പി.എ.1/06/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം തുക വക മാറ്റി ചെലവഴിച്ചതിന് സാധൂകരണം നൽകാൻ കഴിയില്ലെന്നും പ്രസ്തുത തുക നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണെന്നും നഗരസഭാ സെക്രട്ടറിയെ അറിയിച്ചിരുന്നു. എന്നാൽ സർക്കാരിലേയ്ക്ക് തുക തിരിച്ചടച്ചിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 4.2.3)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

35. പ്രസ്തുത വിഷയം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഈ വിഷയത്തിൽ രണ്ട് പരാമർശങ്ങളാണുള്ളതെന്നും പ്രസ്തുത കാലഘട്ടത്തിൽ കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ നിശ്ചിത കാലയളവിനുള്ളിൽ തുക അടച്ച് അടുത്ത ഇന്ററസ്റ്റ് റേറ്റിലേക്ക് പോകാൻ സാധിച്ചില്ലായെന്നും സാമ്പത്തിക സ്ഥിതി മോശമായ സമയത്ത് 1,50,00,000 രൂപ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും എടുത്ത് അടവാക്കുകയും പിന്നീട്

സർക്കാരിലേക്ക് സാധൂകരണത്തിനായി അയയ്ക്കുകയും ചെയ്തിരുന്നുവെന്നും പ്രസ്തുത ലോൺ ധനകാര്യ സ്ഥിരം സമിതിയുടെ തീരുമാന പ്രകാരം വായ്പാ നിബന്ധനകൾ പുതുക്കി മുഴുവൻ തുക അടച്ച് തീർക്കുകയും ചെയ്തിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് നൽകിയ ഒരു കത്തിൽ റാറ്റിഫൈ ചെയ്തുനൽകാൻ സാധിക്കില്ലെന്ന മറുപടിയാണ് ലഭിച്ചിരിക്കുന്നതെന്നും മറ്റൊരു പരാമർശം ടൗണിൽ ഉണ്ടായിരുന്ന സ്ട്രക്ച്ചർ പൊളിച്ച് പുതിയതായി കെട്ടിയതുമായി ബന്ധപ്പെട്ടതാണെന്നും അന്നത്തെ സാമ്പത്തിക സ്ഥിതിയിൽ 1,50,00,000 രൂപ നൽകിയെന്നും കൗൺസിലിന്റെ തീരുമാനം എടുത്ത് ഒന്നുകൂടി സർക്കാരിലേക്ക് സാധൂകരണത്തിനായി കത്ത് നൽകാമെന്നും കോഴിക്കോട് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) മറുപടി നൽകി. പ്രസ്തുത മെയിന്റനൻസ് ഗ്രാന്റുമായി ബന്ധപ്പെട്ട വിഷയത്തിൽ സർക്കാരിൽ നിന്ന് സാധൂകരണം ലഭിക്കുന്നതിനായി ഒരു തവണ കൂടി സർക്കാരിന് അപേക്ഷ നൽകണമെന്നും കോർപ്പറേഷന്റെ അക്കാലയളവിലെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സംസ്ഥാന ഓഡിറ്റ് വകുപ്പിനും ഗവൺമെന്റിനും ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**36. പരാമർശ വിധേയമായ പദ്ധതികൾക്കായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും വകമാറ്റി ചെലവാക്കിയ തുകകൾക്ക് സർക്കാരിൽ നിന്ന് സാധൂകരണം ലഭിക്കുന്നതിനായി ഒരു തവണ കൂടി സർക്കാരിന് അപേക്ഷ നൽകണമെന്നും കോർപ്പറേഷന്റെ അക്കാലയളവിലെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സംസ്ഥാന ഓഡിറ്റ് വകുപ്പിനും സർക്കാരിനും ലഭ്യമാക്കുന്നതിനും സത്വര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

നീലിച്ചിറയുടെ പുനരുജ്ജീവന പദ്ധതി - നടപ്പിലാക്കിയതിലെ അപാകതകൾ:

(ഓഡിറ്റ് റിപ്പോർട്ട് 2003-2004, ഖണ്ഡിക 3-14:)

കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മെച്യൂർ എന്ന സ്ഥാപനത്തിന്റെ ധനസഹായത്തോടെ ടിഫാക്ക് ന്യൂഡൽഹി, സി.ഡബ്ല്യു.ആർ. ഡി.എം. കുന്ദമംഗലം എന്നീ സ്ഥാപനങ്ങൾ വഴി കോഴിക്കോട് നഗരസഭ നടപ്പിലാക്കുന്ന 48.5 ലക്ഷം രൂപയുടെ 4 പദ്ധതികളിൽ ഒന്നാണ് നീലിച്ചിറയുടെ പുനരുജ്ജീവനം. 18 ലക്ഷം രൂപയാണ് പദ്ധതിയ്ക്കായി അടങ്കൽ നിശ്ചയിച്ചിരുന്നത്.

ഒരു കുടിവെള്ള പ്രോജക്ട് എന്ന നിലയിൽ സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കുകയോ വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനായി ഹൈഡ്രോ ജിയോളജിക്കൽ ടെസ്റ്റ് നടത്തുകയോ ചെയ്തിരുന്നില്ല. കുളത്തിലേയ്ക്കുള്ള താൽക്കാലിക റോഡ് നിർമ്മാണം, പുല്ല് വെട്ടിമാറ്റൽ എന്നീ പ്രാഥമിക പ്രവർത്തികൾ സൈറ്റ് പരിശോധിച്ച് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല.

2002-ൽ ഒപ്പുവെച്ച ധാരണാപത്ര പ്രകാരം പ്രോജക്ടിന്റെ കാലാവധി ഒരു വർഷമായിരുന്നു. എന്നാൽ 20 മാസങ്ങൾക്കു ശേഷമാണ് ടെണ്ടർ നടപടികൾപോലും പൂർത്തിയാക്കിയത്. ഒരു ധനസഹായ പ്രോജക്ട് ഇത്രയധികം വൈകിച്ചതിന് യാതൊരു ന്യായീകരണവും കാണുന്നില്ല.

പദ്ധതി ഡിസൈനിംഗിലെ ഗുരുതരമായ സാങ്കേതിക ന്യൂനതകൾ മൂലം ചിറ വൃത്തിയാക്കി കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തിക്ക് ഏറ്റവും ചുരുങ്ങിയത് 3 ലക്ഷം രൂപയുടെ അധിക ചെലവുണ്ടായി.

ധാരണാപത്രത്തിലെ സമയപരിധി ഒരു വർഷമാണെങ്കിലും 2 വർഷത്തോളം സമയം നൽകിയിട്ടും പ്രോജക്ട് പൂർത്തിയാക്കാനാവാത്തതിനാൽ 2,25,676 രൂപയുടെ നേരിട്ടുള്ള മെച്വർ ധനസഹായം നഷ്ടപ്പെട്ടു. സമയപരിധിയ്ക്കകം പ്രവൃത്തി പൂർത്തീകരിച്ചുവെങ്കിൽ അധിക ധനസഹായം പോലും ലഭിക്കുമായിരുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07, ഖണ്ഡിക 4.5.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

37. പ്രസ്തുത പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് പദ്ധതി രണ്ട് ഘട്ടമായി പൂർത്തീകരിച്ചിട്ടുണ്ടെന്നും സി.ഡബ്ല്യു.ആർ.ഡി.എം.-ന്റെ 'Regeneration of pond water' എന്ന പ്രോജക്ടായിരുന്നു ഇത് എന്നും അതിന്റെ ഭാഗമായി യാത്രാ സൗകര്യത്തോടെയുള്ള റോഡ് വേണമെന്നതായിരുന്നു ആവശ്യമെന്നും ഇതേ തുടർന്ന് അവർ എക്സ്പേർട്ട് ഒപ്പീനിയൻ എടുക്കുകയും റിവിഷൻ വരുത്തുകയും ചെയ്തുവെന്നും ടാങ്കും മറ്റും സെറ്റ് ചെയ്യുന്നതിനും ലോറിയിൽ ജലവിതരണത്തിനുമായി ഒരു സ്വകാര്യ വ്യക്തി സൗജന്യമായി ഭൂമി വിട്ടുനൽകിയതിന്റെ ഭാഗമായിട്ടാണ് പ്രസ്തുത റോഡ് നിർമ്മിച്ചതെന്നും തെളിവെടുപ്പ് വേളയിൽ ഉദ്യോഗസ്ഥൻ മറുപടി നൽകി.

38. പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള കേന്ദ്ര സഹായം നഷ്ടമായതിനുള്ള കാരണം സമിതി ആരാഞ്ഞതിന് നാല് തവണ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടും ആരും ടെണ്ടർ ഏറ്റെടുക്കാതിരുന്ന സാഹചര്യത്തിലാണ് ധനസഹായം നഷ്ടപ്പെടാതിരിക്കാൻ കൗൺസിൽ തീരുമാനപ്രകാരം ഒരാളുമായി നെഗോഷ്യേറ്റ് ചെയ്താണ് പ്രവൃത്തി ഏൽപ്പിച്ചതെന്നും അത്തരത്തിലുണ്ടായ കാലതാമസംമൂലമാണ് കേന്ദ്ര സഹായം നഷ്ടമായതെന്നും നിലവിൽ പദ്ധതി പൂർത്തീകരിച്ച് ജലവിതരണം കാര്യക്ഷമമായി നടന്നുവരികയാണെന്നും ഉദ്യോഗസ്ഥൻ മറുപടി നൽകി. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിലും പദ്ധതി പൂർത്തീകരിച്ച് കുടിവെള്ള വിതരണം കാര്യക്ഷമമായി നടക്കുന്നതിനാലും പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച ഫയൽ നടപടി അവസാനിപ്പിക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

39. **പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**62.6 ലക്ഷം രൂപ അധികമായി സർക്കാരിലേക്ക് തിരിച്ചടച്ചു - ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അഭാവം**

(ഓഡിറ്റ് റിപ്പോർട്ട് 2003-2004, ഖണ്ഡിക 3-22)

31-3-2004-ൽ ചെലവഴിക്കാതെ നീക്കിയിരിപ്പുള്ള സംസ്ഥാന പദ്ധതിവിഹിതം സർക്കാരിലേക്ക് തിരിച്ചടക്കാനുള്ള ഉത്തരവനുസരിച്ച് (16-3-2004-ലെ 18/2004/ഫിൻ നം. സർക്കുലർ) 5,04,63,734 രൂപ തിരിച്ചടച്ചു. എന്നാൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക 4,42,00,402 രൂപ മാത്രമായിരുന്നു. ക്യാഷ്ബുക്കിലെ ചെലവു തുക കൂട്ടിയതിലെ തെറ്റ് മൂലമാണ് 62,63,332 രൂപ അധികമായി സർക്കാരിലേക്ക് തിരിച്ചടക്കേണ്ടി വന്നത്. പ്രസ്തുത തുക 2004-05 വർഷത്തെ പദ്ധതിച്ചെലവായി പരിഗണിക്കേണ്ടി വന്നതും ശരിയായ വിധത്തിൽ കണക്ക് സൂക്ഷിക്കുന്നതിലെ അനാസ്ഥയിലേക്ക് വിരൽ ചൂണ്ടുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07, ഖണ്ഡിക 4.5.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

40. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

41 **ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

കുടിവെള്ള പദ്ധതികൾ - ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല:

(ഓഡിറ്റ് റിപ്പോർട്ട് 2003-2004, ഖണ്ഡിക 3-23)

നഗരവാസികളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി തയ്യാറാക്കിയ താഴെപ്പറയുന്ന വിവിധ പ്രോജക്ടുകളിലായി 2002-03, 2003-04 സാമ്പത്തിക വർഷങ്ങളിൽ 67,48,509 രൂപ കേരളാ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചുവെങ്കിലും പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

| | പ്രോജക്ട് നമ്പർ | തുക (രൂപ) | വിശദാംശം |
|---|---|---|---|
| 1 | എസ്.086/03 | 27,18,750 | വിവിധ വാർഡുകളിൽ 14000 മീറ്റർ സബ്മെയിൻ സ്ഥാപിക്കൽ |
| 2 | എസ്.085/03 | 7,50,000 | വിവിധ വാർഡുകളിൽ 153 പൊതു ടാപ്പുകൾ സ്ഥാപിക്കൽ |
| 3 | എസ്.086/03 | 2,69,250 | ക്രമനമ്പർ 1-ലെ പ്രവൃത്തിയ്ക്ക് 2003-2004-ൽ അടച്ചത്. |
| 4 | എസ്.086/03 | 10,73,146 | ക്രമ നമ്പർ 2-ലെ പ്രവൃത്തിയ്ക്ക് 2003-2004-ൽ ഡെപ്പോസിറ്റ് ചെയ്തത്. |
| 5 | എസ്.086/03 | 3,66,525 | വാർഡ് 2-ൽ 200 മീറ്റർ സബ്മെയിനും വാർഡ് 24 മുതൽ 31 വരെ 4 ടാപ്പും സ്ഥാപിക്കുന്നതിന് |
| 6 | എസ്. | 5,71,500 | വാർഡ് 18-ൽ സബ്മെയിനും ടാപ്പും സ്ഥാപിക്കുന്നതിന് |
| 7 | എം.138/03 | 7,26,638 | വിവിധ ചേരികളിൽ 37 ടാപ്പുകൾ സ്ഥാപിക്കുന്നതിന് |
| 8 | എസ്.295/03 | 2,72,700 | വിവിധ ചേരികളിൽ 20 ടാപ്പുകൾ സ്ഥാപിക്കുന്നതിന് |
| | **ആകെ** | **67,48,509** | |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07, ഖണ്ഡിക 4.5.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

42. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**43. ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

കേരള വികസന പദ്ധതി 2003-04 - പദ്ധതിപ്പണം പാഴായി

(ഓഡിറ്റ് റിപ്പോർട്ട് 2003-04, ഖണ്ഡിക 3-27)

ഡി.പി.സി. അംഗീകാരത്തോടെ സമ്പൂർണ്ണ ഭവന നിർമ്മാണ/ശുചിത്വ പദ്ധതികളുടെ ഭാഗമായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും ചേരിനിവാസികളും ഉൾപ്പെടുന്ന 563 കുടുംബങ്ങൾക്കായി നഗരസഭ വിഭാവനം ചെയ്ത 78.05 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച് താഴെ പറയുന്ന 6 പ്രോജക്ടുകൾ നടപ്പിലാക്കാതെ പദ്ധതിപ്പണം പാഴാക്കി. അശരണരായ ജനവിഭാഗങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ പര്യാപ്തമായ ഇത്തരം പ്രോജക്ടുകൾ പാഴാക്കാതിരിക്കാൻ അധികാരികളുടെ അതീവ ശ്രദ്ധ പതിയേണ്ടതുണ്ട്.

| | പ്രോജക്ട് നമ്പർ | പദ്ധതിയുടെ പേര് | പദ്ധതി വിഹിതം (രൂപ) |
|---|---|---|---|
| 1 | എസ്/112/04 | പുനരധിവാസ ഭവന നിർമ്മാണ പദ്ധതി (വനിത) | 19,30,000 |
| 2 | എസ്/111/04 | പുനരധിവാസ ഭവന നിർമ്മാണ പദ്ധതി (ജനറൽ) | 36,70,000 |
| 3 | എസ്/063/04 | ശുചിത്വമാർന്ന കക്കൂസ് നിർമ്മാണം | 1,00,000 |
| 4 | എസ്/313/03 | പുനരധിവാസ ഭവന നിർമ്മാണ പദ്ധതി | 14,05,000 |
| 5 | എം/131/03 | ചേരി പ്രദേശങ്ങളിൽ സ്ഥലവും വീടും ഇല്ലാത്തവർക്ക് വീട് വയ്ക്കാൻ സ്ഥലം കൊടുക്കൽ | 1,00,000 |
| 6 | എം/132/03 | ചേരികളിൽ വീടിനും സ്ഥലത്തിനും ധനസഹായം | 6,00,000 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07; ഖണ്ഡിക 4.5.9)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

44. പ്രസ്തുത പ്രോജക്ട് നടപ്പാകാതെ പോയതിനുള്ള കാരണം ആരാഞ്ഞതിന് പ്രസ്തുത പദ്ധതികൾക്കായി കുറഞ്ഞ തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും ചേരി

മേഖലയിലെ പദ്ധതികൾ ഏറ്റെടുക്കുന്നതിനായി ആരും വരാത്ത സാഹചര്യമുണ്ടെന്നും പദ്ധതിക്കായി അനുവദിച്ച തുകയൊന്നും നഷ്ടപ്പെട്ടിട്ടില്ലെന്നും നാലഞ്ച് വർഷമായി പ്രസ്തുത തുക വിനിയോഗിക്കാൻ സാധിച്ചിട്ടില്ലായെന്നും കോഴിക്കോട് നഗരസഭയിൽ ചേരി ഐഡന്റിഫൈ ചെയ്തു കൊടുക്കാൻ കഴിയാത്തതാണ് പദ്ധതി നടപ്പിലാക്കാൻ കഴിയാതെ പോയതെന്നും പ്രോജക്ട് ഓഫീസർ മറുപടി നൽകി. ഇത്തരത്തിലൊരു പദ്ധതി ആരും ഏറ്റെടുക്കാത്തതിനുള്ള കാരണം സമിതി ആരാഞ്ഞതിന് ഭവന നിർമ്മാണ പദ്ധതിയിൽ ഭൂമിയുള്ളവരെ മാത്രമേ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂവെന്നും പ്രസ്തുത പദ്ധതി പ്രകാരം സ്ഥലം വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും പട്ടികജാതി വിഭാഗക്കാർക്ക് മാത്രമാണ് തുക അനുവദിക്കുന്നതെന്നും പ്രസ്തുത പദ്ധതി നാളിതുവരെ നടപ്പിലായില്ലെന്നും ഈ ഗുണഭോക്താക്കൾക്ക് ഇപ്പോൾ പി.എം.എ.വൈ.യിലും ലൈഫ് പദ്ധതിയിലും ഉൾപ്പെടുത്തി നിർമ്മാണത്തിനുള്ള തുക അനുവദിക്കുന്നുണ്ടെന്നും കോഴിക്കോട് നഗരസഭാ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) മറുപടി നൽകി.

45. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**46. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് പി.എം.എ.വൈ.-യിലും ലൈഫ് പദ്ധതിയിലും ഉൾപ്പെടുത്തി നിർമ്മാണത്തിനുള്ള തുക അനുവദിക്കുന്നുണ്ടെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

എൻ.എസ്.ഡി.പി. പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ:

(ഓഡിറ്റ് റിപ്പോർട്ട് 2003-2004, ഖണ്ഡിക 3-32)

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ചേരിനിവാസികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഒരു ലക്ഷം ഭവന നിർമ്മാണ പദ്ധതിയിൽ ഒരു ഗുണഭോക്താവിന് 33,500 രൂപ (കേന്ദ്ര സഹായം 5000 രൂപ, സംസ്ഥാന പദ്ധതിവിഹിതം 11,000 രൂപ, ലോൺ 15,000 രൂപ, ഗുണഭോക്തൃവിഹിതം 2,500 രൂപ) എന്ന കണക്കിൽ 700 പേർക്ക് മൊത്തം 2,34,50,000 രൂപയുടെ ബൃഹത്തായ പ്രോജക്ട് 2000-01 മുതൽ തുടർന്നു വരുന്നു. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി ചേരികൾ സർവ്വേ നടത്തി അർഹതപ്പെട്ടവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ബാങ്ക് ലോൺ ലഭ്യമാക്കുന്നതിനു മുമ്പേ 681 ഗുണഭോക്താക്കൾക്ക് സബ്സിഡി തുക 16,000 രൂപ വീതം (11,000+5,000) വിതരണം ചെയ്തു. ഇവരിൽ 323 പേർ മാത്രമാണ് സബ്സിഡി തുക കൈപ്പറ്റിയ ശേഷം

ബാങ്ക് ലോൺ വാങ്ങിയത്. ബാക്കി വന്ന 358 ഗുണഭോക്താക്കൾ പ്രമാണങ്ങൾ പ്രോജക്ട് ഓഫീസിൽ ഈട് നൽകാതെ മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തി വായ്പ നേരത്തേ എടുത്തവരായിരുന്നു. അതിനാൽ 358 പേർക്ക് നൽകിയ സബ്സിഡി 57,28,000 രൂപ ഉദ്ദേശ്യലക്ഷ്യം സാധിക്കാതെ പാഴായിപ്പോയി. അടിസ്ഥാനരേഖകൾ പോലും ഇല്ലാതെ പദ്ധതിപ്പണം ദുർവ്യയം ചെയ്യുകയാണുണ്ടായത്.

സബ്സിഡി കൈപ്പറ്റിയതിൽ പലരും കാലാവധി കഴിഞ്ഞ ബിൽഡിംഗ് പെർമിറ്റ് ഹാജരാക്കിയവരോ അനധികൃതമായ നിർമ്മാണം നടത്തി ക്രമവൽക്കരണം നേടിയവരോ ഇരുനില കെട്ടിടങ്ങൾ നിർമ്മിക്കുന്നവരോ മേൽക്കൂര മാറ്റാനും വീട് റിപ്പയറിങ്ങിനും പെർമിറ്റ് സമ്പാദിച്ചവരോ വീട് കൂട്ടിയെടുക്കുന്നതിന് ബിൽഡിംഗ് പെർമിറ്റ് കരസ്ഥമാക്കിയവരോ ആയിരുന്നു. ചുരുക്കത്തിൽ പദ്ധതിക്കായി അനുവദിച്ചുകിട്ടിയ പണത്തിന്റെ നല്ലൊരുഭാഗം അനർഹരായ ഗുണഭോക്താക്കൾക്ക് വീതം വച്ച് നൽകുകയായിരുന്നു.

പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത് 27 ച.മീ. വിസ്തീർണ്ണമുള്ള വീടുകൾ ആയിരുന്നുവെങ്കിലും 50 ച.മീ. മുതൽ 97 ച. മീ. വരെ വിസ്തീർണ്ണമുള്ള 91 കുടുംബങ്ങളുടെ വീടുകൾക്കും സബ്സിഡി തുക നൽകുകയുണ്ടായി. പാവപ്പെട്ടവർക്ക് ചെലവു കുറഞ്ഞ വീട് നിർമ്മാണത്തിന് നൽകേണ്ട ധനസഹായം യാതൊരു അടിസ്ഥാന രേഖകളുമില്ലാതെ പ്രോജക്ടിന്റെ സാമ്പത്തിക പരിധിയും മറ്റു വ്യവസ്ഥകളും യഥേഷ്ടം ലംഘിച്ചുകൊണ്ട് നൽകുക വഴി 14,56,000 രൂപ (91 x 16000) ദുർവ്യയം ചെയ്തതായി കണക്കാക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07; ഖണ്ഡിക 4.5.10)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

47. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അംഗീകരിക്കുകയും പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**48. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ എൻ. എസ്. ഡി. പി പദ്ധതിയ്ക്കായി നീക്കിവച്ച തുക തിരിച്ചടയ്ക്കുന്നതിന് ഹെഡ് ഓഫ് അക്കൗണ്ട് ആവശ്യപ്പെട്ട് സർക്കാരിലേയ്ക്ക് അയച്ച കത്തിന്റെ പകർപ്പ് സഹിതം മറ്റൊരു കത്ത് കൂടി സർക്കാരിൽ സമർപ്പിക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**വാത്മീകി അംബേദ്കർ ആവാസ് യോജന (വാംബേ) പദ്ധതി - അപാകതകളും സാമ്പത്തിക നഷ്ടവും :**

ഓഡിറ്റ് റിപ്പോർട്ട് 2003-2004 ഖണ്ഡിക 3-33:

ചേരി നിവാസികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി കേന്ദ്രസർക്കാർ വിഭാവനം ചെയ്ത വാംബേ പദ്ധതി നഗരസഭയിൽ നടപ്പിലാക്കാൻ തീരുമാനിച്ചതിനെ തുടർന്ന് 1116 പേരുടെ ലിസ്റ്റ് തയ്യാറാക്കി നഗരസഭ നൽകേണ്ട 25% വിഹിതമായ 1,11,60,000 രൂപ (55,80,000 രൂപ തനതുഫണ്ടിൽ നിന്നും 55,80,000 രൂപ എൻ.എസ്.ഡി.പി.-യിൽ നിന്നും) 2003 ജനുവരിയിൽ തന്നെ സി.ഡി.എസ്സിനു നൽകി. 1116 ഗുണഭോക്താക്കളുടെ കേന്ദ്രസർക്കാർ വിഹിതമായ 33,48,000 രൂപ ഉൾപ്പെടെ 4,46,40,000 രൂപ മൊത്തം അടങ്കലായുള്ള പദ്ധതി 2003-04 ൽ തുടങ്ങി. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ചൂണ്ടിക്കാട്ടുന്നു.

1. 5-8-2002-ലെ ജി.ഒ.(എം.എസ്) 135/02 എൽ.എസ്.ജി.ഡി. ഉത്തരവിൽ പ്രതിപാദിച്ചതുപോലെ സ്വന്തമായി ഭൂമിയില്ലാത്ത അധഃസ്ഥിതരായ ചേരിനിവാസികളെ കണ്ടെത്തി ഗ്രൂപ്പ് അടിസ്ഥാനത്തിലോ അല്ലാതെയോ പദ്ധതി നടപ്പാക്കുന്നതിന് വേണ്ട ഒരു പ്രാഥമിക സർവ്വെ നടത്തുകയോ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയോ ചെയ്തിരുന്നില്ല.

2. അനർഹരായ ധാരാളം പേർക്ക് ധനസഹായം നൽകി. ധനസഹായത്തിനർഹരായവരുടെ വീടിന്റെ തറ വിസ്തീർണ്ണം 30 ച.മീ. ആയി സർക്കാർ നിശ്ചയിച്ചിരുന്നുവെങ്കിലും ധനസഹായം ലഭിച്ചവരിൽ ഭൂരിഭാഗവും അംഗീകരിച്ച തറ വിസ്തീർണ്ണത്തിന്റെ ഇരട്ടിയും അതിലധികവും വിസ്തീർണ്ണത്തിൽ തറ നിർമ്മിച്ചവരാണ്. അക്കാരണത്താൽ തന്നെ ഈ ഗുണഭോക്താക്കൾ വീട് നിർമ്മാണത്തിന്റെ അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.

3. പ്രോജക്ടിലെ വ്യക്തിഗത ഭവന നിർമ്മാണച്ചെലവിന്റെ ഉയർന്ന പരിധി 40,000 രൂപയായി സർക്കാർ നിശ്ചയിച്ചിരുന്നുവെങ്കിലും പ്രോജക്ട് ചെലവിന്റെ നാലിരട്ടിയും അതിൽ കൂടുതലും ചെലവു വരുന്ന വ്യക്തിഗത ഭവന നിർമ്മാണത്തിന് വാംബേ പദ്ധതിയിൻപ്രകാരം ധനസഹായം നൽകി.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07; ഖണ്ഡിക 4.5.11)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

49. പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് എൻ.എസ്.ഡി.പി.-യും വാംബേ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ടെന്നും വാംബേ പദ്ധതി പ്രകാരം നിർമ്മിച്ച വീടുകളിൽ ഏറിയ കൂട്ടുതലായി ഉപയോഗിച്ച എന്നതാണ് ഓഡിറ്റ് പരാമർശമെന്നും അയൽക്കൂട്ടങ്ങൾ വഴി സർവ്വെ നടത്തിയാണ് ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുള്ളതെന്നും വാംബേ ഭവന പദ്ധതിയുടെ ബാലൻസ് തുക തിരിച്ചടച്ചിട്ടുണ്ടെന്നും കോഴിക്കോട് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) മറുപടി നൽകി.

**നിഗമനങ്ങൾ/ശിപാർശകൾ**

**50. വാൽമീകി അംബേദ്കർ ആവാസ് യോജന (വാംബേ) പദ്ധതി പൂർണ്ണ വിജയമല്ലെങ്കിൽ കൂടി ഫണ്ടിന്റെ 92% ചെലവഴിച്ച പദ്ധതി പൂർത്തീകരിച്ചതായും ബാക്കി തുക തിരിച്ചടച്ചിട്ടുണ്ടെന്നും സർക്കാർ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പദ്ധതിയുടെ ചെലവുമായി ബന്ധപ്പെട്ട രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

കോഴിക്കോട് വികസന അതോറിറ്റി

സർക്കാർ നിർത്തലാക്കിയ വാഹന വായ്പ സി.ഡി.എ.ഫണ്ടിൽ നിന്നു നൽകി:

(ഓഡിറ്റ് റിപ്പോർട്ട്:2002-03 ഖണ്ഡിക: 25)

2002-03, 2003-04 വർഷങ്ങളിൽ ചെയ്തതുപോലെ തന്നെ 2004-05 വർഷത്തിലും വാഹനവായ്പയിനത്തിൽ രണ്ടു ജീവനക്കാർക്കായി 1,86,000 രൂപ വായ്പ നൽകി, ജി.ഒ.(പി)നം.56/2002/ഫിൻ.തീ.16-1-2002 പ്രകാരം ഈ വാഹനവായ്പാ സമ്പ്രദായം സർക്കാർ നിർത്തൽ ചെയ്തിരുന്നതാണ്. ജി.ഒ.(പി) നം.1582/99 ഫിൻ.തീ.15-7-99 ഉത്തരവു പ്രകാരം ഒരു വാഹനവായ്പ വാങ്ങിയ ഉദ്യോഗസ്ഥർക്ക് ആ വായ്പ വാങ്ങി 8 വർഷത്തിനുശേഷം മാത്രമേ അടുത്ത വായ്പയ്ക്ക് അപേക്ഷിക്കാനർഹതയുള്ളു. എന്നാൽ ഒരു ഉദ്യോഗസ്ഥൻ 1994-95 മുതൽ 2004-05 വരെയുള്ള പത്തുവർഷത്തിനിടയിൽ മൂന്നുപ്രാവശ്യവും അപരൻ രണ്ടു പ്രാവശ്യവും വായ്പ വാങ്ങി.

ക്രമരഹിതമായി നൽകിയ വായ്പാ തുകകൾ തിരിച്ചുപിടിക്കാൻ 27-11-04-ലെ 54405/ജി.3/04 തഭവ നമ്പർ കത്തു പ്രകാരം സർക്കാർ നിർദ്ദേശം നൽകിയെങ്കിലും നടപടിയുണ്ടായില്ല.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07; ഖണ്ഡിക 6.3.1).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

51. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി പ്രകാരം തുക തിരികെ ഈടാക്കിയതായി അറിയിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**52. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നിയമപ്രകാരമുള്ള കാലാവധി പൂർത്തിയാകുന്നതിനുമുമ്പ് പ്രോവിഡണ്ട് ഫണ്ടിൽ നിന്നും താൽക്കാലിക മുൻകൂർ നൽകി:**

(ഓഡിറ്റ് റിപ്പോർട്ട് : 2002-03 ഖണ്ഡിക 23.)

കേരള ജനറൽ പ്രോവിഡണ്ട് ഫണ്ട് റൂൾസ്, റൂൾ 16 പ്രകാരം ഒരു താൽക്കാലിക മുൻകൂർ കൈപ്പറ്റി 6 മാസം കഴിഞ്ഞതിനുശേഷം മാത്രമേ അടുത്ത താൽക്കാലിക മുൻകൂർ അനുവദിക്കാൻ പാടുള്ളൂ. എന്നാൽ ഇതിനുവിപരീതമായി സി.ഡി.എ.-യിലെ 9 ജീവനക്കാർക്ക് പ്രസ്തുത കാലാവധി തീയതിക്കുമുമ്പ് താൽക്കാലിക മുൻകൂറായി 1,99,020 രൂപ നൽകി.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07; ഖണ്ഡിക 6.3.2).

53. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**54. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർക്കാർ നിർത്തൽ ചെയ്ത തസ്തികകളിൽ ജോലിക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചു:**

(ഓഡിറ്റ് റിപ്പോർട്ട്: 2002-03 ഖണ്ഡിക 26)

ജി.ഒ.(എം.എസ്)28/2001.തീ.5-2-2001 ഉത്തരവു പ്രകാരം കോഴിക്കോട് വികസന അതോറിറ്റിയിൽ ഒഴിവായി കിടന്നിരുന്ന 46 തസ്തികകൾ നിർത്തൽ ചെയ്തിരുന്നു. ഇതിൽ ഉൾപ്പെട്ടിരുന്ന 3 ഡ്രൈവർ തസ്തികകളിലേക്കും ഒരു വാച്ചുമാൻ തസ്തികയിലേക്കും ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് വേതനമിനത്തിൽ 67,840 രൂപ ചെലവഴിച്ചു.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07; ഖണ്ഡിക 6.3.3).

55. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**56. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടമുറികൾ ലൈസൻസിനു നൽകാതെ ഒഴിഞ്ഞുകിടക്കുന്നതു വരുമാന നഷ്ടമുണ്ടാക്കി:**

(ഓഡിറ്റ് റിപ്പോർട്ട് വർഷം:2004-2005, ഖണ്ഡിക നമ്പർ:2-11)

ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്ത് നിർമ്മിച്ചതും, ലൈസൻസ് ഫീസിനത്തിൽ നല്ല വരുമാനം ലഭിക്കാവുന്നതുമായ നഗരസഭയുടെ കെട്ടിട മുറികളിൽ പലതും 2004-2005, 2005-2006, 2006-2007 വർഷങ്ങളിൽ ലൈസൻസിനു നൽകാതെ ഒഴിഞ്ഞു കിടക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | ആകെ മുറികൾ | ലൈസൻസിനു കൊടുക്കാത്തവ |
|---|---|---|
| 2004-2005 | 1074 | 125 |
| 2005-2006 | 1166 | 98 |
| 2006-2007 | 1222 | 140 |

ഇപ്രകാരം വളരെയധികം മുറികൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം വരുമാനനഷ്ടത്തിനുപുറമേ നഗരസഭയ്ക്ക് അധിക ബാധ്യതയും വരുത്തിവയ്ക്കുന്നതായി വിലയിരുത്തുന്നു. നഗരസഭയുടെ വാടകയിനത്തിലെ വരുമാന സ്രോതസ്സായ കെട്ടിടങ്ങൾ യഥാസമയം ലേലം ചെയ്തോ ലൈസൻസ് ഫീസ് വ്യവസ്ഥയിൽ നൽകിയോ വാടക പിരിച്ചെടുക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 4.2.1).

57. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**58. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നഗരസഭയുടെ ലൈസൻസ് വ്യവസ്ഥയിൽ നൽകിയ സ്ഥലത്തിന്റെ കുടിശ്ശിക ഈടാക്കുകയോ സ്ഥലം തിരികെ ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല:**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-2005, ഖണ്ഡിക നമ്പർ:2-24)

നഗരസഭ വാർഡ് 20, ബ്ലോക്ക് 1 ടൗൺ സർവ്വേ 17-ൽ 50 സെന്റ് സ്ഥലം ഒരു സ്വകാര്യ വ്യക്തിക്ക് ലൈസൻസ് വ്യവസ്ഥയിൽ 15-3-1995 മുതൽ 3 വർഷത്തേക്ക് അനുവദിച്ചിരുന്നു. നഗരസഭയുടെ 15-9-2003-ലെ ഒഴിപ്പിക്കൽ നോട്ടീസ് പ്രകാരം ലൈസൻസിയോട് 5/1998 മുതൽ 9/2003 വരെയുള്ള ലൈസൻസ് ഫീസ് കുടിശ്ശികയായ 25,668 രൂപ (ഇരുപത്തിയ്യായിരത്തി അറുനൂറ്റി അറുപത്തിയെട്ട്) അടയ്ക്കാൻ ആവശ്യപ്പെട്ടെങ്കിലും, കുടിശ്ശിക അടച്ചിട്ടില്ല. തുടർന്ന് തുക ഈടാക്കാനോ അനധികൃതമായി കൈവശം വയ്ക്കുന്ന 50 സെന്റ് സ്ഥലം ലൈസൻസിയിൽനിന്നും എറ്റെടുക്കാനോ നഗരസഭാധികൃതർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഇത് 1994 -ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 215 (8)-ന് വിരുദ്ധമാണെന്ന് നിരീക്ഷിക്കുന്നു. 5/1998 മുതൽ പ്രസ്തുത സ്ഥലം ലൈസൻസി അനധികൃതമായി കൈവശം വയ്ക്കാനുണ്ടായ സാഹചര്യം വിശദമായി അന്വേഷിക്കേണ്ടതാണ്.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 4.2.2).

59. സ്വകാര്യ വ്യക്തിയായ ശ്രീ. പി. കെ. അഹമ്മദ് എന്നയാൾക്ക് 50 സെന്റ് സ്ഥലം ലൈസൻസ് വ്യവസ്ഥയിൽ നൽകിയത് സംബന്ധിച്ചാണ് പ്രസ്തുത ഓഡിറ്റ് പരാമർശമെന്നും ടിയാനിൽ നിന്നും ലൈസൻസ് ഫീസ് കുടിശ്ശിക തിരിച്ച് പിടിച്ചിട്ടുണ്ടെന്നും റവന്യൂ വകുപ്പ് വക പുറമ്പോക്ക് ഭൂമിയാണ് നൽകിയതെന്നും റവന്യൂ ഭൂമി ഒഴിവാക്കിയാണ് ടിയാൻ മതിൽ കെട്ടിയതെന്നാണ് പരിശോധനയിൽ ബോധ്യപ്പെട്ടിരിക്കുന്നതെന്നും കോഴിക്കോട് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) സമിതിയെ അറിയിക്കുകയുണ്ടായി. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**60. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വിവാഹ ധനസഹായം 1.36 കോടി രൂപ നഗരസഭാ ഫണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു:**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-2005, ഖണ്ഡിക നമ്പർ: 3.10)

'ബി വിഭാഗം' ഫണ്ടിൽ സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം ഇനത്തിൽ മുൻബാക്കി 5,92,500 (അഞ്ചുലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി അഞ്ഞൂറ്) രൂപയും 2003-2004, 2004-2005 വർഷങ്ങളിലായി നഗരസഭാ അക്കൗണ്ടിൽ വരവുവച്ച 1,61,75,000 (ഒരു കോടി അറുപത്തൊന്ന് ലക്ഷത്തി എഴുപത്തയ്യായിരം) രൂപയുമടക്കം ആകെ 1,67,67,500 (ഒരു കോടി അറുപത്തേഴ് ലക്ഷത്തി അറുപത്തേഴായിരത്തി അഞ്ഞൂറ്) രൂപയിൽ 1,36,05,000 (ഒരു കോടി മുപ്പത്താറുലക്ഷത്തി അയ്യായിരം) രൂപ 9-1-2007 വരെ നഗരസഭയുടെ തനത് ഫണ്ട് നിക്ഷേപിക്കുന്ന പി. ഡി. അക്കൗണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു. ഓരോ വർഷവും ഈയിനത്തിൽ ധനസഹായമായി ലഭിക്കേണ്ടതുക, അതത് വർഷം സർക്കാരിൽ നിന്നും ജില്ലാ കളക്ടർ വഴി അലോട്ട്മെന്റായി ലഭിക്കുന്ന സാഹചര്യത്തിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതായിരുന്നു. 2003-2004 വർഷം വിവാഹ ധനസഹായമായി 1,60,25,000 (ഒരു കോടി അറുപത് ലക്ഷത്തി ഇരുപത്തയ്യായിരം) രൂപ ലഭിച്ചെങ്കിലും അത്രയും തുക നഗരസഭയിൽ നിന്നും ആവശ്യപ്പെട്ടതായി കാണുന്നില്ല. ഒരു സാമ്പത്തിക വർഷത്തിൽ ശരാശരി പത്തുലക്ഷം രൂപയിൽ താഴെ മാത്രമാണ് ഈ ഇനത്തിൽ നഗരസഭയുടെ ചെലവ് ആയതിനാൽ നീക്കിയിരിപ്പ് തുകയായ 1,36,05,000 (ഒരു കോടി മുപ്പത്താറ് ലക്ഷത്തി അയ്യായിരം) രൂപ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; 2007-08; ഖണ്ഡിക 4.2.4).

61. പരാമർശവിധേയമായ തുക നഗരസഭയുടെ പ്രത്യേക അക്കൗണ്ടിലായിരുന്നുവെന്നും അപേക്ഷ വരുന്ന മുറയ്ക്ക് കൗൺസിൽ തീരുമാനിക്കുന്ന ഗുണഭോക്താക്കൾക്ക് മാത്രമേ അക്കൗണ്ടിൽ നിന്നും ധനസഹായം കൊടുത്തിരുന്നുള്ളൂവെന്നും എന്നാൽ പ്രസ്തുത അക്കൗണ്ട് ഇപ്പോൾ നിലവിലില്ലായെന്നും മുഴുവൻ തുകയും പി.ഡി. അക്കൗണ്ട് ക്ലോസ് ചെയ്യുന്നതെല്ലാം സർക്കാരിലേക്ക് തന്നെയാണ് പോയിട്ടുള്ളതെന്നും എസ്.സി. വിഭാഗത്തിന് 75,000 രൂപയും ജനറൽ വിഭാഗത്തിന് 30,000 രൂപയുമാണ് വിവാഹ ധനസഹായമായി അനുവദിക്കുന്നതെന്നും വാർഡുകളിൽ നിന്ന് ലഭിക്കുന്ന അപേക്ഷകൾ റവന്യൂ ഇൻസ്പെക്ടർമാർ മുഖേന അന്വേഷിച്ച് കൗൺസിലിൽ വച്ച് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകാരത്തോടെ കൗൺസിലിൽ നിന്ന് റഫർ ചെയ്ത് വരികയാണ് ചെയ്യുന്നതെന്നും കോഴിക്കോട് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) സമിതിയെ അറിയിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**62. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നഗരസഭ ഓഫീസ് കമ്പ്യൂട്ടർവൽക്കരണം-ലക്ഷങ്ങൾ ചെലവഴിച്ചെങ്കിലും ലക്ഷ്യം കൈവരിച്ചിട്ടില്ല:** (ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-2005, ഖണ്ഡിക നമ്പർ: 3-14)

നഗരസഭാ ഓഫീസ് കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ഇൻഫർമേഷൻ കേരളാ മിഷനുമായി 31-3-2001-ൽ നഗരസഭ കരാറിൽ ഏർപ്പെട്ടു. കരാർ പ്രകാരം 70,71,455 (എഴുപത് ലക്ഷത്തി എഴുപത്തൊന്നായിരത്തി നാനൂറ്റി അൻപത്തിഅഞ്ച്) രൂപ അടങ്കലിൽ മൂന്ന് ഘട്ടങ്ങളിലായി 9 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവൃത്തിയ്ക്കായി 64,63,311 (അറുപത്തി നാല് ലക്ഷത്തി അറുപത്തിമൂവായിരത്തി മുന്നൂറ്റി പതിനൊന്ന്) രൂപ ഇൻഫർമേഷൻ കേരളാമിഷന് നൽകിയെങ്കിലും, അഞ്ചു വർഷം കഴിഞ്ഞിട്ടും പദ്ധതി പൂർത്തിയാക്കി, വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ നേടാനായിട്ടില്ല. നഗരസഭയുടെ പ്രധാന വരവിനങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി, ഡി. ആന്റ്. ഒ. ലൈസൻസ് ഫീസ് എന്നിവയുടെ വിവരങ്ങൾ കമ്പ്യൂട്ടർവത്കരിച്ചിട്ടില്ല. ആദ്യകരാർ പ്രകാരമുള്ള മൂന്ന് ഘട്ട പ്രവൃത്തികൾ പൂർത്തിയാക്കാതെ 14-3-2006-ൽ മറ്റൊരു കരാറിൽ ഏർപ്പെടുകയും ഇൻഫർമേഷൻ കേരളാമിഷൻ 3,10,000 (മൂന്ന് ലക്ഷത്തി പതിനായിരം) രൂപ നഗരസഭയിൽ നിന്നും കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

ലക്ഷങ്ങൾ ചെലവഴിച്ച നഗരസഭാ ഓഫീസ് കമ്പ്യൂട്ടർവത്കരണം കരാറിൽ നിർദ്ദേശിച്ച പ്രകാരം പൂർത്തീകരിച്ച്, ഇതുവഴിയുള്ള സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കാനുള്ള നടപടികൾ നഗരസഭാ അധികൃതർ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; 2007-08; ഖണ്ഡിക 4.2.5).

63. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ജനന മരണം, പ്രോപ്പർട്ടി ടാക്സ് തുടങ്ങിയവ സംബന്ധിച്ച് സോഫ്റ്റ്‌വെയർ തയ്യാറാക്കുന്ന സ്ഥാപനമായ ഐ.കെ.എം.-നാണ് പ്രസ്തുത തുക കൊടുത്തതെന്നും നിലവിലെ ഉത്തരവ് പ്രകാരം കോർപ്പറേഷന് ഐ.കെ.എം.-നെ മാത്രമേ കമ്പ്യൂട്ടറൈസേഷനും മറ്റു കാര്യങ്ങൾക്കും ആശ്രയിക്കാൻ സാധിക്കുകയുള്ളൂയെന്നും വേറെ ഏതെങ്കിലും സ്ഥാപനത്തിലേയ്ക്ക് മാറ്റണമെങ്കിൽ സർക്കാരിൽ നിന്നും പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കണമെന്നും കോഴിക്കോട് നഗരസഭ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) സമിതിയെ അറിയിച്ചതിനെതുടർന്ന് കമ്പ്യൂട്ടർവത്കരണവുമായി ബന്ധപ്പെട്ട് കോർപ്പറേഷൻ നേരിടുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ഓഡിറ്റ് പരാമർശത്തിന്മേൽ നടപടി അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**64. കമ്പ്യൂട്ടർവത്കരണവുമായി ബന്ധപ്പെട്ട് കോർപ്പറേഷൻ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**65. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മോഡൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഫണ്ട് വകമാറ്റിയതിനാൽ പലിശയിനത്തിൽ 4 ലക്ഷത്തിൽപ്പരം രൂപയുടെ നഷ്ടം.**

(ഓഡിറ്റ് റിപ്പോർട്ട് വർഷം:2005-06; ഖണ്ഡിക :3-14-5.)

മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി കേന്ദ്രസർക്കാരിന്റെയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ധനസഹായത്തോടെ 5.55 കോടി രൂപ അടങ്കലിൽ നഗരസഭ തയ്യാറാക്കിയ മാതൃകാ ഖരമാലിന്യ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾക്കായി പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിച്ചിരുന്നു. മേൽ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട്

(DPR) പ്രകാരമുള്ള ചെലവുകൾ മാത്രമേ ഈ ഫണ്ടിൽ നിന്നും ചെലവഴിക്കാൻ പാടുള്ളൂ. എന്നാൽ ഇതിന് വിരുദ്ധമായി ഗ്രീൻബെൽറ്റ് നിർമ്മാണത്തിന് ഭൂമി വിലയ്ക്കെടുക്കുന്നതിന് പ്രസ്തുത അക്കൗണ്ടിൽ നിന്നും ഒരുകോടി രൂപ പിൻവലിച്ച് ലാന്റ് അക്വിസിഷൻ തഹസിൽദാർക്ക് നൽകി. ഈ നടപടിക്ക് കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയം തടസ്സം ഉന്നയിച്ചതിനാൽ 14 മാസം കഴിഞ്ഞ് തുക തിരികെ തനത് ഫണ്ടിൽ നിക്ഷേപിച്ചു. ഫണ്ട് വകമാറ്റിയതുമൂലം 4,08,333 രൂപയുടെ പലിശ നഷ്ടം ഉണ്ടായി.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

1. പി. വേണുഗോപാൽ,

അച്യുതം, അയക്കാട്, കൊട്ടുമൺ (പോസ്റ്റ്),

അടൂർ, പത്തനംതിട്ട ജില്ല.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; 2008-09; ഖണ്ഡിക 3.2.3).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

66. കേരള സർക്കാരിന്റെ സ്വപ്ന പദ്ധതിയായ വേസ്റ്റ് എനർജി പ്ലാന്റ് കേരളത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നത് ഞെളിയൻ പറമ്പിലാണെന്നും അതുമായി ബന്ധപ്പെട്ട് കോർപ്പറേഷൻ ഒരു പ്രോജക്ട് കൊടുത്തിരുന്നുവെന്നും ആയതിനായി കേന്ദ്ര സർക്കാർ 6 കോടി രൂപ നൽകുകയുണ്ടായെന്നും പ്രസ്തുത പ്രോജക്ട് നടന്നു വരുമ്പോഴാണ് ഗ്രീൻ ബെൽറ്റ് സ്ഥാപിക്കണമെന്നുള്ള വിഷയം വന്നതെന്നും അതിനായി ലാന്റ് അക്വിസിഷൻ വേണ്ടി വന്നെന്നും നഗരസഭയുടെ കൈവശം തുകയില്ലാത്തതിനാൽ തൽക്കാലം ഒരു കോടി രൂപ ഖരമാലിന്യ പ്രോജക്ടിന്റെ അക്കൗണ്ടിൽ നിന്നും പിൻവലിച്ചെന്നും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം തടസ്സം ഉന്നയിച്ചതിനെ തുടർന്ന് പ്രസ്തുത തുക തനത് ഫണ്ടിലേയ്ക്ക് തന്നെ തിരിച്ചടയ്ക്കുകയാണുണ്ടായതെന്നും ആ തുക പിൻവലിച്ച് തിരിച്ചടയ്ക്കുന്നതു വരെയുള്ള കാലയളവിലേയ്ക്കുള്ള തുകയാണ് പലിശയായി കാണിച്ചിരിക്കുന്നതെന്നും ആയത് മറ്റൊരു പ്രവർത്തിയ്ക്കായി ഉപയോഗിച്ചിട്ടില്ലായെന്നും കോഴിക്കോട് നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**67. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മൈത്രീ ഭവന പദ്ധതി-ഭവന നിർമ്മാണ ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത 28,12,500 രൂപ വിനിയോഗിച്ചിട്ടില്ല.**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക: 3-27)

1998-99 വർഷം ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് പ്രോജക്ടുകളിലായി 450 പേർക്ക് ഭവന നിർമ്മാണത്തിന് നഗരസഭാവിഹിതമായി പദ്ധതി വിഹിതത്തിൽ നിന്നും 56,25,000 രൂപ (450 x 12500 രൂപ) കേരളാ സ്റ്റേറ്റ് ഭവനനിർമ്മാണ ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തു. ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 11-12-2003 തീയതിയിലെ കത്ത് പ്രകാരം 225 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതായും ബാക്കി 225 പേരുടെ നിക്ഷേപ തുകയായ 28,12,500 രൂപ നഗരസഭയ്ക്ക് നൽകുവാനുണ്ട് എന്നും അറിയിച്ചിരുന്നു. 20-12-2002-ൽ നഗരസഭ ഭവന നിർമ്മാണ ബോർഡിന് അയച്ച വക്കീൽ നോട്ടീസ് പ്രകാരം 194 പേർക്ക് ധനസഹായം അനുവദിച്ചതായും ആന്വിറ്റിയിൽ ബാക്കിയുള്ള 32 ലക്ഷം രൂപ പലിശ സഹിതം തിരിച്ചുകിട്ടണമെന്നും ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ നിരവധി കത്തിടപാടുകൾ നടത്തി എന്നുള്ളതല്ലാതെ പദ്ധതി തുക 9 വർഷത്തിലധികമായിട്ടും തിരിച്ചുകിട്ടിയിട്ടില്ല. ഭവന നിർമ്മാണ ബോർഡിന്റെ കണക്കു പ്രകാരം തന്നെ നഗരസഭയ്ക്ക് ലഭിക്കാനുള്ള 28,12,500 രൂപ പലിശ സഹിതം തിരിച്ചുകിട്ടാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; 2008-09; ഖണ്ഡിക 3.4.4).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

68. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**69. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ശാരീരിക വൈകല്യങ്ങൾ നേരിടുന്നവർക്ക് സഹായ ഉപകരണങ്ങൾ വിതരണം-ക്രമക്കേട്.**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക 3-14-7)

70. ശാരീരിക വൈകല്യങ്ങൾ നേരിടുന്നവർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് 18 ലക്ഷം രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കി. തനതുഫണ്ടിൽ നിന്നും തുക വകയിരുത്തി മെഡിക്കൽ ക്യാമ്പ് നടത്തി ഗുണഭോക്താക്കളെ കണ്ടെത്താനാണ് അംഗീകരിച്ച പ്രോജക്ടിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ അത് പാലിക്കാതെ ഇതിനായി ക്വട്ടേഷൻ സമർപ്പിക്കുന്ന സ്ഥാപനങ്ങൾ നേരിട്ട് മെഡിക്കൽ ക്യാമ്പ് നടത്തി ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി ഉപകരണങ്ങളുടെ വില സമർപ്പിക്കാനാണ് നഗരസഭ പത്രപരസ്യം നൽകിയത്. മേൽ പ്രകാരം ക്വട്ടേഷൻ സമർപ്പിച്ച ഹൈടെക്ക് റീഹാബ് സെന്റർ, കോലഞ്ചേരി എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ സ്വീകരിക്കുകയും ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെ സമർപ്പിച്ച സർക്കാർ അംഗീകൃത ഏജൻസിയായ കെൽട്രോണിന്റെ ക്വട്ടേഷൻ താരതമ്യപഠനത്തിന് വിധേയമാക്കാതെ തള്ളുകയും ചെയ്തു. ക്വട്ടേഷൻ സമർപ്പിക്കുന്ന സ്ഥാപനങ്ങൾ എല്ലാം മെഡിക്കൽ ക്യാമ്പ് നടത്തി ഗുണഭോക്താക്കളെ കണ്ടെത്തണമെന്ന വിചിത്രമായ നിബന്ധനയാണ് നഗരസഭ ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത്. ക്വട്ടേഷൻ പ്രകാരം 6 ഇനങ്ങളിലായി ഹൈടെക്ക് റീഹാബ് സെന്റർ സമർപ്പിച്ച വില കെൽട്രോൺ സമർപ്പിച്ചതിനേക്കാൾ 8,21,100 രൂപ അധികമായിരുന്നു. മേൽ വിവരിച്ച പർച്ചേസിൽ 8,21,100 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

കൂടാതെ ഹൈടെക്ക് റീഹാബ് സെന്റർ ഹിയറിംഗ് എയ്ഡ് എന്ന BTE(DLX) എന്ന ഉപകരണത്തിന് ഒന്നിന് 5150 രൂപ നിരക്കിലായിരുന്നു ക്വട്ടേഷൻ സമർപ്പിച്ചത്. എന്നാൽ ബിൽ പ്രകാരം പത്ത് എണ്ണത്തിന് 9,850 രൂപ നിരക്കിൽ 98,500 രൂപ നൽകിയതുവഴി 47,000 രൂപ അധികമായി സ്ഥാപനത്തിന് നൽകി. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

ശ്രീ. വാസു തച്ചോരടി, പ്രോഗ്രാം ഓഫീസർ,

ഡിസ്ട്രിക്ട് ലെവൽ ഐ.സി.ഡി.എസ്.സെൽ,

സിവിൽ സ്റ്റേഷൻ കോഴിക്കോട്.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2008-09; ഖണ്ഡിക 3.5.13 എ)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

70. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പും സംസ്ഥാന ഓഡിറ്റ് വകുപ്പും നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**71. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഖരമാലിന്യ സംസ്കരണ പ്ലാന്റിലെ തിരസ്കരണി മാറ്റൽ-കരാർ വ്യവസ്ഥ പാലിക്കാതെ അധിക നിരക്കിൽ ടെണ്ടർ നൽകിയതുവഴി നഷ്ടം.**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക 3-8)

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഞെളിയൻപറമ്പിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം 22-4-2005-ൽ ഉണ്ടാക്കിയ ഉഭയകക്ഷി കരാറിന്റെ അടിസ്ഥാനത്തിൽ "പോബ്സ് എൻവിറോടെക്" എന്ന പ്രൈവറ്റ് ലിമിറ്റഡ് കമ്പനി ഏറ്റെടുത്തു. വളമാക്കി മാറ്റാൻ കഴിയാത്ത തിരസ്കരണി പ്ലാന്റിന്റെ 5 കി.മി. പരിധിയിൽ നഗരസഭ നിർദ്ദേശിക്കുന്ന സ്ഥലത്ത് നിക്ഷേപിക്കാനും പരിധിക്ക് പുറത്ത് കമ്പനി നിക്ഷേപിക്കുന്ന സംഗതിയിൽ ഓരോ കിലോ മീറ്ററിനും 30 രൂപ നിരക്കിൽ നഗരസഭ പണം നൽകാനും കരാറിൽ വ്യവസ്ഥ ചെയ്തിരുന്നു. തിരസ്കരണി പുറമേ നിക്ഷേപിക്കുന്ന സംഗതിയിൽ കമ്പനിയുടെ ഉടമസ്ഥതയിൽ 230 കി. മീ. ദൂരമുള്ള നെല്ലിയാംപതിയിലുള്ള എസ്റ്റേറ്റ് ഉപയോഗപ്പെടുത്തേണ്ടിവരുമെന്നും ആയതിന് 230 കി.മി. ദൂരത്തിന് 30 രൂപ നിരക്കിൽ 6 ടൺ വരുന്ന ഒരു ലോഡിന് 6900 രൂപ (ടൺ ഒന്നിന് 1150 രൂപ) ചെലവ് വരുമെന്നും നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ 4-2-2006-ൽ ഫയലിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എന്നാൽ മേൽപ്പറഞ്ഞ കരാറും, സാമ്പത്തിക നേട്ടവും കണക്കിലെടുക്കാതെ തിരസ്കരണി നീക്കുന്നതിന് വിവിധ കരാറുകാരെ ടൺ ഒന്നിന് 1350 രൂപ മുതൽ 2500 രൂപ വരെ അധിക നിരക്കിൽ ഏൽപ്പിക്കുകയും 3442.88 ടൺ തിരസ്കരണി നീക്കം ചെയ്തതിന് 61,01,487 രൂപ വീതം ചെലവഴിക്കുകയും ചെയ്തു. പോബ്സ് കമ്പനിയെ ഈ പ്രവൃത്തി കരാർ വ്യവസ്ഥ പ്രകാരം ഏൽപ്പിച്ചിരുന്നുവെങ്കിൽ 39,59,312 രൂപ മാത്രമായിരുന്നു നൽകേണ്ടിയിരുന്നത്. (3442.88x1150= 39,59,312 രൂപ) അതായത്, 21,42,175 രൂപ ഈ പ്രവൃത്തിയിൽ നഗരസഭയ്ക്ക് നഷ്ടം വന്നു.

നഗരസഭയുടെ സാമ്പത്തിക താൽപ്പര്യം കണക്കിലെടുക്കാതെ ഫയലുകളിൽ തീരുമാനമെടുത്ത് കൗൺസിലിന്റെ അനുമതി തേടിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ കോർപ്പറേഷൻ എഞ്ചിനീയർ വരെയുള്ള ഉദ്യോഗസ്ഥർ കൂട്ടായി നഷ്ടത്തിന് ഉത്തരവാദികളാണ്. അധികച്ചെലവ് തുകയായ 21,42,175 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, 2008-09; ഖണ്ഡിക 3.5.13 ബി)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

72. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പും സംസ്ഥാന ഓഡിറ്റ് വകുപ്പും നൽകിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**73. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഗ്രാമ/വാർഡ് സഭകളിലും കമ്മിറ്റികളിലും ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നില്ല.**

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം ഗ്രാമസഭ കുറഞ്ഞത് 3 മാസത്തിലൊരിക്കൽ ഭരണസമിതി നിശ്ചയിക്കുന്ന സ്ഥലത്ത് യോഗം ചേരേണ്ടതാണ്. ഗ്രാമസഭയുടെ ക്വാറം സമ്മതിദായകരുടെ എണ്ണത്തിന്റെ 10 ശതമാനത്തിൽ കുറയരുത് എന്ന് വകുപ്പ് 3 എ(4) നിഷ്കർഷിച്ചിട്ടുണ്ട്. വിവിധ ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമസഭാ മിനിട്ട്സ് പരിശോധിച്ചതിൽ മേൽപ്പറഞ്ഞ നിയമവ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല എന്ന് കാണുന്നു.

ജനകീയാസൂത്രണ പ്രവർത്തനത്തിന്റെ മർമ്മപ്രധാന ഘടകമാണ് ഗ്രാമ/വാർഡ് സഭകൾ/വാർഡ് കമ്മിറ്റികൾ, ഗ്രാമ/വാർഡ് സഭകളിലും/കമ്മിറ്റികളിലും പൊതുജന പങ്കാളിത്തം കുറഞ്ഞുവരുന്ന പ്രവണതയാണ് പൊതുവേ കണ്ടുവരുന്നത്. എല്ലാ വിഭാഗം ജനങ്ങളെയും ഗ്രാമ/വാർഡ് സഭകളിലും കമ്മിറ്റികളിലും പങ്കെടുപ്പിച്ചുകൊണ്ട് നാടിന്റെ സർവ്വതോന്മുഖമായ വികസനപ്രവർത്തനങ്ങൾക്ക് ജനകീയപങ്കാളിത്തം ഉറപ്പു വരുത്തേണ്ടതായുണ്ട്. നിയമസാധുതയില്ല എന്ന ബോദ്ധ്യത്തോടെ ക്വാറം തികയാതെ ഗ്രാമസഭകൾ സമ്മേളിക്കുകയും തീരുമാനങ്ങളെടുക്കുകയും അവ നടപ്പാക്കുകയും ചെയ്യുന്ന പ്രവണത വർദ്ധിച്ചുവരുന്നുണ്ട്. ഗ്രാമസഭ കൂടുന്നതിൽ വീഴ്ചവരുത്തിയ സ്ഥാപനങ്ങളുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | സ്ഥാപനം | ഓഡിറ്റ് റിപ്പോർട്ട് വർഷം/ഖണ്ഡിക നമ്പർ |
|---|---|---|---|
| 4 | കോഴിക്കോട് | കോഴിക്കോട് നഗരസഭ | 2007-08 ഖ. 1.8 |

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2009-10; ഖണ്ഡിക 2.3)

74. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിന് നല്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**75. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കോഴിക്കോട് നഗരസഭ - കോഴിക്കോട് ജില്ല.**

**(i) തൊഴിൽ നികുതി ചട്ടം 3(2) പ്രകാരമുള്ള നികുതി ഈടാക്കുന്നില്ല.**

[ഓഡിറ്റ് റിപ്പോർട്ട് വർഷം :2007-08, ഖണ്ഡിക നമ്പർ 2-3(2)].

2005-ലെ കേരളാ മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം 3, (1)-ാം ഉപചട്ടത്തിന്റെ പരിധിയിൽ വരാത്ത സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെയും കമ്പനികളെയും ബിസിനസ് നടത്തുന്നവരെയും തൊഴിൽനികുതി ചുമത്തേണ്ട ആവശ്യത്തിനായി ഏതെല്ലാം വിഭാഗങ്ങളായി തരംതിരിക്കണമെന്നുള്ളതും, ഓരോ വിഭാഗത്തിനും ചുമത്താവുന്ന പരമാവധി അർദ്ധവാർഷിക നികുതി 1250 രൂപയായിരിക്കുമെന്നും ചട്ടം 3, (2)-ാം ഉപചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത വിഭാഗങ്ങളുടെ നികുതി ഈടാക്കാൻ തൊഴിൽ നികുതി ചട്ടം 4(2), 4(3) എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെ വർഷങ്ങളായി നികുതി കോഴിക്കോട് നഗരസഭ സെക്രട്ടറി സ്വയം നിർണ്ണയിക്കുകയാണ്. ഇതുമൂലം നഗരസഭയ്ക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന നഷ്ടം തടയേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ: ശ്രീ. പി. സുരേശൻ, റവന്യൂ ഓഫീസർ,

റോഷ്ന ഹൗസ്, അഴിഞ്ഞിലം പി. ഒ,

ഫാറൂഖ് കോളേജ്, കോഴിക്കോട്.

മേൽനോട്ടച്ചുമതല: 1. ശ്രീ. ടി. കെ. രവീന്ദ്രൻ, സെക്രട്ടറി,

നിർമ്മാല്യം, ഉദയകുറുമ്പ ക്ഷേത്രത്തിനുസമീപം,

കാരപ്പറമ്പ്, കോഴിക്കോട്-673010.

2. ശ്രീ. വി. കെ. പ്രതാപചന്ദ്രൻ, വികസനവിഭാഗം,

സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്),

റോഷൻലെയിൻ, ബാനർജി റോഡ്, കൊച്ചിൻ.

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2009-10; ഖണ്ഡിക 3.1.7 (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

76. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പും സംസ്ഥാന ഓഡിറ്റ് വകുപ്പും നൽകിയ മറുപടി സമിതി അംഗീകരിച്ചു. പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**77. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നഗരസഭാ കെട്ടിടങ്ങൾ ലൈസൻസ് ഫീ വ്യവസ്ഥയിൽ നൽകുന്നത് യഥാസമയം ലൈസൻസ് ഫീ പുതുക്കാതെയും കരാർ ചമയ്ക്കാതെയും മുറികൾ കൈവശം വയ്ക്കുന്നതിന് അവസരം നൽകുന്നു.**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2007-08; ഖണ്ഡിക നമ്പർ 2-4)

നഗരസഭയുടെ അധീനതയിലുള്ള വിവിധ കെട്ടിടങ്ങളിലെ മുറികൾ ലൈസൻസ് ഫീസ് വ്യവസ്ഥയിൽ ലേലം നടത്തി അനുവദിക്കുന്നുണ്ട്. 3 വർഷം കൂടുമ്പോൾ ഫീസിനത്തിൽ 20% വർദ്ധനവ് വരുത്തി ലൈസൻസ് പുതുക്കി നൽകുകയാണ് ചെയ്തുവരുന്നത്. എന്നാൽ യഥാസമയം ലൈസൻസ് പുതുക്കാതെയും കരാർ ചമയ്ക്കാതെയുമുള്ള 27 കേസുകൾ ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തി. കരാർ ചമയ്ക്കാതെ മുറികൾ വ്യക്തികൾക്ക് കൈവശം നൽകുന്നത് നഗരസഭയുടെ സാമ്പത്തിക താല്പര്യത്തിന് വിരുദ്ധവും അനാവശ്യ നിയമപ്രശ്നങ്ങൾക്ക് ഇടവരികയും, സംസ്ഥാന സർക്കാരിന് സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ലഭിക്കേണ്ട വരുമാന നഷ്ടത്തിന് കാരണമാവുകയും ചെയ്യുന്നു.

യഥാസമയം ലൈസൻസ് ഫീസിൽ വർദ്ധനവ് വരുത്താത്തതിനാൽ ലൈസൻസ് ഫീസ്, അധിക ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിലും നഗരസഭയ്ക്ക് വരുമാന നഷ്ടമുണ്ടാകുന്നുണ്ട്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : ശ്രീ. പി. സുരേശൻ, റവന്യൂ ഓഫീസർ,
റോഷ്ന ഹൗസ്, അഴിഞ്ഞിലം പി. ഒ.,
ഫാറൂഖ് കോളേജ്, കോഴിക്കോട്.

മേൽനോട്ടച്ചുമതല : 1. ശ്രീ. ടി. കെ. രവീന്ദ്രൻ, സെക്രട്ടറി, നിർമ്മാല്യം,
ഉദയകുറുമ്പ ക്ഷേത്രത്തിനുസമീപം,
കാരപ്പറമ്പ്, കോഴിക്കോട് - 673 010.

2. ശ്രീ. വി. കെ. പ്രതാപചന്ദ്രൻ, വികസന വിഭാഗം,
സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്),
റോഷൻ ലെയിൻ, ബാനർജി റോഡ്, കൊച്ചിൻ.

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2009-10; ഓഡിറ്റ് ഖണ്ഡിക 3.1.7(ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

78. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പും സംസ്ഥാന ഓഡിറ്റ് വകുപ്പും നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**79. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**കോഴിക്കോട് നഗരസഭ – കോഴിക്കോട് ജില്ല**

ഓഡിറ്റ് ഖണ്ഡിക

**പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വകമാറ്റി ചെലവഴിക്കുന്നു.**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2007-08; ഖണ്ഡിക നമ്പർ 3-1)

ഫയൽ നമ്പർ : (1) ജി.7/46400/07

(2) ജി.7/82450/03

ആനക്കുളം സാംസ്കാരികനിലയം നിർമ്മാണത്തിനായി കേന്ദ്ര ഗവൺമെന്റിന്റെ സാംസ്കാരിക വകുപ്പിൽനിന്നും 16-4-2007-ലെ 167331-ാം നമ്പർ ഡി.ഡി. പ്രകാരം 60,00,000 രൂപ ഗ്രാന്റായി ലഭിച്ചിരുന്നു. ടി തുക 7-5-2007-ന് നഗരസഭയുടെ തനതുഫണ്ട് സൂക്ഷിക്കുന്ന എസ്.ബി.ടി. 57023867271 അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്. മേൽ ഗ്രാന്റിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി നാളിതുവരെ 99,525 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിനത്തിൽ ലഭിച്ച തുകയിൽ നിന്നും മേൽ പ്രകാരം ചെലവഴിച്ച തുക കിഴിച്ച് ബാക്കി തുക എസ്.ബി.ടി. തനതുഫണ്ട് അക്കൗണ്ടിൽ 2007-08 വർഷം സ്ഥിരമായി നീക്കിയിരിപ്പായി ഉണ്ടാകേണ്ടതായിരുന്നു. എന്നാൽ എസ്.ബി.ടി. തനതുഫണ്ട് അക്കൗണ്ടിൽ 8-12-2007 മുതൽ 10-12-2007 വരെയുള്ള കാലത്ത് 10 ലക്ഷത്തിനും 11.5 ലക്ഷത്തിനും ഇടയിലായിരുന്നു ബാലൻസ്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിനത്തിൽ 60 ലക്ഷത്തോളം രൂപ മിനിമം ബാലൻസ് ഉണ്ടാകേണ്ടിടത്ത് മേൽ ദിവസങ്ങളിൽ 10 ലക്ഷത്തിനും 11.5 ലക്ഷത്തിനും ഇടയിലായിരുന്ന അക്കൗണ്ട് ബാലൻസ്. ഇവ സൂചിപ്പിക്കുന്നത് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിനത്തിൽ ലഭിച്ച തുക താൽക്കാലികമായി വകമാറ്റി എന്നുള്ളതാണ്. ഇത് ക്രമപ്രകാരമല്ല.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : 1. ശ്രീ. ടി. കെ. രവീന്ദ്രൻ, സെക്രട്ടറി,
നിർമ്മാല്യം,
ഉദയകുറുമ്പ ക്ഷേത്രത്തിനുസമീപം,
കാരപ്പറമ്പ്, കോഴിക്കോട് - 673 010.

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2009-10; ഓഡിറ്റ് ഖണ്ഡിക 3.3.3(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

80. സാംസ്കാരിക നിലയം പണിയുന്നതിനായി കേന്ദ്ര സർക്കാർ 60 ലക്ഷം രൂപ അനുവദിച്ചിരുന്നുവെന്നും പദ്ധതി കാലയളവിൽ പ്രസ്തുത തുക അക്കൗണ്ടിൽ രേഖപ്പെടുത്തിയില്ലായെന്നതായിരുന്നു ഓഡിറ്റ് ഒബ്ജക്ഷൻ എന്നും 2 കോടി 58 ലക്ഷം രൂപ

തനതുഫണ്ടുകൂടി ഉപയോഗിച്ചാണ് പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതെന്നും സാംസ്കാരിക നിലയം നിലവിൽ നല്ല രീതിയിൽ ഉപയോഗിച്ചുവരികയാണെന്നും 60 ലക്ഷം രൂപ തനത് ഫണ്ടിന്റെ കോമൺ അക്കൗണ്ടിലാണ് നിക്ഷേപിച്ചിരുന്നതെന്നും കോർപ്പറേഷൻ ഭൂമിയിലാണ് പ്രസ്തുത സാംസ്കാരിക നിലയം പണികഴിപ്പിച്ചതെന്നും കോർപ്പറേഷന്റെ അധീനതയിലുള്ള റവന്യൂ പുറമ്പോക്ക് ഭൂമിയാണെന്നും സാംസ്കാരിക നിലയത്തിന്റെ സാങ്ഷൻ റവന്യൂ വകുപ്പിൽ നിന്നും വാങ്ങിയിരുന്നുവെന്നും അനുവദിച്ച തുകയ്ക്ക് പുറമെ തനത് ഫണ്ട് കൂടി ചെലവഴിച്ചാണ് പണി പൂർത്തിയാക്കിയതെന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ലായെന്നും ആയത് സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും സർക്കാരിൽ നിന്നും അനുമതി വാങ്ങിയാണ് സാംസ്കാരിക നിലയം പണികഴിപ്പിച്ചതെന്നും കോഴിക്കോട് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) സമിതിയെ ബോധിപ്പിച്ചു. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച ഫയൽ നടപടികൾ അവസാനിപ്പിക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**81. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**വികസന ഫണ്ടിൽനിന്നും പിൻവലിച്ച തുക വിനിയോഗിക്കാതെ മാസങ്ങളോളം ബാങ്കേഴ്സ് ചെക്കായി സൂക്ഷിച്ചു.**

[ഓഡിറ്റ് റിപ്പോർട്ട് വർഷം 2007-08; ഖണ്ഡിക നമ്പർ 3.7(14)]

നഗര ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ സ്വയംതൊഴിൽ ഗ്രൂപ്പുകൾക്ക്/എ.ഡി.എസ്സുകൾക്ക് നൽകുന്നതിനായി വികസന ഫണ്ട് വകയിരുത്തി വിവിധ പ്രോജക്ടുകൾ തയ്യാറാക്കുകയും ട്രഷറിയിൽനിന്നും മൊത്തം പിൻവലിച്ച 9.28 ലക്ഷം രൂപയിൽ 6,28,000 രൂപ പ്രസ്തുത വർഷം വിനിയോഗിക്കാതെ ബാങ്കേഴ്സ് ചെക്ക് ആയി സെക്ഷനിൽ സൂക്ഷിച്ചിരിക്കുകയുമാണ്.

ജി.ഒ.(പി) 177/06 ധന തീയതി 12-4-2006 ഉത്തരവ് ഖണ്ഡിക 6.1 പ്രകാരം പദ്ധതി വിഹിതം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ മുൻകൂറായി പിൻവലിക്കാൻ പാടില്ല. ജി. ഒ. (പി) 516/04/ഫിൻ തീയതി: 30-11-2004 പ്രകാരം ട്രഷറിയിൽനിന്നും പിൻവലിച്ച് 30 ദിവസത്തിനകം ചെലവഴിക്കാത്ത തുക ട്രഷറിയിൽ തിരിച്ചടയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

10 മാസത്തിലധികംകാലം പിൻവലിച്ച തുക വിനിയോഗിക്കാതിരിക്കുന്നത് പദ്ധതി തുകയുടെ ദുരുപയോഗവും സർക്കാർ ഉത്തരവുകളുടെ ലംഘനവുമാണ്. തുക അടിയന്തരമായി വികസന ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : ശ്രീ. കെ. എ. ശിവപ്രസാദ്, പ്രോജക്ട് ഓഫീസർ, കുടുംബശ്രീ, 1/704 എ, ശിവപ്രഭ, വെസ്റ്റ് ഹിൽ, കോഴിക്കോട് - 673 005.

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2009-10; ഓഡിറ്റ് ഖണ്ഡിക 3.4.4(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

82. പ്രസ്തുത ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിരിക്കുന്ന ബാലൻസ് തുക സർക്കാരിലേയ്ക്ക് തിരിച്ചടച്ചിട്ടുണ്ടെന്നും ടി വിവരം തദ്ദേശസ്വയംഭരണ വകുപ്പിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും കോഴിക്കോട് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി(സെക്രട്ടറി-ഇൻ-ചാർജ്) സമിതിയെ ബോധിപ്പിച്ചു. പ്രസ്തുത തുക ചെലവാക്കാതെ തിരിച്ചടച്ചതിനുള്ള കാരണം സമിതി ആരാഞ്ഞതിന് 2003-04 കാലഘട്ടത്തിലെ പദ്ധതികളിലാണ് ഇത്തരത്തിൽ ഉണ്ടായിരുന്നതെന്നും അതിനു ശേഷം സി.ഡി.എസ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി കമ്മിറ്റിയൊക്കെ നിലവിൽ വന്നതിനെ തുടർന്ന് ഫണ്ട് വിനിയോഗം കാര്യക്ഷമമായിട്ടുണ്ടെന്നും ജനകീയ കമ്മിറ്റി പ്രവർത്തനമാരംഭിച്ചതോടെ കുടുംബശ്രീ വഴിയും മറ്റും ഒട്ടനവധി പ്രവർത്തികൾ നടന്നുവരുന്നെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

83. പ്രസ്തുത തുക തിരിച്ചടച്ചതുമായി ബന്ധപ്പെട്ട രേഖകൾ കോർപ്പറേഷൻ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകിയതിനെ തുടർന്ന് പ്രസ്തുത ഫയൽ നടപടി അവസാനിപ്പിക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**84. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ പദ്ധതിക്കായുള്ള ദ്വിവർഷ പ്രോജക്ട് - രണ്ട് പദ്ധതി വർഷം പിന്നിട്ടിട്ടും പ്രവർത്തനം ആരംഭദശയിൽ തന്നെ.**

[ഓഡിറ്റ് റിപ്പോർട്ട് വർഷം 2007-08; ഖണ്ഡിക നമ്പർ 3.7(5)]

സമ്പൂർണ ഊർജ്ജ സുരക്ഷാമിഷൻ, അനെർട്ട് മുഖേന നടപ്പിലാക്കുന്ന മേൽ പ്രോജക്റ്റിനായി മൊത്തം 35,20,038 രൂപ നഗരസഭ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രോജക്റ്റിന്റെ ഒന്നാം വർഷത്തിൽ ഊർജ്ജ സർവ്വെ, പവർലൈൻ മാപ്പിംഗ് തുടങ്ങിയ പഠനങ്ങൾ പൂർത്തിയാക്കുന്നതിനും, രണ്ടാം വർഷത്തിൽ ഊർജ്ജ സുരക്ഷാ ഉപകരണങ്ങളുടെ പ്രതിഷ്ഠാപനവുമായിരുന്നു ഉദ്ദേശിച്ചിരുന്നത്.

പദ്ധതി പ്രവർത്തനങ്ങൾക്കായി 20 മാസ്റ്റർ ട്രെയിനി പരിശീലകരെയും, 152 വാളണ്ടിയർമാരെയും തിരഞ്ഞെടുക്കണമെന്നും 10 വാട്സിന്റെ 70 എൽ.ഇ.ഡി. തെരുവുവിളക്ക് സ്ഥാപിക്കണമെന്നും, അനെർട്ട് നിർദ്ദേശിച്ചിരുന്നു. ഇതിൽ 20 മാസ്റ്റർ ട്രെയിനികളെ തെരഞ്ഞെടുത്തതിന്റെയും 52 വാളണ്ടിയർമാരെ മാത്രം കണ്ടെത്തിയതിന്റെയും രേഖകളും ഏതാനും ഊർജ്ജ സുരക്ഷാ ഉപകരണങ്ങളുടെ ലിസ്റ്റും മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്.

അനെർട്ടുമായി ഒരു ഉഭയകക്ഷി കരാർപോലും ചമയ്ക്കാതെയാണ് 35.20 ലക്ഷം രൂപ ഡെപ്പോസിറ്റായി നൽകിയത്. 2008 മാർച്ച് 26-ന് തയ്യാറാക്കിയ ഒരു കരട് കരാർപത്രം ഫയലിൽ കാണുന്നുണ്ടെങ്കിലും, അതിൽ അനെർട്ട് ഡയറക്ടർ ഒപ്പ് വച്ചിട്ടില്ല. കരട് കരാറിലെ വ്യവസ്ഥ 8 പ്രകാരം പദ്ധതി 1-4-2008-ന് ആരംഭിച്ച് 30-6-2009-ന് പൂർത്തിയാക്കുമെന്നും, വ്യവസ്ഥ 10 പ്രകാരം കാലതാമസം വന്നാൽ നഗരസഭയ്ക്ക് 2% പിഴ ഈടാക്കാമെന്നും പറയുന്നു. പദ്ധതി കാലയളവ് പൂർത്തിയായെങ്കിലും പദ്ധതി പ്രവർത്തനങ്ങളുടെ ഒരു എസ്റ്റിമേറ്റ് പോലും തയ്യാറാക്കാതെ പദ്ധതി ഇപ്പോഴും പ്രാരംഭദശയിൽ തന്നെയാണ്.

| | |
|---|---|
| ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : | ശ്രീ. വി. കെ. പ്രതാപചന്ദ്രൻ,<br>വികസന വിഭാഗം സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്),<br>റോഷൻ ലെയിൻ, ബാനർജി റോഡ്,<br>കൊച്ചിൻ. |

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2009-10; ഓഡിറ്റ് ഖണ്ഡിക 3.7.12(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

85. 2008-ലെ ഒരു സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിക്ഷേപിച്ച തുകയാണെന്നും പവർ ലൈനിനായും സ്ട്രീറ്റ് ലൈറ്റിനുമായിട്ടാണ് പ്രോജക്റ്റ് വച്ചിരുന്നതെന്നും

2 പ്രവൃത്തികൾ സംബന്ധിച്ച് നിരവധി കത്തുകൾ അയച്ചിരുന്നുവെങ്കിലും അടുത്തിടെ ലഭിച്ച കത്ത് പ്രകാരം പവർ ലൈൻ പ്രവൃത്തികൾ നടന്നുവരികയാണെന്നും സ്ട്രീറ്റ് ലൈറ്റിന്റെ ക്വാളിറ്റി സംബന്ധിച്ച് പരിശോധിക്കുന്നതിന് കൊൽക്കത്തയിലുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ ERTL Quality assurance test-ന് അയച്ചിരിക്കുകയാണെന്ന് അറിയിച്ചിട്ടുള്ളതായി കോഴിക്കോട് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) സമിതിയെ അറിയിച്ചു. അനെർട്ടിന് പദ്ധതികൾക്കനുസരിച്ച് പ്രവൃത്തിക്കുന്നതിനുള്ള അംഗബലം കുറവായതിനാലാണ് പദ്ധതികളിൽ ഇത്തരത്തിൽ കാലതാമസം ഉണ്ടാകുന്നതെന്നും TESM പ്രോജക്ടിന്റെ ഭാഗമായി ചെലവഴിച്ച തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും ബാക്കിയുള്ള തുക സർക്കാരിലേയ്ക്ക് തിരിച്ചടച്ചതായിട്ടാണ് രേഖകൾ പ്രകാരം കാണുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

86. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**87. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വ്യവസായ മേഖലയ്ക്ക് നീക്കിവെച്ച വികസന ഫണ്ടിന്റെ 2% പോലും വിനിയോഗിച്ചിട്ടില്ല.**

[ഓഡിറ്റ് റിപ്പോർട്ട് വർഷം 2007-08; ഖണ്ഡിക നമ്പർ 3.7(9)]

നഗരസഭാ പരിധിയിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തരാക്കുന്നതിനുവേണ്ടി അഞ്ച് പ്രോജക്ടുകളിലായി 40 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും വ്യവസായ മേഖലയ്ക്ക് വകയിരുത്തിയിരുന്നു. എന്നാൽ കേവലം ഒരു പ്രോജക്ടിലെ ഒരു ഇനം പരിശീലന പരിപാടിമാത്രം നടപ്പാക്കുകയും 65,000 രൂപ വിനിയോഗിക്കുകയുമാണ് ചെയ്തത്.

മറ്റ് നാല് പദ്ധതികൾ നടപ്പിലാക്കുന്നതിന് യാതൊരു പ്രവർത്തനവും നിർവ്വഹണ ഉദ്യോഗസ്ഥൻ നടത്തിയതായി ഫയലിൽനിന്നും വ്യക്തമല്ല. വ്യവസായ മേഖലയിൽ ചെലഴിക്കാൻ വേണ്ടി വകയിരുത്തിയ 40 ലക്ഷം രൂപയിൽ വളരെ തുച്ഛമായ 65,000 രൂപ (1.63%) മാത്രം വിനിയോഗിച്ചത് നിർവ്വഹണത്തിലെ പോരായ്മയാണ്. 2005-06,

2006-07 എന്നീ വർഷങ്ങളിലും വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഒരൊറ്റ പദ്ധതിപോലും നടപ്പാക്കിയിട്ടില്ല എന്നതും ഗൗരവമായി കാണേണ്ടതാണ്. വ്യവസായ മേഖലയിൽ വർഷങ്ങളായി യാതൊരു പ്രവർത്തനങ്ങളും നടപ്പിലാക്കാത്തതും, നീണ്ട ആസൂത്രണപ്രക്രിയയ്ക്ക് ശേഷം നിർവ്വഹണത്തിലെ നിഷ്ക്രിയത്വംമൂലം പദ്ധതികൾ നടപ്പിലാക്കാതെ ഉപേക്ഷിക്കപ്പെടുന്നതും ഈ മേഖലയിലെ വികസനത്തെ കാര്യമായി ബാധിക്കുന്നുണ്ട്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : ശ്രീ. പി. മോഹൻദാസ്,<br>വ്യവസായ വികസന ഓഫീസർ,<br>പിൻപുറത്ത് പി. ഒ.,<br>ചാലിയം, കോഴിക്കോട്.

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2009-10; ഖണ്ഡിക 3.7.12(ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

88. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**89. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വരുമാന വർദ്ധനവിനുള്ള നടപടികളുടെ അഭാവം :**

* **വസ്തു നികുതി പുതുക്കൽ വൈകുന്നതുവഴി വരുമാന നഷ്ടം.**
* **വസ്തു നികുതി അപ്പീൽ പെറ്റീഷനുകളിന്മേൽ നിയമവിരുദ്ധമായി ഇളവനുവദിക്കുന്നു.**
* **ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി എടുക്കുന്നില്ല.**
* **തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികളുമില്ല.**

ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കാലാകാലങ്ങളിൽ നടത്തേണ്ടുന്ന കെട്ടിടനികുതി/വസ്തുനികുതി പരിഷ്കരണം നടത്താത്തതുമൂലം പ്രസ്തുത നികുതിയിനത്തിൽ ഗണ്യമായ വരുമാനനഷ്ടം ഉണ്ടാകുന്നുണ്ട്.

വസ്തുനികുതി പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി മുമ്പാകെ സമർപ്പിക്കപ്പെടുന്ന റിവിഷൻ പെറ്റീഷൻ പരിഗണിച്ച് അനുവദിക്കാവുന്ന പരമാവധി ഇളവ് 10% ആയും സെക്രട്ടറി നിർണ്ണയിക്കുന്ന നികുതിയിന്മേൽ നഗരസഭാ അപ്പീൽകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക്/പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് അനുവദിക്കാവുന്ന പരമാവധി ഇളവ് 20% ആയും 27-11-2006-ലെ ജി.ഒ.(എം.എസ്) 271/06/തസ്വഭവ വകുപ്പ് ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുണ്ടെങ്കിലും മിക്കവാറും നഗരസഭകളിൽ അപ്പീൽ പെറ്റീഷനുകളിൽ സ്റ്റാന്റിംഗ് കമ്മിറ്റി നിയമാനുസൃതമായ 20% ഇളവിനുമേൽ വീണ്ടുമൊരു 20% ഇളവുകൂടി അനുവദിക്കുന്ന പ്രവണത വ്യാപകമായിക്കാണുന്നു. നിയമവിരുദ്ധമായ ഈ ഇളവനുവദിക്കൽ സ്ഥാപനത്തിന്റെ വരുമാനചോർച്ചയ്ക്ക് ആക്കം കൂട്ടുന്നു.

1994-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഗ്രാമപഞ്ചായത്തുകളിലും കൂടി ബാധകമാക്കിയതിനാൽ കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസിനത്തിൽ ഗണ്യമായ വരുമാനവർദ്ധനവ് ഉണ്ടെങ്കിലും കൃത്യമായി എഫ്.എ.ആർ. കണക്കാക്കിയും നഗരപ്രാന്തത്തിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായ പ്രത്യേക സ്ട്രക്ച്ചറൽ സോണുകൾക്ക് നിശ്ചയിച്ച നിരക്കിലും പെർമിറ്റ് ഫീസ് വാങ്ങുന്നതിൽ അലംഭാവം കണ്ടുവരുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസില്ലാതെ ഒരു വ്യാപാരമോ വ്യവസായമോ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടത്തുവാൻ പാടില്ല എന്നിരിക്കെ ഇതിനു വിരുദ്ധമായി ലൈസൻസ് എടുക്കാതെയോ ലൈസൻസ് യഥാക്രമം പുതുക്കാതെയോ നടത്തുന്ന അനധികൃതമായ പ്രവൃത്തികൾക്ക് 233-ാം വകുപ്പ് പ്രകാരം 3000 രൂപവരെ പിഴ ചുമത്താമെന്നിരിക്കെ അനധികൃത വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും എതിരെ നടപടിയെടുക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾ വിമുഖത പുലർത്തുന്നുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 209 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് പഞ്ചായത്തിന് നികുതി ഈടാക്കാവുന്നതാണ്. പരസ്യനികുതി ചുമത്തുമ്പോൾ അതിന്റെ ഏറ്റവും കുറഞ്ഞ നിരക്ക് എസ്.ആർ.ഒ.654/02 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. പരസ്യനികുതി പിരിക്കാനുള്ള അവകാശം ലേലം ചെയ്തുകൊടുത്ത് ഈ ഇനത്തിലുള്ള വരുമാനം കണ്ടെത്താനും ഈ മേഖലയിൽ സാധ്യതകൾ ഉള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രമം നടത്തുന്നില്ല.

സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ നിയമാനുസൃതം നടത്തേണ്ടത് കർശനമായിരിക്കേ രജിസ്ട്രേഷൻ ഇല്ലാത്ത നിരവധി സ്ഥാപനങ്ങൾ നഗരസഭാ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ഇനത്തിലുള്ള വരുമാന നഷ്ടത്തിലുപരി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കേവല നിബന്ധനകൾ എങ്കിലും പാലിച്ചുകൊണ്ടാണോ അവ പ്രവർത്തിക്കുന്നത് എന്നുപരിശോധിക്കാനും നിയന്ത്രിക്കാനുമുള്ള അധികാരം വിനിയോഗിക്കാത്തത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതയില്ലായ്മയാണ് കാണിക്കുന്നത്.

നഗരസഭകളുടെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, പൊതുവായ മാർക്കറ്റുകൾ എന്നിവ യഥാകാലം ലേലം ചെയ്തുകൊടുക്കുവാനോ വാടകക്കാരാറുകൾ കൃത്യമായി എഴുതി വാടക കൃത്യമായി പിരിച്ചെടുക്കുവാനോ ഉള്ള ശ്രമങ്ങളും നടക്കുന്നില്ല.

കുടിശ്ശിക നികുതികൾ, ഫീസുകൾ എന്നിവ നിയമാനുസൃതം പിരിച്ചെടുക്കുന്നതിലും തദ്ദേശസ്വയംഭരണാധികാരികൾ ഗുരുതരമായ അലംഭാവം കാണിക്കുന്നു.

**തനത് വരുമാന നഷ്ടത്തിന് ഉദാഹരണം**

| ക്രമ നം. | സ്ഥാപനം | ഇനം | തുക | ഓ.റി.വർഷം/ ഖണ്ഡിക |
|---|---|---|---|---|
| 1 | നഗരസഭ, കോഴിക്കോട് | ഏകദിന പെർമിറ്റ് ലൈസൻസ് (രാജിയാക്കൽ ഫീസ് ഇനത്തിലുള്ള നഷ്ടം) | 25750 | 2008-09/ 2-4-2 |

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11; ഖണ്ഡിക 2.5)

90. പ്രസ്തുത ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട കോഴിക്കോട് നഗരസഭയുമായി ബന്ധപ്പെട്ട് ഏകദിന പെർമിറ്റ് ലൈസൻസ് (രാജിയാക്കൽ ഫീസ് ഇനത്തിലുള്ള നഷ്ടം) ഇനത്തിലുണ്ടായ 25,750 രൂപയുടെ നഷ്ടം ഈടാക്കിയതായിട്ടുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**91. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

<u>വർദ്ധിച്ചുവരുന്ന ഋണബാദ്ധ്യതകൾ</u>

1963-ലെ കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി വായ്പകൾ സ്വീകരിക്കാവുന്നതാണ്. എന്നാൽ ഒരു സ്ഥാപനത്തിന്റെ വൻ ഋണബാദ്ധ്യത അതിന്റെ ഭരണസാമ്പത്തിക സംവിധാനങ്ങളുടെ പിടിപ്പുകേടിലേക്ക് വിരൽചൂണ്ടുന്നു. ഓഡിറ്റിന് വിധേയമായ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഭീമമായ കടബാദ്ധ്യതയിലാണ്.

വരുമാനമുണ്ടാക്കുകയും ചെലവഴിക്കുകയും ചെയ്യുന്ന ഏതൊരു സ്ഥാപനത്തിനുമെന്ന പോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മികവുറ്റ ഭരണസംവിധാനത്തോടൊപ്പം

ഫലപ്രദവും അച്ചടക്കമുള്ളതുമായ സാമ്പത്തിക നിയന്ത്രണവും അനിവാര്യമാണ്. വരുമാന വർദ്ധനവും വിവേകപൂർണ്ണമായ ചെലവുചെയ്യലും ഉറപ്പാക്കാൻ മികച്ച സാമ്പത്തിക ആസൂത്രണവും മെച്ചപ്പെട്ട നേതൃത്വവും കൂടിയേതീരൂ. വരുമാന സ്രോതസ്സുകളുടെ ഉല്പാദനക്ഷമത ഉറപ്പാക്കുന്നതിലും അവ ചൂഷണം ചെയ്യുന്നതിൽ ഉത്തരവാദിത്തബോധം പുലർത്തുന്നതിലും പരാജയപ്പെടുന്ന സ്ഥാപനത്തിന് സാമ്പത്തിക സുസ്ഥിരത കൈവരിക്കാനാകാതെ വരുന്നു. വർദ്ധിച്ചുവരുന്ന ഋണബാദ്ധ്യതയിലേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നയിക്കുന്നത് പ്രധാനമായും കാര്യക്ഷമമല്ലാത്ത നികുതി നിയന്ത്രണ സംവിധാനങ്ങളാണ്. താഴ്ന്ന വരുമാന സമാഹരണം, കുറവായി നിർണ്ണയിക്കപ്പെടുന്ന നികുതികൾ, ഫീസുകൾ എന്നിവ സ്ഥാപനങ്ങളുടെ സാമ്പത്തികനിലയെ സാരമായി ബാധിക്കുന്നു. വർദ്ധിച്ചുവരുന്ന കുടിശ്ശികകൾ അവയുടെ സാമ്പത്തിക നിലവാരം മോശതരമാക്കുന്നു.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 303-ൽ നഗരസഭകൾ ഋണമോചന നിധി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നു. വിവിധ ഏജൻസികളിൽ നിന്നും നഗരസഭകൾ എടുത്തിട്ടുള്ള വായ്പാതുകകളുടെ കൃത്യമായ തിരിച്ചടവുകൾക്ക് സഹായകമാകുന്ന വിധത്തിൽ ഒരു പ്രത്യേക നിധി രൂപീകരിക്കുകയും ആ നിധിയിൽ നിന്ന് കൃത്യമായി വായ്പാ തിരിച്ചടവുകൾക്ക് തുക വിനിയോഗിക്കുകയുമാണ് ചെയ്യേണ്ടത്. എന്നാൽ മിക്ക നഗരസഭകളിലും ഇത്തരത്തിലുള്ള ഋണമോചനനിധി രൂപീകരിച്ചിട്ടില്ല. മുനിസിപ്പൽ ഫണ്ടിന്റെ അപര്യാപ്തത കാരണം വായ്പകളുടെ കൃത്യമായ തിരിച്ചടവുകൾക്ക് സാധിക്കാറുമില്ല. ഇതുമൂലം തിരിച്ചടവ് നീളുകയും പലിശയിനത്തിൽ കൂടുതൽ തുക നഗരസഭകൾ ചെലവഴിക്കേണ്ടി വരികയും ചെയ്യുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായി ലഭിക്കേണ്ട മുഴുവൻ നികുതികളും ഫീസുകളും ചോർച്ചകൂടാതെ ലഭ്യമാക്കേണ്ട ഉത്തരവാദിത്വം ഉദ്യോഗസ്ഥരിലും ജനപ്രതിനിധികളിലും നിക്ഷിപ്തമാണ്. സ്ഥാപനങ്ങളുടെ വരുമാന സ്രോതസ്സുകളായ തൊഴിൽ നികുതി, കെട്ടിട നികുതി, ലേലം/വാടക, ഡി&ഒ ലൈസൻസ് ഫീസ് എന്നിവ യഥാസമയം പിരിച്ചെടുത്ത് ആ പണം വിനിയോഗിച്ച് ജനോപകാരപ്രദങ്ങളായ പദ്ധതികൾ നടപ്പിലാക്കാനും സാമ്പത്തികഭദ്രത കൈവരിക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആർജ്ജവം കാണിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കടബാധ്യതയ്ക്ക് ഏതാനും ചില ഉദാഹരണങ്ങൾ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | വായ്പകളുടെ ഉറവിടം | വായ്പ തുക (രൂപ) | തിരിച്ചടയ്ക്കാൻ ശേഷിക്കുന്നത് 31-3-2011 |
|---|---|---|---|---|
| 1 | കോഴിക്കോട് കോർപ്പറേഷൻ | ഹഡ്കോ | 63568000 | 52280000 |
| | | കേരള സർക്കാർ | 85214677 | 117383069 |
| | | ആകെ | 148782677 | 169663069 |

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11; ഓഡിറ്റ് ഖണ്ഡിക 2.11)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

92. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് നിലവിൽ കോർപ്പറേഷന് പണം കടമെടുക്കുന്ന പ്രവണത കുറവാണെന്നും കോർപ്പറേഷൻ ഹഡ്കോയ്ക്ക് 1.5 കോടി രൂപയാണ് നൽകാൻ ബാക്കിയുള്ളതെന്നും വിവിധ വികസന പ്രവർത്തനങ്ങൾക്കായി CAD (Calicut Development Authority) എടുത്ത വായ്പയുടെ തിരിച്ചടവാണ് സർക്കാരിലുള്ളതെന്നും ആയത് ഗ്രാന്റായി പരിഗണിക്കണമെന്നും ലോൺ തുകയുടെ പരിധിയിൽ നിന്നും അത് ഒഴിവാക്കണമെന്നും റോഡും മറ്റ് വികസനപ്രവർത്തനങ്ങൾക്കുമായി വിനിയോഗിച്ചതിനാലും ആയത് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിരിക്കുകയാണെന്നും കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) മറുപടി നൽകി.

93. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് കോർപ്പറേഷൻ തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**94. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഏകദിന പെർമിറ്റ്-ലൈസൻസ് അനുവദിച്ചതിലെ അപാകതയും അനധികൃത നിർമ്മാണം ക്രമവൽക്കരിക്കാത്തതും.**

(ഓഡിറ്റ് റിപ്പോർട്ട് വർഷം : 2008-09, ഖണ്ഡിക നമ്പർ 2.4.2)

*** കെട്ടിട സമുച്ചയത്തിന് ഏകദിന പെർമിറ്റ് നൽകിയത് നിയമവിരുദ്ധം**

*** വ്യവസ്ഥകൾ ലംഘിച്ചുള്ള കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ചപ്പോൾ രാജിയാക്കൽ ഫീസ് നഷ്ടമായി.**

"ഏകദിന പെർമിറ്റ്" വ്യവസ്ഥയിൽ ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഏക കുടുംബ വാസഗൃഹങ്ങൾക്കാണ് ഏകദിന പെർമിറ്റ് അനുവദിക്കാൻ വ്യവസ്ഥയുള്ളത്. താഴെപ്പറയുന്ന ഫയലുകളിൽ അനുവദിച്ച വില്ലകൾക്കുള്ള പെർമിറ്റുകൾ വിവിധ രീതിയിലുള്ള (ഫ്ലാറ്റ്, അപ്പാർട്ട്മെന്റ്, വില്ലകൾ എന്നിവ) പാർപ്പിടസമുച്ചയം നിർമ്മിക്കുന്നതിന്റെ മുന്നോടിയായി അനുവദിച്ച ഡെവലപ്മെന്റ് പെർമിറ്റിന്റെ ഭാഗമാണ്. (E6/93679/06) 295.21 സെന്റ് സ്ഥലത്ത് ഉടമകളായ തനിമ കൺസ്ട്രക്ഷൻ ആന്റ് റിയൽ എസ്റ്റേറ്റ് എന്ന കമ്പനി, കാലിക്കറ്റ് ലാന്റ്മാർക്ക് ബിൽഡേഴ്സ് ആന്റ് ഡവലപ്പേഴ്സ് എന്ന കൺസൾട്ടന്റ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കുന്ന ബൃഹത്തായ ഒരു പ്രോജക്ട് എന്ന നിലയ്ക്ക് ഈ വില്ലകൾക്കുള്ള അനുവാദം ഏകദിന പെർമിറ്റായി നൽകിയത് 29-10-2000-ൽ സർക്കാർ പുറപ്പെടുവിച്ച നമ്പർ 28389/എം.1/2000/തസ്വഭവ സർക്കുലറിന് വിരുദ്ധമാണ്.

2. ഓരോ വീടിനും പ്രത്യേകമായി മഴവെള്ള സംഭരണി, സ്വീവേജ് സംവിധാനം എന്നിവ കാണിച്ചുള്ള സർവ്വീസ് പ്ലാൻ ആയിരുന്നു ഏകദിന പെർമിറ്റിനായി സമർപ്പിച്ചിരുന്നത്. എന്നാൽ ഓരോ വീടിന്റെയും ഒക്യുപെൻസിക്കായി സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ സമുച്ചയത്തിന് പൊതുവായി രൂപം നൽകിയ ഇത്തരം സംവിധാനങ്ങളാണ് ഉള്ളത്. ഇപ്രകാരം മാറ്റം വന്നതിനാൽ ഏകദിന പെർമിറ്റ് കരാർ വ്യവസ്ഥയും, കെട്ടിടനിർമ്മാണ ചട്ടങ്ങളും ലംഘിക്കപ്പെട്ടിരിക്കയാണ്. പെർമിറ്റ് റദ്ദ് ചെയ്ത്, ചട്ടങ്ങൾ പാലിച്ച് ക്രമവൽക്കരണം നടത്തേണ്ട സ്ഥാനത്ത് അപേക്ഷകർ ഏകദിന പെർമിറ്റിന് അപേക്ഷിക്കുമ്പോൾ അടവാക്കിയിരുന്ന ഫീസ് വീണ്ടും വാങ്ങി ഒക്യുപെൻസി അനുവദിക്കുകയായിരുന്നു. ചട്ടങ്ങളും വ്യവസ്ഥകളും പ്രകാരം ക്രമവൽക്കരണം അനിവാര്യമായിരുന്നതിനാൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ 146(4)-ൽ പറയുന്ന രാജിയാക്കൽ ഫീസ് നഗരസഭയ്ക്ക് നഷ്ടമായിരിക്കുകയാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| ഫയൽ നമ്പർ | കെട്ടിട ഉടമ | പ്ലിന്ത് ഏരിയ $M^2$ | ഒടുക്കേണ്ട പെർമിറ്റ് ഫീസ് | രാജി യാക്കൽ ഫീസ് | ആകെ | ഒടു ക്കിയ ഫീസ് | നഷ്ടം |
|---|---|---|---|---|---|---|---|
| E9/107971/08 | പ്രശാന്ത് വി. | 198.11 | 995 | 1990 | 2985 | 1000 | 1985 |
| E9/107978/08 | റിഷാദ് കെ. | 204.21 | 1025 | 2050 | 3075 | 1050 | 2025 |
| E9/107974/08 | നടരാജൻ സി. കെ. | 248.89 | 1245 | 2490 | 3735 | 1250 | 2485 |
| E9/107970/08 | ഇ. സലിം, ഷെഹനാസ് സലിം | 204.21 | 1025 | 2050 | 3075 | 1050 | 2025 |
| E9/107972/08 | പ്രസന്ന ശിവശങ്കരൻ | 243.80 | 1220 | 2440 | 3660 | 1250 | 2410 |
| E9/78736/08 | അജയകുമാർ ബാലകുമാർ | 209.36 | 1050 | 2100 | 3150 | 1050 | 2100 |
| E9/107976/08 | നിർമ്മൽകുമാർ മഞ്ജൂഷ | 196.57 | 985 | 1970 | 2955 | 1000 | 1955 |
| E9/107975/08 | കെ.പി. ദീപ | 224.27 | 1125 | 2250 | 3375 | 1150 | 2225 |
| E9/107977/08 | കെ.വിജയരാഘവൻ | 203.88 | 1020 | 2040 | 3060 | 1050 | 2010 |
| E9/107979/08 | മുഹമ്മദ് ഇ. ആർ. | 240.32 | 1205 | 2410 | 3615 | 1250 | 2365 |
| E9/107967/08 | സൽവിൻ ഇ. | 218.70 | 1095 | 2190 | 3285 | 1100 | 2185 |
| E9/107973/08 | പി.വി. പ്രദീപ്കുമാർ | 201.17 | 1010 | 2020 | 3030 | 1050 | 1980 |
| | | | | **ആകെ** | | | **25750** |

രാജിയാക്കൽ ഫീസ് ഇനത്തിൽ നഷ്ടംവന്ന 25,750 രൂപ ഉത്തരവാദിയായ ടൗൺപ്ലാനിംഗ് ഓഫീസർ, അസിസ്റ്റന്റ് ടൗൺപ്ലാനിംഗ് ഓഫീസർ, ബിൽഡിംഗ് ഇൻസ്പെക്ടർ എന്നിവരിൽനിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

ഉത്തരവാദികളായ ഉദ്യോഗസ്ഥർ : 1. ശ്രീ. ശ്രീജിത്ത് എം. കെ.,
ടൗൺ പ്ലാനിംഗ് ഓഫീസർ,
കോഴിക്കോട് നഗരസഭ.
25/811 എ., ചേവായൂർ പി.ഒ.,
കോഴിക്കോട്.

2. ശ്രീ. സലിം പി. പി.,
അസിസ്റ്റന്റ് ടൗൺ പ്ലാനിംഗ് ഓഫീസർ,
കോഴിക്കോട് നഗരസഭ.
ഫാത്തിമ മൻസിൽ, ജില്ലാ ജയിലിനു സമീപം, പുതിയറ, കോഴിക്കോട്.

3. ശ്രീ. ഷാജി കെ.,
ബിൽഡിംഗ് ഇൻസ്പെക്ടർ,
കോഴിക്കോട് നഗരസഭ.
കേളോത്ത് പി.ഒ., കൊമ്മേരി, കോഴിക്കോട്.

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11; ഖണ്ഡിക 5.1.9(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

95. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**96. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

(തടിനികുതി - ലേലസംഖ്യ മുഴുവനായും അടവാക്കിയതിന് രേഖകളില്ല)

(ഓഡിറ്റ് റിപ്പോർട്ട് വർഷം:2008-09, ഖണ്ഡിക നമ്പർ: 2-7)

1-4-2008 മുതൽ 31-3-2009 വരെയുള്ള കാലയളവിലേക്ക് കോഴിക്കോട് നഗരസഭയുടെ തടിനികുതി ചെക്ക്പോസ്റ്റുകളിൽ നിന്ന് തടിനികുതി പിരിക്കുന്നതിനുള്ള കുത്തകാവകാശം ശ്രീ. ഒ. അഷ്റഫ് എന്ന ആൾക്ക് 6,65,000 രൂപയ്ക്ക് ലേലം ചെയ്ത് നൽകിയിരുന്നു. (18/03/2008-ലെ കൗൺസിൽ തീരുമാനം നമ്പർ 105). എന്നാൽ ലേല നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് മുദ്രപത്രത്തിൽ എഗ്രിമെന്റ് വെക്കാതെയാണ് ടിയാന് അവകാശം ഏൽപ്പിച്ചു കൊടുത്തിട്ടുള്ളത്.

ലേല നിബന്ധന പ്രകാരം ലേലം വിളിച്ചെടുക്കുന്ന ആൾ ലേലസംഖ്യയുടെ 25% തുക ലേലംനടന്ന ഉടനെയും, 40% തുക (നിരതദ്രവ്യം കഴിച്ച്) ലേലം അംഗീകരിച്ച് 3 ദിവസത്തിനകവും, ബാക്കി വരുന്ന 35% തുക 3 ഗഡുക്കളായി മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ 5-ാം തീയതിക്കകവും നഗരസഭാ ട്രഷറിയിൽ അടവാക്കേണ്ടതാണ്. കൂടാതെ ലേലം അംഗീകരിച്ച് അറിയിപ്പ് കിട്ടി 7 ദിവസത്തിനകം ലേലസംഖ്യയുടെ 2.04% തുക ആദായ നികുതിയിനത്തിലും അടവാക്കേണ്ടതുണ്ട്. ലേലഫയൽ/രജിസ്റ്റർ പ്രകാരം ലൈസൻസി അടവാക്കിയ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| അടവാക്കേണ്ട തുക | അടവാക്കിയ തുക | രസീത് നം. | തീയതി | ബാക്കി |
|---|---|---|---|---|
| ലേലസംഖ്യയുടെ 25% 1,66,250 രൂപ | 20,000 (DD) | 3309 | 29/02/08 | |
| | 20,000 (DD) | 3310 | 29/03/08 | |
| | 1,000 (DD) | 3311 | 29/02/08 | |
| | 1,000 (DD) | 3312 | 29/02/08 | |
| | 20,000 (DD) | 3313 | 29/02/08 | |
| | 20,000 (DD) | 3314 | 29/02/08 | |
| | 20,000 | 70244/98 | 11/03/08 | 64,250 |
| | 1,02,000 | 70244/98 | 11/03/08 | |
| ലേലസംഖ്യയുടെ 40% 2,66,000 രൂപ | | | | 2,66,000 |
| ലേലസംഖ്യയുടെ 35% (3 ഗഡുക്കളായി) 77,584 | 77,584 | 90041/0 | 05/05/08 | |
| 77,583 | 77,583 | 90080/92 | 03/06/08 | |
| 77,583 | 67,583 | 70089/26 | 05/07/08 | 10,000 |
| 6,65,000 | 3,24,750 | | | 3,40,250 |

**ആകെ അടവാക്കാൻ ബാക്കിയുള്ള തുക = 3,40,250 രൂപ**

നിരതദ്രവ്യം 20,000 രൂപയും, ആദായനികുതിയും ലൈസൻസി അടവാക്കിയതിന്റെ രേഖകൾ ബന്ധപ്പെട്ട ഫയലിലില്ല. ലൈസൻസി 29-2-2008-ന് അടവാക്കിയ

82,000 രൂപയും, 11-3-2008-ന് അടവാക്കിയ 20,000 രൂപയും 2008-09-ലെ ഡെപ്പോസിറ്റിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയത് 2008-09-ലെ തടിനികുതി വരവ് ഹെഡ്ഡിലേയ്ക്ക് മാറ്റി വരവ് വെയ്ക്കേണ്ടതായിരുന്നു.2008-09 വാർഷിക കണക്ക് പ്രകാരം തടിനികുതിയിനത്തിൽ മൊത്തം 4,35,252 രൂപയാണ് വരവ്. 2008-09-ലെ തടിനികുതിയുടെ ഹെഡ് വൈസ് റിപ്പോർട്ട് പ്രകാരം 2,22,750 രൂപയാണ് 2008-09-ലെ യഥാർത്ഥവരവ്. ബാക്കി 2,12,502 രൂപ 2009-10 ലേക്കുള്ള തടിനികുതി ഡെപ്പോസിറ്റാണ്. അപ്രകാരമാണെങ്കിൽ ലേലംകൊണ്ട വ്യക്തി തടിനികുതിയിനത്തിൽ 3,40,250 രൂപയും ആദായനികുതിയായി 13,566 രൂപയും അടവാക്കാൻ ബാക്കിയുണ്ട്. തുക അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കണമെന്ന് കാണിച്ച് 6-1-2010-ൽ നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് മറുപടി ലഭിച്ചിട്ടില്ല. 3,53,816 രൂപ ലൈസൻസിയിൽ നിന്നോ അതിന് സാധിക്കാത്ത സംഗതിയിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

<u>ഉത്തരവാദികളായ ഉദ്യോഗസ്ഥർ:</u>

1. ശ്രീമതി എസ്. ജയകുമാരി, സെക്ഷൻ ക്ലാർക്ക്,
   കോഴിക്കോട് നഗരസഭ, ശ്രീശക്തി, പി.ഒ. ചിറക്കടവ്, കായംകുളം
2. ശ്രീ. വി. ഗിരീഷ്, സെക്ഷൻ ക്ലാർക്ക്, കോഴിക്കോട് നഗരസഭ,
   തളിപറമ്പിൽ ഹൗസ്, പി.ഒ. ബി.പി. അങ്ങാടി,
   തിരൂർ - 2, മലപ്പുറം ജില്ല.
3. ശ്രീ. വി.പി. ബൽരാജ്, സൂപ്രണ്ട്, കോഴിക്കോട് നഗരസഭ.
   1/1083, ശ്രീപാദം, പി.ഒ. വെസ്റ്റ് ഹിൽ, കോഴിക്കോട്-5

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11; ഖണ്ഡിക 5.1.9(ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

97. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

98.**സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പരീക്ഷ കഴിഞ്ഞ് അധ്യാപക പരിശീലനം**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09, ഖണ്ഡിക നമ്പർ: 3-10-12

✗ വിദ്യാർത്ഥികളെ പരീക്ഷയ്ക്ക് സജ്ജരാക്കുകയായിരുന്നു പദ്ധതി ലക്ഷ്യം.

✗ അദ്ധ്യാപകർക്ക് പരിശീലനം നൽകിയത് വിദ്യാർത്ഥികളുടെ പരീക്ഷ കഴിഞ്ഞ്

✗ വിദ്യാർത്ഥികൾക്ക് പരിശീലനം ലഭിച്ചില്ല.

4-ാം ക്ലാസ്സിലെയും 7-ാം ക്ലാസ്സിലെയും "എ" ഗ്രേഡ് ലഭിച്ച കുട്ടികളെ കണ്ടെത്തി, അവർക്കാവശ്യമായ പാഠ്യവസ്തുക്കൾ ലഭ്യമാക്കിയും പ്രത്യേക കോച്ചിംഗ് ക്ലാസ്സുകൾ നൽകിയും മത്സരപരീക്ഷകളിൽ ഉന്നത നിലവാരത്തിൽ എത്തിക്കുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. 2008 ഒക്ടോബർ മുതൽ 2009 ഫെബ്രുവരി വരെയുള്ള മാസങ്ങളിലായുള്ള 100 മണിക്കൂർ ആണ് പ്രവർത്തന സമയം. മൊഡ്യൂൾ നിർമ്മാണം, അദ്ധ്യാപക പരിശീലനം, പ്രിന്റിംഗ് പ്രോജക്ട്, മാതൃകാ പരീക്ഷ എന്നിവയായിരുന്നു ഫെബ്രുവരി മാസത്തിനുള്ളിൽ നടത്തേണ്ടിയിരുന്ന പ്രവർത്തനങ്ങൾ. 2008 ഓഗസ്റ്റ് മാസത്തിൽ മൊഡ്യൂൾ തയ്യാറാക്കുകയും 2008 സെപ്റ്റംബർ 1-ന് ഒന്നാംഘട്ട റിസോഴ്സ് പേഴ്സൺ ട്രെയിനിംഗ് സംഘടിപ്പിക്കുകയും ചെയ്തെങ്കിലും തുടർന്ന് 5 മാസം കഴിഞ്ഞ് മാത്രമാണ് അദ്ധ്യയന വർഷത്തിന്റെ അവസാനമായ 2009 ഫെബ്രുവരി 11-ന് അദ്ധ്യാപക പരിശീലനം നടത്തിയത്. ആയതിനാലാണ് പദ്ധതിയിൽ വിഭാവനം ചെയ്തരീതിയിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാൻ കഴിയാതെ പോയത്.

അദ്ധ്യാപകരുടെ പരിശീലനത്തിനും അവർക്കുള്ള കൈപ്പുസ്തകത്തിന്റെ പ്രിന്റിംഗിനും മറ്റുമായി 35,600 രൂപ ചെലവഴിച്ചുവെങ്കിലും വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് ക്ലാസ്സുകൾ നടത്തുകയോ, പാഠ്യവസ്തുക്കൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഇതുകൊണ്ട് തന്നെ 2009 ഫെബ്രുവരി/മാർച്ച് മാസത്തിൽ നടന്ന എൽ.എസ്.എസ്/യു.എസ്.എസ് പരീക്ഷയിൽ വിദ്യാർത്ഥികളെ സഹായിക്കുന്നതിന് ഈ പ്രോജക്ട് പര്യാപ്തമായിട്ടില്ല. സമയബന്ധിതമായി പ്രവർത്തനങ്ങൾ നടപ്പിലാക്കാതിരുന്നതിനാലാണ് പ്രോജക്ട് ലക്ഷ്യം കൈവരിക്കാനാവാതെ പോയത്.

പ്രോജക്ട് പൂർത്തീകരണ ഫോറത്തിൽ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല. കൂടാതെ മിക്ക ചെലവ് വൗച്ചറുകളിലും തീയതി രേഖപ്പെടുത്താതെയാണ് തുക നൽകിയിട്ടുള്ളത്.

മേൽ അപാകതകൾ സംബന്ധിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർ 05/10/09-ലെ ബി1/15925/09-ാം നമ്പറിൽ നൽകിയ മറുപടി സ്വീകാര്യമല്ല. വിദ്യാഭ്യാസ ഉപഡയറക്ടർ കൺവീനറായിട്ടുള്ള വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ പ്രോജക്ടിലാണ് അദ്ധ്യയന

വർഷത്തിന്റെ മൂന്നാമത്തെ ടേമിൽ പരിശീലന പരിപാടി ആസൂത്രണം ചെയ്തിരുന്നത്. മേൽകാലയളവിൽ പരിശീലനം സാദ്ധ്യമല്ലെന്ന മറുപടി ആസൂത്രണത്തിന്റെ പാളിച്ചയെയാണ് വ്യക്തമാക്കുന്നത്. അദ്ധ്യാപക പരിശീലനത്തിന് ശേഷം വാർഷിക പരീക്ഷയ്ക്ക് ഏതാനും ദിവസങ്ങൾമാത്രം അവശേഷിക്കെ പദ്ധതി പണം ഉപയോഗിക്കാതെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി എന്ന മറുപടി അംഗീകരിക്കാനാവില്ല. 2009-10 വർഷത്തെ അന്തിമ പദ്ധതിരേഖ പരിശോധിക്കുമ്പോൾ മേൽ പ്രോജക്ടിന് തുടർപദ്ധതി ആസൂത്രണം ചെയ്തിട്ടില്ലെന്ന് കാണുന്നതിനാൽ പദ്ധതി തുകയുടെ പാഴ്ച്ചെലവ് അംഗീകരിക്കുന്നില്ല. 35,600 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>

ശ്രീ. കെ.വി. വിനോദ് ബാബു (വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്)
പ്രണവം, ജവഹർനഗർ കോളനി,
പി.ഒ. എരഞ്ഞിപ്പാലം, കോഴിക്കോട് 673006.

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11; ഖണ്ഡിക 5.3.17(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർക്കുന്നു.

99. പ്രസ്തുത ഓഡിറ്റ് പരാമർശം 2008-09 കാലഘട്ടത്തിൽ എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷകളുമായി ബന്ധപ്പെട്ട് അദ്ധ്യാപകർക്ക് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചിരുന്നതുമായി ബന്ധപ്പെട്ടതാണെന്നും അവർ 4, 7 എന്നീ ക്ലാസ്സുകളിലെ കുട്ടികൾക്ക് എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷകൾക്ക് കോച്ചിംഗ് നൽകുകയും കുട്ടികൾ മികച്ച വിജയം കൈവരിക്കുകയും ചെയ്തിട്ടുണ്ടെന്നും ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. തുടർന്ന് ഓഡിറ്റ് പരാമർശം സംബന്ധിച്ച് കോർപ്പറേഷൻ തദ്ദേശസ്വയംഭരണ വകുപ്പിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

100. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് കോർപ്പറേഷൻ തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഫയൽ നടപടികൾ അവസാനിപ്പിക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**101. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

## നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച

തനത് നികുതി/നികുതി ഇതര വരുമാനം ദൈനംദിന ചെലവുകൾക്ക് തികയാത്ത സ്ഥാപനങ്ങളിൽ പോലും നികുതി പിരിവിൽ കുടിശ്ശിക നിൽക്കുന്നതായി കാണുന്നു. യഥാസമയം പിരിച്ചെടുക്കാത്ത നികുതികൾ കാലഹരണപ്പെടുമെന്നിരിക്കെ നികുതി കുടിശ്ശിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക അടിത്തറയെ പ്രതികൂലമായി ബാധിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 243(3)-ാം വകുപ്പ്, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 539(2) എന്നിവ പ്രകാരം യഥാസമയം നടപടി എടുക്കുന്നതിലുണ്ടായ വീഴ്ച മൂലം പഞ്ചായത്തിന്/മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ടതായ ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും നിയമാനുസൃതമുള്ള ഒരു അന്വേഷണത്തിൽ അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ/ ഉദ്യോഗസ്ഥന്മാരുടെയോ വീഴ്ച മൂലമാണെന്ന് കാണുകയും ചെയ്താൽ അങ്ങനെ പഞ്ചായത്ത്/ മുനിസിപ്പാലിറ്റിക്ക് നഷ്ടപ്പെട്ട തുക 12% പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നോ ഉദ്യോഗസ്ഥന്മാരിൽ നിന്നോ ഈടാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത വകുപ്പു പ്രകാരമുള്ള നടപടിക്രമങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൊന്നും സ്വീകരിക്കുന്നില്ല.

നികുതി കുടിശ്ശികയ്ക്ക് ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ജില്ല | സ്ഥാപനം | വർഷം | കുടിശ്ശിക തുക | റിമാർക്സ് |
|---|---|---|---|---|
| കോഴിക്കോട് | കോഴിക്കോട് നഗരസഭ | 2009-10 | 13,08,81,097 | വസ്തു നികുതി - 9,31,10,837<br>തൊഴിൽ നികുതി 2,64,60,848<br>വിനോദ നികുതി - 14,715<br>കെട്ടിട/ഭൂമി വാടക- 1,12,08,080<br>ഡി & ഒ – 86,514<br>പി.എഫ്.എ- 103 |

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2011-12; ഖണ്ഡിക 2.3].

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർക്കുന്നു.

102 പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

103 **സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മുനിസിപ്പൽ കണ്ടിജന്റ് പെൻഷൻ ഫണ്ട് രൂപീകരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല.**

മുനിസിപ്പാലിറ്റികളിലേയും, കോർപ്പറേഷനുകളിലേയും കണ്ടിജന്റ് ജീവനക്കാരുടെ റിട്ടയർമെന്റ്/മരണ ആനുകൂല്യങ്ങൾ കാലവിളംബമില്ലാതെ നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് കണ്ടിജന്റ് പെൻഷൻ ഫണ്ട് വിഭാവനം ചെയ്തിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 3-5-1997-ലെ ജി.ഒ (പി)96/97-ാം നമ്പർ പ്രകാരം 1997 ലെ കേരള മുനിസിപ്പാലിറ്റി കണ്ടിജന്റ് എംപ്ലോയീസ് ഡെത്ത് കം റിട്ടയർമെന്റ് ബനിഫിറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 7(1) പ്രകാരം എല്ലാ നഗരസഭകളും അതത് ട്രഷറികളിൽ കേരള മുനിസിപ്പൽ കണ്ടിജന്റ് പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു എസ്.ബി അക്കൗണ്ട് തുടങ്ങണമെന്ന് നിഷ്കർഷിക്കുന്നു. ഓരോ മാസവും ജീവനക്കാരന്റെ ശമ്പള ബിൽ പാസ്സാക്കുന്നതോടൊപ്പം മുനിസിപ്പൽ കണ്ടിജന്റ് പെൻഷൻ ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരന്റെയും മൊത്തം ശമ്പളത്തിന്റെ 15% വരുന്ന തുക മുനിസിപ്പൽ ഫണ്ടിൽ നിന്ന് പിൻവലിച്ച് പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

മിക്ക നഗരസഭകളിലും ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള യാതൊരു പ്രവർത്തനങ്ങളും നടത്തുന്നില്ലായെന്ന് രേഖകൾ പരിശോധിച്ചതിൽ വ്യക്തമാകുന്നു. പെൻഷൻ കാര്യങ്ങൾക്കായി ട്രഷറിയിൽ എസ്.ബി അക്കൗണ്ടുകൾ ആരംഭിക്കാതെ തനതു ഫണ്ടിൽ നിന്ന് പെൻഷൻ വിതരണം നടത്തുന്നുണ്ട്. പെൻഷൻ അക്കൗണ്ട് ആരംഭിച്ചിട്ട് നിയമം അനുശാസിക്കും പ്രകാരം പെൻഷൻ അംശദാനം ഒടുക്കാതെ മറ്റു കാര്യങ്ങൾക്കായി അക്കൗണ്ട് ഉപയോഗിക്കുന്നതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓഡിറ്റിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അപാകതകൾ |
|---|---|---|
| 1. | കോഴിക്കോട് നഗരസഭ | 2008 മുതൽ പെൻഷൻ അക്കൗണ്ട് (TPA 133) നിലവിലുണ്ട്. എല്ലാ മാസവും പെൻഷൻ കോൺട്രിബ്യൂഷൻ തുക ടി അക്കൗണ്ടിലൊടുക്കുന്നുണ്ട്. പെൻഷൻ അക്കൗണ്ടിലെ തുക മതിയാകാതെ വരുന്നതിനാൽ നഗരസഭയുടെ തനതു ഫണ്ടിൽ നിന്ന് ആവശ്യാനുസരണം തുക ഈ അക്കൗണ്ടിലേയ്ക്ക് മാറ്റിയാണ് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത്. |

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2011-12; ഓഡിറ്റ് ഖണ്ഡിക 2.9)

104 മുനിസിപ്പൽ കണ്ടിജന്റ് പെൻഷൻ ഫണ്ടിനായി പ്രത്യേകം അക്കൗണ്ട് രൂപീകരിച്ചിരുന്നോ എന്ന സമിതിയുടെ ചോദ്യത്തിന് കണ്ടിജന്റ് പെൻഷൻ ഫണ്ടിനായി പ്രത്യേകം അക്കൗണ്ട് തുറന്നിരുന്നുവെന്നും അതുവഴി ഇടപാടുകൾ നടത്തുകയുമാണ് ചെയ്ത് വരുന്നതെന്നും കോഴിക്കോട് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) മറുപടി നൽകി. ഇതേ തുടർന്ന് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

105. **സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

### ഖരമാലിന്യസംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയം;

### (മാലിന്യങ്ങൾ കുമിഞ്ഞുകൂടുന്നു)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റവുമധികം നിഷ്ക്രിയാസ്തികൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടുള്ള പദ്ധതികളിലാണ്. ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ 85 കോടി രൂപയുടെ നിഷ്ക്രിയാസ്തികളിൽ 35.28 കോടി രൂപയുടേതും (41.50%) ഖരമാലിന്യ സംസ്കരണമേഖലയിലാണ്.

വിവിധ കാരണങ്ങളാലാണ് ഖരമാലിന്യസംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയമാകുന്നത്. ശരിയായ ആസൂത്രണമില്ലാതെ പദ്ധതികൾ ആവിഷ്കരിക്കുകയും, നടപ്പാക്കുകയും ചെയ്യുന്നതാണ് ഇവയിൽ പ്രധാനപ്പെട്ട പോരായ്മ. ഇതുമൂലം തുടർപ്രവർത്തനങ്ങൾ നടത്താനാവാതെ പദ്ധതികൾ ഉപേക്ഷിക്കപ്പെടുന്നു. കൂടാതെ ജനങ്ങളുടെയിടയിൽ വേണ്ട

രീതിയിൽ ബോധവൽക്കരണം നടത്താതെ ഖരമാലിന്യസംസ്കരണ സംവിധാനങ്ങൾ ആരംഭിക്കുന്നതിനാൽ, പ്രദേശവാസികളുടെ എതിർപ്പും നേരിടേണ്ടിവരുന്നു. സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവവും ഖരമാലിന്യസംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയമാകാൻ കാരണമാവുന്നുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിഷ്ക്രിയാവസ്ഥയിലുള്ള ഖരമാലിന്യ സംസ്കരണ പദ്ധതികൾക്ക് ഏതാനും ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.**

| |
|---|
| ബയോഗ്യാസ് പ്ലാന്റുകൾ ശരിയാംവിധം പ്രവർത്തിപ്പിക്കുവാനും പ്രവർത്തനം തുടർച്ചയായി നിരീക്ഷിക്കുവാനും, ശരിയായ അളവിലും, രീതിയിലും, സമയത്തും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനും വേണ്ട ജീവനക്കാരെ യഥാസമയം നിയമിച്ചാൽ വിജയകരമാക്കാം. എന്നാൽ, പണി പൂർത്തിയായ ബയോഗ്യാസ് പ്ലാന്റുകളുടെ തുടർ നടത്തിപ്പിന് ജീവനക്കാരെ നിയമിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിരളമാണെന്ന് പരിശോധനയിൽ വ്യക്തമായി. |

കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ 2009-10-ൽ 2,86,110 രൂപ ചെലവഴിച്ച് പണിതീർത്ത ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിലവിൽ ഉപയോഗമില്ലാതെ കാടുപിടിച്ചു കിടക്കുകയാണ്. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ സെൻട്രൽ മാർക്കറ്റിലുള്ള ബയോഗ്യാസ് പ്ലാന്റിന് 2008-09-ൽ 18,70,000 രൂപ ചെലവഴിച്ചു. ഇതുവരെ പണി പൂർത്തീകരിക്കാതെ നിഷ്ക്രിയമായി കിടക്കുന്നു. കോർപ്പറേഷനിൽ 2010-11-ൽ പണി കഴിച്ച ടാഗോർ ഹാൾ ബയോഗ്യാസ് പ്ലാന്റ് (ചെലവ് 9,14,142), മൊഫ്യൂസിൽ ബസ് സ്റ്റാന്റ് ബയോഗ്യാസ് പ്ലാന്റ് (ചെലവ് 9,50,588) എന്നിവയും പ്രവർത്തനമില്ലാതെ നിഷ്ക്രിയങ്ങളാണ്.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2014-15; ഖണ്ഡിക 4.1.4).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർക്കുന്നു.

106 സെൻട്രൽ മാർക്കറ്റിലെ ബയോഗ്യാസ് പ്ലാന്റിൽ കപ്പാസിറ്റിയിലും അധികമായി ആളുകൾ മാലിന്യവും പ്ലാസ്റ്റിക്കും മറ്റും നിക്ഷേപിച്ചതു മൂലമാണ് ആയത് പ്രവർത്തനരഹിതമായതെന്നും നിലവിൽ അവിടെ ചുറ്റുമതിൽ നിർമ്മിക്കുകയും ഗേറ്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടെന്നും പ്ലാന്റിന്റെയുള്ളിൽ പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള വസ്തുക്കൾ കിടക്കുന്നതിനാൽ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ലായെന്നും ഒരു ചേംബർ മാത്രമാണ് പ്രവർത്തിക്കുന്നതെന്നും ടാഗോർ ഹാൾ ബയോഗ്യാസ് പ്ലാന്റിന്റെ ചേംബറിൽ

പരിധിയിൽ കൂടുതൽ മാലിന്യം നിക്ഷേപിച്ചതിനാൽ ഡൈജസ്റ്റർ കേടായിപ്പോയി എന്നും ആയത് നിലവിൽ പുനർനിർമ്മിക്കുകയാണെന്നും കോഴിക്കോട് കോർപ്പറേഷൻ ഹെൽത്ത് ഓഫീസർ സമിതിയെ ബോധിപ്പിച്ചു.

107 പ്ലാന്റ് സ്ഥിതി ചെയ്യുന്നിടത്ത് കോർപ്പറേഷൻ ജീവനക്കാരെ നിയമിച്ചില്ലെങ്കിൽ വീണ്ടും ഇതേ അവസ്ഥയാണ് എന്ന് വിമർശിച്ച സമിതി വേസ്റ്റ് തരംതിരിച്ചു ഇടാനുള്ള സംവിധാനത്തെക്കുറിച്ച് ആരാഞ്ഞതിന് സെൻട്രൽ മാർക്കറ്റിൽ നിറവ് പദ്ധതിപ്രകാരം ഒരാളെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടെന്നും സെൻട്രൽ മാർക്കറ്റ് മുഴുവൻ സമയവും പ്രവർത്തിക്കുന്നുണ്ടെന്നും രാത്രിയിൽ മാലിന്യങ്ങൾ പുറത്തുനിന്ന് മാർക്കറ്റിൽ നിക്ഷേപിക്കുന്നതാണ് നിലവിൽ നേരിടുന്ന പ്രശ്നമെന്നും ആയത് ചുറ്റുമതിൽ നിർമ്മിച്ച് ഒരു പരിധി വരെ പരിഹരിച്ചിട്ടുണ്ടെന്നും ഹെൽത്ത് ഓഫീസർ മറുപടി നൽകി. പ്രസ്തുത ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട 3 ബയോഗ്യാസ് പ്ലാന്റുകൾ സംബന്ധിച്ച ഓഡിറ്റ് പരാമർശം തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

108 **സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

### വ്യവസായകേന്ദ്രങ്ങൾ കെട്ടിടം നിർമ്മാണത്തിൽ മാത്രമൊതുങ്ങുന്നു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിക്കുന്ന വ്യവസായ/തൊഴിൽ സംരംഭങ്ങളിൽ ഏറെയും പരാജയമാവുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിഷ്ക്രിയാസ്തികളായി മാറിയവയിൽ 12.49 ശതമാനം ചെലവും (10.62 കോടി രൂപ) വ്യവസായ/സ്വയംതൊഴിൽ സംരംഭങ്ങളുമായി ബന്ധപ്പെട്ടവയാണ്. വ്യക്തമായ കാഴ്ചപ്പാടും സാധ്യതാപഠനവും ഇല്ലാതെയാണ് വ്യവസായ സംരംഭകേന്ദ്രങ്ങൾ ആരംഭിക്കുന്നത്. തൊഴിൽ സംരംഭങ്ങൾക്ക് യാതൊരു സാധ്യതയുമില്ലാത്ത സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുള്ള വ്യവസായകേന്ദ്രങ്ങളുമുണ്ട്. നിർമ്മിച്ച കെട്ടിടങ്ങളിൽ തൊഴിൽ സംരംഭങ്ങൾ തുടങ്ങാനുള്ള തുടർനടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളാത്തതാണ് ആസ്തികൾ നിഷ്ക്രിയമാവാൻ പ്രധാനകാരണം. വ്യവസായ/തൊഴിൽ സംരംഭങ്ങൾ നിഷ്ക്രിയാസ്തികളായി മാറിയതിന് ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ 2006-07-ൽ നിർമ്മിച്ച നെല്ലിക്കോട് വ്യവസായ എസ്റ്റേറ്റ് നിഷ്ക്രിയ ആസ്തിയായി തുടരുകയാണ്. 84,18,797 രൂപയാണ് ഈ പദ്ധതിക്ക് ചെലവിട്ടത്. 2011-12, 2012-13 വർഷങ്ങളിലായി 16,04,834 രൂപ ചെലവഴിച്ച ഏലത്തൂർ വ്യവസായ എസ്റ്റേറ്റും നിഷ്ക്രിയമാണ്.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2014-15; ഓഡിറ്റ് ഖണ്ഡിക 4.1.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർക്കുന്നു.

109 നെല്ലിക്കോട് വ്യവസായ കേന്ദ്രം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും വ്യവസായ കേന്ദ്രത്തിലെ 29 പ്ലോട്ടുകളും ലേലം ചെയ്തു നൽകിയിട്ടുണ്ടെന്നും ഏലത്തൂർ ഗ്രാമപഞ്ചായത്ത് കൗൺസിലിന്റെ തീരുമാനപ്രകാരം കുടുംബശ്രീയുടെ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്ന പ്രോജക്ടിനായി തുക നീക്കിവച്ചിട്ടുണ്ടെന്നും കോഴിക്കോട് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയെ ബോധിപ്പിക്കുകയുണ്ടായി. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

110 **സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

വടകര നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**സേവനപുസ്തക പരിശോധന-അധിക ശമ്പളവും അലവൻസുകളും കൈപ്പറ്റിയത് അനുവദിക്കുന്നില്ല**

ശ്രീമതി പി. അന്നക്കുട്ടിക്ക് 13 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡ് 1-12-1980-ൽ 575-900 രൂപ ശമ്പള സ്കെയിൽ അനുവദിച്ച് ശമ്പളം നിർണ്ണയിച്ചിരുന്നു. എന്നാൽ 7-7-1988-ലെ ജി.ഒ (ആർ.റ്റി) 2322/88/ത.ഭ.വ. ഉത്തരവിലെ നിർദ്ദേശ പ്രകാരം 20 വർഷത്തെ സേവനം പൂർത്തീകരിച്ചതിനാൽ ലേഡി അറ്റന്ററുടെ ശമ്പള സ്കെയിലായ 600-950 രൂപ സ്കെയിലിൽ 830 രൂപ അനുവദിക്കേണ്ടതിനു പകരം 1-12-1987-ൽ ലേഡി അസിസ്റ്റന്റിന്റെ സ്കെയിലായ 640-1000 രൂപ സ്കെയിലിൽ 840 രൂപ അനുവദിച്ചു നൽകി. ആയതിനാൽ തുടർന്നുണ്ടായിരിക്കുന്ന എല്ലാ ശമ്പള നിർണ്ണയങ്ങളും അർഹതയില്ലാത്തതും അധികരിച്ച തോതിലുള്ളതുമാണ്. ഈ ശമ്പള നിർണ്ണയങ്ങൾക്കൊന്നും തന്നെ ആഡിറ്റ് വകുപ്പിന്റെ അംഗീകാരവും തേടിയിരുന്നില്ല. 1-12-1987 മുതൽ 31-10-2002 വരെ ശമ്പളവും അലവൻസുകളും ഇനത്തിൽ ശ്രീമതി പി. അന്നക്കുട്ടി, ലേഡി അറ്റന്റർ അധികമായി 31,170 രൂപ കൈപ്പറ്റിയിട്ടുണ്ട്.

യഥാസമയം സേവനപുസ്തകം പരിശോധനയ്ക്ക് ഹാജരാക്കാതിരുന്നതാണ് അനർഹമായും അധികമായും ഇത്രയധികം തുക കൈപ്പറ്റുവാൻ ഇടയാക്കിയത്. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ശരിയായ മേൽനോട്ടത്തിന്റെ അഭാവമാണ് നഗരസഭാ ഫണ്ടിൽ നിന്നും സാമ്പത്തിക ശോഷണം ഉണ്ടാകുന്നതിനു കാരണം.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03; ഖണ്ഡിക VII.II.2(i).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

111 പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

112 **സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഭൂമിയുടേയും കെട്ടിട/കട മുറികളുടേയും വാടക, മേലനുഭവങ്ങളുടെ ലേലത്തുക മുതലായവ പിരിച്ചെടുക്കാത്തതുമൂലം ഭീമമായ നഷ്ടം.**

നഗരസഭയുടെ അധീനതയിലുള്ള ഭൂമി, കെട്ടിടം, കടമുറി എന്നിവ മൂന്നു വർഷ കാലാവധിക്ക് 1993-1994 വർഷത്തിൽ വിവിധ ആളുകൾക്ക് ലേലത്തിൽ നൽകിയിരുന്നു. ലേലസംഖ്യ മൊത്തമായോ മാസതവണകളായോ ഒടുക്കാവുന്നതും മാസത്തവണയുടെ കാര്യത്തിൽ ഓരോ മാസത്തേയും തവണ ക്ലിപ്തപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. മാസത്തവണകൾക്ക് വീഴ്ച വരുത്തുന്ന പക്ഷം പിഴപ്പലിശയും ലേലം റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള ഇതര നടപടികൾക്കും കരാറിൽ വ്യവസ്ഥയും ചെയ്തിരുന്നു. എന്നാൽ ഈ വ്യവസ്ഥകളൊക്കെ സൗകര്യപൂർവ്വം അവഗണിക്കുകയും കരാറുകാരിൽ നിന്ന് കുടിശ്ശികയായ വൻ തുക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കാതിരിക്കുകയും ചെയ്തതിനാൽ നഗരസഭയ്ക്ക് 1993-1994 വർഷത്തിൽ ലഭിക്കേണ്ടിയിരുന്ന 6,43,348 രൂപ നഷ്ടപ്പെട്ടിരിക്കുന്നു.

ലേല/കരാർ വ്യവസ്ഥകൾ പാലിക്കുന്നതിനും തുടർ നടപടികൾ കൈക്കൊള്ളാനും അധികാരികൾ വൈമനസ്യം കാണിച്ചതുമൂലമാണ് നഗരസഭാ ഫണ്ടിന് 6,43,348 രൂപയുടെ വരുമാന ചോർച്ച ഉണ്ടായത്.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03; ഖണ്ഡിക VII.II.2(ii).)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

113 തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

**114 സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**നഗരസഭാ ഫണ്ടിനുണ്ടായ ഭീമമായ നഷ്ടവും വരുമാന ചോർച്ചയും**

വടകര നഗരസഭ 1999-2000 വർഷത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ നഗരസഭാ അധികൃതരുടെ അനാസ്ഥയും കൃത്യവിലോപവും മൂലം നഗരസഭാ ഫണ്ടിന് മൊത്തം 6,66,647 രൂപയുടെ നഷ്ടവും 25,860 രൂപയുടെ വരുമാന ചോർച്ചയും ഉണ്ടായിട്ടുണ്ട്. നഷ്ടങ്ങളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നെഹ്റു തൊഴിൽദാന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ shelter upgradation പദ്ധതിയിലെ സാധുക്കളായ N.R.Y. scheme ഗുണഭോക്താക്കളുടെ സബ്സിഡി തുക കൊണ്ടു വാങ്ങിയ ഇന്ദിരാ വികാസ് പത്രങ്ങൾ മുഖേനയുള്ള നിക്ഷേപത്തിൽ, ഇന്ദിരാ വികാസ് പത്രങ്ങളുടെ എണ്ണത്തിലുള്ള കുറവും കാലാവധി പൂർത്തിയാക്കിയ ഉടൻ പുതുക്കുകയോ, പണമാക്കി മാറ്റുകയോ ചെയ്യാതെ കാലതാമസം വരുത്തുകയും, ലോൺ എടുക്കാൻ വേണ്ടി മാത്രം പണമാക്കി മാറ്റി 15-5-2000-ൽ നഗരസഭാ സെക്രട്ടറിയുടെ പേരിൽ സ്ഥിര നിക്ഷേപമാക്കുകയും അടുത്ത ദിവസം തന്നെ അതിൽ നിന്നും (16-5-2000-ൽ) ലോൺ എടുക്കുകയും ചെയ്യുക വഴി, നഗരസഭയുടെ അനാസ്ഥ മൂലം ഗുണഭോക്താക്കൾക്കുണ്ടായ നഷ്ടം (2,000+35,262)=37,262 രൂപ

2. ഇന്ദിരാ വികാസ് പത്രങ്ങൾ പണമാക്കി മാറ്റി സെക്രട്ടറിയുടെ പേരിൽ സ്ഥിര നിക്ഷേപമായി വയ്ക്കുകയും അതിൽ നിന്ന് ലോണെടുത്ത് ടാറിന്റെ വിലയായി എണ്ണക്കമ്പനികളിൽ ഒടുക്കുവരുത്തി പ്രസ്തുത തുകയ്ക്ക് ആനുപാതികമായി മുഴുവൻ ടാറും വാങ്ങാത്തതുമൂലവും (വാങ്ങിയ ടാർ മാസങ്ങളോളം സ്റ്റോക്കിൽ വെച്ചിരുന്ന ശേഷമാണ് issue ചെയ്തിരിക്കുന്നത്.) മിച്ചമുള്ള തുക എണ്ണക്കമ്പനികളിൽ നിന്നും തിരികെ ഈടാക്കാത്തതു മൂലവുമുണ്ടായ നഷ്ടം. (7,719+476)=8,195 രൂപ

3. ടാറിന്റെ വില മുൻകൂർ നൽകുകയും യഥാസമയം ഓർഡർ നൽകി എടുക്കാത്തതു മൂലം അധിക വില നൽകി. പിന്നീട് എടുത്ത വകയിൽ ഉണ്ടായ നഷ്ടം. (22,531+12,572)=35,103 രൂപ

4. കൂടിയ വിലയിൽ ടാർ വാങ്ങുകയും പ്രവൃത്തിക്കാവശ്യമായതിൽ കൂടുതൽ അളവിൽ നൽകുകയും അപ്രകാരം ആവശ്യത്തിലധികമുള്ള ടാർ കോൺട്രാക്ടർമാർക്ക് അനുവദിച്ചു കൊടുക്കുക വഴിയും ടാറിന്റെ വില കുറവായി ഈടാക്കിയതു മൂലവും നഗരസഭയ്ക്കുണ്ടായ നഷ്ടം 5,63,385 രൂപ.

5. നഗരസഭാവക റോഡ് റോളറിന്റെ വാടക കുറവായി ഈടാക്കിയതു മൂലമുള്ള നഷ്ടം 10,015 രൂപ.

6. പൊതുമരാമത്ത് പണിക്ക് ആവശ്യമായ മണലിന് കൂടിയ ദൂരത്തിനുള്ള കൺവേയൻസ് അനുവദിച്ചതു വഴിയുള്ള നഷ്ടം 12,687 രൂപ

**(ആകെ നഷ്ടം 6,66,647 രൂപ)**

കൂടാതെ നഗരസഭാ റോഡ്റോളർ പ്രവർത്തനയോഗ്യമായിരിക്കേ സ്വകാര്യ റോഡ് റോളർ ഉപയോഗത്തിന് അനുമതി നൽകുക വഴി 25,860 രൂപയുടെ വരുമാന ചോർച്ചയും സംഭവിച്ചിട്ടുണ്ട്.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03; ഖണ്ഡിക VII.II.2(iii)).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

115 നെഹ്റു തൊഴിൽദാന പദ്ധതിയുടെ ഭാഗമായി ഷെൽട്ടർ അപ്ഗ്രഡേഷൻ പദ്ധതിയുണ്ടായിരുന്നുവെന്നും അതിൽ 3000 രൂപ വായ്പയും 1000 രൂപ സബ്സിഡിയും അടങ്ങുന്നതാണ് ഒരു യൂണിറ്റെന്നും ആ സബ്സിഡി തുക ഉപയോഗിച്ച് ഇന്ദിരാവികാസ് പത്രങ്ങൾ വാങ്ങി നിക്ഷേപിക്കുകയാണ് ചെയ്യുതെന്നും വായ്പ തിരിച്ചടയ്ക്കുന്ന മുറയ്ക്ക് ഇന്ദിരാവികാസ് പത്രയിലൂടെ ആർജ്ജിക്കുന്ന പലിശ കൂടി ചേർത്ത് കൊടുക്കുന്ന ഒരു പദ്ധതിയായിരുന്നു അത് എന്നും ഗുണഭോക്താക്കൾക്ക് കൊടുക്കാനുള്ള പലിശയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട് എന്നാണ് ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിരിക്കുന്നതെന്നും അതത് ഗുണഭോക്താക്കൾക്ക് സബ്സിഡി തുക നൽകിയിട്ടുണ്ടെന്നും 1999-ൽ ഗവൺമെന്റ് ഇന്ദിരാ വികാസ് പത്ര നിർത്തലാക്കിയതിനുശേഷം നഗരസഭ വടകര കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്കിന്റെ 'കയിൽ' എന്ന നിക്ഷേപം ഇരട്ടിക്കുന്ന പദ്ധതിയിലേയ്ക്ക് മാറ്റുകയാണ് ഉണ്ടായതെന്നും അതിൽ നിന്ന് ലോൺ എടുത്ത് റോഡ് പണി ചെയ്തുവെന്നും വടകര മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

116 കാലാവധി പൂർത്തിയാക്കിയ ഇന്ദിരാ വികാസ് പത്രങ്ങളുടെ എണ്ണത്തിൽ കുറവ് വന്നതിനുള്ള കാരണവും ഇന്ദിരാ വികാസ് പത്രങ്ങൾ കൊടുത്തവരുടെ ലിസ്റ്റും സമിതി

ആരാഞ്ഞതിന് 1168 ഇന്ദിരാ വികാസ് പത്രങ്ങളാണ് ആവശ്യമായിട്ടുള്ളതെന്നും അതിൽ 1164 പത്രങ്ങൾ മാത്രമാണ് പുതുക്കിയ സമയത്ത് ഉണ്ടായിരുന്നതെന്നും വായ്പ പൂർണ്ണമായും ഒടുക്കിയ ഗുണഭോക്താക്കൾക്ക് തിരിച്ച് കൊടുത്തു എന്നാണ് നഗരസഭ പറഞ്ഞിട്ടുള്ളതെന്നും പ്രസ്തുത ലിസ്റ്റ് കൈവശമില്ലായെന്നും കൃത്യമായ സമയത്ത് പുതുക്കിയിടാത്തതുമൂലം ഗുണഭോക്താക്കൾക്ക് പലിശയിനത്തിൽ നഷ്ടം സംഭവിച്ചതെന്ന് പറയുന്നതെന്നും വടകര മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

117 ഇനം 3, 4, 5 എന്നിവയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

118 പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പും സംസ്ഥാന ഓഡിറ്റ് വകുപ്പും നൽകിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

119 **സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**എടനിക്കോട് റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് അധിക തുക നൽകിയത് - അംഗീകരിക്കുന്നില്ല**

നേരത്തെ മെറ്റലിംഗും സോളിംഗും നടത്തിയിട്ടുള്ള ടി റോഡിന്റെ മെറ്റലിംഗും ടാറിംഗുമായിരുന്നു എസ്റ്റിമേറ്റിൽ പറഞ്ഞിരുന്നത്. അതായത്, നേരത്തെ മെറ്റൽ ചെയ്ത ഭാഗം ടാർ ചെയ്യുന്നതിനും സോളിംഗ് നടത്തിയ ഭാഗം മെറ്റൽ ചെയ്ത് ടാർ ചെയ്യുന്നതിനും എന്നാൽ പുതുക്കി സമർപ്പിച്ച എസ്റ്റിമേറ്റിൽ, 800.1 ചതുരശ്രമീറ്റർ മെറ്റലിംഗും 20 മില്ലിമീറ്റർ പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റും 1445 ചതുരശ്രമീറ്റർ സെമി ഗ്രൗട്ടിംഗും നടത്തണമെന്ന് അസിസ്റ്റന്റ് എൻജിനീയർ നിർദ്ദേശിച്ചിരുന്നു. (മൊത്തം 2245 ചതുരശ്രമീറ്റർ). ഈ സാഹചര്യത്തിൽ ടി റോഡിന് മുമ്പ് നടത്തിയിട്ടുള്ള പണികളുടെ ഫയൽ പരിശോധനാ വിധേയമാക്കിയപ്പോൾ 1740.50 ചതുരശ്രമീറ്റർ സോളിങ്ങും 1658.70 ചതുരശ്രമീറ്റർ മെറ്റലിംഗും നടത്തിയിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു. അങ്ങനെ വരുമ്പോൾ മെറ്റലിംഗും സോളിംഗും നടത്തിയിട്ടുള്ളത് 1658.70 ചതുരശ്രമീറ്ററും മെറ്റലിംഗ് നടത്തേണ്ടത് 81.8 ചതുരശ്രമീറ്റർ എന്നും കാണുന്നു. അതായത്, പുതിയ പ്രവൃത്തിയിൽ പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ് നടത്തേണ്ട പ്രദേശം 81.8 ചതുരശ്രമീറ്റർ എന്നും സെമി ഗ്രൗട്ടിംഗ് നടത്തേണ്ട പ്രദേശം 1658.70 ചതുരശ്രമീറ്റർ എന്നും വ്യക്തമാണ്. ആകെ 1740.50 എം2 (1658.70 + 81.80) പ്രദേശത്ത് 20 മില്ലീമീറ്റർ പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റും സെമി

ഗ്രൗട്ടിംഗം നടത്തേണ്ട സ്ഥാനത്താണ് 2245.50 ചതുരശ്രമീറ്റർ പ്രദേശത്ത് പ്രവൃത്തി ചെയ്തതായി കാണിച്ച് തുക ചെലവു ചെയ്തിരിക്കുന്നത്. 504.6 ചതുരശ്രമീറ്റർ (2245.50-1740.50) പ്രദേശത്തിനു വേണ്ടി അധികമായി ചെയ്തതായി പറയുന്ന പ്രവൃത്തിയുടെ ചെലവ് 68,268 രൂപ ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഇതു കൂടാതെ ഈ പ്രവൃത്തിക്കു വേണ്ടി ആവശ്യത്തിലധികമായി 1666 കിലോഗ്രാം ടാർ നൽകുക വഴി നഗരസഭയ്ക്ക് 7,686 രൂപയുടെ നഷ്ടവും വന്നിട്ടുണ്ട്. മൊത്തത്തിൽ ഈയൊരു പ്രവൃത്തിയിൽ മാത്രം നഗരസഭയ്ക്ക് ആകെ 75,954 രൂപ (68,268 + 7,686) നഷ്ടപ്പെട്ടിരിക്കുന്നു.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03; ഖണ്ഡിക VII.II.2(iv).)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

120. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

121. **സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഏറ്റവും കൂടിയ ടെണ്ടർ ഒഴിവാക്കിയതുമൂലം നഗരസഭയ്ക്കുണ്ടായ നഷ്ടം**

1999-2000 വർഷത്തെ ലേലത്തിൽ വടകര പുതിയ ബസ് സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷൻ ഉപയോഗിക്കുന്നവരിൽ നിന്നും 1-4-1999 മുതൽ 31-3-2000 വരെയുള്ള കാലയളവിൽ ഫീസ് പിരിക്കുന്നതിനുള്ള അവകാശത്തിനായി ലേലത്തോടൊപ്പം ടെണ്ടറും ക്ഷണിച്ചിരുന്നു. ലേലത്തുകയേക്കാൾ ഉയർന്നതാണ് ടെണ്ടർ നിരക്കെങ്കിൽ ലേലം ഉറപ്പിക്കേണ്ടത് ഏറ്റവും ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ള ടെണ്ടറുകാരനായിരുന്നു. എന്നാൽ ഈയിനത്തിൽ ലഭിച്ച രണ്ടു ടെണ്ടറുകളിൽ ഉയർന്ന നിരക്ക് (2,07,315) ക്വാട്ട് ചെയ്ത വ്യക്തിയുടെ ടെണ്ടർ "ഏറ്റവും കൂടുതൽ ലേലം കൊണ്ട കക്ഷി രേഖാമൂലം തുക അടയ്ക്കുന്നതിന് അപേക്ഷിച്ചിട്ടില്ല" എന്ന കാരണം പറഞ്ഞ് നിരസിച്ചു. രണ്ടാം കരാറുകാരന്റെ 1,74,811 രൂപയുടെ ടെണ്ടറും അംഗീകരിക്കാതെ, റീ ടെണ്ടർ നടത്തി, കുറഞ്ഞ തുക (1,75,111) ക്വാട്ട് ചെയ്ത വ്യക്തിക്ക് സെക്രട്ടറി ലേലം ഉറപ്പിച്ചു നൽകുകയും ചെയ്തു. ഈയിനത്തിൽ നഗരസഭയ്ക്ക് 32,204 രൂപയുടെ വ്യക്തമായ നഷ്ടം സംഭവിച്ചു.

കൂടാതെ, ലേലവ്യവസ്ഥ പ്രകാരമുള്ള എഗ്രിമെന്റ് നിശ്ചിത മുദ്രപ്പത്രത്തിൽ (ലേലത്തുകയുടെ രണ്ടര ശതമാനം) സമർപ്പിക്കാത്തതു മൂലം സംസ്ഥാന സർക്കാരിനും 4,380 രൂപയുടെ നഷ്ടം വന്നിട്ടുണ്ട്. ഈ നഷ്ടങ്ങൾ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി യഥാക്രമം നഗരസഭാ ഫണ്ട്, സംസ്ഥാന ഫണ്ട് എന്നിവയിൽ ഒടുക്കേണ്ടതാണ്.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03; ഖണ്ഡിക VII.II.2(v).)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

122 1999-2000 വർഷത്തിൽ നഗരസഭയുടെ അധീനതയിലുള്ള കംഫർട്ട് സ്റ്റേഷൻ 2,07,315 രൂപയ്ക്ക് ഒരാൾ ടെണ്ടർ എടുത്തിരുന്നുവെന്നും എന്നാൽ ടിയാൾ ലേലദിവസം തന്നെ പകുതി തുക കെട്ടിവയ്ക്കാതിരുന്നതിനാൽ നഗരസഭ രണ്ടാമത്തെ വ്യക്തിയുമായി നെഗോഷ്യേറ്റ് ചെയ്യുകയുണ്ടായെന്നും അതനുസരിച്ച് വീണ്ടും റീ-ടെണ്ടർ വിളിച്ചപ്പോൾ അതിലും കുറഞ്ഞ തുകയ്ക്കാണ് ടെണ്ടർ പോയതെന്നും ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി തദ്ദേശസ്വയംഭരണ വകുപ്പിനു റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും വടകര മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

123. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച ഫയൽ നടപടികൾ അവസാനിപ്പിക്കാൻ സമിതി തീരുമാനിച്ചു.

**(നിഗമനങ്ങൾ/ശിപാർശകൾ)**

124. **സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സാങ്കേതിക നിർദ്ദേശം പാലിക്കുന്നില്ല;**

**മരാമത്ത് പ്രവൃത്തികളിൽ ലക്ഷങ്ങളുടെ നഷ്ടം**

മരാമത്ത് പ്രവൃത്തികളിൽ സർക്കാർ പുറപ്പെടുവിക്കുന്ന സാങ്കേതിക നിർദ്ദേശങ്ങൾ പാലിക്കാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലക്ഷങ്ങൾ നഷ്ടം വരുത്തുന്നു.

കോഴിക്കോട് ജില്ലയിലെ 22 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിൽ നിർദ്ദേശം ലംഘിച്ചതിൽ മാത്രം 353347 രൂപ നഷ്ടം കണക്കാക്കുന്നു.

(വിശദാംശം താഴെ പത്രികയിൽ)

കരാറുകാർക്കും കൺവീനർമാർക്കും അധിക നിരക്ക് അനുവദിക്കുക, കൺസോളിഡേഷൻ ഇല്ലാത്ത പ്രവൃത്തികളിൽ ഷ്രിങ്കേജ് കുറയ്ക്കാതിരിക്കുക എന്നിവയാണ് നഷ്ടത്തിന്റെ പൊതു സ്വഭാവം. ഈ വിഷയങ്ങളിൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പാലിച്ചില്ലെന്ന് കാണുന്നു.

ചീഫ് ടെക്ക്നിക്കൽ എക്സാമിനറുടെ 13584/എഫ്.ഐ.ഡബ്ല്യു.സി.1/86/ധന. 4-4-1986-ലെ സ്പഷ്ടീകരണവും 44424/എഫ്.ഐ.ഡബ്ല്യു.സി3/04/ധന. 29-5-2004 കത്തും മണ്ണ് ഫില്ലിംഗിന് അനുവദിക്കുന്ന നിരക്കിൽ നിന്ന് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക് ഇനം 58, 59 പ്രകാരം ഓരോ ലീഡും ലിഫ്റ്റും കുറവ് ചെയ്യണമെന്ന് വ്യക്തമാക്കുന്നുണ്ട്. ഇപ്രകാരം കുറവ് ചെയ്യാതെ നിരക്ക് നിശ്ചയിച്ച് പണം നൽകി പഞ്ചായത്തുകൾ നഷ്ടം വരുത്തുന്നു. കൺസോളിഡേഷൻ ഇല്ലാത്ത മണ്ണ് ഫില്ലിംഗ് പ്രവൃത്തികളിൽ മണ്ണ് അമരുമ്പോഴുണ്ടാകുന്ന കുറവിലേയ്ക്ക് 20% ഷ്രിങ്കേജ് കുറവ് ചെയ്യണമെന്ന് കേരളാ സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ വാല്യം 1 സെക്ഷൻ 4-5 ബി(V)(1) വ്യക്തമാക്കുന്നു. ഇത് പരിഗണിക്കാത്തതിനാലും പഞ്ചായത്തുകൾക്ക് നഷ്ടമുണ്ടാകുന്നുണ്ട്. വിശദാംശങ്ങൾ താഴെ:-

| ഗ്രാമപഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | അധികനിരക്കിലെ നഷ്ടം | ഷ്രിങ്കേജ് നഷ്ടം | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക |
|---|---|---|---|---|---|
| വടകര നഗരസഭ | കുന്നിവയൽ റോഡ് അറ്റകുറ്റപ്പണി | 12316 | - | 00-01 | 46 |

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2005-06; ഖണ്ഡിക 2.70.1 (22)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

125. തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

126. **സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

## തൊഴിൽ പരിശീലനം/പദ്ധതികൾ പരാജയം

തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വിവിധ തൊഴിൽ മേഖലകളിൽ പരിശീലനം നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയ പദ്ധതികൾ ലക്ഷ്യം നേടിയില്ല. പദ്ധതി തുക ലക്ഷങ്ങൾ പാഴാവുന്നതായി കാണുന്നു. വേണ്ടത്ര ആസൂത്രണവും ദീർഘവീക്ഷണവുമില്ലാതെ പദ്ധതികൾ തയ്യാറാക്കുന്നതും അംഗീകാരമില്ലാത്ത കോഴ്സുകളിൽ പരിശീലനം നൽകുന്നതുൾപ്പെടെ പരാജയത്തിന് വിവിധ കാരണങ്ങളുണ്ട്. പദ്ധതിപ്പണം ചെലവഴിച്ചുകഴിഞ്ഞാൽ പദ്ധതി ലക്ഷ്യം നിറവേറ്റുന്നതിൽ വേണ്ടത്ര ശ്രദ്ധ നൽകാത്തതും പരാജയത്തിന്റെ കാരണങ്ങളിൽ പെടുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനം | ആകെ ചെലവ് | പദ്ധതിയുടെ പേര് | അപാകത ഉൾപ്പെട്ട തുക | വീഴ്ചയുടെ സ്വഭാവം | ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക |
|---|---|---|---|---|---|
| വടകര നഗരസഭ | 79,000 | മത്സ്യത്തൊഴിലാളി വനിതകൾക്ക് മുള ഉൽപ്പന്നങ്ങൾ, ചോക്ക് നിർമ്മാണം, ബുക്ക് ബൈൻഡിംഗ് പരിശീലനം | 42,000 | 30 പേർക്ക് പകരം അർഹരായ 24 പേർക്ക് മാത്രമേ പരിശീലനം നൽകിയിട്ടുള്ളൂ. പദ്ധതിയിൽ വിഭാവനം ചെയ്ത സ്ഥാപനം വഴി പരിശീലനം നൽകുന്നതിനു പകരം മറ്റൊരു സ്ഥാപനത്തിന് ഉപകരാർ നൽകി ഇംപ്ലിമെന്റിംഗ് ഓഫീസറുടെ നേരിട്ടുള്ള മേൽ നോട്ടത്തിൽ നടത്തേണ്ടിയിരുന്ന പദ്ധതി അനധികൃതമായി കൈമാറി പരിശീലനം പൂർത്തിയാക്കിയതിന് ആവശ്യമായ രേഖകളില്ല. | 00-01 (ഖണ്ഡിക 33) |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2005-06; ഖണ്ഡിക 2.70.3(6)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

127. തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഖണ്ഡികയിലെ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

128. **സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

<u>വെള്ളക്കരം:വസ്തു കൈമാറ്റ തീരുവ ലക്ഷങ്ങൾ ജല അതോറിറ്റിയ്ക്ക്</u>

വസ്തു കൈമാറ്റ തീരുവയിൽ ഗ്രാമപഞ്ചായത്തുകൾക്ക് അർഹമായ ലക്ഷങ്ങൾ ജല അതോറിറ്റിയ്ക്ക് കൈമാറുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിലെ പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിലാണിത്. കൈമാറിയ വിവരം ഗ്രാമപഞ്ചായത്തുകളെ അറിയിക്കാറുണ്ടെങ്കിലും തുക കൈപ്പറ്റിയതിന് ജല അതോറിറ്റി രസീത് നൽകാറില്ല. മാത്രമല്ല യാതൊരു കണക്കും ഇത് സംബന്ധിച്ചില്ല.

പഞ്ചായത്ത് പരിധിയിൽ ജല അതോറിറ്റിയുടെ എത്ര ടാപ്പുകൾ ഉണ്ട്, അവയിൽ ഉപയോഗക്ഷമമായവയുടെ എണ്ണം, വെള്ളക്കരം ഇനത്തിൽ അടയ്ക്കുവാനുള്ള തുക, തീരുവയിൽ നിന്നും വകയിരുത്തിയ തുക അടയ്ക്കാൻ ബാക്കി, അധികം വകയിരുത്തിയ തുക എന്നീ വിവരങ്ങൾ ലഭ്യമല്ല. ജല അതോറിറ്റിയ്ക്ക് തീരുവയിൽ നിന്നും അഡ്ജസ്റ്റ് ചെയ്യുന്ന തുക വെള്ളക്കരമിനത്തിൽ നൽകാനുള്ള തുകയിൽ അധികരിക്കാൻ പാടില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജി.ഒ. (എം.എസ്.) 188/94,2-8-94 വ്യക്തമാക്കുന്നുണ്ട്. ഉത്തരവ് നിലനിൽക്കുമ്പോഴും കുടിവെള്ള ഉപഭോഗം കണക്കാക്കാതെ ലക്ഷങ്ങൾ ജല അതോറിറ്റിയ്ക്ക് നൽകുന്നത് നിയമവിരുദ്ധമാണ്.

ജല അതോറിറ്റിയുടെ ടാപ്പുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് അർഹമായ തീരുവ പോലും സർക്കാർ വകമാറ്റുന്നുണ്ട്.

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ തീരുവ വിഹിതം കോടികൾ ജലഅതോറിറ്റി നിയമവിരുദ്ധമായി കൈപ്പറ്റുന്നുണ്ട്. പ്രശ്നത്തിന്റെ ഗൗരവം വ്യക്തമാക്കാൻ കോഴിക്കോട് ജില്ലയിലെ 9 ഗ്രാമപഞ്ചായത്തുകളുടെ ഓഡിറ്റിൽ ലഭ്യമായ വിവരങ്ങൾ താഴെ:-

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്റ്റാംപ് ഡ്യൂട്ടി വിഹിതത്തിൽ നിന്നും കേരള ജല അതോറിറ്റിക്ക് വെള്ളക്കരം ഇനത്തിൽ വകയിരുത്തിയ തുകയുടെ വിവരം

| സ്ഥാപനം | തുക | ഓഡിറ്റ് റിപ്പോർട്ട് വർഷം/ഖണ്ഡിക | അപാകതകളുടെ സ്വഭാവം |
|---|---|---|---|
| വടകര നഗരസഭ | 529785 | 1994-95(14) | പ്രവർത്തനക്ഷമമായ ടാപ്പുകളുടെ വിവരമില്ല. അഡ്ജസ്റ്റ് ചെയ്ത തുക എത്ര കാലഘട്ടത്തിലേക്കുള്ളതാണെന്നറിയില്ല. |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2005-06; ഖണ്ഡിക 2.70.10(9)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

129. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് ആരാഞ്ഞതിന് പ്രസ്തുത വിഷയം ഒരു തവണ ബഹു. സമിതിയുടെ പരിഗണനയിൽ വന്നതാണെന്നും ഉപഭോഗത്തിനനുസരിച്ചാണ് നഗരസഭ തുക ഈടാക്കുന്നതെങ്കിൽ പരാമർശം ഒഴിവാക്കാമെന്നായിരുന്നു അന്നത്തെ സമിതി നിർദ്ദേശിച്ചിരുന്നതെന്നും എന്നാൽ പൊതു ടാപ്പുകൾക്ക് മീറ്ററിംഗ് സംവിധാനമില്ലാത്തതിനാൽ ഉപഭോഗത്തിനനുസരിച്ച് തുക ഈടാക്കാൻ സാധിക്കില്ലെന്നും ഇക്കാര്യം ചൂണ്ടിക്കാട്ടി വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്തയച്ചിരുന്നെങ്കിലും നാളിതുവരെ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലായെന്നും പരമാവധി വ്യക്തിഗത കണക്ഷനുകൾ ഉള്ളതിനാൽ പൊതു ടാപ്പുകൾ ഒഴിവാക്കാവുന്നതാണെന്നാണ് നഗരസഭ തീരുമാനമെടുത്തിരിക്കുന്നതെന്നും വടകര മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

130. പൊതുടാപ്പുകൾക്ക് മീറ്റർ സ്ഥാപിച്ച് തുക ഈടാക്കുന്നത് പ്രായോഗികമല്ലെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

131. **സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഡമ്പിംഗ് ഗ്രൗണ്ട്-ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചത് 10,62,998 രൂപ പാഴായി:(ഓഡിറ്റ് റിപ്പോർട്ട് വർഷം:2004-05, ഖണ്ഡിക നമ്പർ 2-16)**

നഗരസഭകളിലെ ഖരമാലിന്യ സംസ്കരണം സംബന്ധിച്ച് 23-8-1997-ന് എറണാകുളത്ത് അഡ്വ.ജനറൽ വിളിച്ചുകൂട്ടിയ യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി വിവിധ നഗരസഭാ ചെയർമാൻമാർ തുടങ്ങി 121 പേർ എടുത്ത തീരുമാനത്തിന്റെ ഭാഗമായി നഗരസഭകളിലെ ചവറ് സംസ്കരണത്തിന് ആക്ഷൻപ്ലാൻ രൂപീകരിക്കുകയുണ്ടായി. ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് സേഫ് മോട്ടോഴ്സ്, കൊടുങ്ങല്ലൂർ എന്ന സ്ഥാപനത്തിന് ടെണ്ടർ ക്ഷണിക്കാതെ കരാർ നൽകിയത് യാതൊരു വിധത്തിലുള്ള സാധ്യതാപഠനവും നടത്താതെ ആയിരുന്നു. സർക്കാരിൽ നിന്നും അനുമതി ലഭിക്കുന്നതിനുമുമ്പ് തന്നെ കരാറിൽ ഏർപ്പെടുകയാണുണ്ടായത്. തന്നെയുമല്ല പ്ലാന്റ് കൃത്യമായി പ്രവർത്തിക്കുന്നതിന് നിയമനടപടി എടുക്കുന്നതിനുപകരം, രണ്ട് സപ്ലിമെന്ററി കരാർ പുതുക്കാനായി തയ്യാറാക്കുകയും കൂടുതൽ ആനുകൂല്യങ്ങൾ നൽകുകയും ചെയ്തു. പ്ലാന്റ് 2003 ഡിസംബർ മുതൽ 2004 മേയ് വരെ പ്രവർത്തിച്ച കാലയളവിൽ ലഭിച്ച ജൈവവളം കരാർ ലംഘിച്ച് സ്ഥാപനം തന്നെ നേരിട്ട് വിറ്റഴിച്ചിട്ടുണ്ട്. എന്നാൽ തുടർന്ന് പ്രവർത്തനക്ഷമമല്ലാതായ പ്ലാന്റ് വഴി നഗരസഭയ്ക്ക് യാതൊരു ഗുണവും ലഭിച്ചിട്ടില്ലെന്ന് മാത്രമല്ല, ആയതിന് ചെലവാക്കിയ 10,62,998 രൂപയും പാഴായിരിക്കുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 4.11 (1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

132. പ്രസ്തുത ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിലവിൽ പ്രവർത്തനക്ഷമമാണോയെന്ന സമിതിയുടെ ചോദ്യത്തിന് ഈ പ്ലാന്റിനു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിന് നഗരസഭയുടെ ഭാഗത്തുനിന്ന് കാലതാമസമുണ്ടായിട്ടുണ്ടെന്ന് ബഹു. കോടതിയുടെ പരാമർശമുണ്ടെന്നും അതിൻ പ്രകാരം നഗരസഭയ്ക്ക് ലഭിക്കേണ്ട തുക ഈടാക്കുന്നതിന് ആർ.ആർ. നടപടി സ്വീകരിച്ചാലും ആയത് നിലനിൽക്കാത്തതാണെന്നും ബഹു. കോടതിയുടെ വിധിയിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും ടി വിഷയത്തിൽ അപ്പീലിന് പോകുന്നത് ഉചിതമല്ലായെന്ന് നിയമോപദേശം ലഭിച്ചതിനാൽ മേൽ കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടില്ലായെന്നും നിലവിൽ പ്ലാന്റ് പ്രവർത്തന ക്ഷമമല്ലായെന്നും വടകര മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

133. മാലിന്യ പ്ലാന്റിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താതിരുന്നതിനുള്ള കാരണം സമിതി ആരാഞ്ഞതിന് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നെന്നും എന്നാൽ ആയത് സമയബന്ധിതമായി ഏർപ്പെടുത്തിയിട്ടില്ലായെന്നുള്ള എതിർകക്ഷിയുടെ വാദമാണ് കോടതി അംഗീകരിച്ചതെന്നും 2000-ൽ സ്ഥാപിതമായ പ്ലാന്റിന് 2003-ലാണ്

അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തതെന്നും അക്കാലയളവിൽ കരാറുകാർ സ്ഥാപിച്ച യന്ത്രോപകരണങ്ങൾ തുരുമ്പ് കയറി നശിച്ച് തുടങ്ങിയെന്നും വടകര മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

134. ഈ വിഷയത്തിൽ സമിതി തദ്ദേശസ്വയംഭരണ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞതിന് പ്ലാന്റ് സ്ഥാപിക്കുന്നതിന് സർക്കാരിലേക്ക് അനുമതിക്കായി അപേക്ഷിച്ചപ്പോൾ ഗുരുവായൂർ നഗരസഭയിൽ ടി സ്ഥാപനം പ്രാവർത്തികമാക്കുന്ന പ്ലാന്റിന്റെ വിവരം ലഭ്യമായതിനുശേഷം സേഫ് മോട്ടോഴ്സിനെ ഏൽപ്പിച്ചാൽ മതിയെന്ന് അറിയിച്ചിരുന്നുവെന്നും എന്നാൽ അതിന് മുമ്പ് തന്നെ നഗരസഭ അവരുമായി കാരറിലേർപ്പെടുകയാണുണ്ടായതെന്നും 2007-08 കാലയളവിലെ നഗരസഭ സെക്രട്ടറിയാണ് ഇതിന് ഉത്തരവാദിയെന്നും ഫയൽ പരിശോധിച്ചതിൻ പ്രകാരം വടകര നഗരസഭയിലെ മാലിന്യ നീക്കവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഒരു കേസ്സുണ്ടായിരുന്നുവെന്നും അടിയന്തര നടപടി സ്വീകരിച്ചില്ലെങ്കിൽ കൗൺസിൽ പിരിച്ച് വിടുന്നതാണെന്ന ഹൈക്കോടതി പരാമർശത്തിന്റെ അടിസ്ഥാനത്തിലാണ് ടെണ്ടർ വിളിക്കാതെ കരാർ നൽകാൻ ഇടയായത് എന്നും നിലവിൽ ഡീസെൻട്രലൈസ്ഡ് രീതിയിലാണ് മാലിന്യ സംസ്കരണം നടത്തുന്നതെന്നും വടകര മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

135. ടെണ്ടർ വിളിക്കാതെ പ്ലാന്റ് കൈമാറിയതും വലിയൊരു തുക നഷ്ടം വന്നതും നഗരസഭയുടെ ഭാഗത്തുള്ള ഗുരുതരമായ കൃതവിലോപമാണെന്ന് നിരീക്ഷിച്ച സമിതി ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകി.

**നിഗമനങ്ങൾ/ശിപാർശകൾ**

136. **ടെണ്ടർ വിളിക്കാതെ പ്ലാന്റ് സേഫ് മോട്ടേഴ്സ് എന്ന സ്ഥാപനത്തിന് കൈമാറിയതും പ്ലാന്റ് പ്രവർത്തനക്ഷമമാകാത്തതിനാൽ വലിയൊരു തുക നഷ്ടം വന്നതും നഗരസഭയുടെ ഭാഗത്തുള്ള ഗുരുതരമായ കൃത്യവിലോപമാണെന്ന് നിരീക്ഷിച്ച സമിതി ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വടകര നഗരസഭയിലെ പച്ചക്കറി മാർക്കറ്റിൽ സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനരഹിതം-4,23,220 രൂപ പാഴായി:**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05,ഖണ്ഡിക നമ്പർ 2-17)

ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് മാലിന്യ സംസ്കരണം നടത്തുക വഴി ലഭിക്കുന്ന ബയോഗ്യാസിന്റെ സഹായത്താൽ വൈദ്യുതി ഉത്പാദിപ്പിച്ച് 20 സി.എഫ്.എൽ.

പ്രവർത്തിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയ്ക്ക് ടെണ്ടർ മുഖേന തെരഞ്ഞെടുത്ത ജ്യോതി ബയോഗ്യാസ് ആന്റ് റൂറൽ സോഷ്യോ സർവ്വീസ് സെന്റർ എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിരുന്നു. ഇതിനായി ആകെ 4,23,220 രൂപ ജ്യോതി ബയോഗ്യാസ് ആന്റ് റൂറൽ സെന്ററിന് നൽകിയിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചുള്ള അധികാര സ്ഥാപനം അനെർട്ട് ആണെന്നിരിക്കെ ഈ സ്ഥാപനത്തിൽ നിന്നും എസ്റ്റിമേറ്റ് വാങ്ങിയതല്ലാതെ സാങ്കേതിക സഹായം ലഭ്യമാക്കാൻ നഗരസഭയുടെ ഭാഗത്തു നിന്നും ശ്രമം നടന്നിട്ടില്ല. മാത്രമല്ല യാതൊരു സാധ്യതാ പഠനവും നടത്താതെ 25 ഘനമീറ്റർ വ്യാപ്തിയുള്ള പ്ലാന്റ് സ്ഥാപിക്കാൻ ടെണ്ടർ ക്ഷണിച്ചതിന്റെ മാനദണ്ഡവും വ്യക്തമാക്കപ്പെട്ടിട്ടില്ല. കരാർ ഉടമ്പടി പ്രകാരമല്ല പ്രവൃത്തി നടത്തിയിരിക്കുന്നത്. എന്നാൽ പ്ലാന്റ് ഇപ്പോൾ പ്രവർത്തനക്ഷമമല്ല. ആവശ്യമായ സാങ്കേതിക മേൽനോട്ടം ലഭ്യമാക്കാതെ ഇത്തരത്തിൽ പ്രവർത്തിച്ച നഗരസഭ 4,23,320 രൂപ പാഴ്ച്ചെലവാക്കിയിരിക്കുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 4.11 (2)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

137. ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമല്ലായെന്നാണ് ഓഡിറ്റ് പരാമർശമെന്നും നഗരസഭ നൽകിയ തുക തിരിച്ച് പിടിക്കുന്നതിനായി ആർ.ആർ. നടപടികൾ സ്വീകരിച്ചിരിക്കയാണെന്നും അതിനെതിരെ 2014-ൽ എതിർകക്ഷി ആദ്യം ലോകായുക്തയെ സമീപിക്കുകയും പിന്നീട് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ആയതിന്മേൽ സ്റ്റേ ഉത്തരവ് നിലനിൽക്കുകയുമാണെന്നും ഈ വിഷയവുമായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കൗൺസിൽ കോടതിയിൽ ഹാജരായിട്ടുണ്ടെന്നും രണ്ട് മാസം മുൻപ് സ്റ്റേ നടപടിയിൽ തീർപ്പ് കൽപ്പിക്കുന്നതിന് ഹർജി നൽകുന്നതിന് നഗരസഭ സ്റ്റാന്റിംഗ് കൗൺസിലിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വടകര മുൻസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു.

138. പ്രസ്തുത വിഷയത്തിന്മേൽ കോടതിയുടെ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാൽ കോടതിയിൽ നിന്ന് അന്തിമ വിധി വരുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാമെന്ന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

139. **ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കാത്തതിനാൽ നഗരസഭ നൽകിയ തുക തിരിച്ചു പിടിക്കുന്നതിനെതിരെ ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാൽ കോടതിയിൽ നിന്നും അന്തിമവിധി വരുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ബാങ്ക് വായ്പ-തിരിച്ചടവിൽ വീഴ്ചവരുത്തിയതിനാൽ വൻ തുക പലിശയിനത്തിൽ നൽകേണ്ടിവന്നു.**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ 3-13)

വടകര സഹകരണ റൂറൽ ബാങ്കിൽ നിന്നും 16-5-2000-ൽ എടുത്ത പത്തു ലക്ഷം രൂപയുടെ ലോൺ 20-3-2006-ലെ 1991-ാം നമ്പർ വൗച്ചർ പ്രകാരം (ചെക്ക് നമ്പർ 432450) 21,80,452 (ഇരുപത്തിയൊന്ന് ലക്ഷത്തി എൺപതിനായിരത്തി നാന്നൂറ്റി അമ്പത്തി രണ്ട്) രൂപ അടച്ച് ക്ലോസ് ചെയ്തിട്ടുണ്ട്. ആറ് വർഷത്തെ കാലാവധിക്കകത്ത് ലോൺ തിരിച്ചടവിലേയ്ക്ക് ആകെ 45,169 (നാൽപ്പത്തയ്യായിരത്തി ഒരുന്നൂറ്റി അറുപത്തി ഒൻപത്) രൂപ മാത്രമാണ് നഗരസഭയിൽ നിന്നും ഒടുക്കിയിട്ടുള്ളത്. ബാങ്കിൽ നിന്നും നിർദ്ദേശിച്ചതനുസരിച്ച് ലോൺ ക്ലോസ് ചെയ്യാൻ ഒടുക്കിയ 21,80,452 (ഇരുപത്തൊന്നു ലക്ഷത്തി എൺപതിനായിരത്തി നാന്നൂറ്റി അൻപത്തി രണ്ട്) രൂപയിൽ 12,25,621 (പന്ത്രണ്ട് ലക്ഷത്തി ഇരുപത്തയ്യായിരത്തി അറുന്നൂറ്റി ഇരുപത്തിയൊന്ന്) രൂപയും പലിശ ഇനത്തിലെ തുകയാണ്. ബാങ്കിലുള്ള 4,58,000 (നാല് ലക്ഷത്തി അമ്പത്തി എണ്ണായിരം) രൂപയുടെയും 7,24,000 (ഏഴ് ലക്ഷത്തി ഇരുപത്തിനാലായിരം) രൂപയുടെയും നിക്ഷേപങ്ങൾ പണയപ്പെടുത്തിയാണ് ലോൺ എടുത്തതെന്നും കാലാവധി എത്തുമ്പോൾ നിക്ഷേപങ്ങളിൽ നിന്നും ലഭിക്കുന്ന പലിശ, വായ്പയിനത്തിൽ നൽകേണ്ട പലിശയിൽ വകയിരുത്തി ലോൺ ക്ലോസ് ചെയ്യാമെന്ന ധാരണയിലാണ് മാസഗഡു കൃത്യമായി തിരിച്ചടവാക്കാതിരുന്നത് എന്നും നഗരസഭാധികൃതർ വിശദീകരിക്കുകയുണ്ടായി.

സ്റ്റേറ്റ് ഹൗസിംഗ് ആന്റ് ഷെൽറ്റർ അപ്ഗ്രഡേഷൻ സ്കീം (ഷാസു) പ്രകാരം ഗുണഭോക്താക്കൾക്ക് നൽകേണ്ട തുകയാണ് നിക്ഷേപമായി ബാങ്കിലിട്ടതെന്നിരിക്കെ, പലിശയുൾപ്പെടെ നിക്ഷേപ തുക പ്രസ്തുത ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ടതാണെന്ന് അധികൃതർ അറിയാതെ പോയത് ന്യായീകരിക്കാവുന്നതല്ല. മുനിസിപ്പൽ ചട്ടം 297-1ജി (1) പ്രകാരം ലോൺ വാങ്ങാൻ സർക്കാരിന്റെ മുന്നനുവാദം ലഭ്യമാക്കാനോ, ലോണും പലിശയും സമയബന്ധിതമായി അടവാക്കുന്നതിന് പര്യാപ്തമായ ഒരു ഋണമോചനനിധി രൂപീകരിക്കാനോ ബന്ധപ്പെട്ടവർ ശ്രമിച്ചിരുന്നില്ല. ചട്ടങ്ങൾ പാലിക്കാതെ വായ്പ എടുത്തതിനും, പലിശയിനത്തിൽ വൻതുക നഷ്ടപ്പെടുത്തിയതിനും സർക്കാരിൽ നിന്ന് സാധൂകരണം ലഭ്യമാക്കുകയോ, സാധൂകരണം ലഭിക്കാത്തപക്ഷം പലിശയിനത്തിൽ അധികം നൽകേണ്ടി വന്ന തുക നിജപ്പെടുത്തി ഉത്തരവാദികളിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 4.11 .3)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

140. സർക്കാരിന്റെ അനുമതിയില്ലാതെ ബാങ്ക് വായ്പ എടുത്തു എന്നതാണ് ഓഡിറ്റ് ഒബ്ജക്ഷൻ എന്നും ആയതിന് സാധൂകരണം തേടി സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ് എന്നും ആയതിന് മറുപടി ലഭ്യമായിട്ടില്ലായെന്നും വടകര മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. സർക്കാർ സാധൂകരണം നൽകുന്ന മുറയ്ക്ക് ബന്ധപ്പെട്ട വിവരം വകുപ്പിനേയും സമിതിയേയും അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

141. **പ്രസ്തുത വിഷയത്തിൽ സർക്കാർ സാധൂകരണം ലഭിക്കുന്ന മുറയ്ക്ക് ആയതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വ്യവസായ എസ്റ്റേറ്റിനായി സ്ഥലം അക്വയർ ചെയ്ത സംരംഭകർക്ക് നൽകിയത്- നഗരസഭയ്ക്കുണ്ടായ സാമ്പത്തിക നഷ്ടവും മറ്റ് അപാകതകളും**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ 3-21)

സർക്കാർ ഉത്തരവ് (എം.എസ്.) നം. 148/81/എൽ.എ.എസ്.ഡബ്ല്യു.ഡി. തീയതി 10-8-1981 പ്രകാരം വടകര നഗരസഭയെ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ചെറുതും, ഇടത്തരവുമായ ടൗണുകളുടെ സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിൻപ്രകാരം ആസൂത്രണം ചെയ്ത വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്ന പദ്ധതിക്ക് കേന്ദ്ര സർക്കാർ 13 ലക്ഷം രൂപ വായ്പ അനുവദിച്ചിരുന്നു. പദ്ധതിയുടെ ഭാഗമായി അക്വയർ ചെയ്ത 1.8481 ഹെക്ടർ സ്ഥലത്തിന് പുറമെ നഗരസഭയുടെ കൈവശമുള്ള 0.1725 ഹെക്ടർ ഭൂമിയും ചേർത്ത് ആകെ 2.0206 ഹെക്ടർ ഭൂമിയാണ് വ്യവസായ എസ്റ്റേറ്റിന് ഉപയോഗിക്കാൻ ഉദ്ദേശിച്ചത്. 18,71,458(പതിനെട്ട് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി നാന്നൂറ്റി അൻപത്തിയെട്ട്) രൂപ ചെലവാക്കി പുനരുദ്ധരിച്ച പ്രസ്തുത ഭൂമിയ്ക്ക് സെന്റിന് 36,500(മുപ്പത്താറായിരത്തി അഞ്ഞൂറ്) രൂപ നിരക്കിൽ വില നിശ്ചയിക്കുകയും ഭൂമി അനുവദിക്കുമ്പോൾ വിലയുടെ 50% കെട്ടിവച്ച്, 20 അർദ്ധ വാർഷിക ഗഡുക്കളായി 10 വർഷം കൊണ്ട് ആകെ തുക അടച്ചു തീർക്കാനുമാണ് വ്യവസ്ഥ ചെയ്തിരുന്നത്.

ഭൂമി അക്വയർ ചെയ്ത് പദ്ധതി നടപ്പാക്കാനായി കേന്ദ്ര സർക്കാർ അനുവദിച്ച വായ്പ 1986-ൽ പൂർണ്ണമായും ലഭിച്ചെങ്കിലും നഗരസഭയുടെ കൈവശം ഭൂമി 5-2-1987-ൽ മാത്രമാണ് വന്നു ചേർന്നത്. തുടർന്ന് വ്യവസായ സംരംഭകരെ ക്ഷണിക്കുന്നതിനും, പ്ലോട്ട്

അനുവദിക്കുന്നതിനും മറ്റുമുള്ള നടപടിക്രമങ്ങൾക്ക് വളരെയേറെ കാലതാമസമെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വായ്പയിനത്തിലെ 13 ലക്ഷം രൂപയുടെ പലിശ അടയ്ക്കുന്നതിനുള്ള തുക വ്യവസായ സംരംഭകരിൽ നിന്നും ലഭ്യമാക്കാനുള്ള യാതൊരു ശ്രമവും അധികൃതർ നടത്തിയിട്ടില്ല.

വ്യവസായ എസ്റ്റേറ്റിനായി അക്വയർ ചെയ്ത ഭൂമിയിൽ നിന്നും ജി.ഒ. (ആർ.റ്റി) നം. 710/90/എൽ.എ.ഡി. തീയതി 22-2-1990 പ്രകാരം 50 സെന്റ് സ്ഥലം കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന് (കെ.ടി.ഡി.സി) നൽകിയിട്ടുണ്ട്. ഭൂമി നൽകാനുള്ള പ്രസ്തുത ഉത്തരവിനെ നഗരസഭാ അധികൃതർ സൗജന്യമായി ഭൂമി നൽകാനുള്ള ഉത്തരവായി വ്യാഖ്യാനിച്ചാണ് ഭൂമി അനുവദിച്ചത്.

ഭൂമി വിലയുമായി ബന്ധപ്പെട്ട് നഗരസഭ പുതുക്കി നിശ്ചയിച്ച് വ്യവസ്ഥകൾ പ്രകാരം, സെന്റിന് 30,000 (മുപ്പതിനായിരം) രൂപ നിരക്കിൽ 273.94 സെന്റ് ഭൂമിക്ക് 80 ലക്ഷം രൂപയിലധികം മതിപ്പുവില വരുന്നതാണ്. ഈ ഇടപാടിന് ഒരു മലയാള പത്രത്തിൽ മാത്രമേ പരസ്യം നൽകിയിരുന്നുള്ളൂ. മാത്രമല്ല അപേക്ഷകളുടെ സ്വീകാര്യതയിലും ശ്രദ്ധേയമായ അപാകതകൾ കാണപ്പെടുന്നുണ്ട്. ഭൂമിയുടെ വില നിർണ്ണയം സംബന്ധിച്ച് റവന്യൂ അധികാരികളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റില്ലാതെ സ്ഥല വില നിർണ്ണയിച്ചത് കേരള മുനിസിപ്പാലിറ്റി (സ്ഥാവര വസ്തു ആർജ്ജിക്കലും, കൈമാറ്റം ചെയ്യലും) ചട്ടം 3, 4 പ്രകാരം ക്രമമല്ല. സ്ഥലവില നിർണ്ണയത്തിലെ അപാകതകൾ കാരണം നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്.

പ്ലോട്ടുകൾ അനുവദിച്ച് കിട്ടിയവർ നാളിതുവരെ വ്യവസായങ്ങൾ ഒന്നും തന്നെ തുടങ്ങിയിട്ടില്ലാത്ത സാഹചര്യത്തിൽ അംഗീകരിച്ച വ്യവസ്ഥകൾ പ്രകാരം നഗരസഭ ഭൂമി തിരിച്ചുപിടിക്കേണ്ടതായിരുന്നു. എന്നാൽ അത്തരത്തിലുള്ള നടപടികളൊന്നും തന്നെ അധികൃതർ സ്വീകരിച്ചിട്ടില്ല. വ്യവസായ വികസനത്തോടൊപ്പം നഗരസഭയുടെ മൊത്തം വികസനത്തെ ലക്ഷ്യമിട്ട പദ്ധതി അധികൃതരുടെ അനാസ്ഥ കാരണം പരാജയപ്പെട്ടതായി വിലയിരുത്തുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 4.11 (4)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

142. വ്യവസായ എസ്റ്റേറ്റിനായി 17 പ്ലോട്ടുകളാണ് നഗരസഭ അക്വയർ ചെയ്ത് വിതരണം ചെയ്തതെന്നും 15 പ്ലോട്ടുകളിൽ നിലവിൽ വ്യവസായങ്ങൾ നടന്നുവരികയും ബാക്കി രണ്ട് പ്ലോട്ടുകളിൽ വ്യവസായങ്ങൾക്ക് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ

നടന്നുവരികയുമാണെന്നും ലോണിനത്തിൽ പന്ത്രണ്ടര ലക്ഷത്തോളം രൂപ അടയ്ക്കാനുണ്ടായിരുന്നതിൽ ഏഴ് ലക്ഷത്തിൽപ്പരം രൂപ തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ടെന്നും ഒരു പ്ലോട്ടിന്റെ വിഷയത്തിൽ ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ടെന്നും സെന്റിന് നിശ്ചയിച്ച തുക കൂടുതലാണെന്ന നിലയിലാണ് എതിർകക്ഷികൾ കേസ് ഫയൽ ചെയ്തിരിക്കുന്നതെന്നും കൂടാതെ കെ.ടി.ഡി.സി.-ക്ക് 50 സെന്റ് സ്ഥലം അന്നത്തെ സർക്കാർ ഉത്തരവ് തെറ്റായി വ്യാഖ്യാനിച്ച് നഗരസഭാ കൗൺസിലർ സൗജന്യമായി അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്നും സ്ഥലം നിലവിൽ കെ.ടി.ഡി.സി.-യുടെ പക്കലാണുള്ളതെന്നും സൗജന്യമായി അനുവദിച്ചതിനാൽ വാടകയിനത്തിൽ തുകയൊന്നും ലഭിക്കുന്നില്ലായെന്നും പ്രസ്തുത സ്ഥലത്തിന്റെ വില ഈടാക്കി നൽകുന്നതിന് സർക്കാരിനെ സമീപിച്ചിട്ടുണ്ടെന്നും വടകര മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

143. നഗരസഭയുടെ സ്ഥലം സൗജന്യമായി അനുവദിച്ചത് തെറ്റായ നടപടിയാണെന്ന് നിരീക്ഷിച്ച സമിതി സർക്കാർ ഉത്തരവ് തെറ്റായി വ്യാഖ്യാനിച്ച് കെ.ടി.ഡി.സി.-ക്ക് അനുവദിച്ച സ്ഥലത്തിന്റെ വില ഈടാക്കാൻ നഗരസഭ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത തീരുമാനം സമിതിയെ അറിയിക്കണമെന്നും നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

144. **നഗരസഭയുടെ സ്ഥലം സൗജന്യമായി കെ.ടി.ഡി.സി.-ക്ക് അനുവദിച്ചത് തെറ്റായ നടപടിയാണെന്ന് സമിതി നിരീക്ഷിക്കുന്നു. സർക്കാർ ഉത്തരവ് തെറ്റായി വ്യാഖ്യാനിച്ച് കെ.ടി.ഡി.സി.-ക്ക് അനുവദിച്ച സ്ഥലത്തിന്റെ വില ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നഗരസഭയോട് നിർദ്ദേശിക്കുന്നതോടൊപ്പം ഇതിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**സഞ്ചരിക്കുന്ന മാവേലി സ്റ്റോർ-പദ്ധതി പ്രവർത്തനത്തിലെ അപാകതകൾ** (ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ 3-16)

സർക്കാർ ഉത്തരവ്(സാധാ) 3053/89/ത.സ്വ.ഭ.വ. തീയതി 2-9-1989 പ്രകാരം നഗരസഭയിൽ ആരംഭിച്ച സഞ്ചരിക്കുന്ന മാവേലിസ്റ്റോറിന്റെ നടത്തിപ്പിന് 2005-06-ൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. വീട്ടമ്മമാർക്ക് മിതമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കാനും വിലക്കയറ്റം തടയാനും അങ്കണവാടികളിൽ പോഷകാഹാര സാധനങ്ങൾ ലഭ്യമാക്കാനുമാണ് പദ്ധതി മുഖേന ഉദ്ദേശിച്ചിരുന്നത്.

സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിന് വിരുദ്ധമായി നിത്യോപയോഗ സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും വാങ്ങാതെ, നഗരസഭാധികൃതർ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. നിത്യോപയോഗ സാധനങ്ങൾ

വാങ്ങുന്നതിന് നഗരസഭയ്ക്ക് 2005-06-ൽ ചെലവായ 20,23,025.15 (ഇരുപത് ലക്ഷത്തി ഇരുപത്തിമൂവായിരത്തി ഇരുപത്തഞ്ച് രൂപ പതിനഞ്ച് പൈസ) രൂപയിൽ 16,53,984 (പതിനാറ് ലക്ഷത്തി അമ്പത്തിമൂവായിരത്തി തൊള്ളായിരത്തി എൺപത്തിനാല്) രൂപയും സ്വകാര്യ സ്ഥാപനങ്ങൾക്കാണ് നൽകിയിട്ടുള്ളത്. "കൂടിയ വിലയ്ക്ക് വാങ്ങുന്ന സാധനങ്ങൾ അതേ വിലയ്ക്ക് നൽകിയാൽ തന്നെ മിതമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ നൽകുക" എന്ന പദ്ധതി ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുന്നില്ല എന്ന് വിലയിരുത്തുന്നു. 2005-06 വർഷത്തെ സാധന വിൽപ്പനയുടെ രസീതുകൾ നഷ്ടപ്പെട്ടതായി അധികൃതർ അറിയിച്ചിരുന്നു. വിൽപ്പനയിലൂടെ ലഭിക്കുന്ന തുകകൾ പൂർണ്ണമായും അടുത്ത ദിവസം തന്നെ ഒടുക്കുന്നില്ലായെന്നത് ശ്രദ്ധേയമാണ്. രസീതുബുക്കുകളിലെ വ്യാപകമായ രീതിയിലുള്ള തീയതി തിരുത്തലുകളും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും കൂടിയ വിലയ്ക്ക് സാധനങ്ങൾ വാങ്ങി നഗരസഭയിലെ അങ്കണവാടികളിൽ വിൽക്കുന്നതുവഴി അങ്കണവാടികളുടെ പദ്ധതി വിഹിതത്തിലും ചോർച്ച സംഭവിക്കുന്നുണ്ട്. കൂടാതെ മാവേലിസ്റ്റോർ ജീവനക്കാരുടെ പ്രതിമാസക്കൂലി, വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ, മറ്റു ചെലവുകൾ എന്നിവയ്ക്കും നഗരസഭാ ഫണ്ടിൽ നിന്നാണ് തുക ചെലവഴിക്കുന്നത്.

ഇത്തരത്തിലുള്ള അപാകതകൾ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിന് അഭികാമ്യമല്ല. മിതമായ വിലയ്ക്ക് സാധനങ്ങൾ വ്യക്തികൾക്ക്/ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന്, ആയവ സിവിൽസപ്ലൈസ് കോർപ്പറേഷനിൽ നിന്നും സംഭരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അതോടൊപ്പം കൂടുതൽ ദിവസങ്ങളിൽ സ്റ്റോറിന്റെ വാഹനം വിവിധ പ്രദേശങ്ങളിൽ എത്തിച്ച് വിൽപ്പന നടത്താനുള്ള ശ്രമങ്ങളും ഊർജ്ജിതപ്പെടുത്തേണ്ടതാണ്. സ്റ്റോറിന്റെ ദൈനംദിന പ്രവർത്തനം സംബന്ധിച്ച തുടർ നിരീക്ഷണവും അവലോകനവും നടത്തി പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാൻ അധികൃതർ തയ്യാറാകേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 4.11 (5)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

145. സഞ്ചരിക്കുന്ന മാവേലി സ്റ്റോറിലേയ്ക്ക് സാധനങ്ങൾ പുറത്തു നിന്ന് വാങ്ങുവാനുള്ള കാരണം സമിതി ആരാഞ്ഞതിന് സാധനങ്ങൾ സപ്ലൈകോയിൽ നിന്നും മാത്രമേ വാങ്ങാവൂ എന്ന ഉത്തരവ് നിലനിൽക്കേ പ്രൈവറ്റ് സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയതുമൂലം പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്നുള്ളതാണ് ഓഡിറ്റിന്റെ പരാമർശമെന്നും സപ്ലൈകോയിൽ നിന്നും വാങ്ങുന്ന സ്റ്റേഷനറി സാധനങ്ങളുടെ പകുതി തുകയ്ക്കുള്ള അരിയും പലവ്യഞ്ജനങ്ങളും മാത്രമേ അവിടെ നിന്ന് ലഭിക്കുകയുള്ളുയെന്നും ആയതിനാൽ സപ്ലൈകോയിൽ നിന്നും സ്റ്റേഷനറി സാധനങ്ങൾ ആവശ്യത്തിൽ കൂടുതൽ

വാങ്ങിക്കേണ്ട സ്ഥിതി വന്നുവെന്നും ഇത്തരത്തിൽ വാങ്ങുന്നത് നഷ്ടമായതിനാലാണ് പ്രൈവറ്റ് സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ സ്വീകരിച്ചുകൊണ്ട് സാധനങ്ങൾ വാങ്ങിയതെന്നും കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ കൊടുക്കുക എന്ന ലക്ഷ്യത്തിലേയ്ക്ക് എത്താൻ സാധിച്ചില്ലായെന്നും ഇക്കാരണത്താൽ ആളുകൾക്ക് പൊതുമാർക്കറ്റിനേക്കാൾ കൂടിയ വിലയ്ക്ക് സാധനങ്ങൾ വാങ്ങേണ്ടി വന്നുയെന്നും വടകര മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

146. തുടർന്ന് സമിതി നിലവിലെ സ്ഥിതി ആരാഞ്ഞതിന് പ്രസ്തുത വാഹനം ലേലം ചെയ്തുവെന്നും ആ ഇനത്തിൽ ലഭിച്ച 1,75,000 രൂപ മുനിസിപ്പൽ ഫണ്ടിലേയ്ക്ക് കണ്ടുകെട്ടുകയും ചെയ്തിട്ടുണ്ടെന്നും 1989-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ മുനിസിപ്പാലിറ്റികളാണ് നടത്തിവരുന്നതെന്നും എന്നാൽ ഇപ്പോൾ ആ ഉത്തരവില്ലായെന്നും വടകര മുനിസിപ്പലിറ്റി സെക്രട്ടറി മറുപടി നൽകി.

147. സപ്ലൈകോയുമായി ബന്ധപ്പെട്ട് സർക്കാർ ഇറക്കിയ ഉത്തരവ് തെറ്റാണെന്ന് അറിയിച്ചുകൊണ്ട് മുൻസിപ്പൽ കൗൺസിൽ പ്രമേയം പാസ്സാക്കി ഗവൺമെന്റിലേയ്ക്ക് കത്ത് അയക്കേണ്ടതായിരുന്നു എന്ന് അഭിപ്രായപ്പെട്ട സമിതി മുൻസിപ്പാലിറ്റിയുടെ ഭാഗത്തു നിന്ന് ഗുരുതരമായ കൃത്യവിലോപമാണ് നടന്നതെന്നും ആയത് റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്നും നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

148. **സപ്ലൈകോയുമായി ബന്ധപ്പെട്ട് സർക്കാർ ഇറക്കിയ ഉത്തരവ് തെറ്റാണെന്ന് അറിയിച്ചുകൊണ്ട് മുനിസിപ്പൽ കൗൺസിൽ പ്രമേയം പാസ്സാക്കി സർക്കാരിലേയ്ക്ക് അറിയിക്കാതിരുന്ന നടപടി മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണെന്ന് സമിതി വിലയിരുത്തുന്നു.**

149. **സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

വടകര നഗരസഭ_ കോഴിക്കോട് ജില്ല

(എ) എസ്കവേറ്റർ വാങ്ങൽ-ടെണ്ടർ ക്ഷണിച്ചതിലെ അപാകത

(2006-07 ഓഡിറ്റ് റിപ്പോർട്ട് (ചെലവ്), ഖണ്ഡിക 3-3)

നഗരസഭയിലെ ശുചീകരണാവശ്യത്തിന് പുതിയ എസ്കവേറ്റർ വാങ്ങുന്നതിന് 10-3-2006 ലെ 6 -ാം നമ്പർ കൗൺസിൽ തീരുമാനിക്കുകയും 26-4-2006 ൽ ടെണ്ടർ പരസ്യം നൽകുകയും ചെയ്തു. മുനിസിപ്പൽ എഞ്ചിനീയർ നൽകിയ സ്പെസിഫിക്കേഷൻ മാറ്റം വരുത്തിയാണ് പരസ്യം നൽകിയത്. ലഭിച്ച ടെണ്ടറുകളിൽ തുടർ നടപടികൾ

സ്വീകരിച്ചില്ല. മാത്രമല്ല ടെണ്ടർ പരസ്യം നൽകിയശേഷമാണ് എസ്കവേറ്റർ വാങ്ങുന്നത് സംബന്ധിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ സാങ്കേതികാനുമതി ലഭിക്കുന്നതിന് നഗരസഭാ സെക്രട്ടറി ഉത്തരവാകുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാഹനം വാങ്ങുന്നത് സംബന്ധിച്ച് 27-5-2003-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 169/03 തസ്വഭ. 31-3-2006-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 86/06 എന്നീ ഉത്തരവുകളിൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിരിക്കെ, ആയത് പാലിക്കാതെ ടെണ്ടർ നടപടികൾ തുടങ്ങുകയാണ് ചെയ്തത്. ഇത് സംബന്ധിച്ച അന്വേഷണത്തിൽ പുതിയ എസ്കവേറ്റർ വാങ്ങുന്നതിനുള്ള നടപടികൾ നിർത്തിവെച്ചതായാണ് അറിയാൻ കഴിഞ്ഞത്. വാഹനം വാങ്ങുന്നത് സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ധൃതി പിടിച്ച് പത്രങ്ങളിൽ ടെണ്ടർ പരസ്യം നൽകിയതുവഴി 46,436 രൂപ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2008-09; ഖണ്ഡിക 3.4.5 (എ)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

150. പ്രസ്തുത വിഷയത്തിന്മേൽ ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കേസിന്റെ വിധിക്കനുസരിച്ച് തുടർ നടപടി സ്വീകരിക്കാമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

151. **പ്രസ്തുത വിഷയത്തിന്മേൽ ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കേസിന്റെ വിധിക്കനുസരിച്ച് തുടർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

### പൊതു ടാപ്പുകളുടെ വെള്ളക്കരം നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം

### (2006-07 ഓഡിറ്റ് റിപ്പോർട്ട് (ചെലവ്), ഖണ്ഡിക 3-7)

വെള്ളക്കരം ഇനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കുടിശ്ശിക ഇല്ലാതാക്കുന്നതിനും ഭാവിയിൽ കുടിശ്ശികയില്ലാതെ, പ്രായോഗികവും ശാസ്ത്രീയവുമായ രീതിയിൽ വെള്ളക്കരം ചുമത്തുന്നതിനും നടപടികൾ കൈക്കൊള്ളുന്നതിന് 23-6-2006-ലെ (ആർ.ടി.) നമ്പർ 1501/06 എൽ.എസ്.ജി.ഡി. നമ്പർ സർക്കാർ ഉത്തരവും, 7-11-2006-ലെ എ 3-9303/06 നമ്പരിലുള്ള വകുപ്പ് തലവന്മാരുടെ യോഗതീരുമാനം എന്നിവ പ്രകാരവും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയത് പ്രകാരം 2006-07 മുതൽ ഓരോ മാസത്തെയും വാട്ടർചാർജ് അതാത്

മാസം തന്നെ ഒടുക്കുകയാണ് ചെയ്യേണ്ടത്. വടകര നഗരസഭയിലെ 9/06-ലെ വാട്ടർ അതോറിറ്റി ഡിമാന്റ് ബിൽ പ്രകാരം തൻമാസത്തെ വാട്ടർ ചാർജ് അടക്കം ആകെ 25,10,05,473 രൂപ കുടിശ്ശികയുണ്ടായിരുന്നത് 3/08 ആകുമ്പോഴേക്കും 25,16,33,718 രൂപയായി ഉയർന്നിട്ടുണ്ട്. 2006-07-ന് മുമ്പുള്ള കുടിശ്ശികയിന്മേൽ കേരള വാട്ടർ അതോറിറ്റി 23-6-2006-ലെ സർക്കാർ ഉത്തരവ് പ്രകാരം പിഴ ഡിമാന്റ് ചെയ്യാത്തതിനാൽ ആകെ കുടിശ്ശിക 3/08-ലും മാറ്റമില്ലാതെ നിലനിൽക്കേണ്ടതായിരുന്നു. 4/2006-ൽ 453 വാട്ടർ ടാപ്പുകൾക്ക് വെള്ളക്കരം ചുമത്തിയിരുന്ന സ്ഥാനത്ത് 3/2008 ആകുമ്പോഴേക്കും 674 ടാപ്പുകൾക്കാണ് കേരള വാട്ടർ അതോറിറ്റി കരം ചുമത്തുന്നത്. എന്നാൽ വാട്ടർ ടാപ്പുകളുടെ ആകെ എണ്ണം ഉപയോഗയോഗ്യമായവ, എവിടെയൊക്കെ സ്ഥാപിച്ചു എന്നിവ സംബന്ധിച്ച് യാതൊരു കണക്കും കരം ഒടുക്കാൻ ബാധ്യതപ്പെട്ട നഗരസഭ സൂക്ഷിച്ചിട്ടില്ല. ഉപയോഗയോഗ്യമായ ടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതിനും മീറ്റർ ഘടിപ്പിച്ച് ശാസ്ത്രീയവും പ്രായോഗികവുമായ രീതിയിൽ വെള്ളക്കരം ചുമത്തുന്നതിന് വാട്ടർ അതോറിറ്റിയുടെയും നഗരസഭയുടെയും സംയുക്തപരിശോധന നടത്തുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിരുന്നെങ്കിലും നഗരസഭ അധികൃതരുടെ ഉദാസീനതകാരണം പരിശോധന നാളിതുവരെ നടത്തിയിട്ടില്ല. ആയത് കാരണം മാസംതോറും വൻതുക നഗരസഭാ ഫണ്ടിൽ നിന്നും പാഴായി പോകുകയാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥർ:

1. ശ്രീ. എസ്. വിജയകുമാർ (മുൻ സെക്രട്ടറി, വടകര നഗരസഭ)

   സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ

2. ശ്രീ. സി. രാധാകൃഷ്ണകുറുപ്പ് (സെക്രട്ടറി)

   സെക്രട്ടറി, തൃശ്ശൂർ വികസന അതോറിറ്റി

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2008-09; ഖണ്ഡിക 3.4.5 (ബി)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

152. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

153. **സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വടകര നഗരസഭയിലെ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുടെ 2005-06 മുതൽ 2007-08 വരെയുള്ള സാമ്പത്തിക വർഷത്തെ ചെലവ് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-6 (എ,ബി): ദേശീയ ചേരി നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കുന്നതിന് ലഭിച്ച ഫണ്ട് വായ്പ തിരിച്ചടയ്ക്കുന്നതിന് വകമാറി ചെലവഴിച്ചതും കണക്ക് സൂക്ഷിപ്പിലെ അപാകതയും.**

1999-2000 വർഷം ഭവന നിർമ്മാണത്തിനായി കെ.യു.ഡി.എഫ്.സി.-യിൽ നിന്നും വായ്പയെടുത്ത് ഗുണഭോക്താക്കൾക്ക് നൽകുകയും ഗുണഭോക്താക്കൾ മുനിസിപ്പാലിറ്റിയിലേയ്ക്ക് വായ്പ തിരിച്ചടയ്ക്കുകയുമാണ് ചെയ്യുന്നത്. ഗുണഭോക്താക്കൾ പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കുന്ന വായ്പ തുക നിശ്ചിത ഗഡുക്കളായി കെ.യു.ഡി.എഫ്.സി.-യിലേയ്ക്ക് അടയ്ക്കുന്നു. എന്നാൽ 2005-06 മുതൽ 2007-08 വരെയുള്ള കാലയളവിലെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ, ഗുണഭോക്താക്കളിൽ നിന്ന് കൃത്യമായി പ്രതിമാസ വായ്പഗഡുക്കൾ ഈടാക്കാതെ ദേശീയചേരി നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കുന്നതിന് ലഭിച്ച ഫണ്ട് വകമാറ്റി വായ്പ തിരിച്ചടവാക്കുന്നതിന് ചെലവഴിച്ചതായി കണ്ടെത്തി. ഇപ്രകാരം 2005-06 മുതൽ 2007-08 വരെയുള്ള കാലയളവിൽ 3,55,791 രൂപ വകമാറ്റി ചെലവഴിച്ചിട്ടുണ്ട്. വകമാറ്റി ചെലവഴിച്ച 3,55,791 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ദേശീയ ചേരി വികസന പദ്ധതി ഫണ്ട് വരവും ചെലവും കെ.യു.ഡി.എഫ്.സി. ലോൺ വായ്പ ഗഡുക്കൾ ഗുണഭോക്താക്കൾ നഗരസഭയിലേയ്ക്ക് ഒടുക്കുന്നതും ടി തുക നഗരസഭ തിരിച്ചടയ്ക്കുന്നതും സംബന്ധിച്ച ഇടപാടുകൾ ഒരു ക്യാഷ് ബുക്കിലാണ് രേഖപ്പെടുത്തുന്നത്. എന്നാൽ വർഷാവസാനം രണ്ടു ഫണ്ടുകളും സംബന്ധിച്ച കണക്കുകൾ വേർതിരിച്ചെഴുതാത്തതിനാൽ രണ്ട് ഫണ്ടുകളും സംബന്ധിച്ച മുൻബാക്കി നീക്കിയിരിപ്പ് കണക്കുകൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തിയിട്ടില്ല. ഇവ പ്രത്യേകം രേഖപ്പെടുത്തി ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടലുകൾ നടത്തി ഓഡിറ്റിൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥർ:

| | ഖണ്ഡിക നമ്പർ | നഷ്ടോത്തരവാദി | മേൽവിലാസം |
|---|---|---|---|
| 3-6 (എ) | | | |
| 1 | 2005-06 | ടി. കെ. മോഹനൻ, ഹെൽത്ത് ഇൻസ്പെക്ടർ, (31-3-2006) | (എ) ഹെൽത്ത് ഇൻസ്പെക്ടർ, കോട്ടക്കൽ നഗരസഭ<br>(ബി) അനുഗ്രഹ, മുയിപ്പോത്ത്, മേപ്പയ്യൂർ (പി.ഒ), കോഴിക്കോട് |
| 2 | 2006-07 | ശിവപ്രസാദ്, ഹെൽത്ത് ഇൻസ്പെക്ടർ (31-3-2007) | മേൽവിലാസം ലഭ്യമല്ല |
| 3 | 2007-08 | ബാബുരാജൻ, പി. പി. ഹെൽത്ത് ഇൻസ്പെക്ടർ (31-3-2008) | (എ) ഹെൽത്ത് ഇൻസ്പെക്ടർ, തലശ്ശേരി നഗരസഭ<br>(ബി) പുത്തൻപുരയ്ക്കൽ, വട്ടോളി (പി.ഒ), 673 507 |

3-6 (ബിഎ)

| | | | |
|---|---|---|---|
| 1 | വൗ.നം.1/20-6-2005 | എം. ശശിധരൻ | (എ) ഹെൽത്ത് ഇൻസ്പെക്ടർ, തലശ്ശേരി നഗരസഭ<br>(ബി) സാരംഗി, ചിങ്ങപുരം, തിക്കോടി, കോഴിക്കോട് |
| 2 | വൗ.നം.13/20-9-2005 | എം. ശശിധരൻ | -ടി- |
| 3 | വൗ.നം.23/14-12-2005 | ടി. കെ. മോഹനൻ ഹെൽത്ത് ഇൻസ്പെക്ടർ | (എ) ഹെൽത്ത് ഇൻസ്പെക്ടർ, കോട്ടക്കൽ നഗരസഭ<br>(ബി) അനുഗ്രഹ, മുയിപ്പോത്ത്, മേപ്പയ്യൂർ (പി.ഒ), കോഴിക്കോട് |
| 4 | വൗ.നം.25/22-6-2006 | ടി. കെ. മോഹനൻ ഹെൽത്ത് ഇൻസ്പെക്ടർ | -ടി- |
| 5 | വൗ.നം.54/10-12-2006 | ശിവപ്രസാദ്, ഹെൽത്ത് ഇൻസ്പെക്ടർ | മേൽവിലാസം ലഭ്യമല്ല |
| 6 | വൗ.നം.71/27-3-2007 | ശിവപ്രസാദ്, ഹെൽത്ത് ഇൻസ്പെക്ടർ | -ടി- |
| 7 | വൗ.നം.23/5-9-2007 | ബാബുരാജൻ, പി. പി. ഹെൽത്ത് ഇൻസ്പെക്ടർ | (എ) ഹെൽത്ത് ഇൻസ്പെക്ടർ, കോട്ടയ്ക്കൽ നഗരസഭ<br>(ബി) അനുഗ്രഹ, മുയിപ്പോത്ത്, മേപ്പയ്യൂർ (പി.ഒ), കോഴിക്കോട് |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2009-10; ഖണ്ഡിക 3.3.4. (1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

154. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ചേരി നിർമ്മാണവുമായി ബന്ധപ്പെട്ട് ബാക്കിവന്ന തുക എൻ.എസ്.ഡി.പി.-യുടെ അക്കൗണ്ടിലേയ്ക്ക് തിരിച്ചടച്ചിട്ടുണ്ടെന്നും 3,55,791 രൂപ അക്കൗണ്ടിലെ അവ്യക്തത കാരണം കണ്ടെത്താൻ സാധിച്ചിട്ടില്ലായെന്നും വായ്പാതുക ഗുണഭോക്താക്കൾ തിരിച്ചടയ്ക്കുന്നതിൽ കാലതാമസം വരുത്തിയതിനാൽ എൻ.എസ്.ഡി.പി.-യുടെ

തുകയെടുത്ത് തിരിച്ചടച്ചുയെന്നും നിലവിൽ ഗുണഭോക്താക്കൾ മുഴുവൻ തുകയും തിരിച്ചടച്ചിട്ടുണ്ടെന്നും വടകര മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു.

155. പ്രസ്തുത വിഷയം തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിച്ച് ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

156. **പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധന നടത്തി അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മാതൃശിശു സംരക്ഷണ കേന്ദ്രം-കെട്ടിടംപണി പൂർത്തിയാക്കി പത്ത് വർഷം കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല**

[ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07(ചെലവ്), ഖണ്ഡിക 3-34]

വടകര നഗരസഭയിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം 1999-2000 വർഷത്തിൽ 15-ാം വാർഡിൽ പണിക്കോട്ടൂർ മാതൃശിശു സംരക്ഷണ കേന്ദ്രത്തിന്റെ പ്രവർത്തിക്ക് 2,25,814 രൂപ ചെലവഴിക്കുകയും 8-8-2000-ന് ഉദ്ഘാടനം ചെയ്യുതുമാണ്. എന്നാൽ കേന്ദ്രത്തിന്റെ പ്രവർത്തനം നാളിതുവരെയായി തുടങ്ങിയിട്ടില്ല. 2006-07 വർഷത്തിൽ ഈ കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിന് മെയിന്റനൻസ് ഗ്രാന്റിൽ ഉൾപ്പെടുത്തി 88,649 രൂപയും ചെലവഴിച്ചിട്ടുണ്ട്.

9-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് അനുവദിച്ച തുകയിൽ നിലനിർത്തി കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയതാണെന്നും മുഴുവൻ പണിയും പൂർത്തിയാക്കാത്തതിനാൽ 10-ാം പഞ്ചവത്സര പദ്ധതി കാലത്താണ് മറ്റ് പ്രവൃത്തികൾ ചെയ്തതെന്നും മെറ്റേണിറ്റി സെന്റർ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറിയുടെ മറുപടിയിൽ അറിയിച്ചു.

കെട്ടിട നിർമ്മാണം നടത്തി 10 വർഷം കഴിഞ്ഞിട്ടും മാതൃശിശുസംരക്ഷണ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽ കൊണ്ടുവരുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2009-10; ഖണ്ഡിക 3.7.13. (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

157. നിലവിൽ എൻ.ആർ.എച്ച്.എം. മുഖേനയുള്ള ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം പ്രസ്തുത കെട്ടിടത്തിൽവച്ചാണ് നടക്കുന്നത് എന്നും മാതൃശിശു സംരക്ഷണ കേന്ദ്രം എന്ന നിലയ്ക്കല്ല കെട്ടിടം ഉപയോഗിക്കുന്നതെന്നും പുതിയ ഡോക്ടറെ നിയമിച്ചാൽ മാത്രമേ പ്രസ്തുത കെട്ടിടം ഉപയോഗിക്കാൻ സാധിക്കുകയുള്ളുയെന്നും ഡോക്ടറെ നിയമിക്കുന്നതിനായി കൗൺസിൽ അപേക്ഷിച്ചിട്ടുണ്ടെന്നും വടകര മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

158. തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

159. **സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച

തനത് നികുതി/നികുതി ഇതര വരുമാനം ദൈനംദിന ചെലവുകൾക്ക് തികയാത്ത സ്ഥാപനങ്ങളിൽ പോലും നികുതി പിരിവിൽ കുടിശ്ശിക നിൽക്കുന്നതായി കാണുന്നു. യഥാസമയം പിരിച്ചെടുക്കാത്ത നികുതികൾ കാലഹരണപ്പെടുമെന്നിരിക്കെ നികുതി കുടിശ്ശിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക അടിത്തറയെ പ്രതികൂലമായി ബാധിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 243(3)-ാം വകുപ്പ്, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 539(2) എന്നിവ പ്രകാരം യഥാസമയം നടപടി എടുക്കുന്നതിലുണ്ടായ വീഴ്ചമൂലം പഞ്ചായത്ത്/മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ടതായ ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും നിയമാനുസൃതമുള്ള ഒരു അന്വേഷണത്തിൽ അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ/ ഉദ്യോഗസ്ഥന്മാരുടെയോ വീഴ്ചമൂലമാണെന്ന് കാണുകയും ചെയ്താൽ അങ്ങനെ പഞ്ചായത്ത്/ മുനിസിപ്പാലിറ്റിക്ക് നഷ്ടപ്പെട്ട തുക 12% പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നോ ഉദ്യോഗസ്ഥൻമാരിൽ നിന്നോ ഈടാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത വകുപ്പുപ്രകാരമുള്ള നടപടിക്രമങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൊന്നും സ്വീകരിക്കുന്നില്ല.

നികുതി കുടിശ്ശികയ്ക്ക് ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ജില്ല | സ്ഥാപനം | വർഷം | കുടിശ്ശിക തുക | റിമാർക്സ് |
|---|---|---|---|---|
| കോഴിക്കോട് | വടകര നഗരസഭ | 2008-09 | 3,75,11,150 | നികുതി കുടിശ്ശിക 3, 14,14,160 നികുതിയേതര കുടിശ്ശിക 53,52,403 |

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2011-12; ഖണ്ഡിക 2.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

160. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

**161. നികുതി കുടിശ്ശികയിനത്തിൽ വ്യത്യാസമില്ലെന്ന് ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പദ്ധതി ഫണ്ടിന്റെ സമയബന്ധിത വിനിയോഗം ഉറപ്പാക്കുകയോ വിനിയോഗിക്കപ്പെടാത്ത തുക തിരിച്ചടയ്ക്കുകയോ ചെയ്യുന്നില്ല.**

പദ്ധതി നടത്തിപ്പിനായി വിവിധ അക്കൗണ്ടുകളിലേയ്ക്ക് മാറ്റുന്ന പദ്ധതിഫണ്ട് സമയബന്ധിതമായി വിനിയോഗിക്കുന്നതിലും, മിച്ചം വരുന്ന തുക ജി.ഒ.(പി)/177/2006/ധന തീയതി: 12-4-2006 ഉത്തരവിൽ നിർദ്ദേശിക്കുന്ന പ്രകാരം തിരിച്ചടയ്ക്കുന്നതിലും പല സ്ഥാപനങ്ങളും വീഴ്ച വരുത്തുന്നു. പദ്ധതി നടത്തിപ്പിനായി കുടുംബശ്രീ അക്കൗണ്ടിലേയ്ക്ക് മാറ്റപ്പെടുന്ന തുകകൾ നിശ്ചിത ആവശ്യത്തിന് ചെലവഴിക്കുകയോ ബാക്കി തിരിച്ചടയ്ക്കുകയോ ചെയ്യുന്നില്ല. ബാങ്കുകളുടെ സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽ പഞ്ചായത്ത് വിഹിതം ബാങ്കുകളിലേയ്ക്ക് മാറ്റുന്നുണ്ടെങ്കിലും പദ്ധതി നടപ്പാക്കാത്തതുമൂലം തുക ബാങ്കുകളിൽ നിഷ്ക്രിയമായി കിടക്കുന്നു.

ഉദാഹരണങ്ങൾ ചുവടെ.

| ജില്ല | സ്ഥാപനം | വർഷം | ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം | ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | അക്കൗണ്ട് |
|---|---|---|---|---|---|
| കോഴിക്കോട് | വടകര നഗരസഭ | 2008-09 | 3-9 | 87,80,163 | കുടുംബശ്രീ |

ചെലവഴിക്കപ്പെടാതെ വിവിധ അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുകകൾ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2011-12; ഖണ്ഡിക 2.5]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

162. സർക്കാർ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**163. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മുനിസിപ്പൽ കണ്ടിജന്റ് പെൻഷൻ ഫണ്ട് രൂപീകരണം-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല.**

മുനിസിപ്പാലിറ്റികളിലെയും, കോർപ്പറേഷനുകളിലെയും കണ്ടിജന്റ് ജീവനക്കാരുടെ റിട്ടയർമെന്റ്/മരണ ആനുകൂല്യങ്ങൾ കാലവിളംബമില്ലാതെ നൽകുക എന്ന ഉദ്ദേശത്തോടെയാണ് കണ്ടിജന്റ് പെൻഷൻ ഫണ്ട് വിഭാവനം ചെയ്തിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 3-5-1997-ലെ ജി.ഒ.(പി)96/97-ാം നമ്പർ പ്രകാരം 1997-ലെ കേരള മുനിസിപ്പാലിറ്റി കണ്ടിജന്റ് എംപ്ലോയീസ് ഡെത്ത് കം റിട്ടയർമെന്റ് ബനിഫിറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 7(1) പ്രകാരം എല്ലാ നഗരസഭകളും അതത് ട്രഷറികളിൽ കേരള മുനിസിപ്പൽ കണ്ടിജന്റ് പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു എസ്.ബി. അക്കൗണ്ട് തുടങ്ങണമെന്ന് നിഷ്കർഷിക്കുന്നു. ഓരോ മാസവും ജീവനക്കാരന്റെ

ശമ്പള ബിൽ പാസ്സാക്കുന്നതോടൊപ്പം മുനിസിപ്പൽ കണ്ടിജന്റ് പെൻഷൻ ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരന്റെയും മൊത്തം ശമ്പളത്തിന്റെ 15% വരുന്ന തുക മുനിസിപ്പൽ ഫണ്ടിൽ നിന്ന് പിൻവലിച്ച് പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

മിക്ക നഗരസഭകളിലും ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള യാതൊരു പ്രവർത്തനങ്ങളും നടത്തുന്നില്ലായെന്ന് രേഖകൾ പരിശോധിച്ചതിൽ വ്യക്തമാകുന്നു. പെൻഷൻ കാര്യങ്ങൾക്കായി ട്രഷറിയിൽ എസ്.ബി അക്കൗണ്ടുകൾ ആരംഭിക്കാതെ തനതു ഫണ്ടിൽ നിന്ന് പെൻഷൻ വിതരണം നടത്തുന്നുണ്ട്. പെൻഷൻ അക്കൗണ്ട് ആരംഭിച്ചിട്ട് നിയമം അനുശാസിക്കും പ്രകാരം പെൻഷൻ അംശദാനം ഒടുക്കാതെ മറ്റുകാര്യങ്ങൾക്കായി അക്കൗണ്ട് ഉപയോഗിക്കുന്നതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓഡിറ്റിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | അപാകങ്ങൾ |
|---|---|---|
| 1 | വടകര നഗരസഭ | കണ്ടിജന്റ് ജീവനക്കാരുടെ മൊത്തം ശമ്പളത്തിന്റെ 15% മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് ഡെപ്പോസിറ്റ് വയ്ക്കുകയും ആവശ്യകത അനുസരിച്ച് പിന്നീട് ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുകയുമാണ് ചെയ്യുന്നത്. |

നിയമം അനുശാസിക്കും പ്രകാരം കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം നൽകുന്നതിനോടൊപ്പം തന്നെ പെൻഷൻ അംശദാനം കൂടി പിൻവലിച്ച് പെൻഷൻ അക്കൗണ്ടിലേയ്ക്ക് ഒടുക്കു വരുത്താത്തത്, പെൻഷൻ ഫണ്ട് എന്ന ആശയത്തെ അപ്രസക്തമാക്കുന്നു. അതാതുമാസത്തെ പെൻഷൻ അംശദാനം പെൻഷൻ അക്കൗണ്ടിലടയ്ക്കുകയും മിച്ച ഫണ്ട് കൂടുതൽ പലിശ ലഭിക്കുന്ന സ്ഥിര നിക്ഷേപം നടത്തുകയോ ചെയ്യുന്നത്, കണ്ടിജന്റ് ജീവനക്കാരുടെ പെൻഷനാനുകൂല്യങ്ങൾ മുടക്കം കൂടാതെ നൽകുന്നതിന് സഹായകമാകും. മാത്രവുമല്ല പലപ്പോഴും പെൻഷനാനുകൂല്യങ്ങൾ നൽകുന്നതിന് പെൻഷൻ ഫണ്ട് തികയാതെ വരുന്ന സാഹചര്യമൊഴിവാക്കുന്നതിനും കൂടുതൽ പലിശ ലഭിക്കുന്ന റ്റി.എസ്.ബി. അക്കൗണ്ടിൽ പെൻഷൻ അംശദാനം നിക്ഷേപിക്കേണ്ടതാവശ്യമാണ്.

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2011-12; ഖണ്ഡിക 2.9]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

164. തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**165. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഖരമാലിന്യ പരിപാലന പദ്ധതിയ്ക്ക് അനുവദിച്ച 28.15 ലക്ഷം രൂപ വിനിയോഗിച്ചിട്ടില്ല.**

വടകര നഗരസഭ ഓഡിറ്റ് റിപ്പോർട്ട് വർഷം 2008-2009

കോഴിക്കോട് ജില്ല ഖണ്ഡിക 3-1

- പ്രോജക്ട് തയ്യാറാക്കി ക്ലീൻ കേരള മിഷനിൽ നിന്നും സാങ്കേതികാനുമതി തേടിയില്ല.
- പദ്ധതി നിർവ്വഹണത്തിനായി ലഭിച്ച സംസ്ഥാനവിഹിതം 28.15 ലക്ഷം രൂപ 4 വർഷത്തിലധികമായി നിഷ്ക്രിയമായി അവശേഷിക്കുന്നു.
- നാളിതുവരെയും പദ്ധതി നടപ്പിലാക്കിയിട്ടില്ല.

സംയോജിത ഖരമാലിന്യ പദ്ധതിയ്ക്ക് ക്ലീൻ കേരള മിഷന്റെ സാമ്പത്തിക വിശകലനത്തിന് ശേഷം 17-8-2005-ലെ 152/സി.കെ.എം./04/എൽ.എസ്.ജി.ഡി.കത്ത് പ്രകാരം അനുമതി ലഭിച്ചു. പദ്ധതിയുടെ അടങ്കൽ തുക 86.7 ലക്ഷം രൂപയായിരുന്നു. 23-3-2006-ലെ സർക്കാർ ഉത്തരവ് നം: 785/06/തസ്വഭവ പ്രകാരം പദ്ധതി നടത്തിപ്പിനുള്ള സംസ്ഥാന വിഹിതമായി 24.22 ലക്ഷം രൂപയുടെ ധനസഹായം അനുവദിച്ചിരുന്നു. ധനസഹായം ലഭിച്ച് 2 മാസത്തിനകം ആക്ഷൻ പ്ലാൻ തയ്യാറാക്കി സിവിൽ പ്രവൃത്തികൾ, പ്രൊസസിംഗ് ടെക്നിക് ഡീറ്റയൽസും, സ്പെസിഫിക്കേഷനും സഹിതം സാങ്കേതികാനുമതിയ്ക്കായി പദ്ധതി ക്ലീൻ കേരള മിഷന് സമർപ്പിക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

ക്ലീൻ കേരള മിഷൻ അനുമതി നൽകിയ പദ്ധതിയിൽ ഖരമാലിന്യങ്ങളുടെ തരംതിരിക്കൽ, വിന്റോ കമ്പോസ്റ്റ് പ്ലാന്റ്, വാഹനങ്ങൾ, ലാന്റ് ഫില്ലിങ് മുതലായ ഇനങ്ങൾക്കാണ് അംഗീകാരം നൽകിയത്. എന്നാൽ നഗരസഭ വിശദമായ പ്രോജക്ട് തയ്യാറാക്കി ക്ലീൻ കേരള മിഷനിൽ നിന്നും സാങ്കേതികാനുമതി തേടിയിരുന്നില്ല.

പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന വിഹിതമായി ലഭിച്ച ധനസഹായം 10-7-2006-ന് വിജയബാങ്കിന്റെ സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ (നം.205901010000971) നിക്ഷേപിച്ചിട്ടുണ്ട്. തുക വിനിയോഗിക്കാത്തതിനാൽ 31-3-2010-ന് പലിശ സഹിതം 28,15,139 രൂപ അക്കൗണ്ടിൽ നിലവിലുണ്ട്.

സംയോജിത ഖരമാലിന്യ സംസ്കരണത്തിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കാത്തതിനാൽ 28.15 ലക്ഷം രൂപ 4 വർഷത്തിലധികമായി നിഷ്ക്രിയമായി അവശേഷിക്കുന്നു. ഈ വിഷയത്തിലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

ഖണ്ഡിക സമാഹൃത റിപ്പോർട്ടിലേയ്ക്ക് ശിപാർശ ചെയ്യുന്ന വിവരം ഡെപ്യൂട്ടി ഡയറക്ടറുടെ 1-6-2012-ലെ എൽ.എഫ്.(വി.എം.) എ 2/191/12-ാം നമ്പർ കത്ത് പ്രകാരം നഗരസഭ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

സ്ഥാപനത്തിൽ നിന്നും ലഭിച്ച മറുപടി പ്രകാരം നാളിതുവരെയും പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടില്ല.

6-2-2012 വരെ പ്രസ്തുത അക്കൗണ്ടിൽ പലിശ സഹിതം 50,80,736 രൂപ നിലവിലുണ്ട്.

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2011-12; ഖണ്ഡിക 4.19]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

166. തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

167. **പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ദാരിദ്ര്യ നിർമ്മാർജ്ജനം - പദ്ധതി തുക ബാങ്ക് നിക്ഷേപമാക്കി നിലനിർത്തുന്നു**

വടകര നഗരസഭ — ഓഡിറ്റ് റിപ്പോർട്ട് വർഷം 2008-2009

കോഴിക്കോട് ജില്ല — ഖണ്ഡിക 3-9

ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ നിർവ്വഹിക്കുന്നതിന് കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി (സി.ഡി.എസ്) യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഓഡിറ്റിന് ഹാജരാക്കിയ അക്കൗണ്ട് പരിശോധിച്ചതിൽ സി.ഡി.എസ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി ലഭിക്കുന്ന കേന്ദ്രസംസ്ഥാന ഫണ്ടുകളിൽ വൻ തുക വിനിയോഗിക്കാതെ കിടക്കുന്നതായി കണ്ടെത്തി. നഗരദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി നൽകുന്ന ഫണ്ടുകൾ ശരിയായി വിനിയോഗിക്കാതെ ബാങ്ക് അക്കൗണ്ടിൽ കിടക്കുന്നതിനാൽ പദ്ധതികളുടെ ലക്ഷ്യം നിറവേറ്റപ്പെടുന്നില്ല.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി പിൻവലിച്ച തുക ചെലവഴിക്കാതെ ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നത് നഗരസഭ അധികൃതരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. ചെലവഴിക്കാതെ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | ഉദ്ദേശം | ബാങ്ക് അക്കൗണ്ട് നം. | അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | ദേശീയ ചേരി വികസന പദ്ധതി | ഭവന നിർമ്മാണം, ലാട്രിൻ നിർമ്മാണം, കുടിവെള്ള പദ്ധതി മുതലായവ | എസ്.ബി.ടി.വടകര 57034520553 | 31-5-2012-ന് 810633 |
| 2 | സ്വർണ്ണ ജയന്തി ശഹരി റോസ്ഗാർ യോജന | സ്വയം തൊഴിൽ പദ്ധതി, തൊഴിൽ പരിശീലനം, നഗരദാരിദ്ര്യ ലഘൂകരണം, വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം മുതലായവ | കാനറാ ബാങ്ക് വടകര ശാഖ-0753101055350 | 4-4-2012-ന് 6960885 |
| 3 | വാംബേ | ഭവന നിർമ്മാണം | കാനറാബാങ്ക് വടകരശാഖ 0753101092881 | 31-1-2012-ന് 96647 |
| 4 | അഗതി ആശ്രയ (പ്ലാൻ ഫണ്ട്) | ഭവന നിർമ്മാണം, കുടിവെള്ളം, ആരോഗ്യ പരിരക്ഷ, ഭക്ഷണം, ശുചിത്വ-സംവിധാനം മുതലായവ | കാനറാബാങ്ക് വടകര ശാഖ 0753101092882 | 31-1-2012-ന് 12960 |

| | | | | |
|---|---|---|---|---|
| 5 | അഗതി ആശ്രയ (സ്റ്റേറ്റ് ഫണ്ട്) | ഭവന നിർമ്മാണം, കുടിവെള്ളം, ആരോഗ്യ പരിരക്ഷ, ഭക്ഷണം, ശുചിത്വ-സംവിധാനം മുതലായവ | ഇന്ത്യൻ ബാങ്ക് വടകര-506812306 | 16-7-2012-ന് 657974 |
| 6 | കെ.യു.ആർ. ഡി.എഫ്.സി. | ഭവന നിർമ്മാണം | പഞ്ചാബ് നാഷണൽ ബാങ്ക് വടകര 4256000100107316 | 11-7-2012-ന് 276,849 |

ഈ ഖണ്ഡിക സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം ഡെപ്യൂട്ടി ഡയറക്ടറുടെ 1-6-2012-ലെ എൽ.എഫ്.(വി.എം.) എ 2/191/12-ാം നമ്പർ കത്ത് പ്രകാരം നഗരസഭാ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ 7-6-2012-ലെ മറുപടിയിൽ തുക ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2011-12; ഖണ്ഡിക 4.20]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

168. പ്രസ്തുത തുക തിരിച്ചടച്ചിട്ടുണ്ടെന്നും രണ്ട് പദ്ധതികളുടെ തുക ഏത് അക്കൗണ്ടിലേയ്ക്കാണ് തിരിച്ചടയ്ക്കേണ്ടത് എന്നത് സംബന്ധിച്ച് ഗവൺമെന്റിൽ നിന്ന് വ്യക്തത ലഭിച്ചിട്ടില്ലായെന്നും ആയതിന് കത്ത് നൽകിയിട്ടുണ്ടെന്നും വടകര മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ ബോധിപ്പിക്കുകയുണ്ടായി.

169. പ്രസ്തുത തുക തിരിച്ചടയ്ക്കാനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**170. പ്രസ്തുത തുക തിരിച്ചടയ്ക്കാനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഉപയോഗമില്ലാതെ കിടക്കുന്ന മത്സ്യമാർക്കറ്റുകളും, ചന്തകളും**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കോടിക്കണക്കിന് രൂപ ചെലവിട്ടു നിർമ്മിച്ചിട്ടുള്ള മത്സ്യമാർക്കറ്റുകൾ, ചന്തകൾ, ഫിഷ് പ്രോസസിംഗ് സെന്ററുകൾ, ഫിഷ്‌ലാന്റിംഗ് സെന്ററുകൾ എന്നിവയിൽ പലതും നിഷ്ക്രിയാസ്തികളായി മാറിയിട്ടുണ്ട്. ശരിയായ ആസൂത്രണത്തിന്റെയും ദീർഘവീക്ഷണത്തിന്റെയും അഭാവമാണ് ഇത്തരം പദ്ധതികളുടെ പരാജയത്തിനുള്ള മുഖ്യകാരണം.

പരിശോധനയിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിഷ്ക്രിയാസ്തിയായി കണ്ടെത്തിയ മത്സ്യമാർക്കറ്റുകൾക്കും, ചന്തകൾക്കും ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.

- കോഴിക്കോട് ജില്ലയിലെ വടകര നഗരസഭ 2011-12-ൽ 29,82,224 രൂപ വിനിയോഗിച്ച് നാരായണനഗരം മത്സ്യ മാർക്കറ്റ് പണികഴിപ്പിച്ചു. ഇത് നിലവിൽ പ്രവർത്തിക്കുന്നില്ല.

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹ്യത ഓഡിറ്റ് റിപ്പോർട്ട് 2014-15 ഖണ്ഡിക 4.1.9]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

171. നാരായണ നഗരം മത്സ്യമാർക്കറ്റ് 29 ലക്ഷം രൂപ ചെലവിട്ടാണ് നിർമ്മിച്ചതെന്നും അതിൽ 7.5 ലക്ഷം രൂപ ഫിഷറീസ് വകുപ്പിന്റെ പണമായിരുന്നുയെന്നും പൊതുജനങ്ങളുടെ പ്രക്ഷോഭം ഉണ്ടായതുകാരണം മത്സ്യമാർക്കറ്റ് തുറക്കാൻ സാധിച്ചില്ലായെന്നും നിലവിൽ പ്രസ്തുത കെട്ടിടം നഗരസഭയുടെ എം.ആർ.എഫ്. ആയി പ്രവർത്തിച്ചുവരികയാണെന്നും ഫിഷറീസ് വകുപ്പിന്റെ ഫണ്ട് ഉൾപ്പെട്ട നിർമ്മാണമായതുകൊണ്ട് കെട്ടിടത്തിന്റെ ഉപയോഗക്രമം വകമാറ്റി ഉപയോഗിക്കുന്നതിനുവേണ്ടിയുള്ള സാധൂകരണത്തിനായി കൗൺസിൽ തീരുമാനമെടുത്ത് സർക്കാരിലേയ്ക്ക് കൊടുത്തിട്ടുണ്ടെന്നും വടകര മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

172. പ്രസ്തുത പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**173. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഉപയോഗപ്രദമല്ലാത്ത മലിനജല പ്ലാന്റിനുവേണ്ടി ലക്ഷങ്ങൾ ചെലവഴിച്ചു:**

വടകര നഗരസഭ    കോഴിക്കോട് ജില്ല

ഓഡിറ്റ് റിപ്പോർട്ട് 2013-14 ഖണ്ഡിക 3-4

- മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമില്ലാതെ പ്ലാന്റ് സ്ഥാപിച്ചു. പ്ലാന്റ് പ്രവർത്തനരഹിതമെന്ന് ബോർഡ്.
- കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി കൺസൾട്ടൻസി സ്ഥാപനത്തിലെ ജീവനക്കാർക്ക് പ്ലാന്റ് പ്രവർത്തിപ്പിക്കാൻ അനുമതി നൽകി
- പ്ലാന്റ് പ്രവർത്തനം കാര്യക്ഷമമല്ലെന്ന റിപ്പോർട്ട് നഗരസഭ അവഗണിച്ചു.
- ഉപയോഗപ്രദമല്ലാത്ത പ്ലാന്റ് പ്രവർത്തിപ്പിക്കാൻ പ്രതിമാസം 45,000 രൂപ നിരക്കിൽ കരാർ പുതുക്കി നൽകി.

കോഴിക്കോട് ജില്ലയിലെ വടകര നഗരസഭയിൽ നാരായണ കരിമ്പനത്തോടിന് സമീപം ശുചിത്വ മിഷന്റെ സഹായത്തോടെ സ്ഥാപിച്ച മലിനജല പ്ലാന്റിന്റെ നിർമ്മാണം പൊലുകെം കൺസൾട്ടൻസി സർവ്വീസ് എന്ന സ്ഥാപനം 31,26,390 രൂപ ചെലവിൽ 2012-13 വർഷം പൂർത്തിയാക്കി. കരാർ ഉടമ്പടി പ്രകാരം നിർമ്മാണം പൂർത്തിയാക്കി ആദ്യ ആറുമാസം കൺസൾട്ടൻസി സ്ഥാപനം പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതോടൊപ്പം ഇക്കാലയളവിൽ ഒരു നഗരസഭ ജീവനക്കാരന് പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിൽ പരിശീലനം നൽകുമെന്ന് വ്യക്തമാക്കിയിരുന്നെങ്കിലും ആയതുണ്ടായില്ല. 6-12-2012-ൽ നഗരസഭ പ്രസ്തുത സ്ഥാപനവുമായി പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് ഒരു വർഷത്തേയ്ക്ക് കരാറുണ്ടാക്കുകയും മെയിന്റനൻസ് ചാർജ് ഇനത്തിൽ (ഓപ്പറേഷൻ ചാർജ്ജ്+കെമിക്കൽസിന്റെ വില) പ്രതിമാസം 30,000 രൂപ നിരക്കിൽ നൽകാൻ ധാരണയുണ്ടാക്കുകയും ചെയ്തു. നഗരസഭയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്ലാന്റിന്റെ പ്രവർത്തനത്തെപ്പറ്റി വിശദമായ റിപ്പോർട്ട് ഹെൽത്ത് ഇൻസ്പെക്ടർ തയ്യാറാക്കി സമർപ്പിച്ചതിൽ (17-7-2013, 27-8-2013, 11-11-2013 തീയതികളിലെ റിപ്പോർട്ടുകൾ) കാര്യശേഷി വർദ്ധിപ്പിക്കാതെ പ്ലാന്റിന്റെ പ്രയോജനം നാട്ടുകാർക്ക് ലഭിക്കില്ലെന്നും നാമമാത്രമായ അളവിലേ മലിനജലം ട്രീറ്റ് ചെയ്യപ്പെടുന്നുള്ളൂവെന്നും ട്രീറ്റ് ചെയ്ത ശുദ്ധജലം തോട്ടിലെ ട്രീറ്റ് ചെയ്യാത്ത മലിനജലത്തോടൊപ്പം ഒഴുക്കി വിടുകയാണെന്നും വ്യക്തമാക്കിയിട്ടും ആയതിന്മേൽ പഠനം നടത്താതെ 5-12-2013-ലും 12-2-2014-ലും കരാർ വീണ്ടും പുതുക്കി നൽകുകയാണ് നഗരസഭ ചെയ്തത്. പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനായി

17-7-2014-ൽ ടെണ്ടർ നൽകുകയും വളരെ താഴ്ന്ന നിരക്ക് ക്വാട്ട് ചെയ്ത മേൽ സ്ഥാപനത്തിനുതന്നെ 3 വർഷത്തേയ്ക്ക് (2014-15-ൽ പ്രതിമാസം 42,750 രൂപ, 2016-ൽ പ്രതിമാസം 48,450 രൂപ, 2016-17-ൽ പ്രതിമാസം 57,000 രൂപ നിരക്കിൽ) കരാർ നൽകുകയും ചെയ്തു. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 28-10-2015-ലെ പരിശോധന റിപ്പോർട്ട് (പി.സി.ബി/എം.എസ്.ഡബ്ല്യൂ/ജി.ഇ. എൻ/1077/2001 തീയതി 4-12-2015) പ്രകാരം ബോർഡിന്റെ പ്രവർത്തനാനുമതി ഇല്ലാതെ സ്ഥാപിച്ച പ്രസ്തുത പ്ലാന്റ് പ്രവർത്തനരഹിതമാണെന്നും അടച്ചുപൂട്ടൽ ഉൾപ്പെടെയുള്ള അനന്തര നടപടികൾ എടുക്കാതിരിക്കാൻ കാരണം ബോധിപ്പിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്ലാന്റിന്റെ കാര്യശേഷി വർദ്ധിപ്പിച്ച് ഉപയോഗപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതെ പ്രയോജനരഹിതമായ പ്ലാന്റിനുവേണ്ടി വൻതുക ചെലവാക്കിയ നഗരസഭയുടെ നടപടി നഗരസഭാ ഫണ്ടിന് ലക്ഷങ്ങളുടെ പാഴ്ചെലവുണ്ടാക്കി. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

പ്രസ്തുത വിഷയം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേയ്ക്ക് ശിപാർശ ചെയ്യുന്ന വിവരം 9-11-2015-ലെ എൽ.എഫ്.വി.ആർ.എം./എ 2/100/15-ാം നമ്പർ കത്ത് പ്രകാരം വടകര നഗരസഭ സെക്രട്ടറിയെ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2015-16; ഖണ്ഡിക 8.21]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

174. മലിനജല പ്ലാന്റ് നിലവിൽ പ്രവർത്തിക്കുന്നില്ലായെന്നും പ്ലാന്റിന്റെ കപ്പാസിറ്റി കൂട്ടിയാൽ മാത്രമേ ആയത് പ്രവർത്തിപ്പിക്കാൻ സാധിക്കുകയുള്ളൂയെന്നും അതിനായി 3.5 കോടി രൂപ ആവശ്യമായി വരുമെന്നും ഫണ്ടില്ലാത്തതിനാൽ നിലവിലുള്ള പ്ലാന്റ് പോലും പ്രവർത്തനക്ഷമമാക്കുന്നതിനായി ഏകദേശം 4 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും പ്ലാന്റിന്റെ മോട്ടോർ കേടുവന്നതുമൂലം നിലവിൽ പ്രവർത്തനരഹിതമാണെന്നും അതിനായി ടെണ്ടർ വിളിച്ചിട്ടുണ്ടെന്നും മലിനജലം ശുദ്ധീകരിക്കണമെങ്കിൽ പത്ത് ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള പ്ലാന്റ് ആവശ്യമാണെന്നും 31 ലക്ഷം രൂപ ചെലവഴിച്ച് സോഷ്യോ എക്കണോമിക്സ് ഫൗണ്ടേഷനാണ് പ്രസ്തുത പ്ലാന്റ് പൂർത്തീകരിച്ചതെന്നും വടകര മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

175. പ്രസ്തുത പ്ലാന്റ് പ്രവർത്തനക്ഷമമാക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

176. **മലിനജല പ്ലാന്റ് പ്രവർത്തനക്ഷമാക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

കൊയിലാണ്ടി നഗരസഭ

ഓഡിറ്റ് ഖണ്ഡിക

തൊഴിൽ പരിശീലന പദ്ധതികൾ പരാജയം

തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വിവിധ തൊഴിൽ മേഖലകളിൽ പരിശീലനം നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ പദ്ധതികൾ ലക്ഷ്യം നേടിയില്ല. പദ്ധതി തുക ലക്ഷങ്ങൾ പാഴാവുന്നതായി കാണുന്നു. വേണ്ടത്ര ആസൂത്രണവും ദീർഘവീക്ഷണവുമില്ലാതെ പദ്ധതികൾ തയ്യാറാക്കുന്നതും അംഗീകാരമില്ലാത്ത കോഴ്സുകളിൽ പരിശീലനം നൽകുന്നതുമുൾപ്പെടെ പരാജയത്തിന് വിവിധ കാരണങ്ങളുണ്ട്. പദ്ധതിപ്പണം ചെലവഴിച്ചു കഴിഞ്ഞാൽ പദ്ധതി ലക്ഷ്യം നിറവേറ്റുന്നതിൽ വേണ്ടത്ര ശ്രദ്ധ നൽകാത്തതും പരാജയത്തിന്റെ കാരണങ്ങളിൽപ്പെടുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനം | ആകെ ചെലവ് | പദ്ധതിയുടെ പേര് | അപാകത ഉൾപ്പെട്ട തുക | വീഴ്ചയുടെ സ്വഭാവം | ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക |
|---|---|---|---|---|---|
| കൊയിലാണ്ടി നഗരസഭ (കുടുംബശ്രീ ഓഡിറ്റ്) | 68000 | കംപ്യൂട്ടർ പരിശീലനം | | പഠിതാക്കളുടെ ഹാജർ സർട്ടിഫിക്കറ്റ് ഇല്ല. കോഴ്സ് പൂർത്തിയാക്കിയതിന് രേഖയില്ല. | 97-98 മുതൽ 01-02 വരെ (ഖ.17) |
| കൊയിലാണ്ടി നഗരസഭ (കുടുംബശ്രീ ഓഡിറ്റ്) | 20000 | ബ്യൂട്ടീഷൻ പരിശീലനം | 20000 | ടി വകയിരുത്തിയ മുഴവൻ തുകയും കോഴ്സ് പൂർത്തിയാക്കുന്നതിന് മുൻപേ നൽകി | (ഖ.18) |

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2005-06; ഖണ്ഡിക 2.70.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

177. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 68,000 രൂപ മുൻകൂറായി അനുവദിച്ചുയെന്നതാണ് ഓഡിറ്റ് പരാമർശമെന്നും കമ്പ്യൂട്ടർ പരിശീലനം വിജയകരമായി പൂർത്തികരിക്കാൻ സാധിക്കുകയും പരിശീലനം നേടിയവർ കുടുംബശ്രീയുടെ ഐ.ടി.വിംഗ് സ്ഥാപിച്ച് നഗരസഭയുടേയും ആർ.ടി. ഓഫീസിന്റേയും പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്ത് വരികയാണെന്നും ആയത് സംബന്ധിച്ച മറുപടി തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയിരുന്നു എന്നും ബ്യൂട്ടീഷൻ പരിശീലനം വിജയകരമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടെന്നും കൊയിലാണ്ടി മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി. ഇതേ തുടർന്ന് എത്രപേർക്കാണ് പരിശീലനം നൽകിയിട്ടുള്ളതെന്നും അവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടുണ്ടോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് 10 പേരാണ് പരിശീലനത്തിനുണ്ടായിരുന്നതെന്നും അവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടുണ്ടെന്നും കൊയിലാണ്ടി മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

178. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫയൽ നടപടികൾ അവസാനിപ്പിക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**179. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വെള്ളക്കരം : വസ്തു കൈമാറ്റതീരുവ ലക്ഷങ്ങൾ ജല അതോറിറ്റിയ്ക്ക്**

വസ്തു കൈമാറ്റതീരുവയിൽ ഗ്രാമപഞ്ചായത്തുകൾക്ക് അർഹമായ ലക്ഷങ്ങൾ ജല അതോറിറ്റിക്ക് കൈമാറുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിലെ പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിലാണിത്. കൈമാറിയ വിവരം ഗ്രാമപഞ്ചായത്തുകളെ അറിയിക്കാറുണ്ടെങ്കിലും തുക കൈപ്പറ്റിയതിന് ജല അതോറിറ്റി രസീത് നൽകാറില്ല. മാത്രമല്ല യാതൊരു കണക്കും ഇത് സംബന്ധിച്ചില്ല.

പഞ്ചായത്ത് പരിധിയിൽ ജല അതോറിറ്റിയുടെ എത്ര ടാപ്പുകൾ ഉണ്ട് അവയിൽ ഉപയോഗക്ഷമമായവയുടെ എണ്ണം, വെള്ളക്കരം ഇനത്തിൽ അടയ്ക്കാനുള്ള തുക, തീരുവയിൽ നിന്നും വകയിരുത്തിയ തുക അടയ്ക്കാൻ ബാക്കി, അധികം വകയിരുത്തിയ തുക എന്നീ വിവരങ്ങൾ ലഭ്യമല്ല. ജല അതോറിറ്റിയ്ക്ക് തീരുവയിൽ നിന്നും അഡ്ജസ്റ്റ് ചെയ്യുന്ന തുക വെള്ളക്കരമിനത്തിൽ നൽകാനുള്ള തുകയിൽ അധികരിക്കാൻ പാടില്ലെന്ന്

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജി.ഒ.(എം.എസ്)188/94;2.08.94 വ്യക്തമാക്കുന്നുണ്ട്. ഉത്തരവ് നിലനിൽക്കുമ്പോഴും കുടിവെള്ള ഉപഭോഗം കണക്കാക്കാതെ ലക്ഷങ്ങൾ ജല അതോറിറ്റിയ്ക്ക് നൽകുന്നത് നിയമവിരുദ്ധമാണ്.

ജല അതോറിറ്റിയുടെ ടാപ്പുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് അർഹമായ തീരുവ പോലും സർക്കാർ വകമാറ്റുന്നുണ്ട്.

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ തീരുവ വിഹിതം കോടികൾ ജല അതോറിറ്റി നിയമവിരുദ്ധമായി കൈപ്പറ്റുന്നുണ്ട്. പ്രശ്നത്തിന്റെ ഗൗരവം വ്യക്തമാക്കാൻ കോഴിക്കോട് ജില്ലയിലെ 9 ഗ്രാമപഞ്ചായത്തുകളുടെ ഓഡിറ്റിൽ ലഭ്യമായ വിവരങ്ങൾ താഴെ:-

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്റ്റാംമ്പ് ഡ്യൂട്ടി വിഹിതത്തിൽ നിന്നും കേരള ജല അതോറിറ്റിയ്ക്ക് വെള്ളക്കരം ഇനത്തിൽ വകയിരുത്തിയ തുകയുടെ വിവരം

| **സ്ഥാപനം** | **തുക** | **ഓഡിറ്റ് റിപ്പോർട്ട് വർഷം ഖണ്ഡിക** | **അപാകതകളുടെ സ്വഭാവം** |
|---|---|---|---|
| കൊയിലാണ്ടി നഗരസഭ | 553339 | 00-01(28) | പ്രവർത്തനക്ഷമമായ ടാപ്പുകളുടെ വിവരമില്ല. അഡ്ജസ്റ്റ് ചെയ്ത തുക എത്ര കാലഘട്ടത്തിലേയ്ക്കുള്ളതാണെന്നറിയില്ല. |

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2005-06; ഖണ്ഡിക 2.70.10(8)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

180. തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

181. **സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഡെപ്പോസിറ്റ് വർക്കുകൾ - പ്രവൃത്തിപൂർത്തീകരിക്കുന്നതിലെ കാലതാമസം**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പ്രവർത്തികൾക്കായി (വൈദ്യുതീകരണം, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, ജലസേചന പദ്ധതികൾ, കുടിവെള്ളക്കിണർ തുടങ്ങിയവ) കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള വാട്ടർ അതോറിറ്റി, ഭൂഗർഭ ജലവകുപ്പ് എന്നീ വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ വൻതുക നിക്ഷേപിച്ചുവരുന്നു.

സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോറത്തിൽ കരാർ ഒപ്പുവയ്ക്കാതെയാണ് ഡെപ്പോസിറ്റ് പ്രവർത്തികൾക്കുള്ള ഫണ്ട് കെ.എസ്.ഇ.ബി, കെ.ഡബ്ല്യു.എ. തുടങ്ങിയ നിർവ്വഹണ ഏജൻസികൾക്ക് കൈമാറുന്നത്. കൈമാറ്റം ചെയ്ത ഫണ്ടിന്റെയും അതിൽ നിന്നുള്ള ചെലവുകളുടെയും കൃത്യമായ കണക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നില്ല. മുൻകൂറായി നൽകിയ തുകകളുടെ വിശദവിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും അങ്ങനെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെയ്തുവരുന്നില്ല. സ്ഥാപനങ്ങൾ കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തതുമൂലം പല സ്ഥാപനങ്ങളിലെയും ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂർ നൽകിയ എത്ര തുക ക്രമീകരിക്കാനുണ്ടെന്ന് തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. അതുപോലെ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷന്റെ ഭാഗമായി 23-2-08-ലെ ജി.ഒ.(പി)/95/2008/ഫിൻ പ്രകാരം അഡ്വാൻസ് തുക പിൻവലിച്ച് അനർട്ടിൽ നിക്ഷേപിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഊർജ്ജ സംരക്ഷണം ലക്ഷ്യമിട്ടുകൊണ്ട് പല പഞ്ചായത്തുകളും അനർട്ടിൽ തുക ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി. എന്നാൽ ഈ പ്രോജക്ടുകൾ പലതും പൂർത്തീകരിച്ചിട്ടില്ല.

തുക അടവാക്കുകയല്ലാതെ ഈ പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച തുടർനടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുകാണുന്നില്ല. ആയതിനാൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടച്ച തുക സ്ഥാപനങ്ങളുടെ ഫണ്ടിൽ മുതനിക്ഷേപമായി കിടക്കുകയാണ്. അടിസ്ഥാന സൗകര്യങ്ങളേർപ്പെടുത്തുക, കുടിവെള്ള പ്രശ്നം പരിഹരിക്കുക, തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| **കോഴിക്കോട് ജില്ല** | | | | |
|---|---|---|---|---|
| കൊയിലാണ്ടി നഗരസഭ | 2007-08/3-5 | വൈദ്യുതീകരിക്കാത്ത കെട്ടിടങ്ങളുടെ എണ്ണം ശേഖരിക്കൽ, പവർലൈൻ മാപ്പിംഗിലൂടെ ഊർജ്ജവിനിയോഗം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് | അനർട്ട് | 930000 |

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11; ഖണ്ഡിക 2.14]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

182. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാരിലേയ്ക്ക് തുക തിരിച്ചടച്ചിട്ടുള്ളതായാണ് മറുപടി നൽകിയിരിക്കുന്നതെന്നും സമ്പൂർണ്ണ ഊർജ്ജ സുരക്ഷ പദ്ധതിക്കായി അനുവദിച്ച തുക പദ്ധതി നടപ്പാക്കാൻ സാധിക്കാത്തതിനാൽ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുകയാണുണ്ടായതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ ബോധിപ്പിച്ചു.

183. അനെർട്ടിനെ ഏൽപ്പിക്കുന്ന പല പ്രവൃത്തികളും യഥാസമയം നടക്കാറില്ലായെന്ന് നിരീക്ഷിച്ച സമിതി എന്തായിരുന്നു വിഭാവനം ചെയ്തിരുന്ന പദ്ധതിയെന്ന് ആരാഞ്ഞതിന് സമ്പൂർണ ഊർജ്ജ സുരക്ഷ പദ്ധതിയെന്ന ഒരു പദ്ധതിയാണ് നടപ്പാക്കാനുദ്ദേശിച്ചിരുന്നതെന്നും സർവ്വേ പഠനങ്ങൾ നടത്തിയിരുന്നുയെങ്കിലും പദ്ധതി പ്രാബല്യത്തിൽ കൊണ്ടുവരാൻ സാധിച്ചില്ലായെന്നും അനുവദിച്ച തുക പിന്നീട് സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുകയും ചെയ്തുവെന്നും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് വകുപ്പ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി.

184. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഫയൽ നടപടികൾ അവസാനിപ്പിക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

185. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ടി. പി. രാമകൃഷ്ണൻ,

തിരുവനന്തപുരം, *അദ്ധ്യക്ഷൻ,*

2022 ഫെബ്രുവരി 24. *ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

<u>അനുബന്ധം I</u>

## പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 6 | തദ്ദേശസ്വയംഭരണം | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പരാമർശങ്ങൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധന നടത്തി ഒരുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 8, 10 | ” | സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 12 | ” | പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 15 | തദ്ദേശസ്വയംഭരണം | വാടക, വെള്ളക്കരം, എന്നീയിനങ്ങളിൽ സോഫ്റ്റ്‌വെയർ യൂണിറ്റുകൾ കുടിശ്ശിക വരുത്തിയ തുക ഈടാക്കുന്നതിന് നിയമ നടപടി സ്വീകരിക്കണമെന്ന സ്റ്റാന്റിംഗ് കൗൺസിലിന്റെ തിരുമാന പ്രകാരം തുടർനടപടി സ്വകരിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 5 | 19, 20 | ” | സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച, കോർപ്പറേഷനിലെ അക്കൗണ്ട്സ് വിഭാഗത്തിൽ ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ സേവനം ലഭ്യമാക്കണമെന്ന ആവശ്യത്തിന്മേൽ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 22 | ” | തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 27 | ” | വിവിധ നികുതിയിനങ്ങളിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി കണക്കാക്കുന്നതിനായി ആധുനിക വിവരസാങ്കേതികവിദ്യയുടെ സഹായം ഉറപ്പ് വരുത്തണമെന്നും കുടിശ്ശിക തുക സംബന്ധിച്ച് നഗരസഭ പരിശോധന നടത്തി കുടിശ്ശിക തുകകളിൽ വരുന്ന മാറ്റം ബന്ധപ്പെട്ട വകുപ്പുകളെ അറിയിക്കണമെന്നും കുടിശ്ശികകൾ സമയബന്ധിതമായി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കണമെന്നും നികുതി പിരിവിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്കായി സംസ്ഥാന ഓഡിറ്റ് വകുപ്പിന് യഥാസമയം നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 8 | 29, 31 | തദ്ദേശസ്വയം ഭരണം | സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 34 | ” | പരാമർശ വിഷയം സംബന്ധിച്ച് നഗരസഭയും വാട്ടർ അതോറിറ്റിയും ചർച്ച നടത്തിയെങ്കിലും ഇരുവരും വിട്ടുവീഴ്ചയ്ക്ക് തയ്യാറാകാത്ത സ്ഥിതി വിശേഷം സംജാതമായതിനാൽ ബന്ധപ്പെട്ട വകുപ്പുകൾ മുൻകൈ എടുത്ത് സർക്കാർ തലത്തിൽ ചർച്ച് നടത്തി പ്രശ്നം അടിയന്തരമായി പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 36 | ” | പരാമർശ വിധേയമായ പദ്ധതികൾക്കായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും വകമാറ്റി ചെലവാക്കിയ തുകകൾക്ക് സർക്കാരിൽ നിന്ന് സാധൂകരണം ലഭിക്കുന്നതിനായി ഒരു തവണ കൂടി സർക്കാരിന് അപേക്ഷ നൽകണമെന്നും കോർപ്പറേഷന്റെ അക്കാലയളവിലെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സംസ്ഥാന ഓഡിറ്റ് വകുപ്പിനും സർക്കാരിനും ലഭ്യമാക്കുന്നതിനും സത്വര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 39, 41, 43 | ” | പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 46 | ” | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് പി.എം.എ.വൈ.-യിലും ലൈഫ് പദ്ധതിയിലും ഉൾപ്പെടുത്തി നിർമ്മാണത്തിനുള്ള തുക അനുവദിക്കുന്നുണ്ടെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 48 | ” | സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ എൻ. എസ്. ഡി. പി പദ്ധതിയ്ക്കായി നീക്കിവച്ച തുക തിരിച്ചടയ്ക്കുന്നതിന് ഹെഡ് ഓഫ് അക്കൗണ്ട് ആവശ്യപ്പെട്ട് സർക്കാരിലേയ്ക്ക് അയച്ച കത്തിന്റെ പകർപ്പ് സഹിതം മറ്റൊരു കത്ത് കൂടി സർക്കാരിൽ സമർപ്പിക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 14 | 50 | ” | വാൽമീകി അംബേദ്കർ ആവാസ് യോജന (വാംബേ) പദ്ധതി പൂർണ്ണ വിജയമല്ലെങ്കിൽ കൂടി ഫണ്ടിന്റെ 92% ചെലവഴിച്ച് പദ്ധതി പൂർത്തീകരിച്ചതായും ബാക്കി തുക തിരിച്ചടച്ചിട്ടുണ്ടെന്നും സർക്കാർ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പദ്ധതിയുടെ ചെലവുമായി ബന്ധപ്പെട്ട രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 15 | 52, 54, 56, 58, 60, 62 | ” | സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 64, 65 | ” | കമ്പ്യൂട്ടർവത്കരണവുമായി ബന്ധപ്പെട്ട് കോർപ്പറേഷൻ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 67, 69, 71, 73, 75, 77, 79, 81, 84, 87, 89, 91, 94, 96, 98, 101, 103, 105, 108,110, 112, 114, 119, 121, 124, 126, 128, 131 | ” | സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 18 | 136 | ” | ടെണ്ടർ വിളിക്കാതെ പ്ലാന്റ് സേഫ് മോട്ടേഴ്സ് എന്ന സ്ഥാപനത്തിന് കൈമാറിയതും പ്ലാന്റ് പ്രവർത്തന ക്ഷമമാകാത്തതിനാൽ വലിയൊരു തുക നഷ്ടം വന്നതും നഗരസഭയുടെ ഭാഗത്തുള്ള ഗുരുതരമായ കൃത്യവിലോപമാണെന്ന് നിരീക്ഷിച്ച സമിതി ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കണമന്ന് നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 19 | 139 | ” | ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കാത്തതിനാൽ നഗരസഭ നൽകിയ തുക തിരിച്ചു പിടിക്കുന്നതിനെതിരെ ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാൽ കോടതിയിൽ നിന്നും അന്തിമവിധി വരുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 141 | ” | പ്രസ്തുത വിഷയത്തിൽ സർക്കാർ സാധൂകരണം ലഭിക്കുന്ന മുറയ്ക്ക് ആയതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 21 | 144 | ” | നഗരസഭയുടെ സ്ഥലം സൗജന്യമായി കെ.റ്റി.ഡി.സി.ക്ക് അനുവദിച്ചത് തെറ്റായ നടപടിയാണെന്ന് സമിതി നിരീക്ഷിക്കുന്നു. സർക്കാർ ഉത്തരവ് തെറ്റായി വ്യാഖ്യാനിച്ച് കെ.ടി.ഡി.സി.ക്ക് അനുവദിച്ച സ്ഥലത്തിന്റെ വില ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നഗരസഭയോട് നിർദ്ദേശിക്കുന്നതോടൊപ്പം ഇതിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും നിർദ്ദേശിക്കുന്നു. |
| 22 | 148, 149 | ” | സപ്ലൈകോയുമായി ബന്ധപ്പെട്ട് സർക്കാർ ഇറക്കിയ ഉത്തരവ് തെറ്റാണെന്ന് അറിയിച്ചുകൊണ്ട് മുനിസിപ്പൽ കൗൺസിൽ പ്രമേയം പാസ്സാക്കി സർക്കാരിലേയ്ക്ക് അറിയിക്കാതിരുന്ന നടപടി മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണെന്ന് സമിതി വിലയിരുത്തുന്നു. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 23 | 153 | ” | സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 24 | 156 | ” | പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധന നടത്തി അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 25 | 159 | ,, | സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 26 | 161 | ,, | നികുതി കടിശ്ശികയിനത്തിൽ വ്യത്യാസമില്ലെന്ന് ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 27 | 163, 165, 167 | ,, | പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 28 | 170 | ,, | പ്രസ്തുത തുക തിരിച്ചടയ്ക്കാനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 29 | 173 | ,, | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 30 | 176 | ,, | മലിനജല പ്ലാന്റ് പ്രവർത്തനക്ഷമമാക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 31 | 179, 181, 185 | ,, | സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

# അനുബന്ധം II

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-2019) വർഷത്തെ തെളിവെടുപ്പ് യോഗം സംബന്ധിച്ചുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06**

| സമാഹൃത ഓഡിറ്റ് ഖണ്ഡിക നം: | ഖണ്ഡിക | നടപടി വിശദീകരണ പത്രിക |
|---|---|---|
| 3.6.1 | **കൊമേഴ്സ്യൽ കോംപ്ലക്സ്-കം-സ്റ്റേഡിയം നിർമ്മാണത്തിൽ അപാകത നഷ്ടം**<br><br>സ്റ്റേഡിയം പുതുക്കിപ്പണിയുന്നതിനും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള പ്രൊജക്ടിന്റെ അടങ്കൽ 596 ലക്ഷം രൂപ. ടെണ്ടർ അധികം അടക്കം ഉദ്ദേശ കരാർ തുക 694 ലക്ഷം രൂപ. 28.11.97ന് കരാറുകാരൻ ഉടമ്പടി ഒപ്പുവെച്ചു. നിശ്ചിത കാലാവധിയ്ക്കകം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയതു കാരണം പൂർത്തിയാക്കാത്ത പ്രവൃത്തി 12.11.2003 ൽ വീണ്ടും ടെണ്ടർ ചെയ്ത് മറ്റൊരു കരാറുകാരനെ ഏൽപ്പിച്ചു.<br><br>പ്രൊജക്ടിന്റെ രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കിയ ആർക്കിടെക്റ്റിന് യഥാർത്ഥ അടങ്കൽ പരിഗണിക്കാതെ ടെണ്ടർ അധികം ഉൾപ്പെടെയുള്ള തുകയ്ക്ക് ഫീസ് നൽകിയതിനാൽ 12,44,840/- രൂപ അധികം നൽകി. പ്രൊജക്റ്റിന് വേണ്ട സ്ഥലം ഒഴിപ്പിച്ചു വാങ്ങാതെയും നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റുന്ന പ്രവൃത്തി അടങ്കലിൽ ഉൾപ്പെടുത്താതെയും ടെണ്ടർ ചെയ്തതിനാൽ നഗരസഭയ്ക്ക് 68,31,133/- രൂപ അധികം ചെലവ് വന്നു. കരാറുകാരന് അനധികൃതമായി മുൻകൂർ നൽകുകയും പലിശ വസൂലാക്കുകയും ചെയ്യാത്തതിനാൽ 38,192 രൂപ നഗരസഭയ്ക്ക് നഷ്ടപ്പെട്ടു. കരാറുകാരന് നൽകിയ സമാഹരണമുൻകൂർ 84,280/- രൂപ തിരിച്ചുപിടിക്കുന്നതിൽ വീഴ്ച വരുത്തി. നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റിയപ്പോൾ ലഭിച്ച വസ്തുക്കൾ പൊതു ലേലം വഴി വിറ്റഴിക്കുകയോ പുതിയ നിർമ്മാണത്തിന് ഉപയോഗിച്ച് നിയമാനുസൃതം വില ഈടാക്കുകയോ ചെയ്തിട്ടില്ല. മേൽ പറഞ്ഞ നഷ്ടം ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കാൻ നിർദ്ദേശിച്ചു. | കോഴിക്കോട് നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന സ്റ്റേഡിയം പുതുക്കി പണിയുന്നതിനും, വരുമാനദായകമായ ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതുമായ ഒരു ബൃഹത് പദ്ധതി തയ്യാറാക്കിയിരുന്നു. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ആവശ്യമായ രേഖകൾ തയ്യാറാക്കൽ, സൂപ്പർവിഷൻ തുടങ്ങിയ പ്രവൃത്തികൾ M/s. ജോസ് രമേഷ് ആന്റ് ബാബു ആർകിടെക്റ്റ് & എഞ്ചിനീയേർസിനെ ഏൽപിക്കുന്നതിന് നഗരസഭയ്ക്ക് സർക്കാർ അനുവാദം നൽകിയിട്ടുണ്ടായിരുന്നു. 3/7/1992 ലെ സ.ഉ. (സാധാ) നമ്പർ 3725/92/തസ്വഭ ഉത്തരവ് പ്രകാരം ഹഡ്കോ അംഗീകരിക്കുന്ന പ്രോജക്ട് കോസ്റ്റിന്റെ 3% ഫീസ് ആർകിടെക്ടിന് നൽകാമെന്ന് സർക്കാർ അനുമതി ലഭിച്ചിട്ടുള്ളതാണ്. ഉത്തരവിൽ, ഹഡ്കോ അംഗീകരിക്കുന്ന പ്രോജക്ട് കോസ്റ്റ് എന്നാണ് പറഞ്ഞിട്ടുള്ളത്. അല്ലാതെ എസ്റ്റിമേറ്റ് കോസ്റ്റ് എന്നല്ല. ഹഡ്കോ അംഗീകരിച്ച പ്രോജക്ട് കോസ്റ്റിൽ എസ്റ്റിമേറ്റ് തുക, ടെണ്ടർ അധിക തുക എന്നിവ ഉൾപ്പെടുന്നുണ്ട് അതിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട് കോസ്റ്റിന്റെ 3% തുക ആർകിടെക്ടിന് ഫീസായി അനുവദിച്ചിട്ടുള്ളത്.<br>സ്റ്റേഡിയം പുതുക്കി പണിയുന്നതിനായി പൊളിച്ച് മാറ്റേണ്ട നിർമ്മിതിയുടെ ഭൂമിക്കടിയിലുള്ള കെട്ട് വളരെയധികം കാലപ്പഴക്കമുള്ളതിനാൽ ഇതിനെ സംബന്ധിച്ച് വ്യക്തമായ അറിവ് ലഭ്യമല്ലായിരുന്നു. കൂടാതെ ഹഡ്കോ ലോൺ പുതിയ നിർമ്മാണ പ്രവൃത്തികൾക്ക് മാത്രമേ അനുവദിക്കാറുള്ളൂ. ഇതിനാലാണ് പൊളിക്കൽ പ്രവൃത്തി ഹഡ്കോയ്ക്ക് നൽകിയ എസ്റ്റിമേറ്റിലും ടെണ്ടറിലും ഉൾപ്പെടുത്താതിരുന്നത്. എന്നാൽ പഴയ നിർമ്മിതികൾ പൊളിച്ച് മാറ്റിയെങ്കിലേ പുതിയ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമായിരുന്നുള്ളൂ. ഈ കാര്യം എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിരുന്നില്ല എന്ന സാങ്കേതികത്വം മാത്രമേ ഉള്ളൂ. വലിയ പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ സ്വാഭാവികമായി സംഭവിക്കുന്ന വ്യതിയാനങ്ങൾ മാത്രമേ ഈ പ്രവൃത്തിയിലും വന്നിട്ടുള്ളൂ. കരാറുകാരനുമായി ഏർപ്പെട്ടിരുന്ന കരാർ കാലാവധി 14.4.1999 ൽ അവസാനിച്ചതിനാൽ തുടർന്നുള്ള പ്രവൃത്തിക്ക് സർക്കാർ അംഗീകാരത്തോടെയാണ് 19.7% വർദ്ധനവ് നൽകിയിട്ടുള്ളത്. സർക്കാർ വിഷയം പഠിച്ച് നിരക്ക് വർദ്ധനവ് ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഈ വർദ്ധനവ് നൽകി ഉത്തരവാക്കിയത്. |

| | | |
|---|---|---|
| | | കച്ചവടക്കാരെ ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട് അവർ കോടതിയെ സമീപിക്കുകയും സ്റ്റേ നേടുകയും ചെയ്തിരുന്നു. തുടർന്ന് നടന്ന ചർച്ചയിൽ താൽക്കാലികമായി ഷോപ്പുമുറികൾ കച്ചവടക്കാർക്ക് വേണ്ടി ഒരുക്കി കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു. ഇത്രയും വലിയ ഒരു പദ്ധതി നടപ്പിലാക്കുമ്പോൾ കച്ചവടക്കാരെ മാറ്റേണ്ടതായി വരും. പുനരുദ്ധാരണ പ്രവൃത്തി നടത്തുന്നതിന് മുമ്പായിരുന്നെങ്കിലും കച്ചവടക്കാർക്ക് താൽക്കാലികമായി സൗകര്യം ഒരുക്കുന്നതിന് കോർപ്പറേഷന് ചിലവ് വരുമായിരുന്നു. കോർപ്പറേഷന് വലിയ വരുമാന സ്രോതസ്സ് ഉണ്ടാക്കുവാനുള്ള ഒരു പ്രോജക്ട് എന്ന നിലയിൽ വേണം ടി പ്രോജക്ടിനെ കാണുവാൻ.<br>കരാറുകാരന് നൽകിയിട്ടുള്ള മുൻകൂർ തുകയുടെ പലിശയിനത്തിൽ നഷ്ടം വന്നു എന്നു പറയുന്ന 38,192/- രൂപയും കരാറുകാരന് നൽകിയ മുൻകൂറിൽ തിരിച്ച് പിടിക്കാൻ ശേഷിക്കുന്ന 84,280/- രൂപയും നിലവിലുള്ള കെട്ടിടം പൊളിച്ച് മാറ്റിയപ്പോൾ അവശേഷിച്ച സാധന സാമഗ്രികളുടെ വാല്യുവേഷൻ പ്രകാരമുള്ള തുകയായ 44,000/- രൂപ പൂർണ്ണമായും കരാറുകാരന് നൽകാനുള്ള സെറ്റിൽമെന്റ് ബില്ലിൽ നിന്നും കുറവ് വരുത്തിയിട്ടുള്ളതാണ്. പ്രി-ഓഡിറ്റ് നടത്തിയതിന് ശേഷമാണ് സെറ്റിൽമെന്റ് ബിൽ തയ്യാറാക്കിയിട്ടുണ്ടായിരുന്നത്. കരാറുകാരന് ഫൈനൽ ബിൽ നൽകിയിട്ടില്ലാത്തതാണ്. ആയതിനാൽ തന്നെ ടി വകയിൽ കോർപ്പറേഷന് യാതൊരുവിധ നഷ്ടവും ഉണ്ടായിട്ടില്ല എന്നറിയിക്കുന്നു. ഫൈനൽ ബിൽ നൽകുന്ന വേളയിൽ ടി തുക കരാറുകാരനിൽ നിന്ന് ഈടാക്കിയേ നൽകുകയുള്ളൂ.<br>പഴയ നിർമ്മിതികൾ പൊളിച്ച് മാറ്റിയപ്പോൾ ലഭിച്ച കോൺക്രീറ്റ് സ്ലാബുകൾ കൗൺസിലർമാർക്ക് അവരുടെ വാർഡുകളിലെ ഡ്രെയിനിന് കവറിംഗ് സ്ലാബ് ആയി ഉപയോഗിക്കുന്നതിന് അനുവദിച്ചിട്ടുള്ളതാണ്.<br>ടി വസ്തുതകൾ കണക്കിലെടുത്ത് ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു |
| 3.6.2 | **നിയന്ത്രണ മേഖലയിൽ ചട്ടം ലംഘിച്ച് ഓപ്പൺ എയർ സ്റ്റേജ്**<br>പൊതുസമ്മേളനങ്ങളും കലാ സാംസ്കാരിക പരിപാടികളും നടത്തുന്നതിന് കോഴിക്കോട് കടപ്പുറത്ത് ഓപ്പൺ എയർ സ്റ്റേജ് നിർമ്മിക്കാനായിരുന്നു പദ്ധതി. നിർമ്മാണം തീരദേശ നിയന്ത്രിത മേഖലയിലായതിനാൽ പ്രബലിത കോൺക്രീറ്റിൽ സ്ഥിരം നിർമ്മാണം പാടില്ല എന്നും താല്ക്കാലിക നിർമ്മാണം നടത്താമെന്നുമുള്ള വ്യവസ്ഥയിലായിരുന്നു സർക്കാരും ശാസ്ത്ര സാങ്കേതിക വകുപ്പും പദ്ധതിക്ക് അംഗീകാരം നൽകിയത്.<br>വ്യവസ്ഥ ലംഘിച്ച് നഗരസഭ പ്രബലിത/ | കോഴിക്കോട് നഗരത്തിൽ വലിയ ജനാവലി കേന്ദ്രീകരിക്കാൻ പറ്റിയ മൈതാനമോ മറ്റ് സ്ഥലമോ ഇല്ലാത്തതുമൂലം പൊതുസമ്മേളനങ്ങളും മറ്റ് കലാസാംസ്കാരിക പരിപാടികളും നടത്തുന്നതിന് ഒരു ഓപ്പൺ എയർ സ്റ്റേജ് ബീച്ച് നവീകരണത്തിന്റെ ഭാഗമായി നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടായിരുന്നു. ടി ആവശ്യം ഉന്നയിച്ച് മുൻമേയർമാർ ബഹു. മുഖ്യമന്ത്രിക്ക് നൽകിയ മെമ്മോറാണ്ടവും ഉണ്ട്. ബഹു. മുഖ്യമന്ത്രി തന്നെ ടി പ്രവൃത്തി അടിയന്തിരമായി ചെയ്യുവാൻ ആവശ്യപ്പെട്ടിരുന്നു. തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി നിലവിലില്ലാത്തതിനാൽ അന്നത്തെ അഡ്മിനിസ്ട്രേറ്ററും ബഹു.മേയറുടെ ചാർജ്ജ് നിർവ്വഹിച്ചിരുന്നതുമായ ജില്ലാ കലക്ടർ 09.11.1995 ന് ബഹു. മുഖ്യമന്ത്രിക്ക് കത്ത് നൽകിയിട്ടുള്ളതാണ്. ഇതേ തുടർന്ന് Director of Science technology & Environmental |

| | | |
|---|---|---|
| | കോൺക്രീറ്റിൽ നിർമ്മാണം നടത്തി 5,94,372/- രൂപ ചെലവഴിച്ചു. നിയമവിരുദ്ധ നിർമ്മാണം പൊളിച്ചുമാറ്റാനുള്ള ഹൈക്കോടതി ഉത്തരവ് (ഒ.പി.നം.2381/97) സുപ്രീം കോടതി ശരിവെയ്ക്കുകയും എസ്.എൽ.പി.നം.22352/2001) ചെയ്തതോടെ നഗരസഭ ചെലവഴിച്ച പണം പാഴാവുകയായിരുന്നു. ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തി. പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ കടൽ മണൽ ഉപയോഗിച്ചുള്ള ഫില്ലിംഗിന് അധിക നിരക്ക് നിശ്ചയിച്ചതിനാലുണ്ടായ നഷ്ടം 17,705 രൂപ ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്ന് ഈടാക്കണം.___ | Departmentന്റെ Environmental Clearance ഉം ലൈറ്റ് ഹൗസിന്റെ ഫൗണ്ടേഷൻ ലെവലിൽ നിന്ന് 1 മീറ്റർ ഉയരത്തിൽ കുറഞ്ഞ് പ്രവൃത്തി നടത്തുവാനും Port Officer ഉടെ അനുമതിയും ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന സ്റ്റേജ് നിർമ്മാണ പ്രവർത്തിക്ക് യാതൊരു വിധത്തിലുമുള്ള കോൺക്രീറ്റ് നിർമ്മാണവും നടത്തിയിട്ടില്ല എന്നും ഓപ്പൺ സ്റ്റേജ് ആയിട്ടാണ് ഉപയോഗിച്ചുവരുന്നതെന്നും ബോധിപ്പിക്കുന്നു. സ്റ്റേജിനോടനുബന്ധിച്ച് ഗ്രീൻ റൂം അനിവാര്യമായതിനാൽ Director of Science technology & Environmental Department ന്റെ നിബന്ധനകൾക്ക് അനുസൃതമായി ഫൗണ്ടേഷൻ ലെവലിൽ നിന്ന് ഒരു മീററർ ഉയരം പാലിച്ചുകൊണ്ട് രണ്ട് ഗ്രീൻ റൂമുകൾ ഭൂമിക്ക് അടിയിലേക്ക് താഴ്ത്തി നിർമ്മിച്ചിട്ടുള്ളതാണ്. കടലിനടുത്ത് ഇരുമ്പ് ഉപയോഗിച്ചുള്ള നിർമ്മാണം സാധ്യമല്ലാത്ത സാഹചര്യത്തിലാണ് കോൺക്രീറ്റ് റൂഫ് നിർമ്മാണം നടത്തേണ്ടി വന്നിട്ടുള്ളത്. നിർമ്മാണം കഴിഞ്ഞ് 20 വർഷത്തോളമായി കേന്ദ്ര-കേരള-പ്രാദേശിക സർക്കാരുകളുടെയും മറ്റും പൊതു പരിപാടികളും അനുബന്ധ സാംസ്ക്കാരിക പരിപാടികളും നടത്തി സ്റ്റേജ് ഇതുവരെ സജീവമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നതുമാണ്. നഗരത്തിലെ ജനങ്ങൾക്ക് വളരെ ഉപകാര പ്രദമായിട്ടുള്ളതാണ് ഈ നിർമ്മാണ പ്രവർത്തി.<br><br>ഓപ്പൺ സ്റ്റേജ് നിർമ്മാണത്തിനിടെ ഫില്ലിംഗിനായി sea sand ഉപയോഗിച്ചെന്നും ആയതിന് 14 കിലോമീറ്റർ ദൂരത്ത് നിന്ന് കൊണ്ടുവരാനുള്ള ചിലവ് കൂടി നൽകിയെന്നുമാണ് ഓഡിറ്റ് പരാമർശമുള്ളത്. ഫൗണ്ടേഷൻ കടൽ മണലിലായതിനാൽ മണ്ണെടുത്ത ഭാഗത്തും ഫില്ലിംഗിനായും കടൽ മണൽ മാത്രമേ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. പ്രവൃത്തി നടക്കുന്ന സ്ഥലത്തിനു ചുറ്റും കടൽ മണ്ണ് ഉണ്ടെങ്കിലും ആയത് എടുക്കുന്നത് അനധികൃതമാണ്. Port Officer ഉടെ അനുവാദത്തോടെ port outlet ൽ നിന്നും ഫീസ് ഈടാക്കിയേ കടൽ മണൽ സൈറ്റിൽ എത്തിക്കുവാൻ സാധിക്കുകയുള്ളൂ. ഏറ്റവും അടുത്ത port outlet കോഴിക്കോട് ബീച്ചിൽ നിന്നും ഉദ്ദേശം 14 കിലോമീറ്റർ ദൂരത്തുള്ള പുതിയാപ്പ ആയതിനാൽ പുതിയാപ്പ Dredging Harbourൽ നിന്നുമാണ് കൊണ്ടുവന്നിട്ടുള്ളത്. ആയതിനാലാണ് ടി തുക നൽകേണ്ടിവന്നത്.<br><br>ടി വസ്തുതകൾ കണക്കിലെടുത്ത് ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കിതരണമെന്ന് സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു |
| 3.6.3 | താമരക്കുളം നവീകരണത്തിൽ അപാകത<br>കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് താമര | നഗരസഭയുടെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് താമര |

| | | |
|---|---|---|
| | ക്കുളം നവീകരിക്കുന്നതിന് നിർവഹിച്ച പദ്ധതിയിൽ അപാകതകൾ. കുളത്തിലെ വെള്ളം കുടിവെള്ളമായി ഉപയോഗിക്കാൻ പറ്റുമോ എന്ന് ഹൈഡ്രോജിയോളജിക്കൽ ടെസ്റ്റ് നടത്തി ഉറപ്പുവരുത്തിയില്ല.<br>12 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്ത ശേഷം അധിക പ്രവൃത്തികൾ ഉൾപ്പെടുത്തി 23.65 ലക്ഷം രൂപയാക്കി പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയത് ചട്ടവിരുദ്ധമാണ്. ആദ്യ അടങ്കൽ തയ്യാറാക്കിയത് യാഥാർത്ഥ്യ ബോധത്തോടെ ആയിരുന്നില്ല.നിശ്ചിത സമയത്ത് കരാർ ചമയ്ക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരനിൽ നിന്ന് പിഴയായി 11510/- രൂപ ഈടാക്കിയില്ല.<br>പ്രവൃത്തിക്ക് പണം അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കി സർക്കാരിലും മറ്റും അടവാക്കേണ്ട 33.591/- രൂപ കുറവ് വരുത്തിയില്ല. | ക്കുളം നവീകരിക്കുവാൻ തീരുമാനിക്കുകയും സംരക്ഷണഭിത്തി കെട്ടുകയും ആവശ്യമായ ശുചീകരണ പ്രവൃത്തികൾ (ക്ലോറിനേഷൻ മുതലായവ) ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കുകയും ചെയ്തു. എന്നാൽ പ്രവൃത്തി തുടങ്ങിയപ്പോൾ ജലാശയത്തിനു ചുറ്റും ഭിത്തി കെട്ടുമ്പോൾ സ്വാഭാവികമായും ഉണ്ടാകുന്ന തടസ്സങ്ങൾ നേരിട്ടു. പാർശ്വ ഭിത്തികൾ ഇടിയുകയും rubble pitching ചെയ്യേണ്ടുന്ന സ്ഥലങ്ങൾ fill up ചെയ്തതിനാൽ sink ചെയ്യാൻ സാധ്യതയുള്ളതിനാൽ കോൺക്രീറ്റ് ഉപയോഗിച്ച് pitching area-യിൽ grid beam കൊടുക്കേണ്ടിവന്നതിനാലും മറ്റുമാണ് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വന്നത്. ടി പ്രോജക്ട് തൃപ്തികരമായി പൂർത്തീകരിക്കുന്നതിനും ഉപയോഗപ്രദമാക്കുന്നതിനും അത്യാവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചാണ് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയത്.<br>കുളത്തിലെ ജലം കാലാകാലങ്ങളിൽ പരിശോധന നടത്തിയതും ക്ലോറിനേഷൻ പ്രവൃത്തി നടത്തിയതുമാണ്. ജലക്ഷാമം നേരിടുന്ന സമയത്ത് ടി ജലം ധാരാളമായി ഉപയോഗിക്കാറുണ്ടായിരുന്നു. ടി കുളത്തിലെ ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് യാതൊരു പരാതികളും ലഭിച്ചിട്ടില്ലാത്തതാണ്.<br>കരാറുകാരനിൽ നിന്നും കരാർ ചമയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിനുള്ള പിഴയായി 11,510/-രൂപയും, നിയമാനുസൃതമായി ഈടാക്കേണ്ട നികുതിയിനത്തിൽ കുറവ് വന്ന 33,591/- രൂപയും കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനായി 6.12.2018 തീയതിയിൽ കരാറുകാരന് നോട്ടീസ് നൽകിയിട്ടുള്ളതായി നഗരസഭ അറിയിച്ചിട്ടുണ്ട്. ടി വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കിത്തരണമെന്ന് നഗരസഭാ സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു |
| 3.5.4 | ബുൾഡോസർ വാടക: അധിക നിരക്ക് നൽകി<br>നഗരസഭയുടെ മാലിന്യ നിക്ഷേപ കേന്ദ്രത്തിലെ മണ്ണ് നിരത്തുന്നതിന് ബുൾഡോസർ വാടകയ്ക്കെടുത്തപ്പോൾ അധിക നിരക്ക് നൽകി. കരാറുകാരൻ ഉപയോഗിച്ച ബുൾഡോസറിന് സർക്കാർ അംഗീകൃത നിരക്കായ മണിക്കൂറിന് 884/- രൂപയാണ് (17.4.99 ലെ ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ മെക്കാനിക്കലിന്റെ ഉത്തരവ്). എന്നാൽ കരാറുകാരന് നൽകിയത് മണിക്കൂറിന് 1300/- രൂപ പ്രകാരമാണ്. 15.12.2001 മുതൽ 5.2.2002 വരെ 265.40 മണിക്കൂർ ബുൾഡോസർ ഉപയോഗിച്ചതിന് 2,34,849/-രൂപയ്ക്ക് പകരം 3,45,367/- രൂപ നൽകുകയുണ്ടായി. അധികച്ചെലവിന് സർക്കാർ അംഗീകാരം വാങ്ങുകയോ തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി നഗരസഭാ ഫണ്ടിൽ അടയ്ക്കുകയോ വേണം. | 15.06.2011 ലെ ജി.ഒ. (ആർ.ടി) നം. 147/2011 തസ്വഭവ നമ്പർ ഉത്തരവിലൂടെ ഓഡിറ്റ് തടസ്സത്തിന് സർക്കാർ സാധൂകരണം നൽകിയിട്ടുണ്ട്. ടി വസ്തുതകൾ കണക്കിലെടുത്ത് ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു. |

| | | |
|---|---|---|
| 3.5.5 | <u>സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് പദ്ധതി പണം പാഴായി</u><br>സോഫ്ട്‌വെയർ ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിന് 1997-98 -ൽ പ്രൊജക്ട് തയ്യാറാക്കി ഉപകരണങ്ങൾ വാങ്ങുന്നതിന് തിരുവനന്തപുരം സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക് 16 ലക്ഷം രൂപ നൽകി<br><br>എസ്.ടി.പി.ഐ. അംഗീകാരമുള്ള അഞ്ച് സ്ഥാപനങ്ങൾ തുടങ്ങുന്നതിന് കേരള നഗര വികസന ധനകാര്യ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം വാടകക്ക് എടുത്തു. വ്യക്തമായ വ്യവസ്ഥകളോടെ കരാർ വെയ്ക്കാതെ നാല് സ്വകാര്യ സ്ഥാപനങ്ങൾക്ക് ഏല്പിച്ച് കൊടുത്തു.സ്ഥാപനങ്ങൾ ലൈസൻസ് ഫീ അടച്ചിട്ടില്ല. ഏതാനും മാസം പ്രവർത്തിച്ച ശേഷം ഒഴിഞ്ഞുപോയി. വാടക, വൈദ്യുതിചാർജ്ജ്, വെള്ളക്കരം ഇനങ്ങളിൽ നഗരസഭ 15,56,047/- രൂപ ചിലവഴിച്ചു. സ്ഥാപനങ്ങൾ ഒഴിഞ്ഞു പോയിട്ടും രണ്ട് വർഷത്തോളം കെ.യുഡി.എഫ്. സിക്ക് അനാവശ്യമായി വാടക നൽകി. എസ്.ടി.പി.ക്ക് നൽകിയ 16 ലക്ഷം രൂപ തിരിച്ച് വാങ്ങാനും സമയബന്ധിതമായി നടപടി എടുക്കാത്തതിനാൽ വാടക അനാവശ്യമായി 3,13,152/- രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കാനും നിർദ്ദേശിച്ചു. | കോഴിക്കോട് കോർപ്പറേഷൻ കെ.യു.ഡി.എഫ്സിയിൽ നിന്നും 7545 ച.അടി സ്ഥലം താത്ക്കാലികമായി വാടകക്കെടുത്ത് 4 സോഫ്റ്റ്‌വെയർ യൂണിറ്റുകൾക്ക് ച. അടിക്ക് 6.50 രൂപ നിരക്കിൽ ഏൽപ്പിച്ചു കൊടുക്കുകയും ആയതിൽ കോർപ്പറേഷനുണ്ടായ നഷ്ടം 15,56,047/- രൂപയിൽ രണ്ട് സോഫ്റ്റ്‌വെയർ യൂണിറ്റുകൾ (M/s. റിയാലിറ്റി ഫാക്ടറി 1/1/99 മുതൽ 9/2002 വരെ 9,03,240/- രൂപയും M/s. ഇൻഫോറിറ്റ് 14.02.2000 മുതൽ 26.4.2002 വരെ 70,415/- രൂപയും<br><br>ഉൾപ്പടെ 9,73,655/- രൂപ അടവാക്കിയിട്ടുണ്ട് നഗരസഭക്ക് ലൈസൻസ് ഫീസ് അടവാക്കാതെ സ്വയം ഒഴിഞ്ഞുപോയ സോഫ്റ്റ്‌വെയർ യൂണിറ്റുകളിൽ നിന്ന് യഥാസമയം ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കാതിരുന്നതിനു, അനാവശ്യമായി 3,13,152/ രൂപ വാടകയിനത്തിൽ നൽകിയതിനു ഉത്തരവാദികളായ മുൻ റവന്യൂ ഓഫീസർമാർക്ക് ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടർ തിരുവനന്തപുരം എൽഎഫ്.10034/Spl.cell sc 5/04 തീയ്യതി, 12.6.2006, 4.11.2006 പ്രകാരം സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് നൽകുകയും ആയതിൻമേൽ ശ്രീ. ടി.എ. രവീന്ദ്രനാഥൻ, ശ്രീമതി. എ. ബേബിസരോജ(റിട്ട: റവന്യൂ ഓഫീസർമാർ) എന്നിവർ കോഴിക്കോട് ജില്ലാകോടതിയിൽ യഥാക്രമം ഒ.പി. നമ്പർ 315/2000, ഒ.പി.നമ്പർ 16/07 നമ്പറുകളിലായി അന്യായം ഫയൽ ചെയ്യുകയും ടി കേസുകളിൽ ടിയാൻമാർക്ക് അനുകൂലമായി ഉത്തരവ് സമ്പാദിക്കുകയും ചെയ്തു ടി വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് നഗരസഭാ സ്റ്റാന്റിംഗ് കൗൺസിൽ അഡ്വ.കെ.ഡി.ബാബുവിൽ നിന്ന് നിയമോപദേശം തേടിയതിൽ ടി വിധികൾക്കെതിരെ നഗരസഭ അപ്പീലുകൾ സമർപ്പിക്കേണ്ടതില്ലെന്നും ഒന്നാം എതിർ കക്ഷി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പായതിനാൽ ടി ഓഫീസാണ് അപ്പീൽ നൽകേണ്ടതെന്നും നിയമോപദേശം നൽകിയിരുന്നു. പ്രസ്തുത വിവരം 2.07.2013 ലെ എ34/2549/99 നമ്പർ കത്തു പ്രകാരം ലോക്കൽ ഫണ്ട് ഡയറക്ടറെ അറിയിച്ചിട്ടുള്ളതാണ്. സോഫ്റ്റ് വെയർ ടെക്നോളജി പാർക്കിന് നൽകിയ 1600000/- ഈടാക്കുന്നതിനു വേണ്ടി കൗൺസിൽ തീരുമാനത്തിനു വിധേയമായി നടപടികൾ സ്വീകരിക്കുന്നതാണ് എന്ന വിവരം ബോധിപ്പിക്കുന്നു. |
| 3.5.6 | സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക്: പ്രവൃത്തി ആരംഭിച്ചില്ല<br>നഗരസഭയുടെ പഴയ ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റിയ സ്ഥലത്ത് 13 കോടി രൂപ ചെലവിൽ 9 നിലകളിൽ സോഫ്റ്റ് വെയർ ടെക്നോളജി പാർക്കിന് കെട്ടിടം നിർമ്മിക്കാൻ തീരുമാനിക്കുകയുമായി. കെട്ടിടത്തിന്റെ രൂപകല്പന, [illegible] അടങ്കൽ തുടങ്ങിയവ തയ്യാറാക്കാൻ | കോഴിക്കോട് നഗരസഭാ കൗൺസിൽ തീരുമാനപ്രകാരം ടെക്നിക്കൽ ബ്ലോക്ക് പൊളിച്ച് സോഫ്റ്റ് വെയർ ടെക്നോ പാർക്ക് പണിയുന്നതിനായി ഡിസൈനും മറ്റും തയ്യാറാക്കുന്നതിനായി ആർകിടെക്റ്റ് ശ്രീ. പ്രശാന്തിനെ ചുമതലപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ചുവരികയും 30.04.2002 ലെ വികസനകാര്യ സമിതിയുടെ 2-ാം നമ്പർ തീരുമാന പ്രകാരം ബേസ്മെന്റ് അടക്കം 4 നിലകളുടെ പ്രവൃത്തി മുഴുവനായും ബാക്കി 5 നിലകൾ ഘട്ടനാപരമായി പൂർത്തിയാക്കുന്നതിനും തീരുമാനിച്ചു. ആയതിനുവേണ്ടി മൊത്തം അടങ്ക |

| | | |
|---|---|---|
| | ആർക്കിടെക്റ്റ് പ്രശാന്ത് ആന്റ് അസോസിയേറ്റ്സിന് 2,80,000/- രൂപയും സോയിൽ ടെസ്റ്റ് നടത്താൻ എൽ.ബി.എസ്. സെന്ററിന് 30,000/- രൂപയും സ്ട്രക്ചറൽ ഡിസൈൻ സൂക്ഷ്മപരിശോധന നടത്താൻ എൻ.ഐ.ടി. കോഴിക്കോടിന് 50,000/- രൂപയും നൽകിയിട്ടുണ്ട്. സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ലഭ്യമാക്കുകയോ പ്രവൃത്തി ആരംഭിക്കുകയോ ചെയ്യാത്തതിനാൽ ചെലവഴിച്ച ആകെ ചെലവ് 3,84,626/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തി. | ലിൽ ഭേദഗതി വരുത്തി [illegible] ന്നതിനും ആർകിടെക്റ്റിന് നിർദ്ദേശം നൽകി. <br> ഈ പദ്ധതി ബി.ഒ.ടി. പ്രകാരം നിർവ്വഹിക്കാനും ആയത് ഐ.സി.ഐ.സിഐ കിൻഫ്രായെ ചുമതലപ്പെടുത്തുവാനും കൗൺസിൽ തീരുമാനിക്കുകയുണ്ടായി. നിർമ്മാണപ്രവർത്തനങ്ങളുടെ മുന്നോടിയായി, സോയിൽ ടെസ്റ്റ് നടത്തിയത് ഭാവിയിലും ഈ സൈറ്റിൽ നടത്തുന്ന നിർമ്മാണ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്നതാണ്. <br> നേരത്തെ തയ്യാറാക്കിയ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവയുടെ സ്ക്രൂട്ടിനി ടെസ്റ്റ് റിപ്പോർട്ട് ഒറിജിനൽ സ്റ്റാമ്പ് റസീപ്റ്റ് സഹിതം എത്തിയ്ക്കുന്നതിന് എൻ.ഐ.ടിയ്ക്ക് കത്തയച്ചിട്ടുണ്ട്. മേൽ ഓഡിറ്റ് പരാമർശം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി. പ്രവൃത്തി നടപ്പിലാക്കുന്നതിന് വേണ്ടി തീരുമാനത്തിനായി നടപടി സ്വീകരിച്ച് വരുന്നുണ്ടെന്ന് അറിയിക്കുന്നതിനോടൊപ്പം സാങ്കേതികപരമായി തുടർന്നും ഉപയോഗിക്കാവുന്ന തരത്തിലുള്ള പ്രാരംഭ പ്രവർത്തനമാണിതെന്നും സെക്രട്ടറി ബോധിപ്പിച്ചിരിക്കുന്നു |
| 3.5.7 | **ലൈസൻസ് ഫീ വർദ്ധന കുടിശ്ശിക ഈടാക്കിയില്ല** <br> ഇന്ദിരാഗാന്ധി റോഡ് ബസ് സ്റ്റാന്റ് കെട്ടിടത്തിലെ 10,10എ എന്നീ മുറികളുടെ വാടകക്കാരനിൽ നിന്ന് വർദ്ധിപ്പിച്ച ലൈസൻസ് ഫീ കുടിശ്ശിക ഈടാക്കാത്തതിനാൽ നഗരസഭയ്ക്ക് 1,28,030/- രൂപയുടെ നഷ്ടം 1.4.95 മുതൽ 31.3.98 വരെ പ്രതിമാസം 7,590/- രൂപ ലൈസൻസ് ഫീയും 380/- രൂപ സർവ്വീസ് ചാർജും വാങ്ങുകയുണ്ടായി. 1.4.98 മുതൽ 30.9.2002 വരെയും 1.10.2002 മുതൽ 31.3.2003 വരെയും കൗൺസിൽ തീരുമാനപ്രകാരം വർദ്ധിപ്പിച്ച ലൈസൻസ് ഫീയും സർവ്വീസ് ചാർജും ഈടാക്കിയില്ല. തുക ഈടാക്കണം. | തുക ഈടാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട് |

നമ്പർ : ബി15/21208/12

നഗരസഭാ കാര്യാലയം,
കോഴിക്കോട്, 9.3.2012

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2008-09 വർഷ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേൽ കോഴിക്കോട് കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന നടപടി വിശദീകരണ പത്രിക

| ക്രമ നം | ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക | സമാഹൃത റിപ്പോർട്ട് ഖണ്ഡിക | ഓഡിറ്റ് പരാമർശങ്ങൾ | സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1 | 2005-06<br>3-14-5 | 3-2-3 | മാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ശാസ്ത്രീയ മാലിന്യ സംസ്ക്കരണത്തിന് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ധനസഹായത്തോടെ 5.55 കോടി രൂപ അടങ്കലിൽ നഗരസഭ തയ്യാറാക്കിയ മാതൃകാ ഖരമാലിന്യ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾക്കായി പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിച്ചിരുന്നു. മേൽ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) പ്രകാരമുള്ള ചെലവുകൾ മാത്രമെ ഈ ഫണ്ടിൽ നിന്നും ചെലവഴിക്കാൻ പാടുള്ളൂ. എന്നാൽ ഇതിന് വിരുദ്ധമായി ഗ്രീൻബെൽറ്റ് നിർമ്മാണത്തിന് ഭൂമി വിലയ്ക്കെടുക്കുന്നതിന് പ്രസ്തുത അക്കൗണ്ടിൽ നിന്നും ഒരു കോടി രൂപ പിൻവലിച്ച് ലാന്റ് അക്വിസിഷൻ തഹസിൽദാർക്ക് നൽകി. ഈ നടപടിക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം തടസ്സം ഉന്നയിച്ചതിനാൽ 14 മാസം കഴിഞ്ഞ് തുക തിരികെ ഫണ്ടിൽ നിക്ഷേപിച്ചു. ഫണ്ട് വക മാറ്റിയതു മൂലം 4,08,333/- രൂപയുടെ പലിശ നഷ്ടം ഉണ്ടായി. | കോഴിക്കോട് കോർപ്പറേഷൻ, ഞെളിയൻപറമ്പ് ട്രഞ്ചിംഗ് ഗ്രൗണ്ടിന് ചുറ്റും ഗ്രീൻബെൽറ്റ് സ്ഥാപിക്കുന്നതിന് അടിയന്തിരമായി ഭൂമി ഏറ്റെടുക്കുന്ന പ്രവർത്തികൾ ക്കായി എൽ.എ. സ്പെഷ്യൽ തഹസിൽദാർ ആവശ്യപ്പെട്ട 2 കോടി രൂപയിൽ അടിയന്തിരമായി 1 കോടി രൂപ നല്കുന്നതിന് മാതൃകാ ഖരമാലിന്യ എക്സിക്യൂഷൻ കമ്മിറ്റിയുടെ 7.6.05-ലെ 10-ാം നമ്പർ തീരുമാന പ്രകാരമാണ് തുക അടവാക്കിയിട്ടുള്ളത്. ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, അതിന്റെ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന്റെയും ഭാഗമായിട്ടാണ് സ്ഥലമെടുപ്പ് ആവശ്യമായി വന്നിട്ടുള്ളത്. ഇതിന്റെ ആവശ്യത്തിലേക്ക് സമയബന്ധിതമായി സ്ഥലമെടുപ്പ് ലഭ്യമായിട്ടില്ലെങ്കിൽ ഈ പദ്ധതി കോർപ്പറേഷന് നഷ്ടമാകുന്നതും അതോടൊപ്പം കോർപ്പറേഷൻ പരിധിയിലെ ഖരമാലിന്യ വേസ്റ്റുകൾ സമയബന്ധിതമായി സംസ്കരിച്ച് നീക്കം ചെയ്യാൻ പറ്റാത്തതുമൂലം നഗരവാസികൾ ദുരിതത്തിലാവുകയും ചെയ്യുമെന്നതിനാൽ കേന്ദ്ര ഗവ: പ്രതിനിധിയും സംസ്ഥാന മലിനീകരണ ബോർഡ് പ്രതിനിധികളും ടി സ്ഥലം പരിശോധിച്ച് അംഗീകരിച്ചിട്ടുള്ളതും എമർജൻസി ക്ലോസിൽ ഉൾപ്പെടുത്തി പ്രസ്തുത സ്ഥലം അക്വയർ ചെയ്യുന്നതിന് കോർപ്പറേഷൻ കൗൺസിൽ തീരുമാനിച്ചതുമാകുന്നു.<br>കോഴിക്കോട് കോർപ്പറേഷനിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഒട്ടേറെ പ്രശ്നങ്ങളും, ജനകീയ സമരങ്ങളും ഉണ്ടായ സാഹചര്യത്തിലാണ് മാതൃക ഖരമാലിന്യഎക്സിക്യൂഷൻ കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാതൃകാ ഖരമാലിന്യ പ്രോജക്ടിന്റെ ഭാഗമായിട്ടുള്ള ഗ്രീൻ ബെൽറ്റ് പദ്ധതിയ്ക്ക് വേണ്ടി ഭൂമി എമർജൻസി ക്ലോസിൽ അക്വയർ ചെയ്യുന്നതിന് 1 കോടി രൂപ ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ധന സഹായഫണ്ടിൽ നിന്ന് പിൻവലിച്ച് ലാന്റ് അക്വിസിഷൻ തഹസിൽദാർക്ക് നൽകിയിട്ടുള്ളത്.<br>മാലിന്യ സംസ്കരണത്തിനു പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ഫണ്ടായതു കാരണമാണ് ടി തുക മാലിന്യ |

നമ്പർ : ബി15/21208/12

നഗരസഭാ കാര്യാലയം,
കോഴിക്കോട്, 9.3.2012

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയരക്ടറുടെ 2008-09 വർഷ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേൽ കോഴിക്കോട് കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന വിശദീകണ പത്രിക

| ക്രമ നം | ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക | സമാഹൃത റിപ്പോർട്ട് ഖണ്ഡിക | ഓഡിറ്റ് പരാമർശങ്ങൾ | സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1 | 2007-09<br>2006-07 (3-27) | 3-4-4 | 1998-99 വർഷം ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് പ്രൊജക്ടുകളിലായി 450 പേർക്ക് ഭവന നിർമ്മാണത്തിന് നഗരസഭാ വിഹിതമായി പദ്ധതി വിഹിതത്തിൽ നിന്നും 56,25,000/- രൂപ (450 x 12500 രൂപ) കേരള സ്റ്റേറ്റ് ഭവന നിർമ്മാണ ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തു. ഭവന നിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 11.12.2003 തീയതിയിലെ കത്ത് പ്രകാരം 225 ഗുണഭോക്താക്കൾക്ക് ധനസഹായം നല്കിയതായും ബാക്കി 225 പേരുടെ നിക്ഷേപ തുകയായ 28,12,500/- രൂപ നഗരസഭക്ക് നല്കുവാനുണ്ട് എന്നും അറിയിച്ചിരുന്നു. 20.12.2002-ൽ നഗരസഭ ഭവന നിർമ്മാണ ബോർഡിന് അയച്ച വക്കീൽ നോട്ടിസ് പ്രകാരം 194 പേർക്ക് ധനസഹായം അനുവദിച്ചതായും ആന്വിറ്റിയിൽ ബാക്കിയുള്ള 32 ലക്ഷം രൂപ പലിശ സഹിതം തിരിച്ച് കിട്ടണമെന്നും ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ നിരവധി കത്തിടപാടുകൾ നടത്തി എന്നുള്ളതല്ലാതെ പദ്ധതി തുക 9 വർഷത്തിലധികമായിട്ടും തിരിച്ച് കിട്ടിയിട്ടില്ല. ഭവന നിർമ്മാണ ബോർഡിന്റെ കണക്ക് പ്രകാരം തന്നെ നഗരസഭക്ക് ലഭിക്കാനുള്ള | കോഴിക്കോട് കോർപ്പറേഷൻ - മൈത്രിഭവന പദ്ധതി പ്രകാരം 450 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന് നല്കിയ 56,25,000/- രൂപയിൽ ചെലവഴിക്കാത്ത 32 ലക്ഷം രൂപ പലിശ സഹിതം ലഭിക്കുന്നതിന് റിട്ട് ഫയൽ ചെയ്യുന്നതിന് ബഹു: കൗൺസിലിന്റെ 16.06.09 -ലെ 15-ാം നമ്പർ തീരുമാനപ്രകാരം അനുമതി നല്കിയതിന്റെ അടിസ്ഥാനത്തിൽ ഡബ്ല്യു.പി.(സി)24183/09 നമ്പർ പ്രകാരം റിട്ട് ഫയൽ ചെയ്തിട്ടുള്ളതാണെന്നും വിഷയം ബഹു: ഹൈക്കോടതിയുടെ പരിഗണനയിലുള്ളതാണെന്നുമുള്ള വിവരം അറിയിക്കുന്നു. വിഷയം ബഹു: കോടതി പരിഗണിക്കുകയും respondent-ന് നോട്ടീസ് നല്കുകയും ചെയ്തിരുന്നു. എന്നാൽ ഇതുവരെ KSHB കൗണ്ടർ ഫയൽ ചെയ്തിട്ടില്ല. കേസ് സംബന്ധിച്ച കാര്യങ്ങൾ ത്വരിതപ്പെടുത്തുന്നതിന് സ്റ്റാന്റിംഗ് കൗൺസലിന് കത്ത് നല്കിയിട്ടുണ്ട്. കൂടാതെ ഭവന നിർമ്മാണ (സി) വകുപ്പിന്റെ 29.6.09 -ലെ 4031/സി1/2008 ഭവനം നമ്പർ കത്ത് പ്രകാരം "മൈത്രി ഭവന നിർമ്മാണപദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആന്വിറ്റി ഡിപ്പോസിറ്റായി നിക്ഷേപിച്ച തുക തിരികെ നല്കുന്ന വിഷയം ഭവന നിർമ്മാണ ബോർഡിന്റെ പുനരുജ്ജീവന പാക്കേജിൽ |

| | | | | |
|---|---|---|---|---|
| | | | | സംസ്കരണത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് വിനിയോഗിച്ചത്.<br>കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം തടസ്സം ഉന്നയിച്ചപ്പോൾ തന്നെ ടി തുക പിൻവലിച്ച് തിരികെ നിക്ഷേപിച്ചിട്ടുള്ളതാണ്.<br>തുക ലാന്റ് അക്വിസിഷൻ തഹസിൽദാർക്കാണ് നൽകിയിട്ടുള്ളത് എന്നതിനാൽ ടി തുക സർക്കാർ ഫണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ഇക്കാരണത്താൽതന്നെ ഫണ്ട് യാതൊരു തരത്തിലും ദുരുപയോഗം ചെയ്തിട്ടില്ല എന്ന കാര്യം ബോധിപ്പിക്കുന്നു.<br>തുക നിക്ഷേപിക്കാനിടയായ സാഹചര്യവും, ഉദ്ദേശവും പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു. |
| 2 | 2005-06<br>3-14-7 | 5-13 (എ) | ശാരീരിക വൈകല്യങ്ങൾ നേരിടുന്നവർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് 18 ലക്ഷം രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കി തനതുഫണ്ടിൽ നിന്നും തുക വകയിരുത്തി മെഡിക്കൽ ക്യാമ്പ് നടത്തി ഗുണഭോക്താക്കളെ കണ്ടെത്താനാണ് അംഗീകരിച്ച പ്രോജക്ടിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ അത് പാലിക്കാതെ ഇതിനായി ക്വട്ടേഷൻ സമർപ്പിക്കുന്ന സ്ഥാപനങ്ങൾ നേരിട്ട് മെഡിക്കൽ ക്യാമ്പ് നടത്തി ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി ഉപകരണങ്ങളുടെ വില സമർപ്പിക്കാനാണ് നഗരസഭ പത്രപരസ്യം നല്കിയത്. മേൽപ്രകാരം ക്വട്ടേഷൻ സമർപ്പിച്ച ഹൈടെക് റിഹാബ് സെന്റർ, കോലഞ്ചേരി എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ സ്വീകരിക്കുകയും ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെ സമർപ്പിച്ച സർക്കാർ അംഗീകൃത ഏജൻസിയായ കെൽട്രോണിന്റെ ക്വട്ടേഷൻ താരതമ്യപഠനത്തിന് വിധേയമാക്കാതെ തള്ളുകയും ചെയ്തു. ക്വട്ടേഷൻ സമർപ്പിക്കുന്ന സ്ഥാപനങ്ങൾ എല്ലാം മെഡിക്കൽ ക്യാമ്പ് നടത്തി ഗുണഭോക്താക്കളെ കണ്ടെത്തണമെന്ന വിചിത്രമായ നിബന്ധനയാണ് നഗരസഭ ഇക്കാര്യത്തിൽ സ്വീകരിച്ചിരുന്നത്. ക്വട്ടേ | കോഴിക്കോട് നഗരസഭയുടെ കേരള വികസന പദ്ധതി (2005-06) പ്രകാരമുള്ള S 023/06 നമ്പർ പ്രോജക്ട് വികലാംഗർക്ക് ചലന-ശ്രവണ സഹായ ഉപകരണങ്ങൾ നൽകുന്നതിനുള്ള പദ്ധതിയാണ്.<br>ഗുണഭോക്താക്കളായ വികലാംഗരുടെ ക്യാമ്പ് നടത്തി അവരെ പരിശോധിച്ചതിന് ശേഷം മാത്രമേ അവർക്ക് അനുയോജ്യമായ ഉപകരണങ്ങളും അവയുടെ അളവുകളും തിട്ടപ്പെടുത്താനും ഉപകരണങ്ങളുടെ കൃത്യമായ വില നിർണ്ണയിക്കുന്നതിനും സാധിക്കുകയുള്ളു. ആയതിനാലാണ് ക്വട്ടേഷനിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ തന്നെ മെഡിക്കൽക്യാമ്പ് നടത്തി ഗുണഭോക്താക്കളെ കണ്ടെത്തണമെന്ന നിബന്ധനയിൽ ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളത്.<br>ലഭിച്ച ക്വട്ടേഷനുകളിൽ ക്വട്ടേഷൻ നിബന്ധനകൾ പാലിച്ച് കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്ത ഹൈടെക് റിഹാബ് സെന്ററിന്റെ ക്വട്ടേഷൻ നെഗോഷിയേറ്റ് ചെയ്ത് അംഗീകരിച്ചിട്ടുള്ളതും തുടർ നടപടി ക്രമങ്ങൾ മുഴുവൻ പാലിച്ചിട്ടുള്ളതുമാണ്.<br>ക്വട്ടേഷൻ നിബന്ധന പാലിക്കാത്തതിനാലാണ് കെൽട്രോണിന്റെ ക്വട്ടേഷൻ നിരസിച്ചിട്ടുള്ളത്.<br>പദ്ധതിയുടെ ലക്ഷ്യാനുസരണം അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് തന്നെയാണ് ഉപകരണങ്ങൾ ലഭിച്ചിട്ടുള്ളത് എന്നകാര്യവും വിതരണം ചെയ്ത ഉപകരണങ്ങളുടെ ഗുണനിലവാരവും, നിർവ്വഹണ ഉദ്യോഗസ്ഥനും മോണിറ്ററിംഗ് കമ്മറ്റിയും പരിശോധിക്കുകയും |

| | | | | |
|---|---|---|---|---|
| | | | ഷൻ പ്രകാരം 6 ഇനങ്ങളിലായി ഹൈടെക് റീഹാബ് സെന്റർ സമർപ്പിച്ച വില കെൽട്രോൺ സമർപ്പിച്ചതിനേക്കാൾ 8,21,100/- രൂപ അധികമായിരുന്നു. മേൽ വിവരിച്ച പർച്ചേസിൽ 8,21,100/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.<br>കൂടാതെ ഹൈടെക് റീഹാബ് സെന്റർ ഹിയറിംഗ് എയ്ഡ് എന്ന BTE (DLX) ഉപകരണത്തിന് ഒന്നിന് 6150 രൂപ നിരക്കിലായിരുന്നു ക്വട്ടേഷൻ സമർപ്പിച്ചത്. എന്നാൽ ബിൽ പ്രകാരം പത്ത് എണ്ണത്തിന് 9,850/- രൂപ നിരക്കിൽ 98,500/- രൂപ നല്കിയതുവഴി 47,000/- രൂപ അധികമായി സ്ഥാപനത്തിന് നല്കി. അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്. | ഉപകരണങ്ങൾ ഗുണനിലവാരം ഉളളവയാണെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുളളതാണ്.<br>കൂടാതെ ഹൈടെക് റിഹാബ് സെന്റർ ഹിയറിംഗയുടെ ഉപകരണത്തിന് 47000/- രൂപ അധികം നൽകി എന്ന് കണക്കാക്കിയത് പ്രൈസ് ലിസ്റ്റ് പ്രകാരമാണ്. അംഗീകരിച്ച ക്വട്ടേഷനിൽ നിന്നും 9% തുക കുറച്ച് 42,770/- രൂപയാണ് അധികം നല്കിയിട്ടുളളത്. ടി തുക 5.9.2009ന് 258-ാം നമ്പർ അക്കൗണ്ടിൽ സർക്കാർഫണ്ടിലേക്ക് തിരിച്ചടവാക്കിയിട്ടുണ്ട്. ചലാൻ പകർപ്പ് അനുബന്ധമായി സമർപ്പിക്കുന്നു.<br>മേൽ റിപ്പോർട്ട് പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | 28,12,500/- രൂപ പലിശ സഹിതം തിരിച്ച് കിട്ടാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. | ഉൾപ്പെടുത്തി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഭവന നിർമ്മാണ ബോർഡ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ടിന്റെ വിശദമായ പരിശോധനക്ക് ശേഷം സർക്കാർ ഇക്കാര്യത്തിൽ ഒരു പൊതുവായ തീരുമാനം കൈക്കൊള്ളുന്നതും അത് കോഴിക്കോട് കോർപ്പറേഷനും ബാധകമായിരിക്കും" എന്നുള്ള വിവരം അറിയിച്ചിട്ടുള്ളതുമാണെന്നുമുള്ള വിവരം,അറിയിക്കുന്നു (അനുബന്ധം : (1) കൗൺസിൽ തീരുമാനത്തിന്റെ പകർപ്പ് (2) സ്റ്റാന്റിംഗ് കൗൺസിലിന്റെ കത്ത് (3) 29/8/2009 ലെ 4031/സി1/2008/ഭവനം നമ്പർ സർക്കാർ കത്ത്.) |

S. JAMUNA
Additional Secretary
Local Self Government Dept.
Govt. Secretariat, Trivandrum
Phone 2327?92, 2518346

| | | | | |
|---|---|---|---|---|
| | 2008- 09 | 3.5.13ബി | **<u>ഖരമാലിന്യ സംസ്ക്കരണ പ്ലാന്റിലെ തിരസ്ക്കരണി മാറ്റൽ-കരാർ വ്യവസ്ഥ പാലിക്കാതെ അധിക നിരക്കിൽ ജോലി നൽകിയതു വഴി നഷ്ടം.</u>**<br>നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഞെളിയൻപറമ്പിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം 22/04/2005ൽ ഉണ്ടാക്കിയ ഉഭയകക്ഷി കരാറിന്റെ അടിസ്ഥാനത്തിൽ പോബ്സ് എൻവിറോടെക്സ് എന്ന പ്രൈവറ്റ് ലിമിറ്റഡ് കമ്പനി ഏറ്റെടുത്തു. വളമാക്കി മാറ്റാൻ കഴിയാത്ത തിരസ്കരണി പ്ലാന്റിന്റെ 5 കി.മീ. പരിധിയിൽ നഗരസഭ നിർദ്ദേശിക്കുന്ന സ്ഥലത്ത് നിക്ഷേപിക്കാനും പരിധിക്ക് പുറത്ത് കമ്പനി നിക്ഷേപിക്കുന്ന സംഗതിയിൽ ഓരോ കിലോമീറ്ററിനും 30 രൂപ നിരക്കിൽ നഗരസഭ പണം നൽകാനും കരാറിൽ വ്യവസ്ഥ ചെയ്തിരുന്നു. തിരസ്കരണി പുറമെ നിക്ഷേപിക്കുന്ന സംഗതിയിൽ കമ്പനിയുടെ ഉടമസ്ഥതയിൽ 230 കി.മീ ദൂരമുള്ള നെല്ലിയാംപതിയിലുള്ള എസ്റ്റേറ്റ് ഉപയോഗപ്പെടുത്തേണ്ടിവരുമെന്നും ആയതിന് 230 കിലോമീറ്റർ ദൂരത്തിന് 30 രൂപ നിരക്കിൽ 6 ടൺ വരുന്ന ഒരു ലോഡിന് 6900 രൂപ (ടൺ ഒന്നിന് 1150 രൂപ) ചെലവ് വരുമെന്നും നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ 4.2.2006 ൽ ഫയലിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>എന്നാൽ മേൽപ്പറഞ്ഞ കരാറും, സാമ്പത്തിക നേട്ടവും കണക്കിലെടുക്കാതെ തിരസ്ക്കരണി നീക്കുന്നതിന് വിവിധ കരാറുകാരെ ടൺ ഒന്നിന് 1360 രൂപ മുതൽ 2500 രൂപ വരെ അധിക നിരക്കിൽ ഏൽപ്പിക്കുകയും 3442.88 ടൺ തിരസ്ക്കരണി നീക്കം ചെയ്തതിന് 61,01,487 രൂപ വീതം ചെലവഴിക്കുകയും ചെയ്തു. പോബ്സ് കമ്പനിയെ ഈ പ്രവൃത്തി കരാർ വ്യവസ്ഥ പ്രകാരം ഏൽപ്പിച്ചിരുന്നുവെങ്കിൽ 39,59,312 രൂപ മാത്രമായിരുന്നു നൽകേണ്ടിയിരുന്നത്. (3442.88×1150 = 39,59,312 രൂപ) അതായത്, 21,42,175 രൂപ ഈ പ്രവൃത്തിയിൽ നഗരസഭയ്ക്ക് നഷ്ടം വന്നു.<br>നഗരസഭയുടെ സാമ്പത്തിക താൽപ്പര്യം കണക്കിലെടുക്കാതെ ഫയലുകളിൽ തീരുമാനമെടുത്ത് കൗൺസിലിന്റെ അനുമതി തേടിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ കോർപ്പറേഷൻ എഞ്ചിനീയർ വരെയുള്ള ഉദ്യോഗസ്ഥർ കൂട്ടായി നഷ്ടത്തിന് ഉത്തരവാദികളാണ്. അധികചെലവ് തുകയായ 21,42,175 രൂപ തടസ്സത്തിൽ വയ്ക്കുന്നു. | **<u>കോഴിക്കോട് കോർപ്പറേഷൻ</u>**<br>കോഴിക്കോട് കോർപ്പറേഷന്റെ ഖരമാലിന്യ സംസ്കരണ പ്ലാന്റ് നേരത്തെ നടത്തിയിരുന്ന M/s Excel Industries ഉം അവരുടെ ഫ്രാഞ്ചൈസി സ്ഥാപനവും കരാർ വ്യവസ്ഥകൾ പ്രകാരം പ്രവർത്തിക്കാതിരുന്നതു മൂലം പ്ലാന്റിലും പരിസരത്തും മാലിന്യവും, തിരസ്കരിണിയും കുന്നുകൂടി കിടക്കുകയും പിന്നീട് അഞ്ച് മാസത്തിനു ശേഷം M/s POABS Envirotech എന്ന സ്ഥാപനം ഏറ്റെടുക്കുന്നതുവരെ ഈ അവസ്ഥ തുടരുകയും ഉണ്ടായി. ഏതാണ്ട് അഞ്ച് മാസത്തോളം മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തിക്കാതിരുന്നതുമൂലം പരിസരവാസികളിൽ നിന്നും ശക്തമായ എതിർപ്പ് ഉണ്ടാവുകയും അവർ പ്ലാന്റിനകത്തേക്കുള്ള മാലിന്യങ്ങളുടെ പ്രവേശനം തടസ്സപ്പെടുത്തുകയുമുണ്ടായി. ഇതു മൂലം നഗരത്തിന്റെ പല ഭാഗങ്ങളും ദുർഗന്ധ പൂരിതമാവുകയും നഗരവാസികളിൽ നിന്നും വളരെയധികം പ്രശ്നങ്ങൾ നഗരസഭ നേരിടുകയുമുണ്ടായി. ഇതിനു പുറമെ 27.01.2006 ന് തിരസ്കരണി ഉപയോഗപ്പെടുത്തി പ്ലാന്റിന്റെ കോംപൗണ്ടിൽ നഗരസഭ തയ്യാറാക്കി വന്നിരുന്ന Engineered land filling-ൽ തീപിടുത്തമുണ്ടാവുകയും ഇത് മാലിന്യങ്ങളുടെ അടിഭാഗത്തുകൂടെ കോംപൗണ്ടിന്റെ പലഭാഗങ്ങളിലേക്കും കടന്ന് പരിസരമാകെ ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടാവുകയും ചെയ്തു.<br>ഇതുമൂലമുണ്ടായ മീഥേൻ ഗ്യാസ് മൂലം പരിസരമാകെ കറുത്തപുക പടരുകയും ആളുകൾക്ക് ശ്വാസതടസ്സം അനുഭവപ്പെടുകയും ചെയ്തു. ഈ ഘട്ടത്തിൽ തീ അണയ്ക്കുന്നതിന് ഫയർഫോഴ്സിന്റെ സഹായത്തോടെ land filling നടത്തിയത് മുഴുവനായും ഉഴുതുമറിക്കേണ്ടിയും വന്നു. ഈ ഘട്ടത്തിൽ നാട്ടുകാർ നടത്തിയ പ്രക്ഷോഭത്തിൽ നഗരസഭ വിവിധഭാഗങ്ങളിൽ നിന്ന് ശേഖരിച്ച് പ്ലാന്റിലേക്ക് എത്തിച്ചുകൊണ്ടിരുന്ന മാലിന്യ വാഹനങ്ങൾ തടയുന്ന അവസ്ഥ സംജാതമാവുകയും ചെയ്തു. പ്രശ്നം രൂക്ഷമായതിനെ തുടർന്ന് ജില്ലാ കലക്ടർ വിളിച്ചു ചേർത്ത അടിയന്തിര യോഗത്തിൽ സ്ഥലം എം.എൽ.എ, ബഹു. മേയർ, ചെറുവണ്ണൂർ നല്ലളം പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ |

| | | | | |
|---|---|---|---|---|
| | | | | സാന്നിധ്യത്തിൽ പ്രക്ഷോഭകരുടെ പ്രതിനിധികളുമായി 4/2/2006 ന് ചർച്ച നടത്തുകയും, കോംപൗണ്ടിൽ തടഞ്ഞിട്ട വാഹനങ്ങളിലെ മാലിന്യങ്ങൾ അന്ന് രാത്രി 12 മണിക്കു മുമ്പായും കോമ്പൗണ്ടിന് പുറത്ത് തടഞ്ഞിട്ട വാഹനങ്ങൾ 12 മണിക്കു ശേഷവും പ്ലാന്റിനകത്തേക്ക് നീക്കം ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ തിരസ്ക്കരണി നീക്കം ചെയ്യുന്നതിന് നഗരസഭ ഉടൻ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. എന്നാൽ അപ്രകാരം അടിയന്തിര ക്വട്ടേഷൻ നടപടികൾ സ്വീകരിക്കുകയുണ്ടായെങ്കിലും ആരും തന്നെ ഓഫർ നൽകുകയുണ്ടായില്ല. ഈ ഘട്ടത്തിൽ പ്ലാന്റ് നടത്തിപ്പുകാരായ M/s. POABS നഗരസഭയുമായി 22/4/2005 ന് നഗരസഭയുമായി വെച്ച ഉടമ്പടി പ്രകാരം ഈ നിബന്ധന അനുസരിച്ച് ദൈനംദിന മാലിന്യം വളമാക്കിയ ശേഷം ഉണ്ടാവുന്ന തിരസ്കരണി നീക്കം ചെയ്യുന്നതിനുള്ള നടപടിയുടെ ഭാഗമായി M/s POABS-ന്റെ സഹായം തേടുന്ന കാര്യം പരിഗണിക്കുന്നതിന് പ്രസ്തുത ഫയലിലെ നോട്ട് ഫയൽ ഖണ്ഡിക 2 പ്രകാരം അസി. എഞ്ചിനീയറും അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറും ശുപാർശ ചെയ്തിരുന്നു. എന്നാൽ M/s. POABS ഇത് സംബന്ധമായി രേഖാമൂലം ഉറപ്പു നൽകാത്തതിനാൽ വിഷയം Steering Committee മുമ്പാകെ എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്യുകയും മേൽ വിഷയം സെക്രട്ടറി മുഖേന ബഹു. മേയർ മുമ്പാകെ അവതരിപ്പിക്കുകയും ഉണ്ടായി. M/s POABS-ന്റെ ഉറപ്പ് ലഭിക്കാത്തതിനാൽ പ്ലാന്റിലെ ഗുരുതരമായ സാഹചര്യം പരിഗണിച്ച് ടെണ്ടർ നടപടിയുമായി മുന്നോട്ട് പോവുന്നതിനും, ടെണ്ടർ നടപടികൾ പൂർത്തിയാകുന്നതുവരെ RDO മുഖേന ലഭ്യമാകുന്ന ടിപ്പർ വാഹനങ്ങൾ ഉപയോഗപ്പെടുത്തി ഡിപ്പാർട്ട്മെന്റലായി മാലിന്യം നീക്കം ചെയ്യുന്നതിനും ഹെൽത്ത് ഓഫീസറെ ചുമതലപ്പെടുത്തുകയുമുണ്ടായി. എന്നാൽ ഇപ്രകാരം വാഹനങ്ങൾ ലഭിക്കുകയുണ്ടായില്ല. ആയതിനാൽ മുനിസിപ്പൽ പൊതുമരാമത്ത് ചട്ടങ്ങൾ പാലിച്ച് കൊണ്ട് ടെണ്ടർ നടപടികൾ വഴി |

| | | | | |
|---|---|---|---|---|
| | | | | തിരസ്കരണി നീക്കം നടത്തുകയാണുണ്ടായത്. M/s POABS പങ്കെടുക്കുകയുണ്ടായിട്ടില്ല.<br>ഇപ്രകാരം പ്ലാന്റിന്റെ ആരംഭഘട്ടത്തിൽ നടത്തിപ്പുകാർ അവശേഷിപ്പിച്ച 10000 ടൺ തിരസ്കരണിയും പ്ലാന്റിന്റെ പരിസരത്തെ land filling തീപിടുത്തത്തെ തുടർന്ന് ഉഴുതുമറിച്ചപ്പോഴുണ്ടായ മാലിന്യങ്ങളും ജനകീയ പ്രയോഗത്തെ തുടർന്ന് പ്ലാന്റ് പരിസരത്ത് നിക്ഷേപിക്കേണ്ടി വന്ന സംസ്കരിക്കാത്ത മാലിന്യങ്ങളും കൂടികലർന്ന നിലയിൽ ആണ് ടെണ്ടർ മുഖേന നീക്കം ചെയ്യപ്പെടുന്നതിനായി പരിസരത്ത് അവശേഷിച്ചിരുന്നത്. ജനകീയ പ്രക്ഷോഭവും, പ്രതിരോധവും കണക്കിലെടുത്ത് നഗരസഭാ കൗൺസിൽ കൈക്കൊണ്ട തീരുമാനത്തിന് വിധേയമായി മേൽപറഞ്ഞ തിരസ്ക്കരണികൾ അടിയന്തിരമായി നീക്കം ചെയ്യാനുള്ള നടപടികളാണ് മുനിസിപ്പൽ ചട്ടങ്ങൾക്ക് അനുസൃതമായി ടെണ്ടർ നടപടികളിലൂടെ സ്വീകരിച്ചിരിക്കുന്നത് എന്നത് അംഗീകരിക്കണമെന്നും, മേൽ പറഞ്ഞ വിധത്തിലുള്ള മാലിന്യങ്ങളാകയാൽ പ്ലാന്റ് നടത്തിപ്പ് ഉടമ്പടി പ്രകാരമുള്ള തിരസ്കരണി നീക്കം എന്ന പ്രകാരത്തിൽ മേൽ സൂചിപ്പിച്ച മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് M/s. POABS Envirotech തയ്യാറാവുന്ന സാഹചര്യം കണക്കിലെടുത്ത് നഗരസഭ കൈക്കൊണ്ട നടപടി അംഗീകരിക്കുന്നതിന് അപേക്ഷിക്കുന്നു. |

*L. SINDHU*
*Special Secretary to Govt.*
*Local Self Government Dept.*
*Govt. Secretariat*
*Thiruvananthapuram*
*Phone: 0471-2518346, 2327292*

**ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2009-10 വർഷ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻ മേൽ കോഴിക്കോട് കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാപരിഹാര നടപടി പത്രിക**

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശം | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി. |
| 1 | 2009-10 | 3-1-7(i) | **തൊഴിൽ നികുതി ചട്ടം 3(2) പ്രകാരമുള്ള നികുതി ഈടാക്കുന്നില്ല.**<br>2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം 3,(1) ഉപചട്ടത്തിന്റെ പരിധിയിൽ വരാത്ത സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെയും കമ്പനികളെയും ബിസിനസ് നടത്തുന്നവരെയും തൊഴിൽ നികുതി ചുമത്തേണ്ട ആവശ്യത്തിനായി ഏതെല്ലാം വിഭാഗങ്ങളായി തരംതിരിക്കണമെന്നുള്ളതും, ഓരോ വിഭാഗത്തിനും ചുമത്താവുന്ന പരമാവധി അർദ്ധവാർഷിക നികുതി 1250 രൂപയായിരിക്കുമെന്നും ചട്ടം 3, (2)-ാം ഉപചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത വിഭാഗങ്ങളുടെ നികുതി ഈടാക്കാൻ തൊഴിൽ നികുതി ചട്ടം 4(2), 4(3) എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെ വർഷങ്ങളായി നികുതി,കോഴിക്കോട് നഗരസഭ സെക്രട്ടറി സ്വയം നിർണ്ണയിക്കുന്നു ഇതുമൂലം നഗരസഭയ്ക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന നഷ്ടം തടയേണ്ടതാണ്.<br>ഉത്തരവദിയായ ഉദ്യോഗസ്ഥൻ :<br>ശ്രീ.പി.സുരേശൻ,റവന്യൂ ഓഫീസർ, റോഷ്ന | 2007-08 രണ്ടാം അർദ്ധവർഷത്തിൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ കച്ചവടക്കാർ, സ്വകാര്യ പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ, അഡ്വക്കേറ്റുമാർ,കമേഴ്സ്യൽ വാഹന ഉടമകൾ, ചെറുകിട വ്യവസായ സ്ഥാപന ഉടമകൾ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, നിക്ഷേപത്തിൽ നിന്ന് വരുമാനം ലഭിക്കുന്നവർ എന്നീ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരും തൊഴിൽ നികുതി നിർണ്ണയിക്കുന്നതിലേക്കായി സത്യപ്രസ്താവന സഹിതം റിട്ടേൺ സമർപ്പിക്കേണ്ടതാണെന്ന് 2007 നവംബർ മാസത്തിൽ പത്രവാർത്ത നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആരും റിട്ടേൺ സമർപ്പിക്കുകയുണ്ടായില്ല. പ്രസ്തുത സാഹചര്യത്തിൽ നഗരസഭയിലെ ഫീൽഡ് ഉദ്യോഗസ്ഥർ വിശദമായ പരിശോധന നടത്തി സമർപ്പിച്ച തൊഴിൽ നുകതിദായക ലിസ്റ്റ് അനുസരിച്ച് തൊഴിൽ നികുതി ഈടാക്കുകയാണുണ്ടായത്. ടി മറുപടി സ്വീകരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | ഹൗസ്,അഴിഞ്ഞിലംപി.ഒ,ഫാറൂഖ് കോളേജ്,കോഴിക്കോട്.<br><br>**മേൽ നോട്ടച്ചുമതല :**<br>1)ശ്രീ.ടി.കെ.രവീന്ദ്രൻ, സെക്രട്ടറി, നിർമ്മാല്യം, ഉദയകുറുമ്പക്ഷേത്രത്തിനുസമീപം, കാരപ്പറമ്പ്, കോഴിക്കോട് 673010<br>2) ശ്രീ. വി.കെ. പ്രതാപചന്ദ്രൻ, വികസന വിഭാഗം, സെക്രട്ടറി (സെക്രട്ടറി ഇൻചാർജ്ജ്), റോഷൻലെയിൻ, ബാനർജി റോഡ്, കൊച്ചിൻ. | |
| 2 | 2009-10 | 3-1-7(2) | <u>നഗരസഭാ കെട്ടിടങ്ങൾ ലൈസൻസ് ഫീ വ്യവസ്ഥയിൽ നൽകുന്നത് യഥാസമയം ലൈസൻസ് ഫീ പുതുക്കാതെയും കരാർ ചമയ്ക്കാതെയും മുറികൾ കൈവശം വെക്കുന്നതിന് അവസരം നൽകുന്നു.</u><br><br>നഗരസഭയുടെ അധീനതയിലുളള വിവിധ കെട്ടിടങ്ങളിലെ മുറികൾ ലൈസൻസ് ഫീസ് വ്യവസ്ഥയിൽ ലേലം നടത്തി അനുവദിക്കുന്നുണ്ട്. 3 വർഷം കൂടുമ്പോൾ ഫീസിനത്തിൽ 20% വർദ്ധനവ് വരുത്തി ലൈസൻസ് പുതുക്കി നൽകുകയാണ് ചെയ്തു വരുന്നത്. എന്നാൽ യഥാസമയം ലൈസൻസ് പുതുക്കാതെയും കരാർ ചമയ്ക്കാതെയുമുളള 27 കേസുകൾ ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തി. കരാർ ചമയ്ക്കാതെ മുറികൾ വ്യക്തികൾക്ക് കൈവശം നൽകുന്നത് നഗരസഭയുടെ സാമ്പത്തിക താല്പര്യത്തിന് വിരുദ്ധവും അനാവശ്യ നിയമ പ്രശ്നങ്ങൾക്ക് ഇട വരികയും, സംസ്ഥാന സർക്കാരിന് സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ലഭിക്കേണ്ട വരുമാന നഷ്ട | ഓഡിറ്റ് പരാമർശത്തിൽ പറയുന്ന 27 മുറികളുടേയും, ലൈസൻസവകാശം പുതുക്കുകയും, ലൈസൻസ് ഫീസ് വ്യത്യാസം, ഡെപ്പോസിറ്റ്, എന്നിവ അടയ്ക്കുകയും ചെയ്തിട്ടുളളതാണ്. ബന്ധപ്പെട്ട ഫയലുകൾ ലോക്കൽഫണ്ട് ഓഡിറ്റ് വിഭാഗത്തിൽ പരിശോധനയ്ക്ക് സമർപ്പിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | ത്തിന് കാരണമാവുകയും ചെയ്യുന്നു.<br>യഥാസമയം ലൈസൻസ് ഫീസിൽ വർദ്ധനവ് വരുത്താത്തതിനാൽ ലൈസൻസ് ഫീസ്, അധിക ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിലും നഗരസഭയ്ക്ക് വരുമാന നഷ്ടമുണ്ടാകുന്നുണ്ട്.<br>ഉത്തരവാദിയായ ഉദ്യോഗസ്ഥർ: ശ്രീ. പി. സുരേശൻ, റവന്യൂ ഓഫീസർ, റോഷ്ന ഹൗസ്,അഴിഞ്ഞിലംപി.ഒ,ഫാറൂഖ് കോളേജ്, കോഴിക്കോട്.<br>മേൽനോട്ടച്ചുമതല : 1) ശ്രീ. ടി.കെ. രവീന്ദ്രൻ,സെക്രട്ടറി, നിർമ്മാല്യം, ഉദയകുറുമ്പ ക്ഷേത്രത്തിനുസമീപം,കാരപ്പറമ്പ്,കോഴിക്കോട് 673010<br>2) ശ്രീ. വി.കെ. പ്രതാപചന്ദ്രൻ, വികസന വിഭാഗം, സെക്രട്ടറി (സെക്രട്ടറി ഇൻചാർജ്), റോഷൻലെയിൻ, ബാനർജി റോഡ്, കൊച്ചിൻ. | |
| 3 | 2009-10 | 3-3-3(i) | <u>പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വക മാറ്റി ചെലവഴിക്കുന്നു.</u><br>ആനക്കുളം സാംസ്കാരിക നിലയം നിർമ്മാണത്തിനായി കേന്ദ്ര ഗവൺമെന്റിന്റെ സാംസ്ക്കാരിക വകുപ്പിൽ നിന്നും 16.4.2007 ലെ 167331-ാം നമ്പർ ഡി.ഡി. പ്രകാരം 60,00,000 രൂപ ഗ്രാന്റായി ലഭിച്ചിരുന്നു. ടി തുക 7.5.2007 ന് നഗരസഭയുടെ തനതു ഫണ്ട് സൂക്ഷിക്കുന്ന എസ്.ബി.ടി 57023867271 അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്. മേൽ ഗ്രാന്റിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി നാളിതുവരെ 99,525 രൂപയാണ് ചിലവഴിച്ചിട്ടുള്ളത്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിനത്തിൽ ലഭിച്ച തുകയിൽ നിന്നും മേൽ പ്രകാരം ചെലവഴിച്ച | കോഴിക്കോട് നഗരസഭ കലാ സാംസ്കാരിക നായകൻമാരെ ആദരിക്കുന്നതിന് ഒരു സ്മാരകം പണിയുന്നതിന് തീരുമാനിക്കുകയും ആയതിന് 3 കോടി 42 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുക അംഗീകരിച്ചിട്ടുള്ളതുമാണ്.<br>പ്രസ്തുത പ്രൊജക്ട് ഈ നഗരസഭയെ സംബന്ധിച്ചിടത്തോളം അഭിമാനകരവും നഗരത്തിലെ കലാ സാംസ്കാരിക മൂല്യങ്ങളെ പരിപോഷിപ്പിക്കുന്നതിന് സഹായകരവുമാണ്.<br>3 കോടി 42 ലക്ഷം രൂപയുടെ ഈ പ്രൊജക്ടിനായി നഗരസഭ നാളിതുവരെ 1,73,77,748 രൂപ ചിലവഴിച്ചിട്ടുണ്ട്. പ്രവൃത്തി ഇപ്പോൾ അന്തിമ ഘട്ടത്തിലാണ്.<br>കേന്ദ്ര ഗവൺമെന്റിന്റെ സംസ്കാരിക വകുപ്പിൽ നിന്നും ലഭിച്ച 60 ലക്ഷം രൂപ 2007-08 വർഷം വക മാറ്റി |

| | | | | |
|---|---|---|---|---|
| | | | തുക കിഴിച്ച് ബാക്കി തുക എസ്.ബി.ടി തനതു ഫണ്ട് അക്കൗണ്ടിൽ 2007-08 വർഷം സ്ഥിരമായി നീക്കിയിരിപ്പായി ഉണ്ടാകേണ്ടതായിരുന്നു. എന്നാൽ എസ്.ബി.ടി തനത് ഫണ്ട് അക്കൗണ്ടിൽ 8.12.2007 മുതൽ 10.12.2007 വരെയുളള കാലത്ത് 10 ലക്ഷത്തിനും 11.5 ലക്ഷത്തിനും ഇടയിലായിരുന്നു ബാലൻസ്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിനത്തിൽ 60 ലക്ഷത്തോളം രൂപ മിനിമം ബാലൻസ് ഉണ്ടാകേണ്ടിടത്ത് മേൽ ദിവസങ്ങളിൽ 10 ലക്ഷത്തിനും 11.5 ലക്ഷത്തിനും ഇടയിലായിരുന്നു അക്കൗണ്ട് ബാലൻസ്. ഇവ സൂചിപ്പിക്കുന്നത് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിനത്തിൽ ലഭിച്ച തുക താൽക്കാലികമായി വക മാറ്റി എന്നുളളതാണ്. ഇത് ക്രമപ്രകാരമല്ല.<br>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ: ശ്രീ. ടി.കെ. രവീന്ദ്രൻ,സെക്രട്ടറി, നിർമ്മാല്യം, ഉദയകുറുമ്പക്ഷേത്രത്തിനുസമീപം, കാരപ്പറമ്പ്,കോഴിക്കോട് 673010 | ചിലവഴിച്ചു പോയത് നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധി കാരണമായിരിക്കുമെന്ന് ബോധിപ്പിക്കുന്നു. |
| 4 | 2009-10 | 3-4-4(i) | <u>വികസന ഫണ്ടിൽ നിന്നും പിൻവലിച്ച തുക വിനിയോഗിക്കാതെമാസങ്ങളോളം ബാങ്കേഴ്സ് ചെക്കായി സൂക്ഷിച്ചു</u><br>നഗരദാരിദ്രനിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ സ്വയം തൊഴിൽ ഗ്രൂപ്പുകൾക്ക്/എ.ഡി. എസ്സുകൾക്ക് നൽകുന്നതിനായി വികസന ഫണ്ട് വകയിരുത്തി വിവിധ പ്രോജക്ടുകൾ തയ്യാറാക്കുകയും ട്രഷറിയിൽ നിന്നും മൊത്തം പിൻവലിച്ച 9.28 ലക്ഷം രൂപയിൽ 6,28,000 രൂപ പ്രസ്തുത വർഷം വിനിയോഗിക്കാതെ ബാങ്കേഴ്സ് ചെക്ക് ആയി സെക്ഷനിൽ സൂക്ഷിച്ചിരിക്കുക | 1. പദ്ധതി നമ്പർ 121/07 സ്വയം തൊഴിൽ സംരംഭകർക്ക് സബ്സിഡി -3,00,000/-<br>2. 159/09 എ.ഡി.എസ്സുകൾക്ക് റിവോൾവിംഗ് ഫണ്ട് 1,40,000<br>3. എ.ഡി.എസ്സുകൾക്ക് റിവോൾവിംഗ് ഫണ്ട് നല്കൽ പദ്ധതി നമ്പർ 120/08- 88,000/-<br>4. DWCUA യൂണിറ്റുകൾക്ക് ധനസഹായം പദ്ധതി നമ്പർ 158/07 - <u>1,00,000/-</u><br><u>6,28,000</u> |

| | | | | |
|---|---|---|---|---|
| | | | യുമാണ്.<br>ജി.ഒ (പി) 177/06 ധന തീയതി 12.4.2006 ഉത്തരവ് ഖണ്ഡിക 6.1 പ്രകാരം പദ്ധതി വിഹിതം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ മുൻകൂറായി പിൻവലിക്കാൻ പാടില്ല. ജി.ഒ(പി) 516/04/ഫിൻ തീയതി, 30.11.2004 പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച് 30 ദിവസത്തിനകം ചെലവഴിക്കാത്ത തുക ട്രഷറിയിൽ തിരിച്ചടക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 10 മാസത്തിലധികം കാലം പിൻവലിച്ച തുക വിനിയോഗിക്കാതിരിക്കുന്നത് പദ്ധതി തുകയുടെ ദുരുപയോഗവും സർക്കാർ ഉത്തരവുകളുടെ ലംഘനവുമാണ്. തുക അടിയന്തിരമായി വികസന ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്<br>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ: ശ്രീ. കെ.എ. ശിവപ്രസാദ്, പ്രോജക്ട് ഓഫീസർ, കുടുംബശ്രീ. 1/704 എ, ശിവപ്രഭ വൈറ്റ്ഹിൽ, കോഴിക്കോട് 673 0053 | സ്വയം തൊഴിൽ സംരംഭകർക്ക് സബ്സിഡി നല്കുന്നതിന് മേൽ പദ്ധതികൾ പ്രകാരം മൊത്തം 6,28,000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളതാണ്. ടി തുകകൾ പാവപ്പെട്ടവർക്ക് നല്കേണ്ട സബ്സിഡിയും മറ്റ് ചെറുകിട ഗ്രൂപ്പ് സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും വേണ്ടി ഉൾപ്പെടുത്തിയിട്ടുള്ള തുകയായതിനാൽ യഥാസമയം ചിലവഴിച്ചിട്ടില്ലെങ്കിൽ ഫണ്ട് ലാപ്സാവുമെന്ന കാരണത്താലാണ് തുക ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളതെന്ന് മനസ്സിലാകുന്നു.<br>പ്രൊജക്ട് നമ്പർ 121/07 സ്വയം തൊഴിൽ സംരംഭകർക്ക് ബാങ്ക് മുഖാന്തിരം ലോൺ നല്കുന്നതിന് സബ്സിഡിയായിട്ടാണ് 3 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്. ടി പദ്ധതിയക്ക് തിരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് ബാങ്ക് ലോൺ നല്കാത്തതിനാൽ മേൽ തുക ചിലവഴിക്കാൻ സാധിച്ചില്ല. തുടർന്ന് ബഹു:സർക്കാറിന്റെ 11.3.2011 ലെ 65785/Fin. 2010 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം 3 ലക്ഷം രൂപ ട്രഷറിയിലെ 3604-00 G11 ROP നമ്പർ അക്കൗണ്ടിൽ 28.10.2011 ന് തിരിച്ചടവാക്കിയിട്ടുള്ളതാണ്.<br>പ്രൊജക്ട് നമ്പർ 159/08 പ്രകാരം എ.ഡി.എസ്സുകൾക്ക് റിവോൾവിംഗ് ഫണ്ട് നല്കുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിൽ കാണിച്ചിട്ടുള്ള 1,40,000/- രൂപയിൽ 1,20,000/- രൂപയും എ.ഡി.എസ്സുകൾക്ക് നല്കിയിട്ടുള്ളതാണ്. ബാക്കിയുള്ള 20,000/- രൂപയ്ക്കുള്ള രണ്ട് ചെക്കുകൾ കൈപ്പറ്റുന്നതിന് ആരും ഹാജരാകാത്തതിനാൽ ടി തുക ഉടൻ ട്രഷറിയിലേക്ക് തിരിച്ചടയ്ക്കുന്നതിനുള്ളതാണ്.<br>പദ്ധതി 120/08 പ്രകാരം 44 എ.ഡി.എസ്സുകൾക്ക് റിവോൾവിംഗ് ഫണ്ടാക്കി ഒന്നാം ഗഡു 10,000/- രൂപയും രണ്ടാം ഗഡുവായി 20,000/- രൂപയും നല്കുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ഒന്നാം ഗഡുവായി 44 എ.ഡി.എസ്സുകൾക്ക് 4,40,000/- രൂപ നല്കിയിട്ടുള്ളതാണ്. രണ്ടാം ഗഡുവായി 2000/- രൂപ നിരക്കിൽ 88,000/- രൂപ നല്കാതിരിക്കെ ഒന്നാം ഗഡുവായി നല്കിയതിന്റെ യുട്ടി |

| | | | | |
|---|---|---|---|---|
| | | | | ലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാകുന്നതുവരെ രണ്ടാം ഗഡു നല്കേണ്ട എന്ന് ഓഡിറ്റ് അറിയിച്ചതിന്റെയടിസ്ഥാനത്തിൽ രണ്ടാം ഗഡു തുക നല്കിയിട്ടില്ല. തുടർന്ന് 4,40,000/- രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളത് ഓഡിറ്റ് വിഭാഗം പരിശോധിച്ചതിൽ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായിട്ടാണ് തുക ചിലവഴിച്ചിട്ടുള്ളത്. ആയതിന് സർക്കാറിൽ നിന്നും സാധൂകരണം വാങ്ങിക്കണമെന്നറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സാധൂകരണം വാങ്ങിക്കുന്നതിന് 14.6.2010ന് കെ.1/434/06 നമ്പറായി ബഹു:സർക്കാരിലേക്ക് കത്തയച്ചിട്ടുള്ളതാണ്. ആയത് ത.സ്വ.ഭ.വ (ഐ.എ) വകുപ്പിൽ 42551/IA/12 —-ാം നമ്പർ ഫയലിൽ പരിശോധിച്ച് വരുന്നു. തുക ട്രഷറിയിലേക്ക് തിരിച്ചയക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>പദ്ധതി നമ്പർ 156/07 പ്രകാരം 10 യൂണിറ്റുകൾക്ക് 10,000/- രൂപ തോതിൽ ധനസഹായം നല്കുന്നതിനാണ് ഒരു ലക്ഷം രൂപ നീക്കിവെച്ചിട്ടുള്ളത്. ആയതിൽ 8 ഗ്രൂപ്പുകൾ ധനസഹായം കൈപ്പറ്റിയിട്ടുള്ളതാണ്. ബാക്കിയുള്ള 2 ഗ്രൂപ്പുകൾ പലതവണ അറിയിച്ചിട്ടും ചെക്ക് കൈപ്പറ്റുന്നതിന് ഹാജരായിട്ടില്ല.ആയതിനാൽ ടി തുക ഉടൻ തന്നെ ട്രഷറിയിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ടി ആഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് അപേക്ഷിക്കുന്നു. |
| 5 | 2009-10 ✓ | 3-7-12(i) | <u>**സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ പദ്ധതിക്കായുള്ള ദ്വിവർഷ പ്രോജക്ട് - രണ്ട് പദ്ധതി വർഷം പിന്നിട്ടിട്ടും പ്രവർത്തനം ആരംഭ ദശയിൽ തന്നെ.**</u><br><br>സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ, അനെർട്ട് മുഖേന നടപ്പിലാക്കുന്ന മേൽ | കേരള സർക്കാരിന്റെ 11-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ പദ്ധതിയ്ക്കായി കോഴിക്കോട് കോർപ്പറേഷൻ 35,20,038/- രൂപ രണ്ട് ഗഡുക്കളിലായി ANERT —ൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാണ്. അന്ന് (26.03.2008) ANERT Corporation- നുമായി ഉണ്ടാക്കിയ കരാറുടമ്പടിയനുസരിച്ച് പ്രവൃത്തി 01.04.2008 ന് ആരംഭിച്ച് 30.06.09 ന് മുമ്പ് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി ചെയ്തിട്ടില്ലെന്നു മാത്രമല്ല ഇതു സംബന്ധിച്ച് |

| | | | | |
|---|---|---|---|---|
| | | | പ്രോജക്ടിനായി മൊത്തം 35,20,038 രൂപ നഗരസഭ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ ഒന്നാം വർഷത്തിൽ ഊർജ്ജ സർവ്വേ, പവർലൈൻ മാപ്പിംഗ് തുടങ്ങിയ പഠനങ്ങൾ പൂർത്തിയാക്കുന്നതിനും, രണ്ടാം വർഷത്തിൽ ഊർജ്ജ സുരക്ഷാ, ഉപകരണങ്ങളുടെ പ്രതിഷ്ഠാപനവുമായിരുന്നു ഉദ്ദേശിച്ചിരുന്നത്.<br>പദ്ധതി പ്രവർത്തനങ്ങൾക്കായി 20 മാസ്റ്റർ ട്രെയിനി പരിശീലകരെയും 152 വളണ്ടിയർമാരെയും തിരഞ്ഞെടുക്കണമെന്നും 10 വാട്സിന്റെ 70 എൽ.ഇ.ഡി. തെരുവുവിളക്ക് സ്ഥാപിക്കണമെന്നും, അനെർട്ട് നിർദ്ദേശിച്ചിരുന്നു. ഇതിൽ 20 മാസ്റ്റർ ട്രെയിനികളെ തെരഞ്ഞെടുത്തതിന്റെയും 52 വാളണ്ടിയർമാരെ മാത്രം കണ്ടെത്തിയതിന്റെയും രേഖകളും ഏതാനും ഊർജ്ജ സുരക്ഷാ ഉപകരണങ്ങളുടെ ലിസ്റ്റും മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്.<br>അനെർട്ടുമായി ഒരു ഉഭയകക്ഷി കരാർപോലും ചമക്കാതെയാണ് 35.20 ലക്ഷം രൂപ ഡെപ്പോസിറ്റായി നൽകിയത്. 2008 മാർച്ച് 26ന് തയ്യാറാക്കിയ ഒരു കരട് കരാർപത്രം ഫയലിൽ കാണുന്നുണ്ടെങ്കിലും, അതിൽ അനെർട്ട് ഡയരക്ടർ ഒപ്പ് വെച്ചിട്ടില്ല. കരട് കരാറിലെ വ്യവസ്ഥ 8 പ്രകാരം പദ്ധതി 1.4.2008ന് ആരംഭിച്ച് 30.6.2009 ന് പൂർത്തിയാക്കുമെന്നും, വ്യവസ്ഥ 10 പ്രകാരം കാലാതാമസം വന്നാൽ നഗരസഭയ്ക്ക് 2% പിഴ ഈടാക്കാമെന്നും പറയുന്നു. പദ്ധതി കാലയളവ് പൂർത്തിയായെങ്കിലും പദ്ധതി പ്രവർത്തനങ്ങളുടെ ഒരു എസ്റ്റിമേറ്റ്പോലും തയ്യാറാക്കാതെ | യാതൊരു വിധ മറുപടികളും ലഭിക്കാതിരുന്നതിനാൽ ANERT –ഡയരക്ടർക്കും സർക്കാരിലെയ്ക്കും ഇതു സംബന്ധിച്ച് കത്തുകൾ അയച്ചിട്ടുള്ളതാണ്. കൂടാതെ വിഷയം കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതുമാണ്. ANERT –ഡയരക്ടർക്കും സർക്കാരിലേക്ക് കത്തുകളയച്ചതിന്റെ അടിസ്ഥാനത്തിൽ ANERT ന്റെ TESM State Programme Manager 24/02/11 തിയതി ഇ4 13/85413/07 ANERT/ 2011 നമ്പറായി ഒരു മറുപടി നൽകുകയുണ്ടായി. പ്രസ്തുത മറുപടിയിൽ കോഴിക്കോട് കോർപ്പറേഷൻ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ പദ്ധതിയ്ക്കായി ഡെപ്പോസിറ്റ് ചെയ്ത 35,20,038/- രൂപയുടെ പ്രവൃത്തികൾ പുരോഗമിച്ചു വരികയാണെന്നും ഇതു വരെ ചിലവഴിച്ച തുകയുടെ വിനിയോഗ പത്രവും ഇടക്കാല റിപ്പോർട്ടും 2011 മാർച്ച് 31 നു മുമ്പ് അയച്ചു തരുന്നതാണെന്നും പറഞ്ഞിരുന്നു. കൂടാതെ 2011 ജനുവരി 25 ന് ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതിയുടെ യോഗതീരുമാനം നമ്പർ 16 പ്രകാരം ഈ പദ്ധതിയുടെ കാലയളവ് 2012 മാർച്ച് 31 വരെ ദീർഘിപ്പിച്ചിട്ടുള്ളതായും അറിയിച്ചിരുന്നു. പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സംബന്ധിച്ച് മറുപടിയൊന്നും ലഭിക്കാതിരുന്നതിനാൽ 28.05.2011-ൽ TESM State Programme Manager -ക്ക് ധനവിനിയോഗ പത്രവും റിപ്പോർട്ടും പ്രോജക്ട് ടൈം നീട്ടിക്കൊണ്ടുള്ള 25.01.11 ലെ തീരുമാനത്തിന്റെ പകർപ്പും അയച്ചുതരുന്നതിനും ടൈം നീട്ടിയതനുസരിച്ചുള്ള ഒരു എഗ്രിമെന്റ് വെയ്ക്കുന്നതിനും കത്തയച്ചെങ്കിലും ഇതുവരെയും ഒരു മറുപടിയും ഇക്കാര്യത്തിൽ ലഭ്യമായിട്ടില്ല.തുടർന്ന് 10.6.2011ന് ഇ4 13/85413/07 നമ്പറായി ആഷെയർ ഗവൺമെന്റ് സെക്രട്ടറിയ്ക്ക് ഒരു അർദ്ധ ഔദ്യോഗിക കത്തയച്ചതിന്റെ അടിസ്ഥാനത്തിൽ 08.08.11 തിയ്യതി വെച്ച് 871/Project/ ANERT/ 2011 നമ്പറായി ഒരു മറുപടി കോർപ്പറേഷന് ലഭിക്കുകയുണ്ടായി. പ്രസ്തുത മറുപടിയിൽ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷനുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി കോഴിക്കോട് കോർപ്പറേഷൻ 35,20,038/- രൂപ ANERT-ൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത് ശരിയാണെന്നും അത് നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള സർവ്വെ പൂർത്തിയായി വരികയാണെന്നും പറഞ്ഞിട്ടുണ്ട്. കൂടാതെ 70 സൗര വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ടി ടെണ്ടർ ക്ഷണിച്ചിട്ടുണ്ടെന്നും ടെണ്ടറിനോടൊപ്പം സമർപ്പിച്ച സാമ്പിളുകൾ കൊൽക്കത്തയിലുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ E.R.T.L Quality assurance test ന് അയച്ചിരിക്കുകയാണെന്നും പറഞ്ഞിട്ടുണ്ട്. കൂടാതെ പ്രോജക്ട് സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നട- |

| | | | | |
|---|---|---|---|---|
| | | | പദ്ധതി ഇപ്പോഴും പ്രാരംഭ ദശയിൽ തന്നെയാണ്.<br>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : ശ്രീ. വി.കെ. പ്രതാപചന്ദ്രൻ, വികസന വിഭാഗം സെക്രട്ടറി (സെക്രട്ടറി ഇൻചാർജ്) റോഷൻ ലെയിൻ, ബാനർജി റോഡ്, കൊച്ചിൻ. | ജികൾ ANERT -ന്റെ ഭാഗത്തു നിന്നും ഉണ്ടാകുമെന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ ഇങ്ങനെയൊരു മറുപടി ലഭിച്ചതിനു ശേഷം ഇക്കാര്യത്തിൽ എന്തെങ്കിലും തുടർ നടപടികളോ പുരോഗതികളോ ഇതുവരെയും റിപ്പോർട്ട് ചെയ്തിട്ടില്ല. ആയതിനാൽ 04.02.12 ന് ANERT ഡയറക്ടർക്ക് തുകയുടെ വിനിയോഗം സംബന്ധിച്ച റിപ്പോർട്ടും ടൈം എക്സ്റ്റൻഷൻ സംബന്ധിച്ച എഗ്രിമെന്റ് വെക്കുന്നതിനും, കത്തയച്ചെങ്കിലും ഇതുവരെയും യാതൊരു വിധ മറുപടിയും ലഭിച്ചിട്ടില്ല.<br><br>നേരത്തെ TESM സ്റ്റേറ്റ് പ്രോഗ്രാം മാനേജർ അറിയിച്ചതനുസരിച്ച് നീട്ടി നൽകിയ പ്രോജക്ട് കാലാവധി 31.3.2012 ന് അവസാനിച്ചിരിക്കുകയാണ്. ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗം സംബന്ധിച്ച് യാതൊരു വിധ റിപ്പോർട്ടും ഇതുവരെ നഗരസഭയെ അറിയിച്ചിട്ടില്ലെന്നും മാത്രമല്ല ഈ പദ്ധതി നടത്തിപ്പുമായി എന്തൊക്കെ പുരോഗതിയുണ്ടായിട്ടുണ്ട് എന്നതു സംബന്ധിച്ചും ഇതുവരെയും യാതൊരു വിധ അറിയിപ്പുമില്ല എന്നും ബോധിപ്പിക്കുന്നു. |
| 6 | 2009-10 | 3-7-12(ii) | വ്യവസായ മേഖലയ്ക്ക് നീക്കിവെച്ച വികസന ഫണ്ടിന്റെ 2% പോലും വിനിയോഗിച്ചില്ല.<br><br>നഗരസഭാ പരിധിയിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തരാക്കുന്നതിനുവേണ്ടി അഞ്ച് പ്രോജക്ടുകളിലായി 40 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും വ്യവസായ മേഖലയ്ക്ക് വകയിരുത്തിയിരുന്നു. എന്നാൽ കേവലം ഒരു പ്രോജക്ടിലെ ഒരു ഇനം പരിശീലന പരിപാടി മാത്രം നടപ്പാക്കുകയും 65,000 രൂപ വിനിയോഗിക്കുകയുമാണ് ചെയ്തത്.<br>മറ്റ് നാല് പദ്ധതികൾ നടപ്പിലാക്കുന്നതിന് യാതൊരു പ്രവർത്തനവും നിർവ്വഹണ ഉദ്യോഗസ്ഥൻ നടത്തിയതായി ഫയലിൽ നിന്നും | 2007-08 വർഷം വ്യവസായ വികസന ആഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തുന്നതിന് 10.50 ലക്ഷം രൂപയുടെ പദ്ധതികൾക്കാണ് ഡി.പി.സി. അനുമതി തന്നിരുന്നത്. വിവിധ മേഖലകളിൽ 60 പേർക്ക് പരിശീലനം നൽകി 10 പേർ അടങ്ങുന്ന 6 സൂക്ഷ്മ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായിരുന്നു പദ്ധതി. എന്നാൽ പ്രസ്തുത സ്വയം തൊഴിൽ പദ്ധതികൾ എല്ലാം ബി.പി.എൽ വിഭാഗങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയിരുന്നതും പദ്ധതി അടങ്കലിന്റെ പകുതി തുക ഗുണഭോക്താക്കൾ നേരിട്ടോ ബാങ്ക് വായ്പ വഴിയോ കണ്ടെത്തണമായിരുന്നു. എന്നാൽ സ്വന്തമായി മുതൽ മുടക്കിയും ബാങ്ക് വായ്പയെടുത്തു ബാദ്ധ്യതയുണ്ടാക്കിയും ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബി.പി.എൽ വിഭാഗക്കാരായ ഗുണഭോക്താക്കൾക്ക് താല്പര്യം ഇല്ലാത്തതിനാലാണ് നീണ്ട ആസൂത്രണ പ്രക്രിയക്കു ശേഷം പദ്ധതി നടപ്പിലാക്കാൻ കഴിയാതെ പോയത്.<br>കർമ്മ പദ്ധതി ചേർന്നു തയ്യാറാക്കുന്ന മേൽ പദ്ധതിയുടെ കരട് നഗരസഭയിലെ എല്ലാ വാർഡുകളിലും ചർച്ച |

| | | | | |
|---|---|---|---|---|
| | | | വ്യക്തമല്ല. വ്യവസായ മേഖലയിൽ ചെലവഴിക്കാൻ വേണ്ടി വകയിരുത്തിയ 40 ലക്ഷം രൂപയിൽ വളരെ തുച്ഛമായ 65,000 രൂപ. (1.63%) മാത്രം വിനിയോഗിച്ചത് നിർവ്വഹണത്തിലെ പോരായ്മയാണ്. 2005-06, 2006-07 എന്നീ വർഷങ്ങളിലും വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഒരൊറ്റ പദ്ധതിപോലും നടപ്പിലാക്കിയിട്ടില്ല എന്നതും ഗൗരവമായി കാണേണ്ടതാണ്. വ്യവസായ മേഖലയിൽ വർഷങ്ങളായി യാതൊരു പ്രവർത്തനങ്ങളും നടപ്പിലാക്കാത്തതും, നീണ്ട ആസൂത്രണപ്രക്രിയയ്ക്ക് ശേഷം നിർവ്വഹണത്തിലെ നിഷ്ക്രിയത്വംമൂലം പദ്ധതികൾ നടപ്പിലാക്കാതെ ഉപേക്ഷിക്കപ്പെടുന്നതും ഈ മേഖലയിലെ വികസനത്തെ കാര്യമായി ബാധിക്കുന്നുണ്ട്.<br><br>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ: ശ്രീ. പി. മോഹൻദാസ്, വ്യവസായ വികസന ഓഫീസർ, പിൻപുറത്ത്. പി.ഒ., ചാലിയം, കോഴിക്കോട്. | ചെയ്തു പ്രചാരം നൽകിയും, കൗൺസിലർമാർക്കിടയിൽ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ നൽകിയും, നഗരസഭയുടെ നേതൃത്വത്തിൽ ഗുണഭോക്താക്കളെ ക്ഷണിച്ചു കൊണ്ട് പത്രദ്ധാരാ പരസ്യം നൽകിയുമാണ് ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുള്ളത്.<br>ആസൂത്രണ പ്രക്രിയകൾ എല്ലാം കഴിഞ്ഞ ശേഷം നിർവ്വഹണ ഘട്ടത്തിൽ ഗുണഭോക്താക്കളെ ലഭിക്കുന്നതിന് ആത്മാർത്ഥതയോടെ മേൽ പ്രവൃത്തികൾ എല്ലാം ചെയ്തിട്ടും ആവശ്യമായ ഗുണഭോക്താക്കളെ ലഭിക്കാത്തത് നിർവ്വഹണത്തിലെ നിഷ്ക്രിയത്വം കൊണ്ടല്ല എന്നു ബോധിപ്പിച്ചു കൊള്ളുന്നു.<br>സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള ധനസഹായം ബി.പി.എൽ കുടുംബാംഗത്തിനു മാത്രമായി നിജപ്പെടുത്തിയതും, ഗുണഭോക്തൃ വിഹിതമായി മുതൽ മുടക്കേണ്ടി വരുന്നതുമാണ്. ഇത്തരം പദ്ധതികൾക്ക് ഗുണഭോക്താക്കളെ ലഭിക്കുന്നതിന് വിഘാതമായി നിൽ ക്കുന്നത് എന്നുകൂടി ബോധിപ്പിച്ചുകൊള്ളുന്നു. |

പി.കെ. 28.6.2014

T.K.AJITHA KUMARI
Additional Secretary to Govt.
Local Self Govt. Deptt.
Govt. Secretariat
Thiruvananthapuram

## കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2011-14)

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികകൾക്കുള്ള ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| (1) | (2) | (3) | (4) |
|---|---|---|---|
| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി. |
| 2010-11 | 5-1-9(1) | ഏകദിനപെർമിറ്റ്-ലൈസൻസ് അനുവദിച്ചതിലെ അപാകതയും അനധികൃത നിർമ്മാണം ക്രമവൽക്കരി ക്കാത്തതും.<br>ഓഡിറ്റ് റിപ്പോർട്ട് വർഷം : 2008-09, ഖണ്ഡിക നമ്പർ 2-4-2<br>❖ കെട്ടിട സമുച്ചയത്തിന് ഏകദിന പെർമിറ്റ് നൽകിയത് നിയമ വിരുദ്ധം.<br>❖ വ്യവസ്ഥകൾലംഘിച്ചുള്ള കെട്ടിട നിർമ്മാണം ക്രമവൽ ക്കരിച്ചപ്പോൾ രാജിയാക്കൽ ഫീസ് നഷ്ടമായി.<br>ഏകദിന , പെർമിറ്റ് വ്യവസ്ഥയിൽ ലൈസൻസ് അനുവദിച്ച തുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.<br>1) ഏക കുടുംബ വാസഗൃഹങ്ങൾക്കാണ് ഏകദിന പെർമിറ്റ് അനുവദിക്കാൻ വ്യവസ്ഥയുള്ളത്. താഴെ പറയുന്ന ഫയലുകളിൽ അനുവദിച്ച വില്ലകൾക്കുള്ള പെർമിറ്റുകൾ വിവിധ രീതിയിലുള്ള (ഫ്ളാറ്റ്, അപ്പാർട്ട്മെന്റ്, വില്ലകൾ എന്നിവ) പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിന്റെ മുന്നോടിയായി അനുവദിച്ച ഡവലപ്പ്മെന്റ് പെർമിറ്റിന്റെ ഭാഗമാണ്. (ഇ6/93679/08) 295.21 സെന്റ് സ്ഥലത്ത് ഉടമകളായ തനിമ കൺസ്ട്രക്ഷൻ & റിയൽ എസ്റ്റേറ്റ് എന്ന കമ്പനി കാലിക്കറ്റ് ലാന്റ്മാർക്ക് ബിൽഡേഴ്സ് ആന്റ് ഡവലപ്പേഴ്സ് എന്ന കൺസൾട്ടന്റ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കുന്ന ബൃഹത്തായ ഒരു പ്രൊജക്ട് എന്ന നിലക്ക് ഈ വില്ലകൾക്കുള്ള അനുവാദം ഏകദിന പെർമിറ്റായി നൽകിയത് 29.10.2000 ൽ സർക്കാർ പുറപ്പെടുവിച്ച നമ്പർ 28389/എം1/2000/തസ്വഭവ സർക്കുലറിനു വിരുദ്ധമാണ്.<br>2) ഓരോ വീടിനും പ്രത്യേകമായി മഴവെള്ള സംഭരണി, സീവേജ് സംവിധാനം എന്നിവ കാണിച്ചുള്ള സർവീസ് പ്ലാൻ ആയിരുന്നു. ഏകദിന പെർമിറ്റിനായി സമർപ്പി ച്ചിരുന്നത്. എന്നാൽ ഓരോ വീടിന്റെയും ഒക്യുപൻ സിക്കായി സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ | 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 5-2-9(1)-ൽ പരാമർശിച്ചിട്ടുള്ള ടൗൺപ്ലാനിംഗ് വിഭാഗവുമായി ബന്ധപ്പെട്ടിട്ടുള്ള ഓഡിറ്റ് തടസ്സവാദത്തിന് മറുപടി നൽകുന്നതിന് ആവശ്യപ്പെട്ടിരുന്നു. ആയത് പ്രകാരം ഇ6/93679/06 ഡവലപ്പ്മെന്റ് പെർമിറ്റ് അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ നിരവധി വില്ലകൾക്ക് ഏകദിന പെർമിറ്റ് സമ്പ്രദായ പ്രകാരം പെർമിറ്റ് അനുവദിച്ചതും ആയതുമൂലം നഗരസഭക്ക് മൊത്തം 25,750/- രൂപയുടെ ഫീസ് നഷ്ടപ്പെട്ടതും ആണ് ചൂണ്ടിക്കാട്ടിയിട്ടുള്ളത്. ടി തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും ഈടാക്കുന്നതിനും പരാമർശത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ നഗരസഭക്ക് ഫീസ് ഇനത്തിൽ നഷ്ടം വന്ന തുകയായ 25750/- രൂപ ശ്രീ. എം.കെ. ശ്രീജിത്ത് എക്സി. എഞ്ചിനീയർ (റിട്ട: മുഖാന്തിരം രശീതി നമ്പർ 11001127184 തീയതി 15.3.2011) പ്രകാരം നഗരസഭ ട്രഷറിയിൽ അടവാക്കിയിട്ടുള്ളതാണ്. ടി വിവരം ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിനെ അറിയിക്കുകയും സൂചന 2 ലെ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.സി.സി./ എ6/979(1)/02 നമ്പർ കത്ത് പ്രകാരം തുക അടവാക്കിയ കാര്യം പരിശോധിച്ച് ബോധ്യ പ്പെട്ടതാണെന്നും എന്നാൽ 2010-11 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ടി കാര്യം ഉൾപ്പെട്ടിട്ടുള്ളതിനാൽ |

ഹൗസിംഗ് സമുച്ചയത്തിന് പൊതുവായി രൂപം നൽകിയ ഇത്തരം സംവിധാനങ്ങളാണ് ഉള്ളത്. പ്രകാരം മാറ്റം വന്നതിനാൽ ഏകദിന പെർമിറ്റ് കരാർ വ്യവസ്ഥയും കെട്ടിട നിർമ്മാണ ചട്ടങ്ങളും ലംഘിക്കപ്പെട്ടിരിക്കയാണ്. പെർമിറ്റ് റദ്ദ് ചെയ്ത് ചട്ടങ്ങൾ പാലിച്ച് ക്രമവൽക്കരണം നടത്തേണ്ട സ്ഥാനത്ത് അപേക്ഷ അപേക്ഷകർ ഏകദിന പെർമിറ്റിന് അപേക്ഷിക്കുമ്പോൾ അടവാക്കിയിരുന്ന ഫീസ് വീണ്ടും വാങ്ങി ഒക്യുപൻസി അനുവദിക്കുകയായിരുന്നു. ചട്ടങ്ങളും വ്യവസ്ഥകളും പ്രകാരം ക്രമവൽക്കരണം അനിവാര്യ മായിരുന്നതിനാൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ 146(4) ൽ പറയുന്ന രാശിയാക്കൽ ഫീസ് നഗരസഭക്ക് നഷ്ടമായിരിക്കുകയാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| ഫയൽ നമ്പർ | കെട്ടിട ഉടമ | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |
|---|---|---|---|---|---|---|---|
| ഇ9/107971/08 | പ്രശാന്ത് വി | 199.11 | 995 | 1990 | 2985 | 1000 | 1985 |
| ഇ9/107978/08 | റിഷാദ് കെ | 204.21 | 1025 | 2050 | 3075 | 1050 | 2025 |
| ഇ9/107974/08 | നടരാജൻ സി.കെ | 248.89 | 1245 | 2490 | 3735 | 1250 | 2485 |
| ഇ9/107970/08 | ഇ.സലീം ഷെഹനാസ് സലീം | 204.21 | 1025 | 2050 | 3075 | 1050 | 2025 |
| ഇ9/107972/08 | പ്രസന്ന ശിവശങ്കരൻ | 243.80 | 1220 | 2440 | 3660 | 1250 | 2410 |
| ഇ9/78736/08 | അജയ കുമാർ ബാലകുമാർ | 209.36 | 1050 | 2100 | 3150 | 1050 | 2100 |
| ഇ9/107976/08 | നിർമൽ കുമാർ മഞ്ജുഷ | 196.57 | 985 | 1970 | 2955 | 1000 | 1955 |
| ഇ9/107975/08 | കെ.പി. ദീപ | 224.27 | 1125 | 2250 | 3375 | 1150 | 2225 |
| ഇ9/107977/08 | K.വിജയരാഘവൻ | 203.88 | 1020 | 2040 | 3060 | 1050 | 2010 |
| ഇ9/107979/08 | മുഹമ്മദ് ഇ.ആർ | 240.32 | 1205 | 2410 | 3615 | 1250 | 2365 |

പ്രസ്തുത തടസ്സം ഒഴിവാക്കുന്നത് സംബന്ധിച്ച അന്തിമ തീരുമാനം കൽപ്പിക്കുന്നത് ബഹു: ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ആയിരിക്കും എന്ന കാര്യം അറിയിച്ചിട്ടുള്ളതാണ്. പ്രസ്തുത കത്തിന്റെ പകർപ്പും തുക അടവാക്കിയതിന്റെ രശീതിയുടെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടി സാഹചര്യത്തിൽ പ്രസ്തുത തടസ്സവാദം നീക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

| | | | | | | | |
|---|---|---|---|---|---|---|---|
| ഇ൭/107967/06 | സജീവിൻ.ഇ | 218.70 | 1095 | 2190 | 3285 | 1100 | 2185 |
| ഇ൭/107973/06 | പി.വി പ്രദീപ് കുമാർ | 201.17 | 1010 | 2020 | 3030 | 1050 | 1980 |
| | | | | | ആകെ | | 25750 |

| | | | |
|---|---|---|---|
| | | രാജിയാക്കൽ ഫീസ് ഇനത്തിൽ നഷ്ടം വന്ന 25750/- രൂപ ഉത്തരവാദിയായ ടൗൺപ്ലാനിംഗ് ഓഫിസർ, അസി. ടൗൺപ്ലാനിംഗ് ഓഫീസർ, ബിൽഡിംഗ് ഇൻസ്പെക്ടർ എന്നിവരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേ ണ്ടതാണ്<br>__ഉത്തരവദികളായ ഉദ്യോഗസ്ഥർ__<br>1. ശ്രീ. ശ്രീജിത്ത്. എം.കെ. ടൗൺപ്ലാനിംഗ് ഓഫീസർ, കോഴിക്കോട് നഗരസഭ. 25/611. എ), ചേവായൂർ പി.ഒ, കോഴിക്കോട്.<br>2. ശ്രീ. സലീം. പി.പി, അസിസ്റ്റന്റ് ടൗൺപ്ലാനിംഗ് ഓഫീസർ, കോഴിക്കോട് നഗരസഭ. ഫാത്തിമ മൻസിൽ, ജില്ലാ ജയിലിനു സമീപം, പുതിയറ, കോഴിക്കോട്.<br>3. ശ്രീ. ഷാജി. കെ., ബിൽഡിംഗ് ഇൻസ്പെക്ടർ, കോഴിക്കോട് നഗരസഭ കോളോത്ത്, പി.ഒ. കൊമ്മേരി, കോഴിക്കോട്.<br>തടി നികുതി ലേല സംഖ്യ മുഴുവനായും അടവാക്കിയത് രേഖകളില്ല. | |
| 2010-11 | 5-1-9 (2) | __ഓഡിറ്റ് റിപ്പോർട്ട് വർഷം 2008-09 ഖണ്ഡിക നമ്പർ 2-7__<br>01.04.08 മുതൽ 31.03.09 വരെയുള്ള കാലയളവിലേയ്ക്ക് കോഴിക്കോട് നഗരസഭയുടെ തടി നികുതി ചെക്ക് പോസ്റ്റുകളിൽ നിന്ന് തടി നികുതി പിരിക്കുന്നതിനുള്ള കുത്തകാവകാശം ശ്രീ. ഒ. അഷ്റഫ് എന്ന ആൾക്ക് 6,65,000/- രൂപയ്ക്ക് ലേലം ചെയ്ത് നൽകിയിരുന്നു. (18.03.08 -ലെ കൗൺസിൽ തീരുമാനം നമ്പർ 105) എന്നാൽ ലേലം നിബന്ധനകൾ ഉൾക്കൊളളിച്ചു കൊണ്ട് മുദ്രപത്രത്തിൽ എഗ്രിമെന്റ് വെക്കാതെയാണ് ടിയാന് അവകാശം ഏൽപിച്ചുകൊടുത്തിട്ടുളളത്.<br>ലേല നിബന്ധന പ്രകാരം ലേലം വിളിച്ചെടുക്കുന്ന ആൾ ലേല സംഖ്യയുടെ 25% തുക ലേലം നടന്ന ഉടനെയും, 40% തുക (നിരതദ്രവ്യം കഴിച്ച്) ലേലം അംഗീകരിച്ച് 3 ദിവസത്തിനകവും, ബാക്കി വരുന്ന 35% തുക 3 ഗഡുക്കളായി മെയ്, ജൂൺ,ജൂലൈ മാസങ്ങളിൽ 5-ാം തീയ്യതിക്കകവും നഗരസഭാ ട്രഷറിയിൽ അടവാക്കേണ്ടതാണ്. കൂടാതെ ലേലം അംഗീകരിച്ച് അറിയിപ്പ് കിട്ടി 7 ദിവസത്തിനകം ലേല സംഖ്യയുടെ 2.04% തുക ആദായ നികുതിയിനത്തിലും അടവാക്കേണ്ടതുണ്ട്. ലേല ഫയൽ/രജിസ്റ്റർ പ്രകാരം ലൈസൻസി അടവാക്കിയ തുകയുടെ വിശദ വിവരം താഴെ കൊടുക്കുന്നു. | 2008-09 വർഷത്തെ തടിനികുതി 6,65,000/- രൂപക്ക് ലേലംകൊണ്ട ഒ.അഷ്റഫ് എന്നവർ മുഴുവൻ തുകയും അടവാക്കിയിട്ടില്ലെന്നും അടവാക്കിയ തുക തന്നെ തടിനികുതി ഹെഡ്ഡിൽ 2008-09 ലെ വാർഷിക കണക്ക് പ്രകാരം 4,35,252/- രൂപ മാത്രമേ വന്നിട്ടുള്ളൂ എന്നും തടി നികുതിയിനത്തിൽ ബാക്കിയുള്ള തുകയും ആദായനികുതി 13,566/- രൂപയും അടക്കം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനും ഓഡിറ്റ് തടസ്സം നിലവിലുണ്ട്. എന്നാൽ രശീതികൾ പരിശോധിച്ചതിൽ ശ്രീ. ഒ. അഷ്റഫ് എന്നവർ 2008-09 ലെ തടി നികുതിയിനത്തിൽ താഴെ പറയും പ്രകാരം തുക ഒടുക്കിയിട്ടുണ്ട്. |

| അടവാക്കേണ്ടുന്ന തുക | അടവാക്കിയ തുക | രസീത് നം | തീയതി | ബാക്കി |
|---|---|---|---|---|
| ലേല സംഖ്യയുടെ 25% 1,66,250/ രൂപ | 20,000 (DD) | 3309 | 29.02.08 | |
| | 20,000 (DD) | 3310 | " | |
| | 1,000(DD) | 3311 | " | |
| | 1,000 (DD) | 3312 | " | |
| | 20,000 (DD) | 3313 | " | |
| | 20,000 (DD) | 3314 | " | |
| | 20,000 | | | 64,250 |
| | 1,02,000 | 70244/98 | 11.03.08 | |
| | | | | 2,66,000 |
| ലേല സംഖ്യയുടെ 40% 2,66,000/- | | | | |
| ലേല സംഖ്യയുടെ 35% (3 ഗഡുക്കളായി) | | | | |
| 77,584 | 77,584 | 90041/0 | 05.05.08 | |
| 77,583 | 77,583 | 90080/92 | 03.06.08 | |
| 77,583 | 67,583 | 70089/26 | 05.07.08 | 10,000 |
| | | | | 3,40,250 |
| | 6,65,000 | 3,24,750 | | |

ആകെ അടവാക്കാൻ ബാക്കിയുള്ള തുക = 3,40,250/- രൂപ

നിരതദ്രവ്യം 20,000/- രൂപയും, ആദായനികുതിയും ലൈസൻസി അടവാക്കിയതിന്റെ രേഖകൾ ബന്ധപ്പെട്ട ഫയലിലില്ല. ലൈസൻസി അടവാക്കിയതിന്റെ 29.02.08 ന് അടവാക്കിയ 82,000/- രൂപയും, 11.03.08 ന് അടവാക്കിയ 20,000/- രൂപയും, 2007-08 ലെ ഡെപ്പോസിറ്റിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയത് 2008-09 തടി നികുതി വരവ് ഹെഡ്ഡിലേയ്ക്ക് മാറ്റി വരവ് വയ്ക്കേണ്ടതായിരുന്നു. 2008-09 ലെ വാർഷിക കണക്ക് പ്രകാരം തടി നികുതിയിനത്തിൽ മൊത്തം 4,35,252/- രൂപയാണ് വരവ്. 2008-09 ലെ തടി നികുതിയുടെ ഹെഡ്‌വൈസ് റിപ്പോർട്ട് പ്രകാരം 2,22,750 രൂപയാണ്. 2008-09 ലെ യഥാർത്ഥവരവ്. ബാക്കി 2,12,502 രൂപ 2009-10 ലേക്കുള്ള തടി നികുതി ഡെപ്പോസിറ്റാണ്. അപ്രകാരമാണെങ്കിൽ ലേലംകൊണ്ട വ്യക്തി തടി നികുതിയിനത്തിൽ 3,40,250/- രൂപയും ആദായനികുതിയായി 13,566/- രൂപയും അടവാക്കാൻ ബാക്കിയുണ്ട്. തുക അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കണമെന്ന് കാണിച്ച് 08.01.2010-ൽ നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് മറുപടി ലഭിച്ചിട്ടില്ല. 3,53,816/- രൂപ ലൈസൻസിയിൽ നിന്നോ അതിന് സാധിക്കാത്ത സംഗതിയിൽ ഉത്തരവാദപ്പെട്ട

| തീയ്യതി | ആർ.ടി. | തുക |
|---|---|---|
| 29.2.14 | 3309 | 20000 |
| 29.2.14 | 3310 | 20000 |
| 29.2.14 | 3311 | 1000 |
| 29.2.14 | 3312 | 1000 |
| 29.2.14 | 3313 | 20000 |
| 29.2.14 | 3314 | 20000 |
| 29.2.14 | 217/31 | 84250 |
| 11.3.08 | 70244/98 | 20000 |
| 30.3.08 | 5339/23 | 266000 |
| 05.5.08 | 90041/10 | 77584 |
| 03.6.08 | 90080/92 | 77583 |
| 05.7.08 | 70089/96 | 67583 |
| | | 675000 |

ഒ. അഷ്റഫ് എന്നവർ 6,65,000/-രൂപ ലേല തുകയും 13,566 ഐ.ടി.യും അടക്കം 6,78,566/-രൂപയിലേക്ക് 6,75,000/- രൂപയും അടവാക്കിയിട്ടുണ്ട്. (6,78,566-6,75,000=3,566) ബാക്കി 3,566/- രൂപ കോർപ്പറേഷൻ ഫണ്ടിൽ നേരിട്ട് അടവാക്കിയിട്ടുണ്ട്. തുക യഥാർത്ഥ ഹെഡ്ഡിൽ വരാത്തതിന് കാരണം മേൽ കാലയളവിൽ മാന്വൽ രശീതിന് പകരം കമ്പ്യൂട്ടർ രശീതാണ് ഉപയോഗിച്ച് തുടങ്ങിയ സമയമായിരുന്നു. കൂടാതെ സാംഖ്യ അപ്ലിക്കേഷൻ ഇല്ലാത്തതിനാൽ മേൽ തുകകൾ ഡിപ്പോസിറ്റിൽ നിന്നും യഥാർത്ഥ ഹെഡിലേക്ക് മാറ്റാൻ കഴിയുന്നില്ലെന്ന് ഐ.കെ.എം. അറിയിച്ചതാണ്. രശീതി പ്രകാരമുള്ള തുക

| | | | |
|---|---|---|---|
| | | കുറവു ചെയ്യുകയോ ഒരു നിശ്ചിത കാലാവധി വരെ തടഞ്ഞുവെയ്ക്കുകയോ ചെയ്യുന്ന താണെന്ന് മേൽ ഉത്തരവ് വ്യക്തമാക്കുന്നു.<br><br>പൊതു ആവശ്യ ഗ്രാന്റും മെയിന്റനൻസ് ഗ്രാന്റും വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ 09.12.2004 ൽ ജി.ഒ. (എം.എസ്) 330/04/ തസ്വഭവ നമ്പറായി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് മേൽ ഗ്രാന്റുകളുടെ പിൻവലിക്കൽ,വിനിയോഗം എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകുന്നു. എന്നാൽ അവയെല്ലാം അവഗണിച്ച് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാന്റ്/പദ്ധതി തുക വകമാറ്റി ചെലവഴിച്ചതിനും ഏതാനും ഉദാഹരണങ്ങൾ കൊടുക്കുന്നു. | |
| 2010-11 | 5.3.17(1) | **പരീക്ഷ കഴിഞ്ഞ് അധ്യാപക പരിശീലനം.**<br>**ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09, ഖണ്ഡിക നമ്പർ 3-10-12**<br>❖ **വിദ്യാർത്ഥികളെ പരീക്ഷയ്ക്ക് സജ്ജരാക്കുക യായിരുന്നു പദ്ധതി ലക്ഷ്യം.**<br>❖ **അദ്ധ്യാപകർക്ക്പരിശീലനം നൽകിയ വിദ്യാർത്ഥി കളുടെ പരീക്ഷ കഴിഞ്ഞ്.**<br>❖ **വിദ്യാർത്ഥികൾക്ക് പരിശീലനം ലഭിച്ചില്ല.**<br>4-ാം ക്ലാസ്സിലെയും 7-ാം ക്ലാസിലെയും എ ഗ്രേഡ് ലഭിച്ച കുട്ടികളെ കണ്ടെത്തി അവർക്കാവശ്യമായ പാഠ്യവസ്തുക്കൾ ലഭ്യമാക്കിയും പ്രത്യേക കോച്ചിംഗ് ക്ലാസ്സുകൾ നൽകിയും മത്സരപരീക്ഷകളിൽ ഉന്നത നിലവാരത്തിൽ എത്തിക്കുക യായിരുന്നു പ്രൊജക്ടിന്റെ ലക്ഷ്യം 2008 ഒക്ടോബർ മുതൽ 2009 ഫെബ്രുവരി വരെയുള്ള മാസങ്ങളിലായുള്ള 100 മണിക്കൂർ ആണ് പ്രവർത്തന സമയം. മൊഡ്യൂൾ നിർമ്മാണം, അദ്ധ്യാപക പരിശീലനം, പ്രിന്റിംഗ് പ്രൊജക്ട് മാതൃകാ പരീക്ഷ എന്നിവയായിരുന്നു. ഫെബ്രുവരി മാസത്തിനുള്ളിൽ നടത്തേണ്ടിയിരുന്ന പ്രവർത്തനങ്ങൾ 2008 ഓഗസ്റ്റ് മാസത്തിൽ മൊഡ്യൂൾ തയ്യാറാക്കുകയും 2008 സെപ്റ്റംബർ 1 ന് ഒന്നാം ഘട്ട റിസോഴ്സ് പേഴ്സൺ ട്രെയിനിംഗ് സംഘടിപ്പിക്കുകയും ചെയ്തെങ്കിലും തുടർന്ന് 5 മാസം കഴിഞ്ഞ് മാത്രമാണ് അദ്ധ്യായന വർഷത്തിന്റെ അവസാനമായ 2009 ഫെബ്രുവരി 11 ന് അദ്ധ്യാപക പരിശീലനം നടത്തിയത് ആയതിനാലാണ് പദ്ധതിയിൽ വിഭാവനം ചെയ്ത രീതിയിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാൻ കഴിയാതെ പോയത്. | വിദ്യാർത്ഥികൾക്ക് എൽ.എസ്.എസ്/ യു.എസ്.എസ് പോലുള്ള മത്സര പരീക്ഷകളിൽ വിജയം നേടുന്നതിനായി 4-ാം ക്ലാസിലെയും 7-ാം ക്ലാസിലെയും എ. ഗ്രേഡ് ലഭിച്ച വിദ്യാർത്ഥികളെ കണ്ടെത്തി പരിശീലനം നൽകുക എന്നതാണ് പ്രൊജക്ട് കൊണ്ട് ഉദ്ദേശിച്ചിരുന്നത്. വിദ്യാർത്ഥികൾക്ക് പരിശീലനം നല്കുക എന്ന ലക്ഷ്യത്തോടെ പദ്ധതിയുടെ ഗുണഭോക്തൃ സ്കൂളുകളിലെ തെരഞ്ഞെടുത്ത അദ്ധ്യാപകർക്ക് മാതൃകാപരമായ രീതിയിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ആവശ്യമായ പഠനോപകരണങ്ങൾ, മൊഡ്യൂളുകൾ എന്നിവ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരം പരിശീലനം ലഭിച്ച അദ്ധ്യാപകർ റഗുലർ ക്ളാസിനു ശേഷം നൈറ്റ് ക്ളാസുകൾ നടത്തി സ്കൂളിൽ വെച്ച് തന്നെ വിദ്യാർത്ഥികളെ പരിശീലിപ്പിച്ചിട്ടുണ്ട്. പ്രൊജക്ട് നടപ്പിലാക്കാൻ വേണ്ടത്ര സമയം ലഭിച്ചിട്ടില്ലാത്ത തിനാലാണ് ഇത്തരത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചത്. ആയതിനുള്ള തുക മാത്രമെ പ്രൊജക്ട് അടങ്കലിൽ നിന്നും |

| | | | |
|---|---|---|---|
| | | ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.<br><br>**ഉത്തരവാദികളായ ഉദ്യോഗസ്ഥർ:**<br><br>1.ശ്രീമതി. എസ്. ജയകുമാരി, സെക്ഷൻ ക്ലാർക്ക്, കോഴിക്കോട് നഗരസഭ, ശ്രീശക്തി, പി.ഒ. ചിറക്കടവ്, കായംകുളം.<br>2. ശ്രീ. വി. ഗിരീഷ്, സെക്ഷൻ ക്ലാർക്ക്, കോഴിക്കോട് നഗരസഭ തളിപ്പറമ്പിൽ ഹൗസ്, പി.ഒ. ബി.പി. അങ്ങാടി, തിരൂർ -2 മലപ്പുറം ജില്ല.<br>3. ശ്രീ. വി.പി. ബൽരാജ്, സൂപ്രണ്ട്, കോഴിക്കോട് നഗരസഭ. 1/1083, ശ്രീപാദം, പി.ഒ. വെസ്റ്റ്ഹിൽ, കോഴിക്കോട് 5. | പരിശോധനക്ക് തയ്യാറാക്കിയിട്ടുണ്ട്. ലൈസൻസി യഥാർത്ഥത്തിൽ തുക അടവാക്കിയത് കമ്പ്യൂട്ടർ ഡിപ്പോസിറ്റ് ഹെഡിൽ നിന്നും തടിനികുതി ഹെഡിലേക്ക് മാറ്റേണ്ട സാങ്കേതിക പ്രശ്നം മാത്രമായതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു. |
| 2010-11 | 5.2 | **പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ഉള്ള അപാകതകൾ**<br><br>❖ **ആസൂത്രണമില്ലായ്മയും സാധ്യതാപഠനങ്ങളുടെ അഭാവവും മേൽനോട്ടക്കുറവും പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമാകുന്നു.**<br>❖ **മാർഗ്ഗരേഖകൾക്ക് വിരുദ്ധമായ പദ്ധതികൾ, വകയിരുത്തുന്നതിലധികം ചെലവ്, സ്വന്തമേഖല യുമായി ബന്ധമില്ലാത്ത പദ്ധതികൾ നടപ്പിലാക്കേണ്ടി വരുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ.**<br>❖ **പദ്ധതി വിഹിതം വകമാറ്റി ചെലവഴിക്കുന്നു.**<br><br>പദ്ധതി രൂപീകരണ നടപടി ക്രമങ്ങൾ ആരംഭിക്കുന്നത് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചു കൊണ്ടാണ്. ഓരോ വിഷയമേഖലയുടെയും അവസ്ഥ വ്യക്തമാക്കുന്ന ഒരു സ്റ്റാറ്റസ് റിപ്പോർട്ട് വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ തയ്യാറാക്കുന്നു. ഈ റിപ്പോർട്ട് ഗ്രാമസഭകളിലും വാർഡ് സഭകളിലും വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുന്നു.<br>ഗ്രാമസഭ/വാർഡ് സഭകളുടെ നിർദ്ദേശങ്ങളും വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടും പരിഗണിച്ച് കരട് പദ്ധതി രേഖ തയ്യാറാക്കുന്നു. തുടർന്ന് വിവിധ മേഖലകളിലെ വിദഗ്ധർ, മറ്റു പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ച് ഒരു ഏകദിന വികസന സെമിനാർ സംഘടിപ്പിക്കുന്നു. വികസന സെമിനാർ നടത്തിയില്ലെങ്കിൽ പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതല്ല.<br>ഗ്രാമസഭ/വാർഡ് സഭകളിലെ നിർദ്ദേശങ്ങൾ സ്റ്റേക്ഹോൾഡർ മാരുമായുള്ള ചർച്ചകൾ, വികസന സെമിനാർ നിർദ്ദേശങ്ങൾ എന്നിവ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന പ്രോജക്ടുകൾ നിലവിലുള്ള നിയമ | കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കുന്നത് ഓരോ വർഷവും പദ്ധതി രൂപീകണവും, നിർവ്വഹണവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും അനുസരിച്ച് കൊണ്ടാണ്.<br>ആയത് പ്രകാരം ഓരോ വർഷവും വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിച്ച് കൊണ്ടും വാർഡ് സഭയിലേക്ക് വർക്കിംഗ് ഗ്രൂപ്പ് കരട് നിർദ്ദേശങ്ങളും സ്റ്റാറ്റസ് റിപ്പോർട്ടും വാർഡ് സഭയിലേക്ക് നൽകി വിശദമായ ചർച്ചക്ക് വിധേയമാക്കുകയും വാർഡ് സഭയിൽ നിന്ന് വരുന്ന നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി കരട് പദ്ധതി രേഖ തയ്യാറാക്കി വികസന സെമിനാറിൽ ചർച്ചക്ക് വിധേയമാക്കു ന്നുണ്ട്.<br>ഇപ്രകാരം വാർഡ് സഭകളിലെയും വികസന സെമിനാറിലെയും നിർദ്ദേശങ്ങളും സ്റ്റേക്ഹോൾഡർമാരുമായും മറ്റ് വിദഗ്ധരുമായുമുള്ള ചർച്ചകളിൽ നിന്നും വരുന്ന നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ച് കൊണ്ട് പദ്ധതി തയ്യാറാക്കുന്നു. ആയത് കൗൺസിൽ അംഗീകാരം നേടി ഡി.പി.സി. അംഗീകാരം നേടി നിർവ്വഹണം നടത്തുകയാണ് ചെയ്യുന്നത്. |

256

| | | | |
|---|---|---|---|
| | | അദ്ധ്യാപകരുടെ പരിശീലനത്തിനും അവർക്കുള്ള കൈപ്പുസ്തകത്തിന്റെ പ്രിന്റിംഗിനും മറ്റുമായി 35,600/- രൂപ ചെലവഴിച്ചുവെങ്കിലും വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് ക്ലാസ്സുകൾ നടത്തുകയോ പാഠ്യവസ്തുക്കൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഇതുകൊണ്ട് തന്നെ 2009 ഫെബ്രുവരി/മാർച്ച് മാസത്തിലെന്നത്തെ എൽ.എസ്.എസ്./യു.എസ്.എസ്. പരീക്ഷയിൽ വിദ്യാർത്ഥികളെ സഹായിക്കുന്നതിന് ഈ പ്രൊജക്ട് പര്യാപ്തമായിട്ടില്ല. സമയബന്ധിതമായി പ്രവർത്തനങ്ങൾ നടപ്പിലാക്കാതിരുന്നതിനാലാണ് പ്രൊജക്ട് ലക്ഷ്യം കൈവരിക്കാനാവാതെ പോയത്.<br><br>പ്രൊജക്ട് പൂർത്തീകരണ ഫോറത്തിൽ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല. കൂടാതെ മിക്ക ചെലവ് വൗച്ചറുകളിലും തീയതി രേഖപ്പെടുത്താതെയാണ് തുക നൽകിയിട്ടുള്ളത്.<br>മേൽ അപാകതകൾ സംബന്ധിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർ 5.10.09 ലെ ബി1/15925/09 നമ്പറിൽ നൽകിയ മറുപടി സ്വീകാര്യമല്ല. വിദ്യാഭ്യാസ ഉപഡയറക്ടർ കൺവീനറായിട്ടുള്ള വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ പ്രൊജക്ടിലാണ് അദ്ധ്യായന വർഷത്തിന്റെ മൂന്നാമത്തെ ടേമിൽ പരിശീലന പരിപാടി ആസൂത്രണം ചെയ്തിരുന്നത്. മേൽ കാലയളവിൽ പരിശീലനം സാദ്ധ്യമല്ലെന്ന മറുപടി ആസൂത്രണത്തിന്റെ പാളിച്ചയെയാണ് വ്യക്തമാക്കുന്നത്. അദ്ധ്യാപക പരിശീലനത്തിന് ശേഷം വാർഷിക പരീക്ഷക്ക് ഏതാനും ദിവസങ്ങൾ മാത്രം അവശേഷിക്കെ പദ്ധതി പണം ഉപയോഗിക്കാതെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി എന്ന മറുപടി അംഗീകരിക്കാനാവില്ല.<br>2009-10 വർഷത്തെ അന്തിമ പദ്ധതി രേഖ പരിശോധിക്കുമ്പോൾ മേൽ പ്രൊജക്ടിന് തുടർ പദ്ധതി ആസൂത്രണം ചെയ്തിട്ടില്ലെന്ന് കാണുന്നതിനാൽ പദ്ധതി തുകയുടെ പാഴ്ചെലവ് അംഗീകരിക്കുന്നില്ല. 35,600/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.<br>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:<br>ശ്രീ. കെ.വി. വിനോദ് ബാബു(വിദ്യാഭ്യാസ ഉപ ഡയറക്ടർ, കോഴിക്കോട്)<br>പ്രണവ്, ജവഹർനഗർ കോളനി, പി.ഒ. എരഞ്ഞിപ്പാലം,കോഴിക്കോട് 673006 | പിൻവലിച്ചി ട്ടുള്ളൂ. (അടങ്കൽ1,00,000/-പിൻവലിച്ചത് 35600/-)<br>ചെലവഴിച്ച 35600/- രൂപയുടെ വൗച്ചറു കളിൽ 1200/- രൂപയുടെ വൗച്ചറുകളിൽ മാത്രമേ തീയതി രേഖപ്പെടുത്താൻ വിട്ടുപോയിട്ടുള്ളൂ. ടി വൗച്ചർ മൊഡ്യൂൾ നിർമ്മാണത്തിന് Remuneration നൽകിയ വകയിലുള്ളതാണ്. 18.6.2008, 19.6.2008 എന്നീ രണ്ടു ദിവസങ്ങളിലാണ് ആയത് നടന്നത്. പ്രസ്തുത തീയതി വൗച്ചറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ വൗച്ചറിന്റെ താഴെ ഭാഗത്ത് തീയതി രേഖപ്പെടുത്താത്തത് മാപ്പാക്കിത്തരണ മെന്ന് അപേക്ഷിക്കുന്നു.<br>പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലിൽ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമായിട്ടില്ലെന്ന് തടസ്സവാദം ഉന്നയിച്ചിരുന്നു. ആയതിനാൽ മോണിറ്ററിംഗ് സർട്ടിഫിക്കറ്റ് ഇതോടൊപ്പം സമർപ്പിക്കുന്നു.<br>വിദ്യാർത്ഥികൾക്ക് മികച്ച രീതിയിലുള്ള പരിശീലനം നൽകാൻ സാധിച്ചിട്ടുണ്ടെന്നും ആയത് വിദ്യാർത്ഥികൾക്ക് വളരെയേറെ പ്രയോജനപ്പെട്ടിട്ടുണ്ടെന്നും ഓഡിറ്റ് മുമ്പാകെ അറിയിക്കുന്നു. മേൽ പറഞ്ഞ വസ്തുതകൾ പരിഗണിച്ച് ടി പദ്ധതിയുടെ നിർവ്വഹണ വുമായി ബന്ധപ്പെട്ട മുഴുവൻ തടസ്സവാദങ്ങളും നീക്കി ത്തരണമെന്ന് അപേക്ഷിക്കുന്നു. |





T.K.AJITHA KUMARI
Additional Secretary to Govt.
Local Self Govt. Deptt.
Govt. Secretariat
Thiruvananthapuram

നം. ടൗപി.11/6078/11

കോർപറേഷൻ ഓഫീസ്,
കോഴിക്കോട്, തീയതി 3.4.2013

**അക്കൗണ്ട്സ് ഓഫീസർക്കുള്ള കുറിപ്പ്**

വിഷയം:- കോഴിക്കോട് കോർപറേഷൻ - ടൗൺപ്ലാനിംഗ് വിഭാഗം - 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സവാദം - റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. താങ്കളുടെ 19.3.13 ലെ ബി15/24627/13 നമ്പർ കുറിപ്പ്.
2. ലോക്കൽ ഫണ്ട് സീനിയർ ഡെ. ഡയറക്ടറുടെ എൽ.എഫ്.സി.സി./എ6/979(1)/2012 നമ്പർ കത്ത്.

&&&&

മേൽ സൂചന പ്രകാരം 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 5-1-9(1) ൽ പരാമർശിച്ചിട്ടുള്ള ടൗൺപ്ലാനിംഗ് വിഭാഗവുമായി ബന്ധപ്പെട്ടിട്ടുള്ള ഓഡിറ്റ് തടസ്സവാദത്തിന് മറുപടി നൽകുന്നതിന് ആവശ്യപ്പെട്ടിരുന്നു. ആയത് പ്രകാരം ഇ6/93679/06 ഡവലപ്പ്മെന്റ് പെർമിറ്റ് അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ നിരവധി വില്ലകൾക്ക് ഏകദിന പെർമിറ്റ് സമ്പ്രദായ പ്രകാരം പെർമിറ്റ് അനുവദിച്ചതും ആയതുമൂലം നഗരസഭക്ക് മൊത്തം 25,750/- രൂപയുടെ ഫീസ് നഷ്ടപ്പെട്ടതും ആണ് ചൂണ്ടിക്കാട്ടിയിട്ടുള്ളത്. ടി തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും ഈടാക്കുന്നതിനും പരാമർശത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ നഗരസഭക്ക് ഫീസ് ഇനത്തിൽ നഷ്ടം വന്ന തുകയായ 25750/- രൂപ ശ്രീ. എം.കെ. ശ്രീജിത്ത് എക്സി. എഞ്ചിനീയർ (റിട്ട.) മുഖാന്തിരം രശീതി നമ്പർ 11001127184 തീ: 15.3.2011 പ്രകാരം നഗരസഭ ട്രഷറിയിൽ അടവാക്കിയിട്ടുള്ളതാണ്. ടി വിവരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ അറിയിക്കുകയും സൂചന 2-ലെ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കത്ത് പ്രകാരം തുക അടവാക്കിയ കാര്യം പരിശോധിച്ച് ബോധ്യപ്പെട്ടതാണെന്നും എന്നാൽ 2010-11 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ടി ഖണ്ഡിക ഉൾപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത തടസ്സം ഒഴിവാക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൽപ്പിക്കുന്നത് ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് നിയമസഭാ സമിതി ആയിരിക്കും എന്ന കാര്യം അറിയിച്ചിട്ടുള്ളതാണ്. പ്രസ്തുത കത്തിന്റെ പകർപ്പും തുക അടവാക്കിയതിന്റെ രശീതിയുടെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടി സാഹചര്യത്തിൽ പ്രസ്തുത തടസ്സവാദം നീക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് താൽപര്യപ്പെടുന്നു.

കോർപറേഷൻ എഞ്ചിനീയർ

ഉള്ളടക്കം:-1 എൽ.എഫ്.സി.സി. എ6/979(1)/12 നമ്പർ കത്തിന്റെ പകർപ്പ്
2. 25750/- രൂപ അടവാക്കിയ രശീതിയുടെ പകർപ്പ്.

0142250

കോഴിക്കോട് കോർപറേഷൻ

## RECEIPT

Receipt No : CASH 0 1 0 0 1 1 2 7 1 5 4
Date: 15-Mar 2011

Name: Sri. M K Sreejith
Address: Ex. Engg. Dev. Wing., Clt Corp. C6/1316/05

| Sl.No. | Description | Period | Arrear (Rs.) | Current (Rs.) |
|---|---|---|---|---|
| 1 | Fees for Construction of Buildings | 2010-11/F | | 25750.00 |

CORPORATION OF CALICUT
15 MAR 2011
CASH RECEIPT

Cheques are subject to realisation.

Cad. 07710.00)

TOTAL (Rs.) 25750.00

Amount in words: Twenty Five Thousand Seven Hundred and Fifty Rupees Only

Counter No. : liability as per audit report 2000-2005, para 2-4-2-remitting
Staff : Receipt Counter 1 — K Jayalakshmi

Secretary

252

2008-09

അനുബന്ധം - 2

[redacted] വാർഷിക പദ്ധതി

മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രോജക്ട് മോണിറ്ററിംഗ് റിപ്പോർട്ട്

1. പ്രോജക്ടിന്റെ നമ്പറും പേരും : 021/2009 LSS/USS [illegible]
2. വിശദാംശങ്ങൾ (ബാധകമായത് √ടിക് ചെയ്യുക) :

| | | | | |
|---|---|---|---|---|
| I | General | SCP | | TSP |
| II | WCP | Child ✓ | Aged | Disabled |
| III | 5.0 | New ✓ | തുടർ വർഷം | ബഹു വർഷം |

3. നിർവഹണം തുടങ്ങിയ മാസം, വർഷം : 09/2008
4. നിർവഹണം അവസാനിച്ച മാസം, വർഷം : 3/2009
5. ഉദ്ദേശിച്ച സമയത്ത് പൂർത്തീകരിച്ചുവോ? : [illegible]
6. വിഭവസ്രോതസ്സുകളും വിനിയോഗവും

| വിഭവസ്രോതസ്സ് | വികസന ഫണ്ട് | | | | ആകെ |
|---|---|---|---|---|---|
| വകയിരുത്തിയ തുക | 100000/- | | | | 100000/- |
| വിനിയോഗിച്ച തുക | 35600/- | | | | 35600/- |

7. പ്രതീക്ഷിച്ച ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ? : [illegible]
8. പ്രോജക്ടിലൂടെ കൈവരിച്ച യഥാർത്ഥ പ്രയോജനം (outcome) : LSS/USS [illegible] LP, UP [illegible]
9. വിഭാവനം ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം : [illegible]
10. പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം : — do —
11. പ്രോജക്ടിലൂടെ സൃഷ്ടിക്കപ്പെട്ട ആസ്തികൾ (സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ) : —
12. വിഭാവന ചെയ്ത എല്ലാ പ്രവർത്തനങ്ങളും നടന്നിട്ടുണ്ടോ? : [illegible]
13. നിർവഹണം കാര്യക്ഷമവും തൃപ്തികരവും ഗുണനിലവാരമുള്ളതുമാണോ? : [illegible]
14. ഏതെങ്കിലും സർക്കാർ/അർദ്ധസർക്കാർ സ്ഥാപനത്തിന് തുക കൈമാറിയ പ്രോജക്ടാണോ? : അല്ല
15. തുക കൈമാറിയ പ്രോജക്ടാണെങ്കിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോ? : [illegible]
16. മറ്റ് അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ :

സ്ഥലം : [illegible]
തീയതി : 31/03/2009

ഒപ്പ് : [illegible]
ചെയർമാൻ, മോണിറ്ററിംഗ് കമ്മിറ്റി

ഒപ്പ് :
കൺവീനർ K.V. [illegible]



2002 - 03 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി വിശദീകരണ പത്രിക.

| ക്രമ നം. | വർഷം ഖണ്ഡിക നഗരസഭയുടെ പേര് | ഓഡിറ്റ് റിപ്പോർട്ട് - റിപ്പോർട്ട് | റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 2002 - 2003<br>VII.II.2<br>വടകര | **<u>VII.II.2(i) സേവന പുസ്തക പരിശോധന-അധിക ശമ്പളവും അലവൻസുകളും കൈപ്പറ്റിയത് - അനുവദിക്കുന്നില്ല.</u>**<br>ശ്രീമതി. പി. അന്നക്കുട്ടിക്ക് 13 വർഷത്തെ സമയബന്ധിക ഹയർ ഗ്രേഡ് 1.12.1980ൽ 575-900 രൂപ ശമ്പള സ്കെയിൽ അനുവദിച്ച് ശമ്പളം നിർണ്ണയിച്ചിരുന്നു. എന്നാൽ 7.7.88ലെ ജി.ഒ.(ആർ.ടി) 2322/88 ത.ഭ.വ ഉത്തരവിലെ നിർദ്ദേശ പ്രകാരം 20 വർഷത്തെ സേവനം പൂർത്തീകരിച്ചതിനാൽ ലേഡി അറ്റന്ററുടെ ശമ്പള സ്കെയിലായ 600-950 രൂപ സ്കെയിലിൽ 830/- രൂപ അനുവദിക്കേണ്ടതിന് പകരം 1.12.1987ൽ ലേഡി അസിസ്റ്റന്റിന്റെ സ്കെയിലായ 640-1000 രൂപ സ്കെയിലിൽ 840/- രൂപ അനുവദിച്ചു നൽകി. ആയതിനാൽ തുടർന്നുണ്ടായിരിക്കുന്ന എല്ലാ ശമ്പള നിർണ്ണയങ്ങളും അർഹതയില്ലാത്തതും അധികരിച്ച തോതിലുള്ളതുമാണ്. ഈ ശമ്പള നിർണ്ണയങ്ങൾക്കൊന്നും തന്നെ ഓഡിറ്റ് വകുപ്പിന്റെ അംഗീകാരവും തേടിയിരുന്നില്ല. 1.12.87 മുതൽ | ലേഡി അറ്റന്റർ ശ്രീമതി.പി.അന്നക്കുട്ടി അധികരിച്ച് കൈപ്പറ്റിയ ശമ്പളവും അലവൻസുകളും അടക്കം മൊത്തം 31170/-രൂപയിൽ 26983/-രൂപ ടിയാൾക്ക് ടെർമിനൽ സറണ്ടർ അനുവദിച്ച 1116/01/03 നമ്പർ വൗച്ചറിൽ അഡ്ജസ്റ്റ് ചെയ്യുകയും ബാക്കിയുള്ള 4187/-രൂപ 21.01.03ലെ 1383-ാം നമ്പർ രസീതി പ്രകാരം മുനിസിപ്പൽ ഫണ്ടിൽ വരവ് വെക്കുകയും ചെയ്തിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു. തുക മുനിസിപ്പൽ ഫണ്ടിലേക്ക് വരവ് വെച്ചത് സംബന്ധിച്ച രേഖകൾ പരിശോധനക്കായി ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് 20.06.09ന് നൽകിയിരുന്നു. ആയതിനുള്ള മറുപടിയിൽ അധികം കൈപ്പറ്റിയ 31170 രൂപ നഗരസഭ ഒടുക്കിയ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സവാദം ഒഴിവാക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് ശുപാർശ ചെയ്യുന്നതാണെന്ന് 28.7.2009 ലെ |

| | | | |
|---|---|---|---|
| | | 31.10.2002 വരെ ശമ്പളവും അലവൻസുകളും ഇനത്തിൽ ശ്രീമതി. പി. അന്നക്കുട്ടി ലേഡി അറ്റന്റർ അധികമായി 31,170/- രൂപ കൈപ്പറ്റിയിട്ടുണ്ട്.<br>യഥാസമയം സേവന പുസ്തകം പരിശോധനയ്ക്ക് ഹാജരാക്കാതിരുന്നതാണ്. അനർഹമായും അധികമായും ഇത്രയധികം തുക കൈപ്പറ്റുവാൻ ഇടയാക്കിയത്. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ശരിയായ മേൽ നോട്ടത്തിന്റെ അഭാവമാണ് നഗരസഭാ ഫണ്ടിൽ നിന്നും സാമ്പത്തിക ശോഷണം ഉണ്ടാകുന്നതിന് കാരണം. | എൽ.എഫ്.വി.എം എ2/2017/09 നമ്പർ കത്തിൽ [illegible] ഡയറക്ടർക്ക് അറിയിച്ചിട്ടുണ്ട്. |
| 2 | 2002 - 2003<br><br>VII.II.2(ii)<br><br>വടകര | **VII.II.2(ii) ഭൂമിയുടേയും, കെട്ടിട /കട മുറികളുടേയും, വാടക, മേലനുഭോഗങ്ങളുടെ ലേലത്തുക മുതലായവ പിരിച്ചെടുക്കാത്തതുമൂലം ഭീമമായ നഷ്ടം**<br>നഗരസഭയുടെ അധീനതയിലുള്ള ഭൂമി, കെട്ടിടം, കടമുറി എന്നിവ മൂന്നു വർഷകാലാവധിക്ക് 1993-194 വർഷത്തിൽ വിവിധ ആളുകൾക്ക് ലേലത്തിൽ നലകിയിരുന്നു. ലേല സംഖ്യ മൊത്തമായോ മാസതവണകളായോ ഒടുക്കാവുന്നതും മാസ തവണയുടെ കാര്യത്തിൽ ഓരോ മാസത്തെയും തവണ ക്ലിപ്തപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. മാസ തവണകൾക്ക് വീഴ്ച വരുത്തുന്ന പക്ഷം പിഴപ്പലിശയും, ലേലം റദ്ദു ചെയ്യുന്നതുൾപ്പെടെയുള്ള ഇതര നടപടികൾക്കും കരാറിൽ വ്യവസ്ഥയും ചെയ്തിരുന്നു. എന്നാൽ ഈ വ്യവസ്ഥകളൊക്കെ സൗകര്യപൂർവ്വം | 1993-1994 വർഷത്തിൽ ഭൂമിയുടെയും/ കെട്ടിടങ്ങളുടെയും വാടക മേലനുഭവങ്ങളുടെ ലേല തുക മുതലായവ പിരിച്ചെടുക്കാത്തതുമൂലം നഷ്ടം ഉണ്ടായിരിക്കുന്നു എന്നുള്ള ഓഡിറ്റ് പരാമർശ പ്രകാരം ഫയൽ പരിശോധിച്ചതിൽ പരാമർശിക്കപ്പെട്ട കുടിശിക പിഴസഹിതം പിരിച്ചെടുത്തിട്ടുണ്ട് എന്നകാര്യം റിപ്പോർട്ട് ചെയ്യുന്നു. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | | പത്രങ്ങളുടെ എണ്ണത്തിലുള്ള കുറവും കാലാവധി പൂർത്തിയാക്കിയ ഉടൻ പുതുക്കുകയോ പണമാക്കി മാറ്റുകയോ ചെയ്യാതെ കാലതാമസം വരുത്തുകയും ലോൺ എടുക്കാൻ വേണ്ടി മാത്രം പണമാക്കി മാറ്റി 15.5.2000ൽ നഗരഭാ സെക്രട്ടറിയുടെ പേരിൽ സ്ഥിരനിക്ഷേപമാക്കുകയും അടുത്ത ദിവസം തന്നെ അതിൽനിന്നും (16.5.2000ൽ) ലോൺ എടുക്കുകയും ചെയ്യുകവഴി, നഗരസഭയുടെ അനാസ്ഥമൂലം ഗുണഭോക്താക്കൾക്കുണ്ടായ നഷ്ടം (2000+35262)= 37262/- രൂപ<br><br>2 ഇന്ദിരാ വികാസ് പത്രങ്ങൾ പണമാക്കി മാറ്റി സെക്രട്ടറിയുടെ പേരിൽ സ്ഥിര നിക്ഷേപമായി വയ്ക്കുകയും അതിൽ നിന്ന് ലോണെടുത്ത് ടാറിന്റെ വിലയായി എണ്ണക്കമ്പനികളിൽ ഒടുക്കുവരുത്തി പ്രസ്തുത തുകയ്ക്ക് ആനുപാതികമായി മുഴുവൻ ടാറും വാങ്ങാത്തതുമൂലവും (വാങ്ങിയ ടാർ മാസങ്ങളോളം സ്റ്റോക്കിൽ വെച്ചിരുന്ന ശേഷമാണ് ഇഷ്യൂ ചെയ്തിരിക്കുന്നത്) മിച്ചമുള്ള തുക എണ്ണക്കമ്പനികളിൽ നിന്നും തിരികെ ഈടാക്കാത്തതു മൂലവുമുണ്ടായ നഷ്ടം (7719+476) = 8195/- രൂപ | ഇരട്ടിക്കുന്ന പദ്ധതിയായ വടകര കോ-ഓപ്പറേറ്റീവ് റൂറ ബാങ്കിന്റെ കുയിൽ നിക്ഷേപ പദ്ധതിയാണ് ഏറ്റവ കൂടുതൽ പലിശ ലഭിക്കുന്നത് എന്ന് കണ്ടതിനാ 03.12.99ലെ സപ്ലിമെന്റ് തീരുമാനം 10 പ്രകാരം തു നിക്ഷേപിച്ചിട്ടുള്ളതാണ്. വായ്പ തുക കൃത്യമാ അടച്ചുവന്ന എല്ലാ ഗുണഭോക്താക്കൾക്കും സബ്സിഡ തുക വീഴ്ച വരുത്താതെ നൽകിയിട്ടുണ്ട്.<br><br>2. 1999-2000 വർഷം നഗരസഭ നിരവധി വികസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പൂർത്തിയാക്കിവരുന്ന ക ഘട്ടമായിരുന്നതിനാൽ നഗരസഭ രൂക്ഷമായ സാമ്പത്തി പ്രതിസന്ധിയെ അഭിമുഖീകരിക്കുകയായിരുന്നു. വർഷ ളായി അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം ഗതാ ഗ തടസ്സപ്പെട്ട റോഡുകളും നിലവിൽ സോളിംഗ് മെറ്റലി പൂർത്തിയായ റോഡുകളിൽ ടാറിംഗ് നടത്താത്ത കാരണം മെറ്റലിളകിപ്പോയ പുതിയ റോഡുക തകർന്നതും കൗൺസിൽ യോഗങ്ങളിൽ നിരന്തരമാ ചർച്ചയ്ക്ക് വിധേയമാക്കുകയും വിവിധ ബഹുജ തൊഴിലാളി സംഘടനകൾ പ്രക്ഷോഭവുമായി രംഗ വരികയും ചെയ്ത സാഹചര്യത്തിലാണ് ട അടിയന്തിരമായി ലഭ്യ മാക്കി തകർന്നറോഡുക |

| | | | |
|---|---|---|---|
| | | അവഗണിക്കുകയും കരാറുകാരിൽ നിന്ന് കുടിശികയായ വന്ന തുക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കാതിരിക്കുകയും ചെയ്തതിനാൽ നഗരസഭയ്ക്ക് 1993-1994 വർഷത്തിൽ ലഭിക്കേണ്ടിയിരുന്ന 643348/- രൂപ നഷ്ടപ്പെട്ടിരിക്കുന്നു.<br>ലേല/കരാർ വ്യവസ്ഥകൾ പാലിക്കുന്നതിനും തുടർ നടപടികള കൈക്കൊള്ളാനും അധികാരികൾ വൈമനസ്യം കാണിച്ചതുമൂലമാണ് നഗരസഭാ ഫണ്ടിന് 643348/- രൂപയുടെ വരുമാന ചോർച്ച ഉണ്ടായത്. | |
| 3 | 2002 – 2003<br><br>VII.II.2(iii)<br><br>വടകര | **<u>VII.II.2(iii) നഗരസഭാ ഫണ്ടിനുണ്ടായ ഭീമമായ നഷ്ടവും വരുമാന ചോർച്ചയും</u>**<br><br>വടകര നഗരസഭ 1999-2000 വർഷത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ നഗരസഭാ അധികൃതരുടെ അനാസ്ഥയും കൃത്യവിലോപവും മൂലം നഗരസഭ ഫണ്ടിന് മൊത്തം 666647/- രൂപയുടെ നഷ്ടവും 25860/- രൂപയുടെ വരുമാന ചോർച്ചയും ഉണ്ടായിട്ടുണ്ട്. നഷ്ടങ്ങളുടെ വിശദ വിവരങ്ങള ചുവടെ ചേർക്കുന്നു.<br><br>1. നെഹ്റു തൊഴിൽദാന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ ഷെൽട്ടർ അപ്ഗ്രഡേഷൻ പദ്ധതിയിലെ സാധുക്കളായ എൻ.ആർ.വൈ സ്കീം ഗുണഭോക്താക്കളുടെ സബ്സിഡി തുക കൊണ്ടു വാങ്ങിയ ഇന്ദിരാ വികാസ് പത്രങ്ങൾ മുഖേനയുള്ള നിക്ഷേപത്തിൽ, ഇന്ദിരാ വികാസ് | 1. നെഹ്റു തൊഴിൽ ദാന പദ്ധതിയുടെ ഭഗമായ ഷെൽട്ടർ അപ്ഗ്രഡേഷൻ പദ്ധതിയുടെ ഗുണഭോക്താക്കളുടെ സബ്സിഡി തുക വിനിയോഗിച്ച് ഇന്ദിരാ വികാസ് പത്രങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടില്ല. കാലാവധി പൂർത്തിയാക്കാത്ത ഇന്ദിരാ വികാസ് പത്രങ്ങൾ വായ്പ തുക പൂർണ്ണമായി ഒടുക്കിയ ഗുണഭോക്താക്കൾക്ക് തിരിച്ചുകൊടുക്കുകയാണ് ചെയ്തുവന്നത്. ലോൺ എടുക്കാൻ വേണ്ടി ഇന്ദിരാ വികാസ് പത്രം പണമാക്കി മാറ്റി എന്ന ആരോപണം ശരിയല്ല. ഇന്ദിരാ വികാസ് പത്രങ്ങൾ സർക്കാർ നിർണ്ണയം ചെയ്ത പ്രകാരം കാലാവധി പൂർത്തിയാക്കാൻ പത്രികകൾ പുനർ നിക്ഷേപം ചെയ്യുന്നത് സംബന്ധിച്ച് നടപടിക്രമങ്ങൾ 29.9.99ന് തന്നെ ആരംഭിച്ചിട്ടുള്ളതാണ് ആ സമയത്ത് 66 മാസം കൊണ്ട് നിക്ഷേപ ന്യൂക |

ഗതാഗത യോഗ്യമാക്കാൻ കൗൺസിൽ തീരുമാനിച്ചത്. അതനുസരിച്ച് 08.05.2000ന് കൗൺസിൽ അടിയന്തിര യോഗം വിളിച്ച് വിഷയം ചർച്ച ചെയ്യുകയും മഴക്കാലം തുടങ്ങുന്നതിന് മുമ്പായി തന്നെ റോഡുകൾ താർചെയ്യണമെന്നും ആയതിന് ആവശ്യമായ ടാർ വാങ്ങുന്നതിന് വേണ്ടി അഡ്വാൻസ് ഡിഡി നൽകുന്നതിന് 10ലക്ഷം രൂപ, നഗരസഭയുടെ റൂറൽ ബാങ്കിലുള്ള സ്ഥിര നിക്ഷേപത്തിൽ നിന്ന് വായ്പ എടുക്കുന്നതിന് കൗൺസിൽ തീരുമാനിച്ചതിന്റെ അടിസ്ഥാന ത്തിലാണ് അപ്രകാരം താർവാങ്ങി പ്രവർത്തികൾ നിർവ്വഹിച്ചിട്ടുള്ളത്.

യഥാസമയം താർചെയ്യാതിരിക്കുന്നത് മൂലം മെറ്റൽ ചെയ്ത റോഡുകളിലെ മെറ്റലിംഗ് ഇളകിപ്പോകുന്നത് മൂലം വീണ്ടും മെറ്റൽ ചെയ്യുന്നതുവഴിച്ച സാമ്പത്തിക നഷ്ടം ഉണ്ടാകുമെന്ന സാഹചര്യം കൂടി കണക്കിലെടുത്താണ് കൗൺസിൽ ഇത്തരമൊരു തീരുമാനമെടുത്തിട്ടുള്ളതെന്ന് കാണാവുന്നതാണ്.

മംഗലാപുരം HPCയിൽ നിന്ന് ആദ്യ ലോഡ് താർ 25.05.00ലും അവസാന ലോഡ് 9.06.00ത്തിനും ഇടയിൽ എത്തിയെങ്കിലും ഇടയ്ക്കിടെ പെയ്യുന്ന വേനൽമഴ മൂലം ടാറിംഗ് പ്രവർത്തി ആരംഭിക്കുന്നതിന് തടസ്സം വന്നു. തുടർന്ന് ജൂൺ, ജൂലായ് മാസങ്ങളിൽ കാലവർഷം

| | | | |
|---|---|---|---|
| | | | കാരണവും ടാറിംഗ് പ്രവർത്തി നടന്നില്ല ആഗസ്റ്റ് മാസം പകുതി കഴിഞ്ഞപ്പോൾ അടിയന്തിര പ്രവർത്തികൾക്ക് ടാർ നൽകി തുടങ്ങി. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുകയും പെരുമാറ്റച്ചട്ടം നിലവിൽ വരികയും ചെയ്തതിനാൽ പുതുതായി നടത്തേണ്ട ടാറിംഗ് പ്രവർത്തികൾ ആരംഭിക്കാൻ കഴിഞ്ഞില്ല.<br>എണ്ണക്കമ്പനികളിൽ നിന്നും നിലവിലുള്ള വില അന്വേഷിച്ചാണ് ഡിഡി എടുത്ത് അയക്കാറുള്ളതെങ്കിലും ടാർ ലഭ്യമാവുമ്പോൾ വിലയിലോ ടാക്സിലോ വരുന്ന വ്യത്യാസം കാരണം മുഴുവൻ തുകയ്ക്കുള്ള ടാർ ലഭ്യമാവാറില്ല. ഇങ്ങനെ വരുന്ന അവസരങ്ങളിൽ എണ്ണക്കമ്പനി തുക റീ ഫണ്ട് അനുവദിക്കാറില്ല അടുത്ത പർച്ചേസിൽ അഡ്ജസ്റ്റ് ചെയ്യാറാണ് പതിവ്. |
| | | 3. ടാറിന്റെ വില മുൻകൂർ നൽകുകയും യഥാസമയം ഓർഡർ നൽകി എടുക്കാത്തതുമൂലം അധിക വില നൽകി. പിന്നീട് എടുത്ത വകയിൽ ഉണ്ടായ നഷ്ടം (22531+12572)= 35103/- | (3) പൊതുമേഖലാ സ്ഥാപനമായ HPCയിൽ നിന്നും മുനിസിപ്പൽ റോഡ് പ്രവർത്തിക്ക് ആവശ്യമായ താറിന്റെ തുക അയക്കാൻ ബന്ധപ്പെട്ട കമ്പനിയിൽ നിന്നും ടാർ ഇഷ്യു ചെയ്യുന്ന തീയ്യതിയിലുള്ള വിലയാണ് ഈടാക്കാറുള്ളത്. സാധാരണ ഗതിയിൽ ആവശ്യമായ താറിന്റെ തുക ബന്ധപ്പെട്ട പൊതുമേഖലാ കമ്പനിയിൽ മുൻകൂർ അടച്ച് മുൻഗണനാ ക്രമത്തിൽ ടാറ് അനുവദിക്കാറാണ് പതിവ്. അത് പ്രകാരമാണ് |

| | | | |
|---|---|---|---|
| | | 4. കൂടിയ വിലയിൽ ടാർ വാങ്ങുകയും പ്രവൃത്തിക്കാവശ്യമായതിൽ കൂടുതൽ അളവിൽ നല്കുയും അപ്രകാരം ആവശ്യത്തിലധികമുള്ള ടാർ കോൺട്രാക്ടർമാർക്ക് അനുവദിച്ചുകൊടുക്കുക വഴിയും ടാറിന്റെവില കുറവായി ഈടാക്കിയതു മൂലവും നഗരസഭയ്ക്കുണ്ടായ നഷ്ടം 563385/-<br>5. നഗരസഭാവക റോഡ് റോളറിന്റെ വാടക കുറവായി ഈടാക്കിയതു മൂലമുള്ള നഷ്ടം 10015/- രൂപ | നഗരസഭയ്ക്ക് അധിക ബാധ്യത വരാൻ ഇടയായത്. താർവാങ്ങുമ്പോൾ സാധാരണയായി ഇങ്ങനെ സംഭവിക്കാറുണ്ട്.<br>(4) ടി ഖണ്ഡിക 1999-2000വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് പരിശോധിച്ചതിൽ കണ്ടെത്താൻ കഴിയാത്തതു കൊണ്ട് സ്പഷ്ടീകരണത്തിന് ഓഡിറ്റ് വിഭാഗത്തിന് കത്ത് നൽകിയിട്ടുണ്ട്.<br>(5) നഗരസഭവക റോഡ് റോളറിന്റെ വാടക ഈടാക്കിയത് മൂലമുള്ള നഷ്ടം 10015/-രൂപ.<br>എ) 17മുതൽ 25വരെയുള്ള വാർഡുകളിലെ പാച്ച് വർക്ക്(വൗച്ചർ നമ്പർ 1703/2-2000)<br>മേപ്പടി പ്രവർത്തിയിൽ 2ദിവസത്തെ വാടകയാണ് റോഡ് റോളറിന് വേണ്ടി ഈടാക്കിയിട്ടുള്ളത്. ബന്ധപ്പെട്ട അളവ് പുസ്തകങ്ങൾ പരിശോധിച്ചതിൽ 2 ദിവസത്തിൽ കൂടുതൽ നടത്തിയ പ്രവർത്തികളെല്ലാം തന്നെ കരാറുകാരൻ സ്വന്തം നിലയിൽ ഏർപ്പെടുത്തിയ റോഡ് റോളർ ഉപയോഗിച്ചാണ് നടത്തിയിട്ടുള്ളത്. ആയത് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെടാതിരുന്നതിനാലാണ് തടസ്സം ഉന്നയിച്ചി ട്ടുള്ളത് എന്ന് കരുതുന്നു. അളവു പുസ്തക നമ്പർ 58 പേജ് 27,39,51,69,72,76,80 |

| | | | |
|---|---|---|---|
| | | | എം ബുക്ക് 40 പേജ് 60,76,85<br>എം ബുക്ക് 44 പേജ് 76,83,91,96<br>മേൽപ്പറഞ്ഞ എം ബുക്കുകളിൽ അതാതിന് നേരെ കാണിച്ച പേജുകളിൽ ഇതു സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.<br>ബി) 26 മുതൽ 32വരെ വാർഡുകളിലെ റോഡ് അറ്റകുറ്റപ്പണികൾ ( വൗച്ചർ 283/5-99)<br>ഈ പ്രവർത്തിയിൽ എം ബി 55/97-98 പേജ് 81 പ്രകാരമുള്ള 1508.11എം2 വിസ്തീർണ്ണത്തിൽ പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ് പ്രവർത്തി കരാറുകാരൻ സ്വന്തം നിലയ്ക്ക് ഏർപ്പെടുത്തിയ റോഡ് റോളർ ഉപയോഗിച്ചാണ് നടത്തിയിട്ടുള്ളത് എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പേജ് 72ൽ സർട്ടിഫിക്കറ്റ് എഴുതി വെച്ചിട്ടുണ്ട് ആയത് ഓഡിറ്റ് വിഭാഗം കാണാതെ പോയതിനാലായിരിക്കും ഓഡിറ്റ് തടസ്സം ഉണ്ടായത് എന്ന് അനുമാനിക്കുന്നു. കൂടാതെ റോളറിന്റെ വാടക ഈടാക്കിയത് സംബന്ധിച്ചും തർക്കം ഉന്നയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ തയ്യാറാക്കിയ നിരക്ക് അനുസരിച്ച് മാത്രമേ വാടക ഈടാക്കാൻ കഴിയൂ എന്നതിനാലാണ് 1150/-രൂപ നിരക്ക് വെച്ച് വാടക ഈടാക്കിയിട്ടുള്ളത്.<br>സി) ശ്രീനാരായണ സ്കൂൾ റോഡ് മെറ്റലിംഗ് |

ടാറിംഗ് പ്രവർത്തിയിൽ വാടക ഈടാക്കിയതിൽ കുറവ് (വൗച്ചർ 410/7-99)

PWD ഷെഡ്യൂൾ ഓഫ് റേറ്റിൽ, പൊതുനിർദ്ദേ ങ്ങളിൽ ക്രമനമ്പർ 8(ഡി) പ്രകാരം റോളറിന്റെ daily out turn ൽ 12 1/2% കൂടുതലോ കുറവോ അനുവദനീയമാണെന്നതിനാലും മേപ്പടി ഓഡിറ്റ് തടസ്സം ഈ പരിധിയിൽ വരുന്നതിനാലും ടി.തടസ്സം ഒഴിവാക്കുന്നതാണ്.

ഡി) കുഴിച്ചാൽ റോഡിലുള്ള പുനരുദ്ധാരണ പ്രവർത്തി (വൗച്ചർ.1560/1-2000)

ഈ പ്രവർത്തിയുടെ Base course പ്രവർത്തി കരാറു കാരന്റെ സ്വന്തം നിലയ്ക്ക് ഏർപ്പെടുത്തിയ റോഡ് റോളർ ഉപയോഗിച്ചാണ് നടത്തിയിട്ടുള്ളത്. എം 47/96 9ാം പേജ് 92ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. അതനുസരിച്ച് ഓഡിറ്റിൽ പരാമർശിച്ചതിലും പകുതിസമയം മാത്രമെ റോളർ പ്രവർത്തിച്ചിട്ടുള്ളൂ. ആയതിന് (1-2ദിവസം) ഒന്ന് രണ്ട് ദിവസത്തെ വാടക ഈടാക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ടി തടസ്സം.ഒഴിവാക്കാവുന്ന താണ്.

ഇ) കസ്റ്റംസ് റോഡ് - ഫിഷറീസ് റോഡ് സോളിംഗ് മെറ്റലിംഗ് ടാറിംഗ് (വൗച്ചർ നമ്പർ. 1398/12.99)

| | | | |
|---|---|---|---|
| | | | എസ്റ്റിമേറ്റിൽ കാണിച്ച നിരക്കായ<br>കുറവ് വന്ന 33 ദിവസത്തെ വാടക ഈ<br>സ്വീകരിക്കുന്നതാണ്. അതനുസ<br>ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നു<br>എഫ്) കുഴിച്ചാൽ റോഡ് മെ<br>(വൗച്ചർ നമ്പർ 1505/1-2000)<br>ഓഡിറ്റ് റിപ്പോർട്ടിൽ Sub<br>പ്രവർത്തിക്ക് 1967.40$M^2$ വിസ്തീർണ്ണത്ത്<br>ചെയ്തതായാണ് കാണിക്കുന്നത്. അ<br>കാണിച്ചതാണ്. യഥാർത്ഥത്തിൽ<br>മാത്രമാണ് പ്രവർത്തി ചെയ്തിട്ടുള്ളത്.<br>പ്രവർത്തിയായി 943.74ച. മീറ്ററുമാണ്<br>ചെയ്തിട്ടുള്ളത്. Chipping Carpet<br>കരാറുകാരൻ സ്വന്തം നിലക്ക് റോളർ എർ<br>ചെയ്തിട്ടുള്ളത്. അതനുസരിച്ച് 1.33<br>വാടകയാണ് (10.88 മണിക്കൂർ) ഉ<br>എസ്റ്റിമേറ്റിൽ കാണിച്ച റോളറിന്റെ വാടക<br>പ്രകാരം 1.35 മണിക്കൂറിന് 1553.0<br>ഈടാക്കേണ്ടിയിരുന്നത്. എന്നാൽ<br>1150/-ക. മാത്രമാണ്. ബാക്കി 403ക. തിരിച്ച<br>സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | 6. പൊതു മരാമത്ത് പണിക്ക് ആവശ്യമായ മണലിന് കൂടിയ ദൂരത്തിനുള്ള കൺവേയൻസ് അനുവദിച്ചതു വഴിയുള്ള നഷ്ടം 12687/- രൂപ ( ആകെ നഷ്ടം 66647/- രൂപ) കൂടാതെ നഗരസഭാ റോഡ് റോളർ പ്രവർത്തനയോഗ്യമായിരിക്കേ സ്വകാര്യ റോഡ് റോളർ ഉപയോഗത്തിന് അനുമതി നൽകുക വഴി 25860/- രൂപയുടെ വരുമാന ചോർച്ചയും സംഭവിച്ചിട്ടുണ്ട്. | 6) ടി ഖണ്ഡിക 1999-2000 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പരിശോധിച്ചതിൽ കണ്ടെത്താൻ കഴിയാത്തത് കൊണ്ട് സ്പഷ്ടീകരണത്തിന് ഓഡിറ്റ് വിഭാഗത്തിലേക്ക് കത്തയച്ചിട്ടുണ്ട്. |
| 4 | 2002 - 2003<br><br>VII.II.2(iv)<br><br>വടകര | **VII.II.2(iv) എടനിക്കോട് റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് അധിക തുക നൽകിയത് - അംഗീകരിക്കുന്നില്ല.**<br><br>നേരത്തെ മെറ്റലിംഗു സോളിംഗും നടത്തിയിട്ടുള്ള ടി റോഡിന്റെ മെറ്റലിംഗും ടാറിംഗുമായിരുന്നു എസ്റ്റിമേറ്റിൽ പറഞ്ഞിരുന്നത്. അതായത്, നേരത്തെ മെറ്റൽ ചെയ്ത ഭാഗം ടാർ ചെയ്യുന്നതിനും, സോളിംഗ് നടത്തിയ ഭാഗം മെറ്റൽ ചെയ്ത് ടാർ ചെയ്യുന്നതിനും. എന്നാൽ പുതുക്കി സമർപ്പിച്ച എസ്റ്റിമേറ്റിൽ 800.1 ചതുരശ്ര മീറ്റർ മെറ്റലിംഗും 20 മില്ലീമീറ്റർ പ്രിമിക്സഡ് ചിപ്പിംഗ് കാർപ്പറ്റും 1445 ചതുരശ്രമീറ്റർ സെമി ഗ്രൗട്ടിംഗും നടത്തണമെന്ന് മുനി. എഞ്ചിനീയർ നിർദേശിച്ചിരുന്നു. ( മൊത്തം 2245 ചതുരശ്രമീറ്റർ) ഈ സാഹചര്യത്തിൽ ടി റോഡിന് മുമ്പ് നടത്തിയിട്ടുള്ള പണികളുടെ ഫയൽ പരിശോധനാവിധേയമാക്കിയപ്പോൾ | 1995 ൽ ചെയ്ത പ്രവർത്തിയും 1999 ൽ ചെയ്ത പ്രവൃത്തിയും പരിശോധിച്ചാണ് ഈ പ്രവൃത്തിയുടെ ഓഡിറ്റ് തടസ്സം ഉന്നയിച്ചിട്ടുള്ളത്. നഗരസഭയുടെ റോഡുകൾ നഗരസഭയുടെ സാമ്പത്തിക നില പരിശോധിച്ച് പലപ്പോഴും ഭാഗികമായി മാത്രമാണ് പ്രവൃത്തികൾ ചെയ്യാറുള്ളത്. അതുകൊണ്ട് തന്നെയാണ് മുമ്പ് ചെയ്ത സബ് ബേസ് പ്രവൃത്തിക്ക് മേലെ എടനിക്കോട് റോഡിന്റെ വടക്ക് ഭാഗത്ത് നിന്ന് തുടങ്ങ 260 മീറ്റർ നീളത്തിൽ 36 എം.എം മെറ്റൽ ഉപയോഗിച്ച ബേസ്കോഴ്സ് പ്രവൃത്തി മാത്രം നടത്തിയത്.<br><br>ഈ റോഡിന്റെ മൊത്തം നീളം 685 മീറ്ററാണ് 26 മീറ്റർ നീളത്തിലും 3.10 മീറ്റർ വീതിയിലുമാണ് ഇപ്പോ ബേസ് കോഴ്സ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ആയ 800.10 ച. മീ. ബാക്കിയുള്ള 425 മീറ്റർ നീളത്തിലുള |

| | | | |
|---|---|---|---|
| | | 1740.50 ചതുരശ്ര മീറ്റർ സോളിംഗും 1658.70 ചതുരശ്ര മീറ്റർ മെറ്റലിംഗും നടത്തിയിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു അങ്ങനെ വരുമ്പോൾ മെറ്റലിംഗും സോളിംഗും നടത്തിയിട്ടുള്ളത് 1658.70 ചതുരശ്ര മീറ്ററും മെറ്റലിംഗ് നടത്തേണ്ടത് 81.8 ചതുരശ്രമീറ്റർ എന്നും കാണുന്നു. അതായത് പുതിയ പ്രവൃത്തിയിൽ പ്രീമിക്സഡ് ചിപ്പിംഗ് കാർപ്പറ്റ് നടത്തേണ്ട പ്രദേശം 81.8 ചതുരശ്ര മീറ്റർ എന്നും സെമി ഗ്രൗട്ടിംഗ് നടത്തേണ്ട പ്രദേശം 1658.70 ചതുരശ്ര മീറ്റർ എന്നും വ്യക്തമാണ്. ആകെ 1740.50 എം2 (1658.70+81.80) പ്രദേശത്ത് 20 മില്ലീമീറ്റർ പ്രീമിക്സഡ് ചിപ്പിംഗ് കാർപ്പറ്റും സെമി ഗ്രൗട്ടിംഗും നടത്തേണ്ട സ്ഥാനത്താണ് 2245.50 ചതുരശ്ര മീറ്റർ പ്രദേശത്ത് പ്രവൃത്തി ചെയ്തതായി കാണിച്ച് തുക ചെലവു ചെയ്തിരിക്കുന്നത്. 504.6 ചതുരശ്ര മീറ്റർ (2245.50 - 1740.50) പ്രദേശത്തിനു വേണ്ടി അധികമായി ചെയ്തതായി പറയുന്ന പ്രവൃത്തിയുടെ ചെലവ് 68268/- രൂപ (68268+7686) നഷ്ടപ്പെട്ടിരുന്നു. | റോഡിൽ 1995ൽ തന്നെ നാണി ബേസ് പ്രവൃത്തിയും. ബേസ് കോഴ്സ് പ്രവൃത്തിയും നടത്തിയിരുന്നു. പ്രസ്തുത ഭാഗമാണ് ടാറിംഗിൽ മെറ്റൽ ഇളകിയതിനാൽ സെമിഗ്രൗട്ടിംഗ് പ്രവൃത്തിയായി ചെയ്തത്. ആയതിന്റെ നീളം 425 മീറ്ററും വീതി 3.40 മീറ്ററും ആകെ വിസ്തീർണ്ണം 1445 മീറ്ററുമാണ്. ഈ പ്രവൃത്തിക്ക് ആവശ്യമായ മെറ്റീരിയൽ സംഭരിച്ചത്. സി.ടി.ഇ. ക്ക് അയച്ചുകൊടുത്തിട്ടുള്ളതുമാണ്. കൺകറന്റ് ഓഡിറ്റ് സംവിധാനമുള്ള വടകര നഗരസഭാ ഓഡിറ്റ് റിപ്പോർട്ടിന് ആധികാരികമായ കാരണങ്ങളിൽ സംശയമുണ്ടെങ്കിൽ സൈറ്റ് പരിശോധിച്ച് ഓഡിറ്റ് തടസ്സത്തിൽ വ്യക്തത വരുത്താമായിരുന്നു. പ്രവൃത്തിയുടെ അളവുകൾ നഗരസഭയുടെ ഉയർന്ന ഉദ്യോഗസ്ഥൻ പരിശോധിച്ച് ചെക്ക് മെഷർമെന്റ് നടത്തുകയും സി.ടി.ഇ നടത്തിയ ഏജൻസികൾക്ക് മുൻകൂർ റിപ്പോർട്ട് നൽകുകയും ചെയ്തതിനുശേഷം മാത്രമാണ് ചെയ്യാറുള്ളത്. ഈ പ്രവൃത്തിയും അതേ രീതിയിൽ തന്നെയാണ് നടത്തിയിട്ടുള്ളത്.<br><br>മേൽ പ്രസ്താവിച്ച റോഡിൽ 1995ൽ ചെയ്ത പ്രവൃത്തികളുടെ വിസ്തീർണ്ണം മാത്രം കണക്കാക്കിയാണ് ഓഡിറ്റ് തടസ്സം ഉന്നയിച്ചിട്ടുള്ളത്. 1995ൽ ചെയ്ത ബേസ് കോഴ്സ് പ്രവൃത്തിയുടെ ശരാശരി വീതി 4.10 മീറ്ററാണ്. |

155

| | | | |
|---|---|---|---|
| | | | എന്നാൽ സെമി ഗ്രൗട്ടിംഗ് നടത്തിയ മേപ്പടി റോഡിന്റെ വീതി 3.40 മിറ്ററുമാണ്. അതുകൊണ്ട് തന്നെ 297.50 ച.മീ വിസ്തീർണ്ണത്തിൽ കുറവ് വരുന്നുണ്ട്. ഇവിടെയാണ് ഓഡിറ്റ് വിഭാഗം തടസ്സങ്ങൾ ഉന്നയിച്ചിട്ടുള്ളത്. മുമ്പ് ചെയ്ത റോഡ് പ്രവൃത്തിയുടെ വിസ്തീർണ്ണവും പുതുതായി ചെയ്ത പ്രവൃത്തിയുടെ വിസ്തീർണ്ണവും താരതമ്യപ്പെടുത്തി തയ്യാറാക്കിയ ഓഡിറ്റ് റിപ്പോർട്ടിലെ പൊരുത്തക്കേടുകൾ എം.ബി. നമ്പർ 10/94-95, 64/98-99 എന്നിവയിൽ നിന്ന് കൃക്തമാകുന്നതാണ്. റോഡിന്റെ അളവുകളെല്ലാം തന്നെ വ്യക്തമായി റെക്കോർഡ് ചെയ്തിട്ടുള്ളതാണ്. മേപ്പടി പ്രവർത്തിയിൽ തന്നെ എർത്ത് ഫില്ലിംഗ് സംബന്ധിച്ച് റിപ്പോർട്ടു ബാലിശമാണെന്ന് പറയേണ്ടിയിരിക്കുന്നു. ടാറിംഗ് പ്രവർത്തിയോടനുബന്ധിച്ച് എർത്ത് ഫില്ലിംഗ് നടത്തിയത് സംബന്ധിച്ചാണ് ചോദ്യം ഉന്നയിച്ചിട്ടുള്ളത്. ഓഡിറ്റിൽ പറയുന്ന എം.ബി. 64/98-99 പേജ് 17ൽ കൊടുത്ത അളവുകളിൽ നിന്ന് ഇക്കാര്യം വ്യക്തമാകുന്നതാണ് എടനിക്കോട് തുടങ്ങുന്ന ഭാഗവും അവസാനിക്കുന്ന ഭാഗവും മുമ്പ് തന്നെ ടാറിംഗ് നടത്തിയിട്ടുള്ളതാണ് പ്രസ്തുത ഭാഗങ്ങളിലെ പോട്ട് ഹോൾ പ്രവർത്ത ചെയ്യുന്നതിനാണ് ആദ്യം എസ്റ്റിമേറ്റിൽ പ്രൊവിഷ നടത്തിയിരുന്നത് എന്ന് റിപ്പോർട്ട് ചെയ്യുന്ന |

| | | | |
|---|---|---|---|
| | | | അതുപോലെതന്നെ പഴയ റോഡാണ് സെക്ഷനിംഗ് നടത്തിയിട്ടുള്ളത് എന്നും അതുകൊണ്ട് തന്നെ അത്രയും ഭാഗമാണ് റോഡുള്ളത് എന്നുമുള്ള ഓഡിറ്റ് പരാമർശം ശരിയല്ല. സെക്ഷനിംഗ് ആവശ്യമുള്ള ഭാഗത്ത് മാത്രമേ സെക്ഷനിംഗ് ചെയ്യാറുള്ളൂ എന്നും റിപ്പോർട്ട് ചെയ്യുന്നു. |
| 5 | 2002 - 2003<br><br>**VII.II.2(v)**<br><br>വടകര | **VII.II.2(v) ഏറ്റവും കൂടിയ ടെണ്ടർ ഒഴിവാക്കിയതുമൂലം നഗരസഭയ്ക്കുണ്ടായ നഷ്ടം**<br><br>1990-2000 വർഷത്തെ ലേലത്തിൽ വടകര പുതിയ ബസ് സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷൻ ഉപയോഗിക്കുന്നവരിൽ നിന്നും 1.4.1999 മുതൽ 31.3.2000 വരെയുള്ള കാലയളവിൽ ഫീസ് പിരിക്കുന്നതിനുള്ള അവകാശത്തിനായി ലേലത്തോടൊപ്പം ടെണ്ടറും ക്ഷണിച്ചിരുന്നു. ലേലത്തുകയേക്കാൾ ഉയർന്നതാണ് ടെണ്ടർ നിരക്കെങ്കിൽ ലേലം ഉറപ്പിക്കേണ്ടത്. ഏറ്റവും ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ള ടെണ്ടറുകാരനായിരുന്നു. എന്നാൽ ഈയിനത്തിൽ ലഭിച്ച രണ്ടു ടെണ്ടറുകളിൽ ഉയർന്ന നിരക്ക് (207315/-) ക്വാട്ട് ചെയ്ത വ്യക്തിയുടെ ടെണ്ടർ ഏറ്റവും കൂടുതൽ ലേലം കൊണ്ട കക്ഷി രേഖാമൂലം തുക അടയ്ക്കുന്നതിന് അപേക്ഷിച്ചിട്ടില്ല എന്ന കാരണം പറഞ്ഞ് നിരസിച്ചു. രണ്ടാം കരാറുകാരന്റെ 174811/- രൂപയുടെ ടെണ്ടറും അംഗീകരിക്കാതെ റീ ടെണ്ടർ നടത്തി, കുറഞ്ഞ തുക (175111) ക്വോട്ട് ചെയ്ത വ്യക്തിക്ക് സെക്രട്ടറി ലേലം | 1999-2000 വർഷത്തിൽ നഗരസഭയുടെ അധീനതയിലുള്ള കുളിമുറി, കക്കൂസ്, മൂത്രപ്പുര എന്നിവയുടെ ലേലം/ടെണ്ടർ ചെയ്തതിൽ നഗരസഭയ്ക്ക് 32204/- രൂപയുടെ നഷ്ടം സംഭവിച്ചു എന്ന് പരാമർശിക്കപ്പെട്ട ഫയൽ പരിശോധിച്ചതിൽ ലേല തുക ഒടുക്കുന്നതിന് ശ്രീമതി ജ്യോതി ലക്ഷ്മി നഗരസഭയിൽ രേഖാമൂലം സമയം ആവശ്യപ്പെട്ടിരുന്നതായി കാണുന്നില്ലെന്നും കൂടാതെ ടിയാൾ ഫോൺ ചെയ്ത് റവന്യൂ ഓഫീസറോട് ഒരു ദിവസത്തെ സമയം ആവശ്യപ്പെട്ടിരുന്നതായും ആയത് ശ്രവിച്ച റവന്യൂ ഓഫീസർ തന്നെ സെക്കന്റ് ലേലവനുമായി നെഗോഷിയേറ്റ് ചെയ്യുന്നതിന് ശുപാർശ ചെയ്യുകയും ആണ് ഉണ്ടായതെന്നും അല്ലാതെ ശ്രീമതി ജ്യോതിലക്ഷ്മിക്ക് സമയം അനുവദിക്കുന്നതിനെ സംബന്ധിച്ച് ഫയലിൽ യാതൊരു ഉത്തരവും ഇട്ടിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.<br><br>ലേലം നടന്ന് രണ്ടാഴ്ചയ്ക്ക് ശേഷമാണ് സെക്കന്റ് |

| | | |
|---|---|---|
| | ഉറപ്പിച്ചു നല്കുയും ചെയ്തു. ഈയിനത്തിൽ നഗരസഭയ്ക്ക് 32204/- രൂപയുടെ വ്യക്തമായ നഷ്ടം സംഭവിച്ചു.<br>കൂടാതെ ലേലവ്യവസ്ത പ്രകാരമുള്ള എഗ്രിമെന്റ് നിശ്ചിത മുദ്രപ്പത്രത്തിൽ (ലേലത്തുകയുടെ രണ്ടര ശതമാനം) സമർപ്പിക്കാത്തതു മൂലം സംസ്താന സർക്കാരിനും 4380/- രൂപയുടെ നഷ്ടം വന്നിട്ടുണ്ട്. ഈ നഷ്ടങ്ങൾ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി യഥാക്രമം നഗരസഭാ ഫണ്ട്, സംസ്ഥാന ഫണ്ട് എന്നിവയിൽ ഒടുക്കേണ്ടതാണ്. | ലോവസ്റ്റുമായി നെഗോഷിയേറ്റ് ചെയ്തത് ശ്രീമതി.ജ്യോതിലക്ഷ്മിക്ക് പണം കെട്ടുന്നതിന് ഉദ്ദേശം ഉണ്ടായിരുന്നെങ്കിൽ ടിയാരിക്ക് മുനിസിപ്പൽ സിക്രട്ടറിക്കോ, റവന്യൂ ഓഫീസർക്കോ ധനകാര്യകമ്മിറ്റി ചെയർമാനോ രേഖാമൂലം അപേക്ഷ നൽകാമായിരുന്നു. 2.3.99 ൽ നടന്ന നെഗോഷിയേഷനിൽ സെക്കന്റ് ലോവസ്റ്റിന്റെ ബിഡ് എമൗണ്ട് ശ്രീമതി.ജ്യോതിലക്ഷ്മിയുടെ തുകയോടൊപ്പം എത്താത്തതിനാൽ റീടെണ്ടർ ചെയ്യാൻ ഉത്തരവിടുകയാണ് ഉണ്ടായത്. മറിച്ച് സെക്കന്റ് ലോവസ്റ്റിന്റെ കരാർ ഉറപ്പിക്കുന്നതിന് സഹായിക്കുകയല്ല ചെയ്തത്. സിക്രട്ടറിക്ക് സെക്കന്റ് ലോവസ്റ്റ് ആയ ശ്രീ. ഒ.പി രാജീവനോട് താൽപര്യമാണെന്നതിന്റെ തെളിവാണെന്നും തുടർന്ന് നടന്ന ലേലത്തിൽ ശ്രീമതി ജ്യോതിലക്ഷ്മി പങ്കെടുക്കാത്തതിൽ നിന്നും സെക്കന്റ് ലോവസ്റ്റിനെ സഹായിക്കുകയാണെന്നും ഉള്ള വസ്തുത തെറ്റാണെന്നും സെക്കന്റ് ലോവസ്റ്റിനെ സിക്രട്ടറി സഹായിക്കാൻ ശ്രമിച്ചു എന്ന പരാമർശം വസ്തുതാപരമല്ല. തുടർന്ന് നടന്ന പുനർ ലേലത്തിൽ റീ ടെണ്ടർ സ്ലിപ്പ് എഴുതി വന്നപ്പോൾ തന്നെ അജണ്ടയിൽ സിക്രട്ടറി സ്വന്തം കൈപ്പടയിൽ താഴെക്കൊടുത്ത കാര്യങ്ങൾ കുറിപ്പടിയിൽ എഴുതിയിരുന്നു. |

| | | | |
|---|---|---|---|
| | | | കുറിപ്പ് ഐറ്റം നമ്പര്‍ 2.<br>ആദ്യം ലേലം ചെയ്തപ്പോള്‍ 207315/ രൂപയ്ക്ക് ക്വട്ടേഷന്‍ നല്‍കിയ ആള്‍ ലേലതുക അടക്കാത്തതിനാലും രണ്ടാം സ്ഥാനക്കാരന്‍ ടി തുകയ്ക്ക് ഏറ്റെടുക്കുവാന്‍ തയ്യാറാകാത്തതിനാലും പുനര്‍ലേലം നടത്തുകയായിരുന്നു. കൂടാതെ ലേലം അംഗീകരിച്ച് കൗണ്‍സിലിന്റെ പൂര്‍ണ്ണ ബോധ്യത്തോടെ ഐക്യകണ്ഠേന എടുത്ത തീരുമാനമാണ് 1999-20 വര്‍ഷത്തില്‍ ഇതേ കുളിമുറിക്ക് 146811 രൂപ മാത്രമാണ് ലഭിച്ചത്. 99-2000ല്‍ 75000/ രൂപയുടെ വര്‍ദ്ധനവ് ഉണ്ടായി കൂടാതെ ലേലം കൊള്ളുകയും ലേലതുക അടക്കാതെയിരുന്ന ലേലക്കാരന്റെ ഇ. എം. ഡി മുനിസിപ്പല്‍ ഫണ്ടിലേക്ക് മുതല്‍ കൂട്ടുകയുണ്ടായി ലേലനിബന്ധന പ്രകാരം ലേലം താല്‍കാലികമായി ഉറപ്പിക്കുന്നത് റവന്യൂ ഓഫീസറാണ്. അങ്ങനെയുള്ള ലേലമാണ് കൗണ്‍സിലിലേക്ക് റിപ്പോര്‍ട്ട് ചെയ്തത് ലേലതുക അടവാക്കാത്ത ലേലം കൗണ്‍സിലിലേക്ക് റിപ്പോര്‍ട്ട് ചെയ്യാന്‍ കഴിയുകയില്ല. പുനര്‍ ലേ അജണ്ടയില്‍ മുനി.സെക്രട്ടറി സ്വന്തം കൈപ്പടയില്‍ ഈ വിവരം കൗണ്‍സിലിനെ അറിയിക്കുകയും കൗണ്‍സില്‍ ഏകകണ്ഠമായി തീരുമാനം എടുക്കുകയുമാണ് ഉണ്ടായത്. ലേലത്തെ കുറിച്ചും ലേലതുക |

| | | | |
|---|---|---|---|
| | | | കുറിച്ചോ, മുനിസിപ്പൽ സെക്രട്ടറി മുമ്പാകെയോ, കൗൺസിൽ മുമ്പാകെയോ ഒരു മാസത്തെ ഇടവേള ഉണ്ടായിട്ടുപോലും ഒരു പരാതിയും ഉണ്ടായിട്ടില്ലാത്തതാണ് ഇതിൽ നിന്നും ഓഡിറ്ററുടെ വാദം അന്യായമാണെന്ന് കണ്ടെത്താവുന്നതാണ്.<br><br>ടി വിഷയവുമായി ബന്ധപ്പെട്ട ആർ7-18541/98 നമ്പർ ഫയലും അന്നത്തെ സെക്രട്ടറി ആയിരുന്ന ശ്രീ.പി. വേണുഗോപാൽ നൽകിയ മറുപടിയുടെ പകർപ്പും പരിശോധനക്കായി 16.7.2009ന് എൽ.എഫ്.എ. ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ വിവരം റിപ്പോർട്ട് ചെയ്യുന്നു. |

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-2019) വർഷത്തെ തെളിവെടുപ്പ് യോഗം**
**സംബന്ധിച്ചുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06**

| സമാഹൃത ഓഡിറ്റ് ഖണ്ഡിക നം: | ഖണ്ഡിക | നടപടി വിശദീകരണ പത്രിക |
|---|---|---|
| 2.70.1(22) | സാങ്കേതിക നിർദ്ദേശം പാലിക്കുന്നില്ല; മരാമത്ത് പ്രവൃത്തികളിൽ ലക്ഷങ്ങളുടെ നഷ്ടം കുന്നിവയൽ റോഡ് ഒറ്റകുറ്റപ്പണി അധിക നിരക്കിലെ നഷ്ടം 12,310/- രൂപ | <u>വടകര നഗരസഭ</u><br><br>ഈ പ്രവൃത്തി നിർവ്വഹണത്തിലൂടെ നിലവിലുള്ള ഡ്രെയിൻ കം റോഡിന് ശേഷമുള്ള 200 മീറ്ററിൽ അധികം ഭാഗത്ത് റോഡ് നിർമ്മിക്കലായിരുന്നു ഉദ്ദേശം. ലോറിയിൽ നിന്നും മണ്ണിറക്കി അവിടെ അട്ടിവെച്ചതിന് ശേഷം തലച്ചുമടായി കൊണ്ടുപോയി മണ്ണിട്ട് നികത്തി റോഡാക്കുന്ന പ്രവൃത്തിയാണ് നടത്തിയത്. ഡ്രെയിൻ കം റോഡിലൂടെ വലിയ ലോറിയിൽ കൊണ്ടുപോകാൻ കഴിയാത്തതിനാലാണ് തലച്ചുമടായി കൊണ്ടുപോയി മണ്ണിട്ട് നികത്തി പ്രവൃത്തി ചെയ്യേണ്ടിവന്നത്. ആയതിനുള്ള നിരക്ക് നൽകിയതിനാലാണ് ഓഡിറ്റിൽ പറഞ്ഞ നിരക്ക് വ്യത്യാസം വന്നിട്ടുള്ളത്. മേൽ കാര്യങ്ങൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. |
| 2.70.3.3 | <u>കമ്പ്യൂട്ടർ പരിശീലനം, ബ്യൂട്ടീഷൻ പരിശീലനം</u><br><br>പഠിതാക്കളുടെ ഹാജർ സർഫിക്കറ്റ് ഇല്ല. കോഴ്സ് പൂർത്തിയാക്കിയതിനു രേഖയില്ല. ടി വകയിരുത്തിയ മുഴുവൻ തുകയും കോഴ്സ് പൂർത്തിയാകുന്നതിനു മുമ്പേ നൽകി. അപാകത ഉൾപ്പെട്ട തുക 20,000/ | <u>കൊയിലാണ്ടി നഗരസഭ</u><br><br>എസ്.ജെ.എസ്.ആർ.വൈ പദ്ധതിപ്രകാരം സി.ഡി.എസ്. വഴി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് പരിശീലനം നൽകിയിരുന്നു. പരി ശീലനശേഷം ഗുണഭോക്താക്കൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും, പരിശീലനം നേടിയവരിൽ ചിലർ കൊയിലാണ്ടി നഗരസഭ എൻ.യു.എൽ.എം പദ്ധതിയിൽ കമ്മ്യൂണിറ്റി ഓർഗനൈസർമാരായി നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ശേഷിക്കുന്നവരിൽ ചിലർ ചേർന്ന് കുടുംബശ്രീ നേതൃത്വത്തിൽ ഐ.ടി. യൂണിറ്റ് രൂപീകരിച്ച് സംരംഭമായി പ്രവർത്തിക്കുന്നു. നേരത്തെ മേൽ പദ്ധതിപ്രകാരം അനുവദിച്ച പരിശീലനത്തിന്റെ സർട്ടിഫിക്കറ്റുകളും ഇവരുടെ കൈയിൽ ലഭ്യമാണ്. പരിശീലന ചെലവിന്റെ തുക 31-03-2000 ൽ മുൻകൂറായി അനുവദിച്ചത് അടുത്ത സാമ്പത്തിക വർഷം പണം ലാപ്സാകുന്നില്ല എന്ന് ഉറപ്പുവരുത്താനാണ്. എന്നാൽ പരിശീലനം കൃത്യമായും, വിജയകരമായും പൂർത്തീകരിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട് |

| | | |
|---|---|---|
| | | ബ്യൂട്ടീഷ്യൻ പരിശീലനത്തിനായി വകയിരുത്തിയ തുക മാർച്ച് മുമ്പ് ചെലവഴിക്കാതിരുന്നാൽ നഷ്ടമാകും എന്ന കാരണത്താലാണ് പണം നേരത്തെ നൽകിയത് . എന്നാൽ പരിശീലനം കൃത്യമായി പൂർത്തിയാക്കിയതായും പരിശീലനം സിദ്ധിച്ച പഠിതാക്കൾ സ്വന്തമായി സ്ഥാപനം നടത്തുന്നതായും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട് ആയതിനാൽ മേൽ ആഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു |
| 2.70.3 (6) | മത്സ്യത്തൊഴിലാളി വനിതകൾക്ക് മൂല്യ ഉല്പന്നങ്ങൾ, ചോക്ക് നിർമ്മാണം, ബുക്ക് ബൈന്റിംഗ് പരിശീലനം. 30 പേർക്ക് പകരം അർഹരായ 24 പേർക്ക് മാത്രമെ പരിശീലനം നൽകിയിട്ടുള്ളൂ. പദ്ധതിയിൽ വിഭാവനം ചെയ്ത സ്ഥാപനം വഴി പരിശീലനം നൽകുന്നതിനു പകരം മറ്റൊരു സ്ഥാപനത്തിന് ഉപകരാർ നൽകി ഇംപ്ലിമെന്റിംഗ് ഓഫീസറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടത്തേണ്ടിയിരുന്ന പദ്ധതി അനധികൃതമായി കൈമാറി. പരിശീലനം പൂർത്തിയാക്കിയതിനു ആവശ്യമായ രേഖകളില്ല. അപാകത ഉൾപ്പെട്ട തുക 42,000/ | <u>വടകര നഗരസഭ</u><br>ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-16) 34 ാമത് റിപ്പോർട്ട് ഖണ്ഡിക 78 പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്തിട്ടുണ്ട് |
| 2.70.10(8) | പ്രവർത്തനക്ഷമമായ ടാപ്പുകളുടെ വിവരമില്ല. അഡ്ജസ്റ്റ് ചെയ്ത തുക എത്ര കാലഘട്ടത്തിലേക്കുള്ളതാണെന്ന് അറിയില്ല | <u>കൊയിലാണ്ടി നഗരസഭ</u><br>കൊയിലാണ്ടി നഗരസഭയിൽ നിലവിൽ 223 പൊതുടാപ്പുകളാണ് വാട്ടർചാർജ്ജ് അടച്ച്പോരുന്നത്. നഗരസഭ വാട്ടർഅതോറിറ്റിയുമായി നടത്തിയ സംയുക്ത പരിശോധനയിൽ പ്രവർത്തനക്ഷമമായ 223 ടാപ്പുകൾ ഉള്ളതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് മേൽ ടാപ്പുകൾക്ക് വാട്ടർചാർജ്ജ് അടച്ച് വരുന്നത്. |

| | | |
|---|---|---|
| 2.70.10(ഴ) | പ്രവർത്തനക്ഷമമായ ടാപ്പുകളുടെ വിവരമില്ല. അഡ്ജസ്റ്റ് ചെയ്ത തുക എത്ര കാലഘട്ടത്തിലേക്കുള്ള താണെന്നറിയില്ല. | <u>വടകര നഗരസഭ</u><br>വടകര നഗരസഭയിൽനിന്നും 677 പൊതു ടാപ്പുകളുടെ വെള്ളക്കരമാണ് ഒടുക്കി യിരുന്നത്. നഗരസഭയും കേരള വാട്ടർ അതോറിറ്റിയും സംയുക്തമായി പൊതു ടാപ്പുകൾ സംബന്ധിച്ച് നടത്തിയ പരിശോധനയിൽ 157 എണ്ണം ഒഴിവാക്കാവുന്നതാണെന്ന് കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ എഇ/ബി/സ്ട്രീറ്റ്/ടാപ്പ് 2014 നമ്പർ കത്ത് പ്രകാരം അറിയിക്കയും ആയത് കൗൺസിൽ മുമ്പാകെ സമർപ്പിക്കയും 20/02/2015 ലെ 20 ാം നമ്പർ തീരുമാനപ്രകാരം കൗൺസിൽ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ആയത്പ്രകാരം പൊതുടാപ്പുകൾ ഒഴിവാക്കി വരവെ ചില വാർഡ് കൗൺസിലർമാരുടെയും പൊതുജനങ്ങളുടെയും എതിർപ്പി നെതുടർന്ന് 157 പൊതുടാപ്പുകളിൽ 83 പൊതുടാപ്പുകൾ മാത്രമേ വിച്ഛേദിക്കാൻ കഴിഞ്ഞിട്ടുള്ളുവെന്നും ബാക്കി 74 പൊതുടാപ്പുകൾ വിച്ഛേദിക്കാൻ കഴിഞ്ഞിട്ടില്ലായെന്നും കാണിച്ച് KWA എക്സിക്യൂട്ടീവ് എഞ്ചിനീയർ രേഖാമൂലം അറിയിച്ചതു പ്രകാരം വിഷയം കൗൺസിൽ മുമ്പാകെ സമർപ്പിക്കുകയും, കേരള വാട്ടർ അതോറിറ്റിയുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്. വെള്ളത്തിന്റെ അളവ്, നിരക്ക് എന്നിവ തെളിയി ക്കുന്ന രേഖകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഉപയോഗം കൃത്യമായി കണക്കാക്കി വെള്ളക്കരം നൽകുന്ന നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. മേൽ കാര്യങ്ങൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു |

| | | | | |
|---|---|---|---|---|
| | | | | പ്രസ്തുത പ്രവർത്തിയുമായി ബന്ധപ്പെട്ട ഫയൽ നഗരസഭക്ക് കൈമാറി കിട്ടുകയോ പരിശോധനയിൽ കണ്ടെത്താൻ കഴിയുകയോ ചെയ്തിട്ടില്ല. നേരിട്ടുള്ള അന്വേഷണത്തിൽ കൺട്രിനറായ കാസിനാളി കുഞ്ഞബ്ദുള്ള എന്നവർ മരണപ്പെട്ടതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. തൽകാര്യത്തിലെ പഞ്ചായത്ത് സെക്രട്ടറി, അസ്സി. എഞ്ചിനീയർ എന്നിവർക്ക് കത്ത് അയച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറക്ക് നഷ്ടം ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |
| 14 | 2006-07 | 6.3(1) | **<u>സർക്കാർ നിർത്തലാക്കിയ : വാഹന വായ്പ സിഡിഎ ഫണ്ടിൽ നിന്നു നൽകി</u>**<br><br>200203, 200304 വർഷങ്ങളിൽ ചെയ്തതുപോലെ തന്നെ 2004-05 വർഷത്തിലും വാഹനവായ്പയിനത്തിൽ 2 ജീവനക്കാർക്കായി 180000/- രൂപ വായ്പ നൽകി ജി.ഒ.(പി) നം. 56/2002/ഫിൻ/തീയ്യതി 16.1.102 പ്രകാരം ഈ വാഹനവായ്പ സമ്പ്രദായം സർക്കാർ നിർത്തൽ ചെയ്തിരുന്നതാണ്. ജി.ഒ.(പി നമ്പർ 1582/99 ഫിൻ തീയതി 15.7.99 ഉത്തരവ് പ്രകാരം ഒരു വാഹനവായ്പ വാങ്ങിയ ഉദ്യോഗസ്ഥർക്ക് ആ വായ്പ വാങ്ങി 8 വർഷത്തിനുശേഷം മാത്രമേ അടുത്ത വായ്പക്ക് അപേക്ഷിക്കാനർഹതയുള്ളൂ. എന്നാൽ ഒരു ഉദ്യോഗസ്ഥൻ 1994-95 മുതൽ 2004-05 വരെയുള്ള 10 വർഷത്തിനിടയിൽ 3 പ്രാവശ്യവും അപരൻ 2 പ്രാവശ്യവും വായ്പ വാങ്ങി.<br><br>ക്രമരഹിതമായി നൽകിയ വായ്പ തുകകൾ തിരിച്ചു പിടിക്കാൻ 27.11.04 ലെ 54405/ജി3/04 ത.ഭ.വ നമ്പർ കത്തു പ്രകാരം സർക്കാർ നിർദ്ദേശം നൽകിയെങ്കിലും നടപടിയുണ്ടായിട്ടില്ല. | <u>കോഴിക്കോട് നഗരസഭ</u><br><br>വാഹന മുൻകൂർ അനുവദിച്ചിരുന്ന ശ്രീ. സാവിയോ ജോർജ്ജ് (സെക്ഷൻ ഓഫീസർ) 28/04/2005 ൽ മരണപ്പെടുകയുണ്ടായി. ശ്രീ. സാവിയോ ജോർജ്ജിന്റെ ഡിസിആർജി തുകയിൽ നിന്ന് 13/9/2012 ലെ 3230/ബി2/90/CDA നമ്പർ ഉത്തരവ് പ്രകാരം മോട്ടോർ വാഹന മുൻകൂർ ഇനത്തിൽ അടയ്ക്കാൻ ബാക്കിയുള്ള തുക പലിശയടക്കം 1,43,000/- രൂപ തിരിച്ച് പിടിച്ചിട്ടുണ്ട്.<br><br>ടൗൺ പ്ലാനർ ആയ ശ്രീ. എം.വി. ഭരതൻ കൈപ്പററിയ തുക 6/10/2010 തിയ്യതിയിലെ 5014/D2/84/DW നമ്പർ ഉത്തരവ് പ്രകാരം 2010 ഒക്ടോബർ മാസം മുതൽ ടിയാന്റെ ശമ്പളത്തിൽ നിന്ന് 13941 രൂപ വീതം 10 മാസത്തേക്ക് റിക്കവറി നടത്തിയിട്ടുണ്ട്. പ്രസ്തുത വസ്തുതകൾ കണക്കിലെടുത്ത് ടി ഓഡിറ്റ് പരാമർശം ഒഴിവാക്കിതരണമെന്ന് അപേക്ഷിക്കുന്നു. |
| 15 | 2006-07 | 6.3(2) | **<u>നിയമപ്രകാരമുള്ള കാലാവധി പൂർത്തിയാവുന്നതിന് മുമ്പ് പി.എഫിൽ നിന്നും താൽക്കാലിക മുൻകൂർ നൽകി</u>**<br><br>കേരള ജനറൽ പ്രൊവിഡന്റ് ഫണ്ട് റൂൾസ്, റൂൾ 16 പ്രകാരം ഒരു താൽക്കാലിക മുൻകൂർ കൈപ്പറ്റി 6 മാസം കഴിഞ്ഞതിനുശേഷം മാത്രമേ അടുത്ത താൽകാലിക മുൻകൂർ അനുവദിക്കാൻ പാടുള്ളൂ. എന്നാൽ ഇതിനു വിവപരീതമായി സി.ഡി.എ യിലെ 9 ജീവനക്കാർക്ക് പ്രസ്തുത കാലാവധി | <u>കോഴിക്കോട് നഗരസഭ</u><br><br>ലോൺ മുൻകൂർ തുക ടി 9 ജീവനക്കാരിൽ നിന്ന് തിരിച്ചു പിടിച്ചിട്ടുള്ളതാണ് മേലിൽ 6 മാസ കാലാവധി കഴിഞ്ഞതിന് ശേഷം മാത്രമേ മുൻകൂർ ജിപിഎഫ് തുക അനുവദിക്കുകയുള്ളൂ 6 മാസത്തിന് മുമ്പ് വായ്പ അനുവദിച്ച രീതി ഇനി ഉണ്ടാവുകയില്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു. പ്രസ്തുത വസ്തുതകൾ കണക്കിലെടുത്ത് ടി ഓഡിറ്റ് പരാമർശം ഒഴിവാക്കിതരണമെന്ന് അപേക്ഷിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | [illegible] മുമ്പ് താൽകാലിക മുൻകൂറായി 199020/- രൂപ നൽകി. | |
| 16 | 2006-07 | 6.3(3) | **<u>സർക്കാർ നിർത്തൽ ചെയ്ത തസ്തികകളിൽ ജോലിക്കാരെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചു.</u>**<br><br>ജി.ഒ(എം.എസ്) 28/2001 തീയതി 5.2.2001 ഉത്തരവ് പ്രകാരം കോഴിക്കോട് വികസന അതോറിറ്റിയിൽ ഒഴിവായി കിടന്നിരുന്ന 46 തസ്തികകൾ നിർത്തൽ ചെയ്തിരുന്നു. ഇതിൽ ഉൾപ്പെട്ടിരുന്ന 3 ഡ്രൈവർ തസ്തികകളിലേക്കും ഒരു വാച്ച്മാൻ തസ്തികയിലേക്കും ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് വേതനയിനത്തിൽ 67840/ രൂപ ചെലവഴിച്ചു. | **<u>കോഴിക്കോട് നഗരസഭ</u>**<br><br>കോഴിക്കോട് വികസന അതോറിറ്റി ഓഫീസിൽ 3 വാഹനങ്ങൾ ഉണ്ടായിരുന്നു. ചെയർമാൻ, സെക്രട്ടറി ഓഫീസ് കാര്യം ഇവർക്ക് വാഹനം ഉപയോഗിക്കുന്നതിന് പിഎസ് സി. വഴി സ്ഥിര സംവിധാനം ഏർപ്പെടുത്തുന്നതിന് GO(MS) 28/LSGD തിയ്യതി 5/2/2001 നമ്പർ ഉത്തരവ് പ്രകാരം സാധിക്കുമായിരുന്നില്ല. ഓഫീസിന്റെ സുഗമമായ നടത്തിപ്പിനും വാഹനങ്ങൾ നശിച്ച് പോകാതിരിക്കാനും വേണ്ടി നിലവിൽ ഉപയോഗിച്ച് കൊണ്ടിരിക്കുന്ന താൽക്കാലിക ഡ്രൈവർമാരുടെ സേവനം തുടരുകയാണ് ഉണ്ടായത്.<br><br>കോഴിക്കോട് വികസന അതോറിറ്റി ഓഫീസിൽ 3 വാഹനങ്ങൾ ഉണ്ടായിരുന്നു. ചെയർമാൻ, സെക്രട്ടറി ഓഫീസ് കാര്യം ഇവർക്ക് വാഹനം ഉപയോഗിക്കുന്നതിന് പിഎസ് സി വഴി സ്ഥിര സംവിധാനം ഏർപ്പെടുത്തുന്നതിന് GO(MS) 28/LSGD തിയ്യതി 5/2/2001 നമ്പർ ഉത്തരവ് പ്രകാരം സാധിക്കുമായിരുന്നില്ല. ഓഫീസിന്റെ സുഗമമായ നടത്തിപ്പിനും വാഹനങ്ങൾ നശിച്ച് പോകാതിരിക്കാനും വേണ്ടി നിലവിൽ ഉപയോഗിച്ച് കൊണ്ടിരിക്കുന്ന താൽക്കാലിക ഡ്രൈവർമാരുടെ സേവനം തുടരുകയാണ് ഉണ്ടായത്.<br><br>ക്യാഷ് ചെസ്റ്റ് ഉൾപ്പെടെയുള്ള സിഡിഎ ഓഫീസിന്റെ സുരക്ഷിതത്വത്തിന് സ്ഥിരം നിയമനം നേടിയ സെക്യൂരിറ്റി സ്റ്റാഫിന്റെ സേവനം ഇല്ലാതിരുന്നതിനാലാണ് [illegible] വ്യവസ്ഥയിൽ വാച്ച്മാനെ വെച്ചിരുന്നത്. വാച്ച്മാന്റെ സേവനം തുടരുന്ന വിഷയം 29/3/2010 ലെ കൗൺസിൽ പരിശോധിച്ച് 4730 നമ്പർ തീരുമാന പ്രകാരം അംഗീകാരം നേടിയിട്ടുള്ളതാണ്. 30/3/2010 ലെ GO(MS)73/17തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കോഴിക്കോട് വികസന അതോറിറ്റി പിരിച്ച് വിടുകയും ആസ്തി ബാധ്യതകൾ നഗരസഭയ്ക്ക് കൈമാറിയിട്ടുള്ള സാഹചര്യത്തിൽ മേൽ പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു. |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേലുള്ള വടകര നഗരസഭ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക. ( **Remedial Measures Taken Statement**)

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിൻ മേൽ സ്വീകരിച്ച നടപടി |
| --- | --- | --- | --- | --- |
| 1 | 2007-2008 | 4 - 11(1) | **ട്രഞ്ചിംഗ് ഗ്രൗണ്ട് – ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചത് 1062998 രൂപ പാഴായി**<br><br>നഗരസഭകളിലെ ഖരമാലിന്യ സംസ്കരണം സംബന്ധിച്ച് 23.8.1997ന് എറണാകുളത്ത് അഡ്വ. ജനറൽ വിളിച്ചുകൂട്ടിയ യോഗത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി വിവിധ നഗരസഭാ ചെയർമാൻമാർ തുടങ്ങി 121 പേർ എടുത്ത തീരുമാനത്തിന്റെ ഭാഗമായി നഗരസഭകളിലെ ചവർ സംസ്കരണത്തിന് ആക്ഷൻ പ്ലാൻ രൂപീകരിക്കുകയുണ്ടായി. ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് സേഫ് മോട്ടോഴ്സ്, കൊടുങ്ങല്ലൂർ എന്ന സ്ഥാപനത്തിന് ടെണ്ടർ ക്ഷണിക്കാതെ കരാർ നൽകിയത് യാതൊരു വിധത്തിലുള്ള സാധ്യതാപഠനവും നടത്താതെ ആയിരുന്നു. സർക്കാരിൽ നിന്നും അനുമതി ലഭിക്കുന്നതിനുമുമ്പ് തന്നെ കരാറിൽ ഏർപ്പെടുകയാണുണ്ടായത്. തന്നെയുമല്ല പ്ലാന്റ് കൃത്യമായി പ്രവർത്തിക്കുന്നതിന് നിയമനടപടി എടുക്കുന്നതിനുപകരം ഒരു സപ്ലിമെന്ററി കരാർ പുതുക്കാനായി തയ്യാറാക്കുകയും കൂടുതൽ ആനുകൂല്യങ്ങൾ നൽകുകയും ചെയ്തു. പ്ലാന്റ് 2003 ഡിസംബർ മുതൽ 2004 മെയ് വരെ പ്രവർത്തിച്ച കാലയളവിൽ ലഭിച്ച ജൈവവളം കരാർ ലംഘിച്ച് സ്ഥാപനം തന്നെ മറിച്ച് വിറ്റഴിച്ചിട്ടുണ്ട്. എന്നാൽ തുടർന്ന് പ്രവർത്തനക്ഷമമല്ലാതായ പ്ലാന്റ് വഴി നഗരസഭയ്ക്ക് യാതൊരു ഗുണവും ലഭിച്ചില്ലെന്നു മാത്രമല്ല ആയതിന് ചെലവാക്കിയ 1062998 രൂപയും പാഴായിരിക്കുന്നു. | 1998-99, 99-00, 00-01 വർഷങ്ങളിലെ ഖണ്ഡികകൾ 26, 33, 46 എന്നീ ഒബ്ജക്ഷനുകൾ പ്രകാരം നഗരസഭയിലെ പുതിയാപ്പ് ട്രഞ്ചിങ് ഗ്രൗണ്ടിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് സേഫ് മോട്ടോഴ്സ് കൊടുങ്ങല്ലൂർ എന്ന സ്ഥാപനത്തിന് 1998-99 വർഷത്തിൽ നൽകിയ തുകയും, പ്ലാന്റ് സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബിയിൽ അടച്ച തുകയും, മറ്റ് പ്രവർത്തനങ്ങൾക്ക് തൊഴിലാളികൾക്ക് നൽകിയ കൂലിയും കൂടി 1062998/- രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാരിലേക്ക് അനുമതിക്കായി അപേക്ഷിച്ചപ്പോൾ ഗുരുവായൂർ നഗരസഭയിൽ ടി സ്ഥാപനം പ്രവർത്തിപ്പിക്കുന്ന പ്ലാന്റിന്റെ വിവരം ലഭ്യമായതിനുശേഷം സേഫ് മോട്ടോഴ്സിനെ ഏൽപ്പിച്ചാൽ മതിയെന്ന് അറിയിച്ചിരുന്നു. ബഹു. ഹൈക്കോടതിയുടെ ഒ.പി. നമ്പർ 5266/99 നമ്പർ കേസിലെ 3.2.98 ലെ തീർപ്പ് വിധിയാണ് തിരക്ക് പിടിച്ച് പ്ലാന്റ് സ്ഥാപിക്കുന്നതിന് കാരണം. 2000 ജനുവരി 19 നാണ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ സംബന്ധിച്ച് നഗരസഭാ സെക്രട്ടറിയും സേഫ് മോട്ടോഴ്സും കരാറിൽ ഒപ്പ് വച്ചിട്ടുള്ളത്. കരാറുടമ്പടി പ്രകാരം 10 ടൺ സംസ്കരണ ശേഷിയുടെ അടങ്കൽ തുക 20 ലക്ഷം രൂപ (സിവിൽ വർക്സ് ഉൾപ്പെടെ) സ്ഥാപനത്തിന് നൽകണം. ഖരമാലിന്യം സംസ്കരിച്ച് ലഭിക്കുന്ന ജൈവവളം സേഫ് മോട്ടോഴ്സ് നഗരസഭക്ക് കിലോയ്ക്ക് 1 രൂപ നിരക്കിൽ കൈമാറുന്നതും, ഒരു ലോഡ് മാലിന്യത്തിന് 50/- രൂപ നിരക്കിൽ കമ്പനി നഗരസഭയ്ക്ക് നൽകുകയും ചെയ്യണം. നഗരസഭാ ജീവനക്കാർക്ക് പ്ലാന്റ് പ്രവർത്തിക്കുന്നതിനുള്ള പരിശീലനം നൽകി 5 വർഷത്തിനുശേഷം സംസ്കരണ ശാല പ്രവർത്തന സജ്ജമായ നിലയിൽ റോയൽറ്റി കൂടാതെ നഗരസഭയ്ക്ക് കൈമാറണം. പ്ലാന്റ് പ്രവർത്തന ക്ഷമമല്ലെങ്കിൽ മുനിസിപ്പാലിറ്റിക്ക് ചെലവായ തുക 18% പലിശ സഹിതം തിരിച്ചു നൽകാൻ സേഫ് മോട്ടോഴ്സ് ബാധ്യസ്ഥരാണ്. ഖരമാലിന്യ പ്ലാന്റിൽ വൈദ്യുതി ലഭ്യമാക്കാൻ താമസം വന്നിട്ടുണ്ട്. 28.10.03 നാണ് വൈദ്യുതി ലഭ്യമായിട്ടുള്ളത്. 18.06.99 മുതൽ 28.10.2013 വരെ പ്ലാന്റ് പ്രവർത്തിച്ചിട്ടില്ല. പ്ലാന്റ് പ്രവർത്തിച്ച കാലത്തെ ജൈവവളം നഗരസഭയ്ക്ക് കമ്പനി നൽകാതെ സ്വന്തം നിലയിൽ വിൽക്കുകയായിരുന്നു. മെയ് 2004 മുതൽ പ്ലാന്റ് പ്രവർത്തിച്ചിട്ടില്ല. ടി സാഹചര്യത്തിൽ നഗരസഭ നൽകിയ 1062998/- രൂപ തിരിച്ചടയ്ക്കുന്നതിന് കക്ഷിയ്ക്ക് 15.10.2005 ൽ നൽകിയ നോട്ടീസിനെതിരെ കക്ഷികൾ വടകര സബ് കോടതിയിൽ ഒ.എസ്. 79/07 നമ്പരായി നഗരസഭയ്ക്കെതിരെ 16.10.09 -ാം തീയതി പ്രകാരം വിധി വന്നിട്ടുള്ളതുമാണ്. ആകയാൽ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. ടി സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു. |

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 2 | 2007-2008 | 4 11(2) | **വടകര നഗരസഭയിലെ പച്ചക്കറി മാർക്കറ്റിൽ സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനരഹിതം – 423220 രൂപ പാഴായി.**<br>ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് മാലിന്യ സംസ്കരണം നടത്തുകവഴി ലഭിക്കുന്ന ബയോഗ്യാസിന്റെ സഹായത്താൽ വൈദ്യുതി ഉത്പാദിപ്പിച്ച് 20 സി.എഫ്.എൽ. പ്രവർത്തിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിക്ക് ടെണ്ടർ മുഖേന പങ്കെടുത്ത ജ്യോതി ബയോഗ്യാസ് ആന്റ് റൂറൽ ഡെവലപ്മെന്റ് സർവ്വീസ് സൊസൈറ്റി എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിരുന്നു. ഇതിനായി ആകെ 423220 രൂപ ജ്യോതി ബയോഗ്യാസ് ആന്റ് റൂറൽ സെന്ററിന് നൽകിയിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന കാര്യങ്ങൾ സംബന്ധിച്ചുള്ള അധികാര സ്ഥാപനം "അനെർട്ട്" ആണെന്നിരിക്കെ ഈ സ്ഥാപനത്തിൽ നിന്നും എസ്റ്റിമേറ്റ് വാങ്ങിയതല്ലാതെ സാങ്കേതിക സഹായം ലഭ്യമാക്കാൻ നഗരസഭയുടെ ഭാഗത്തുനിന്നും ശ്രമം നടന്നിട്ടില്ല. മാത്രമല്ല യാതൊരു സാധ്യതാ പഠനവും നടത്താതെ 25 ഘനമീറ്റർ വ്യാപ്തിയുള്ള പ്ലാന്റ് സ്ഥാപിക്കാൻ ടെണ്ടർ ക്ഷണിച്ചതിന്റെ മാനദണ്ഡവും വ്യക്തമാക്കപ്പെട്ടിട്ടില്ല. കരാർ ഉടമ്പടി പ്രകാരമല്ല പ്രവൃത്തി നടത്തിയിരിക്കുന്നത്. എന്നാൽ പ്ലാന്റ് ഇപ്പോൾ പ്രവർത്തനക്ഷമമല്ല. ആവശ്യമായ സാങ്കേതിക മേൽനോട്ടം ലഭ്യമാക്കാതെ ഇത്തരത്തിൽ പ്രവർത്തിച്ച നഗരസഭ 423320/- രൂപ പാഴ്ചെലവാക്കിയിരിക്കുന്നു. | വടകര നഗരസഭ പച്ചക്കറി മാർക്കറ്റിൽ ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനരഹിതമായത് സംബന്ധിച്ച് 15.6.07ലെ 55323/11/03/06/ത.സ്വ.ഭ.വ നമ്പർ സർക്കാർ കത്തിൽ നിർദ്ദേശിച്ചതിന് അനുസരിച്ച് ക്ലീൻ കേരള മിഷൻ പ്രോജക്റ്റ് ഡയറക്ടറുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ടി റിപ്പോർട്ടിന്റെ പകർപ്പ് സഹിതം ജ്യോതി ബയോഗ്യാസിനോട് രേഖാമൂലം ആവശ്യപ്പെട്ടിരുന്നു എങ്കിലും ആയത് പ്രകാരം ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം പൂർത്തിയാക്കി നാളിതുവരെ നഗരസഭയ്ക്ക് കൈമാറാതിരുന്നതിനാൽ ടി സ്ഥാപനത്തിനെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭയുടെ സ്റ്റാന്റിങ് കൗൺസിലിൽനിന്നും നിയമോപദേശം തേടിയതനുസരിച്ച് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ളതുമാണെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. പ്രസ്തുത റവന്യൂ റിക്കവറി നടപടികൾക്കെതിരെ ടി ഏജൻസി ബഹു. കേരള ലോകായുക്ത മുമ്പാകെ റവന്യൂ റിക്കവറി നടപടിക്കെതിരെ പരാതി സമർപ്പിച്ചിട്ടുള്ളതാണെന്നും ആയതിനെതിരെ നഗരസഭ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്റ്റ് സമർപ്പിച്ചിട്ടുള്ളതുമാണ് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.<br>ടി കേസിൽനിന്നും കരാർ സ്ഥാപനം പിന്നീട് പിൻവാങ്ങുന്നതിന് ഉപലോകായുക്ത മുമ്പാകെ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 11.11.13 ലെ ഉത്തരവ് പ്രകാരം ബഹു. ഉപലോകായുക്ത നഗരസഭക്കെതിരായ ഹർജിയിൽ നിന്നും പിൻവാങ്ങുന്നതിന് ഹർജിക്കാരന് അനുമതി നൽകിയിട്ടുള്ളതാണ്. തുടർന്ന് കരാർ സ്ഥാപനം നഗരസഭ സ്വീകരിച്ച റവന്യൂ റിക്കവറി നടപടിക്കെതിരെ ബഹു. ഹൈക്കോടതി മുമ്പാകെ ഡബ്ല്യു.പി(സി) നമ്പർ 2962 ഓഫ് 2014 നമ്പർ ആയി വീണ്ടും കേസ് ഫയൽ ചെയ്തിരിക്കയാണ്. മേൽ കേസിൽ നഗരസഭയ്ക്ക് വേണ്ടി ബഹു. ഹൈക്കോടതിയിൽ ഹാജരാകുന്നതിന് അഡ്വ. നവീൻ ടി യെ വക്കാലത്ത് നൽകി 11.2.2014ന് ചുമതലപ്പെടുത്തുകയും കേസ് വിചാരണ നടന്നുകൊണ്ടിരിക്കുകയാണെന്നും അറിയിക്കുന്നു. മേൽ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു. |

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 3 | 2007-2008 | 4 - 11(3) | **ബാങ്ക് വായ്പ - തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ വൻതുക പലിശയിനത്തിൽ നൽകേണ്ടി വന്നു.**<br>വടകര സഹകരണ റൂറൽ ബാങ്കിൽ നിന്നും 16.5.2000ൽ എടുത്ത പത്തു ലക്ഷം രൂപയുടെ ലോൺ 20.3.2006ലെ 1991-ാം നമ്പർ വൗച്ചർ പ്രകാരം (ചെക്ക് നമ്പർ 432450) 21,80,452/- (ഇരുപത്തൊന്ന് ലക്ഷത്തി എൺപതിനായിരത്തി നാനൂറ്റി അമ്പത്തിരണ്ട്) രൂപ അടച്ച് ക്ലോസ് ചെയ്തിട്ടുണ്ട്. ആറ് വർഷ കാലാവധിക്കകത്ത് ലോൺ തിരിച്ചടവിലേക്ക് തുക 45,169/- (നാൽപത്തയ്യായിരത്തി ഒരുന്നൂറ്റി അറുപത്തി ഒമ്പത്) രൂപ മാത്രമാണ് നഗരസഭയിൽ നിന്നും ഒടുക്കിയിട്ടുള്ളത്. ബാങ്കിൽ നിന്നും നിർദേശിച്ചതനുസരിച്ച് ലോൺ ക്ലോസ് ചെയ്യാൻ ഒടുക്കിയ 21,80,452/- (ഇരുപത്തൊന്നു ലക്ഷത്തി എൺപതിനായിരത്തി നാനൂറ്റി അമ്പത്തിരണ്ട്) രൂപയിൽ 12,25,621 (പന്ത്രണ്ട് ലക്ഷത്തി ഇരുപത്തയ്യായിരത്തി അറുന്നൂറ്റി ഇരുപത്തൊന്ന്) രൂപയും പലിശ ഇനത്തിലെ തുകയാണ്. ബാങ്കിലുള്ള 4,58,000 (നാല് ലക്ഷത്തി അമ്പത്തി എണ്ണായിരം) രൂപയുടെയും 7,24,000 (ഏഴ് ലക്ഷത്തി ഇരുപത്തിനാലായിരം) രൂപയുടെയും നിക്ഷേപങ്ങൾ പണയപ്പെടുത്തിയാണ് ലോൺ എടുത്തതെന്നും കാലാവധി എത്തുമ്പോൾ നിക്ഷേപങ്ങളിൽ നിന്നും ലഭിക്കുന്ന പലിശ വായ്പയിന്മേൽ നൽകേണ്ട പലിശയിൽ വകയിരുത്തി ലോൺ ക്ലോസ് ചെയ്യാമെന്ന ധാരണയിലാണ് യഥാസമയം കൃത്യമായി തിരിച്ചടവാക്കാതിരുന്നത് എന്നും നഗരസഭാധികൃതർ വിശദീകരിക്കുകയുണ്ടായി.<br><br>സ്റ്റേറ്റ് ഹൗസിംഗ് ആന്റ് ഷെൽട്ടർ അപ്ഗ്രഡേഷൻ സ്കീം (ഷാസു) പ്രകാരം ഗുണഭോക്താക്കൾക്ക് നൽകേണ്ട തുകയാണ് നിക്ഷേപമായി ബാങ്കിലിട്ടതെന്നിരിക്കെ പലിശയുൾപ്പെടെ നിക്ഷേപ തുക പ്രസ്തുത ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ടതാണെന്ന് അധികൃതർ അറിയാതെ പോയത് ന്യായീകരിക്കാവുന്നതല്ല. മുനിസിപ്പൽ ചട്ടം 297-1 ജി(1) പ്രകാരം ലോൺ വാങ്ങാൻ സർക്കാരിന്റെ മുന്നനുവാദം ലഭ്യമാക്കാനോ ബന്ധപ്പെട്ടവർ ശ്രമിച്ചിരുന്നില്ല. ചട്ടങ്ങൾ പാലിക്കാതെ വായ്പ എടുത്തതിനും, പലിശയിനത്തിൽ വൻതുക നഷ്ടപ്പെടുത്തിയതിനും സർക്കാരിൽ നിന്ന് സാധൂകരണം ലഭ്യമാക്കുകയോ, സാധൂകരണം ലഭിക്കാത്ത പക്ഷം പലിശയിനത്തിൽ അധികം നൽകേണ്ടിവന്ന തുക നിജപ്പെടുത്തി ഉത്തരവാദികളിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. | മഴക്ക് മുമ്പായി റോഡുകളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിച്ചില്ലെങ്കിൽ നഗരസഭയ്ക്ക് നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകളും സാമ്പത്തിക നഷ്ടവും പരിഗണിച്ചും മുനിസിപ്പൽ ഫണ്ടിൽ നീക്കിയിരിപ്പില്ലാത്ത സാഹചര്യത്തിലുമാണ് നിക്ഷേപത്തിൽ നിന്ന് വായ്പയെടുക്കുന്നതിന് 8.5.2000 തീയ്യതിയിലെ അടിയന്തിര കൗൺസിൽ യോഗ തീരുമാന പ്രകാരം നടപടി സ്വീകരിച്ചത്. ജൂൺ മാസത്തിൽ മഴ ആരംഭിക്കുന്നതിനാൽ സർക്കാർ അനുമതി ലഭ്യമാക്കുന്നതിനുള്ള സാവകാശം ഉണ്ടായിരുന്നില്ല. പിന്നീട് സാധൂകരണം ലഭ്യമാക്കാമെന്നാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും ആയത് പിന്നീട് വിട്ടുപോകുകയാണുണ്ടായത്. തുടർന്നുള്ള കാലയളവിൽ നഗരസഭയുടെ സാമ്പത്തിക സ്ഥിതി മോശമായിരുന്നതിനാലാണ് ബാങ്ക് വായ്പ യഥാസമയം തിരിച്ചടക്കാൻ കഴിയാതിരുന്നത്. ഓഡിറ്റ് പരാമർശത്തിൽ ചൂണ്ടികാണിച്ച പ്രകാരം ബാങ്ക് വായ്പയെടുത്ത നടപടിക്ക് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മേൽ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിതരുന്നതിന് അപേക്ഷിക്കുന്നു. |

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 4 | 2007-2008 | 4.11(4) | **വ്യവസായ എസ്റ്റേറ്റിനായി സ്ഥലം അക്വയർ ചെയ്ത സംരംഭകർക്ക് നൽകിയത് - നഗരസഭയ്ക്കുണ്ടായ സാമ്പത്തിക നഷ്ടവും മറ്റ് അപാകതകളും**<br>സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 148/81/എൽ.എ.എസ്. ഡബ്ല്യു.ഡി. തീയതി 10.8.1981 പ്രകാരം വടകര നഗരസഭയെ കേന്ദ്രസർക്കാർ ആവിഷ്കരിച്ച ചെറുതും, ഇടത്തരവുമായ പട്ടണങ്ങളുടെ സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിൻപ്രകാരം ആസൂത്രണം ചെയ്ത വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്ന പദ്ധതിക്ക് കേന്ദ്ര സർക്കാർ 13 ലക്ഷം രൂപ വായ്പ അനുവദിച്ചിരുന്നു. പദ്ധതിയുടെ ഭാഗമായി അക്വയർ ചെയ്ത 1.8481 ഹെക്ടർ സ്ഥലത്തിനു പുറമെ നഗരസഭയുടെ കൈവശമുള്ള 0.1725 ഹെക്ടർ ഭൂമിയും ചേർത്ത് ആകെ 2.0206 ഹെക്ടർ ഭൂമിയാണ് വ്യവസായ എസ്റ്റേറ്റിന് ഉപയോഗിക്കാൻ ഉദ്ദേശിച്ചത്. 18,71,458/- (പതിനെട്ട് ലക്ഷത്തി എഴുപത്തൊന്നായിരത്തി നാനൂറ്റി അമ്പത്തി എട്ട്) രൂപ ചെലവാക്കി പുനരുദ്ധരിച്ച പ്രസ്തുത ഭൂമിക്ക് സെന്റിന് 36,500/- (മുപ്പത്താറായിരത്തി അഞ്ഞൂറ്) രൂപ നിരക്കിൽ വില നിശ്ചയിക്കുകയും ഭൂമി അനുവദിക്കുമ്പോൾ വിലയുടെ 50% കെട്ടിവച്ച് 20 അർദ്ധ വാർഷിക ഗഡുക്കളായി 10 വർഷം കൊണ്ട് ബാക്കി തുക അടച്ചുതീർക്കാനുമാണ് വ്യവസ്ഥ ചെയ്യുന്നത്.<br><br>ഭൂമി അക്വയർ ചെയ്ത് പദ്ധതി നടപ്പാക്കാനായി കേന്ദ്ര സർക്കാർ അനുവദിച്ച വായ്പ 1986ൽ പൂർണ്ണമായും ലഭിച്ചെങ്കിലും നഗരസഭയുടെ കൈവശം ഭൂമി 5-2-1987ൽ മാത്രമാണ് വന്നുചേർന്നത്. തുടർന്ന് വ്യവസായ സംരംഭകരെ ക്ഷണിക്കുന്നതിനും പ്ലോട്ട് അനുവദിക്കുന്നതിനും മറ്റുമുള്ള നടപടിക്രമങ്ങൾക്ക് വളരെയേറെ കാലതാമസമെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വായ്പയിനത്തിലെ 13 ലക്ഷം രൂപയുടെ പലിശ അടയ്ക്കുന്നതിനുള്ള തുക വ്യവസായ സംരംഭകരിൽ നിന്നും ലഭ്യമാക്കാനുള്ള യാതൊരു ശ്രമവും അധികൃതർ നടത്തിയിട്ടില്ല.<br><br>വ്യവസായ എസ്റ്റേറ്റിനായി അക്വയർ ചെയ്ത ഭൂമിയിൽ നിന്നും ജി.ഒ.(ആർ.റ്റി) നമ്പർ 710/90/എൽ.എ.ഡി. തീയതി 22.2.1990 പ്രകാരം 50 സെന്റ് സ്ഥലം കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന് (കെ.ടി.ഡി.സി.) നൽകിയിട്ടുണ്ട്. ഭൂമി നൽകാനുള്ള പ്രസ്തുത ഉത്തരവിനെ നഗരസഭാ അധികൃതർ സൗജന്യമായി ഭൂമി നൽകാനുള്ള ഉത്തരവായി വ്യാഖ്യാനിച്ചാണ് ഭൂമി അനുവദിച്ചത്<br><br>ഭൂമി വിലയുമായി ബന്ധപ്പെട്ട് നഗരസഭ പുതുക്കി നിശ്ചയിച്ച വ്യവസ്ഥകൾ പ്രകാരം സെന്റിന് 30,000 (മുപ്പതിനായിരം) രൂപ നിരക്കിൽ 273.94 സെന്റ് ഭൂമിക്ക് 80 ലക്ഷം രൂപയിലധികം മതിപ്പുവില വരുന്നതാണ്. ഈ ഇടപാടിന് ഒരു മലയാള പത്രത്തിൽ മാത്രമെ പരസ്യം നൽകിയിരുന്നുള്ളൂ. മാത്രമല്ല അപേക്ഷകളുടെ സ്വീകാര്യതയിലും ശ്രദ്ധേയമായ അപാകതകൾ കാണപ്പെടുന്നുണ്ട്. ഭൂമിയുടെ വില നിർണ്ണയം | സർക്കാർ ഉത്തരവ് എം.എസ്. നമ്പർ 148/81 എൽ.എ.എസ്.ഡബ്ല്യു.ഡി. തീയതി 10.8.81 പ്രകാരം വടകര നഗരസഭയ്ക്ക് 1.8481 ഹെക്ടർ സ്ഥലം അക്വയർ ചെയ്യുന്നതിന് 13 ലക്ഷം രൂപ വായ്പ അനുവദിച്ചിരുന്നു. മേൽ തുകകൊണ്ട് ആവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ പാലിക്കുന്നതിന് വേണ്ടിവന്ന കാലതാമസമാണ് പരാമർശത്തിലെ തടസ്സം. മേൽ കാര്യത്തിൽ നഗരസഭയുടെ ഭാഗത്ത് നിന്നും മനഃപൂർവ്വം അലംഭാവമൊന്നും നടത്തിയിട്ടില്ല എന്നത് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.<br>വ്യവസായ എസ്റ്റേറ്റിനായി അക്വയർ ചെയ്ത ഭൂമിയിൽ 50 സെന്റ് സ്ഥലം കെ.ടി.ഡി.സിക്ക് നൽകിയത് സർക്കാറിന്റെ ജി.ഒ. (ആർ.ടി) 710/90 എൽ.എ.ഡി. തീയതി 22.2.90 പ്രകാരമാണ്. മേൽ ഉത്തരവ് സൗജന്യമായി സ്ഥലം ബന്ധപ്പെട്ട വകുപ്പിന് നൽകാനാണ് എന്ന് തെറ്റിദ്ധരിച്ചാണ് വസ്തു കൈമാറ്റം ചെയ്തിട്ടുള്ളത്. ആകയാൽ മേൽ സ്ഥലത്തിന്റെ ന്യായമായ വില ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.<br>മേൽ സ്ഥലത്തിന് റവന്യൂ അധികാരികൾ സെന്റ് 1 ന് 27,250/- രൂപയാണ് നിശ്ചയിച്ച് തന്നിട്ടുള്ളത്. (വടകര തഹസിൽദാരുടെ 11.8.2002ലെ ബി2/5504/02 നമ്പർ സർട്ടിഫിക്കറ്റ്) മേൽ തുകയേക്കാൾ 2,750/- രൂപ കൂടുതലാണ് 1997ൽ കൗൺസിൽ നിശ്ചയിച്ചിട്ടുള്ളത്. ആകയാൽ സ്ഥല വില നിർണ്ണയിക്കുന്നതിൽ നഗരസഭക്ക് അപാകതകൾ വന്നിട്ടില്ലായെന്ന് റിപ്പോർട്ട് ചെയ്യുന്നു. പത്ര പരസ്യം വഴിയാണ് സംരംഭകരിൽ നിന്ന് അപേക്ഷ ക്ഷണിച്ചതും പ്ലോട്ട് അനുവദിക്കപ്പെട്ടിട്ടുള്ളതും. ആയതിന്റെ നടപടി സുതാര്യമായിരുന്നു.<br>നഗരസഭ അക്വയർ ചെയ്ത 1.8481 ഹെക്ടർ സ്ഥലത്തിന് പുറമെ നഗരസഭയുടെ കൈവശത്തിലുണ്ടായിരുന്ന 0.1726 ഹെക്ടർ സ്ഥലവും കൂടി ആകെ 2.0206 ഹെക്ടർ ഭൂമിയിൽ കെ.ടി.ഡി.സി. ക്ക് നൽകിയ 50 സെന്റ് സ്ഥലം കഴിച്ച് ബാക്കി സ്ഥലം 17 സംരംഭകർക്കായി നൽകുകയും ആയതിൽ 2 പ്ലോട്ട് ഒഴികെ 15 പ്ലോട്ടുകളിൽ വ്യവസായം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 2 പ്ലോട്ടുകളിൽ വ്യവസായം ആരംഭിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുകയാണ്. ആകെയുള്ള പ്ലോട്ടുകൾക്ക് നഗരസഭ നിശ്ചയിച്ച വില ഗഡുക്കൾ നഗരസഭയിൽ അടവാക്കുകയും സർക്കാർ അനുമതിയോടു കൂടി ബന്ധപ്പെട്ടവർക്ക് ആധാരം പ്രകാരം നൽകിയിട്ടുള്ളതുമാണ്. വ്യവസായം ആരംഭിക്കാനിരിക്കുന്ന 2 പ്ലോട്ടുകളുടെ എഗ്രിമെന്റ് പ്രകാരമുള്ള തുക മുടങ്ങാതെ നഗരസഭാ ഫണ്ടിൽ ഒടുക്കി വരുന്നുണ്ട്. മേൽ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | സംബന്ധിച്ച് റവന്യൂ അധികാരികളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റില്ലാതെ സ്ഥലവില നിർണ്ണയിച്ചത് കേരള മുനിസിപ്പാലിറ്റി (സ്ഥാവര വസ്തു ആർജ്ജിക്കലും, കൈമാറ്റം ചെയ്യലും) ചട്ടം 3. 4 പ്രകാരം ക്രമമല്ല. സ്ഥലവില നിർണയത്തിലെ അപാകതകൾ കാരണം നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്.<br><br>പ്ലോട്ടുകൾ അനുവദിച്ചു കിട്ടിയവർ നാളിതുവരെ വ്യവസായങ്ങൾ ഒന്നും തന്നെ തുടങ്ങിയിട്ടില്ലാത്ത സാഹചര്യത്തിൽ അംഗീകരിച്ച വ്യവസ്ഥകൾ പ്രകാരം നഗരസഭ ഭൂമി തിരിച്ചുപിടിക്കേണ്ടതായിരുന്നു. എന്നാൽ അത്തരത്തിലുള്ള നടപടിയൊന്നുംതന്നെ അധികൃതർ സ്വീകരിച്ചിട്ടില്ല. വ്യവസായ വികസനത്തോടൊപ്പം നഗരസഭയുടെ മൊത്തം വികസനത്തെ ലക്ഷ്യമിട്ട പദ്ധതി അധികൃതരുടെ അനാസ്ഥ കാരണം പരാജയപ്പെട്ടതായി വിലയിരുത്തുന്നു. | |

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | /ഓഡിറ്റ് പരാമർശത്തിൽ സ്വീകരിച്ച നടപടി |
| --- | --- | --- | --- | --- |
| 5 | 2007-2008 | 4 - 11(5) | **സഞ്ചരിക്കുന്ന മാവേലി സ്റ്റോർ - പദ്ധതി പ്രവർത്തനത്തിലെ അപാകതകൾ**<br>സർക്കാർ ഉത്തരവ് (സാധാ) 3053/98/ത.സ്വ.ഭ.വ. തീയതി 2.9.1989 [?] പ്രകാരം നഗരസഭയിൽ ആരംഭിച്ച സഞ്ചരിക്കുന്ന മാവേലി സ്റ്റോറിന്റെ നടത്തിപ്പിന് 2005-06ൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. വീട്ടമ്മമാർക്ക് മിതമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കാനും വിലക്കയറ്റം തടയാനും, അംഗനവാടികളിൽ പോഷകാഹാര സാധനങ്ങൾ ലഭ്യമാക്കാനുമാണ് പദ്ധതി മുഖേന ഉദ്ദേശിച്ചിരുന്നത്.<br><br>സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിന് വിരുദ്ധമായി നിത്യോപയോഗ സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും വാങ്ങാതെ നഗരസഭാധികൃതർ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിന് നഗരസഭയ്ക്ക് 2005-06ൽ ചെലവായ 20,23,025.16 (ഇരുപത് ലക്ഷത്തി ഇരുപത്തിമൂവായിരത്തി ഇരുപത്തഞ്ച് രൂപ പതിനാറ് പൈസ) രൂപയിൽ 16,53,984 (പതിനാറ് ലക്ഷത്തി അമ്പത്തിമൂവായിരത്തി തൊള്ളായിരത്തി എൺപത്തിനാല്) രൂപയും സ്വകാര്യ സ്ഥാപനങ്ങൾക്കാണ് നൽകിയിട്ടുള്ളത്. കൂടിയ വിലയ്ക്ക് വാങ്ങുന്ന സാധനങ്ങൾ അതേവിലയ്ക്ക് നൽകിയാൽ "ന്യായമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ നൽകുക" എന്ന പദ്ധതി ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുന്നില്ല എന്ന് വിലയിരുത്തുന്നു. 2005-06 വർഷത്തെ സാധന വിൽപനയുടെ രസീതുകൾ നഷ്ടപ്പെട്ടതായി അധികൃതർ അറിയിച്ചിരുന്നു. വിൽപനയിലൂടെ ലഭിക്കുന്ന തുകകൾ പൂർണ്ണമായും അടുത്ത ദിവസം തന്നെ ഒടുക്കുന്നില്ലായെന്നത് ശ്രദ്ധേയമാണ്. രസീതുബുക്കുകളിലെ വ്യാപകമായ തീയതിയിലുള്ള വെട്ടി തിരുത്തലുകളും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും കൂടിയവിലയ്ക്ക് സാധനങ്ങൾ വാങ്ങി നഗരസഭയിലെ അംഗനവാടികൾക്ക് വിൽക്കുന്നതുവഴി അംഗനവാടികളുടെ പദ്ധതി വിഹിതത്തിലും ചോർച്ച സംഭവിക്കുന്നുണ്ട്. കൂടാതെ മാവേലിസ്റ്റോർ ജീവനക്കാരുടെ പ്രതിമാസകൂലി, വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ, മറ്റു ചെലവുകൾ എന്നിവയെല്ലാം നഗരസഭാ ഫണ്ടിൽ നിന്നാണ് തുക | ആദ്യം സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം തുടക്കത്തിൽ സിവിൽ സപ്ലൈസിൽ നിന്നായിരുന്നു സഞ്ചരിക്കുന്ന മാവേലി സ്റ്റോറിലേക്ക് സാധനങ്ങൾ വാങ്ങിയത് സ്റ്റേഷനറി സാധനങ്ങൾ സിവിൽ സപ്ലൈസിൽനിന്നും ലഭിക്കാത്തതിനാൽ ആയത് ത്രിവേണി ഡിപ്പാർട്ട്മെന്റൽ സ്റ്റോറിൽനിന്നും വാങ്ങിയിരുന്നു.<br>കുടുംബശ്രീ യൂണിറ്റായ കടത്തനാട് കേരശ്രീ യൂണിറ്റിൽ നിന്നും വെളിച്ചെണ്ണ വാങ്ങിയത് 7.12.05നു ചേർന്ന മാവേലി സ്റ്റോർ പർച്ചേസ് കമ്മറ്റി തീരുമാന പ്രകാരമായിരുന്നു. അംഗൻവാടികളിലേക്ക് ആവശ്യമായ വെളിച്ചെണ്ണയുടെ 40%ൽ ആയിരുന്നു ഇപ്രകാരം വാങ്ങിയത്. എന്നാൽ ഓഡിറ്റ് കാലയളവിൽ വെളിച്ചെണ്ണ മുഴുവനായും സപ്ലൈകോയിൽ നിന്നാണ് വാങ്ങുന്നത്.<br>കാഷ്യർ ആണ് രസീതി പുസ്തകങ്ങൾ സൂക്ഷിക്കുന്നത്. രസീതി പുസ്തകത്തിൽ ചേർത്ത പ്രകാരമുള്ള തുക മുഴുവൻ തൊട്ടടുത്ത ദിവസം അടക്കാതിരുന്നതും, രസീതി പുസ്തകത്തിലെ തിരുത്തലുകൾ വരുത്തിയതു സംബന്ധിച്ച് ഓഡിറ്റ് കുറിപ്പിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട രേഖകൾ കൃത്യമായി തയ്യാർ ചെയ്യുന്നതിനും പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും 28.8.2008ന് കാഷ്യർക്ക് ഉത്തരവ് നൽകിയിട്ടുണ്ട്<br>അംഗൻവാടികളിൽ 2 മാസത്തിനുള്ളിൽ 7 മുതൽ 8 വരെ ദിവസങ്ങളിൽ ഭക്ഷണ സാധനം ഇറക്കാൻ വണ്ടി പോകാറുണ്ട്. ഇങ്ങനെ ഒരു വർഷം 42 മുതൽ 48 ദിവസം വരെ ഉപയോഗപ്പെടുത്തുന്നു. മറ്റ് പൊതു അവധി ദിവസം കഴിച്ചുള്ള ദിവസങ്ങളിൽ വിൽപ്പനക്കായി പോകാറുണ്ട്. 2005-06 കാലത്ത് വണ്ടിക്ക് കൂടുതൽ പണി വന്നതിനാലും, വണ്ടിയിലെ കണ്ടിജന്റ് ജീവനക്കാരനായ കാഷ്യറെ കണ്ടിജന്റ് ജോലിക്ക് നിയോഗിച്ചതിനാലും കുറഞ്ഞ ദിവസങ്ങൾ മാത്രമാണ് വിൽപ്പനക്ക് പോകാൻ സാധിച്ചത്.<br>സപ്ലൈകോയിൽനിന്ന് വാങ്ങുന്ന സ്റ്റേഷനറി സാധനങ്ങൾ എത്രരൂപയുടേത് ഉണ്ടോ അതിന്റെ പകുതി തുകയ്ക്കുള്ള അരിയും പലവ്യഞ്ജനവുമായിരുന്നു ലഭിച്ചിരുന്നത്. അംഗൻവാടികളിലേക്ക് വളരെ കൂടുതൽ അരി, പയർ എന്നിവ ആവശ്യമായതിനാൽ ആയത് വാങ്ങുമ്പോൾ അവയുടെ ഇരട്ടി വിലയ്ക്ക് സ്റ്റേഷനറി സാധനങ്ങളായ തീപ്പെട്ടി, ചന്ദനത്തിരി, സോപ്പ് തുടങ്ങിയവ വാങ്ങണമായിരുന്നു. ഓരോ പ്രാവശ്യവും ഇങ്ങനെ വാങ്ങുമ്പോൾ സ്റ്റേഷനറി സാധനങ്ങൾ വിൽക്കാൻ പറ്റാതെ സ്റ്റോക്ക് വരുന്നു. ഇതു മനസ്സിലാക്കിയാണ്. പലവ്യഞ്ജനങ്ങൾ ക്വട്ടേഷൻ വിളിച്ച് പൊതു മാർക്കറ്റിൽനിന്നും വാങ്ങിയത്.<br>അംഗൻവാടികളിലേക്ക് ആവശ്യമായ നുറുക്ക് ഗോതമ്പ് സഹകരണ സ്ഥാപനമായ റെയ്ഡ്കോയിൽനിന്നാണ് വാങ്ങിയത്. സ്വകാര്യ സ്ഥാപനത്തിൽനിന്നല്ല.<br>മാവേലിസ്റ്റോറായി ഉപയോഗിക്കുന്ന വാഹനത്തിന്റെ ഡ്രൈവറുടെ കൂലി മാത്രമാണ് നഗരസഭാ ഫണ്ടിൽനിന്നും നൽകിയത്. ലാഭേച്ഛയില്ലാതെ (No Loss No Profit) ക്ലിപ്തമായ റിവോൾവിങ് ഫണ്ട് ഉപയോഗിച്ചാണ് മാവേലി സ്റ്റോർ ആരംഭിച്ചത്. ഈ ഫണ്ടിൽ നിന്ന് വാഹനത്തിന്റെ മെയിന്റനൻസ് നികുതി ഇൻഷുറൻസ് ജീവനക്കാരുടെ വേതനം എന്നീ ആവർത്തന ചെലവുകൾ വഹിക്കേണ്ടിവന്നതുമൂലം ഫണ്ടിന് ശോഷണം സംഭവിക്കുകയും സ്റ്റോർ നിർത്തേണ്ടുന്ന ഘട്ടം സംജാതമാവുകയും ചെയ്തതിനെ തുടർന്ന് നഗരസഭയുടെ മറ്റ് വാഹനങ്ങളെപ്പോലെ കണക്കാക്കി മാവേലി സ്റ്റോറായി ഉപയോഗിച്ച് |

| | | | | |
|---|---|---|---|---|
| | | | ചെലവഴിക്കുന്നത്.<br><br>ഇത്തരത്തിലുള്ള അപാകതകൾ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിന് അഭികാമ്യമല്ല. മിതമായ വിലയ്ക്ക് സാധനങ്ങൾ വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന്, ആയവ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും സംഭരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അതോടൊപ്പം കൂടുതൽ ദിവസങ്ങളിൽ സ്റ്റോറിന്റെ വാഹനം വിവിധ പ്രദേശങ്ങളിൽ എത്തിച്ച് വിൽപന നടത്താനുള്ള ശ്രമങ്ങളും ഊർജ്ജിതപ്പെടുത്തേണ്ടതാണ്. സ്റ്റോറിന്റെ ദൈനംദിന പ്രവർത്തനം സംബന്ധിച്ച് തുടർ നിരീക്ഷണവും അവലോകനവും നടത്തി പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാൻ അധികൃതർ തയ്യാറാകേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. | വരുന്ന കെ.എൽ.11-4553 നമ്പർ വാഹനത്തിന്റെ മെയിന്റനൻസ്, ഇൻഷുറൻസ്, വാഹന നികുതി എന്നീ ചെലവുകൾ നഗരസഭാ ഫണ്ടിൽ നിന്നും ഒടുക്കുന്നതിന് 10.11.03ലെ 20-ാം നമ്പർ കൗൺസിൽ തീരുമാനം ഉണ്ടായത് പ്രകാരമാണ് ഇത്തരം ചെലവുകൾ നഗരസഭാ ഫണ്ടിൽ നിന്ന് നിർവ്വഹിച്ചുപോന്നത്. മാവേലി സ്റ്റോറിന്റെ നിലനിൽപ്പിന് അത്യാവശ്യമായതിനാലാണ് ഇത്തരം ഒരു തീരുമാനം കൗൺസിൽ കൈക്കൊണ്ടിട്ടുള്ളത്. മാത്രമല്ല വാഹനം നഗരസഭ നൽകണം എന്ന വ്യവസ്ഥയിൽ തന്നെയാണ് മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളതെന്നും അറിയിക്കുന്നു.<br>നിലവിൽ മാവേലി സ്റ്റോർ പ്രവർത്തിക്കുന്നില്ല. മാവേലി സ്റ്റോറിനായി ഉപയോഗിച്ച വാഹനം വിൽപ്പന നടത്തുകയും തുക മുനിസിപ്പൽ ഫണ്ടിൽ മുതൽ കൂട്ടുകയും ചെയ്തിട്ടുണ്ടെന്ന് ബോധിപ്പിക്കുന്നു. മേൽ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു. |

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 2008-09 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | റിപ്പോർട്ട് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2008- 09 | 3.4.5(ബി) | **എസ്കവേറ്റർ വാങ്ങൽ ടെണ്ടർ ക്ഷണിച്ചതിലെ അപാകത:**<br>നഗരസഭയിലെ ശുചീകരണാവശ്യത്തിന് പുതിയ എസ്കവേറ്റർ വാങ്ങുന്നതിന് 10.3.06ലെ 6-ാം നമ്പർ കൗൺസിൽ തീരുമാനിക്കുകയും 26.4.06ൽ ടെണ്ടർ പരസ്യം നൽകുകയും ചെയ്തു. മുനിസിപ്പൽ എഞ്ചിനീയർ നൽകിയ സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തിയാണ് പരസ്യം നൽകിയത്. ലഭിച്ച ടെണ്ടറുകളിൽ തുടർ നടപടികൾ സ്വീകരിച്ചില്ല. മാത്രമല്ല ടെണ്ടർ പരസ്യം നൽകിയ ശേഷമാണ് എസ്കവേറ്റർ വാങ്ങുന്നത് സംബന്ധിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ സാങ്കേതികാനുമതി ലഭിക്കുന്നതിന് നഗരസഭാ സെക്രട്ടറി ഉത്തരവാകുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാഹനം വാങ്ങുന്നത് സംബന്ധിച്ച് 27.5.03ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 169/03 ത.സ്വ.ഭ.വ, 31.3.06ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 88/06 എന്നീ ഉത്തരവുകളിൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിരിക്കെ ആയത് പാലിക്കാതെ ടെണ്ടർ നടപടികൾ തുടങ്ങുകയാണ് ചെയ്തത്. ഇത് സംബന്ധിച്ച് അന്വേഷണത്തിൽ പുതിയ എസ്കവേറ്റർ വാങ്ങുന്നതിനുള്ള നടപടികൾ നിർത്തിവെച്ചതായാണ് അറിയാൻ കഴിഞ്ഞത്. വാഹനം വാങ്ങുന്നത് സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ധൃതിപിടിച്ച് പത്രങ്ങളിൽ ടെണ്ടർ പരസ്യം നൽകിയതു വഴി 46,436 രൂപ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചു. | **വടകര നഗരസഭ**<br>സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ധൃതി പിടിച്ച് പത്രങ്ങളിൽ ടെണ്ടർ പരസ്യം നൽകിയതുവഴി നഗരസഭയ്ക്കുണ്ടായ 46,436/ രൂപയുടെ നഷ്ടം ഉത്തരവാദിയായ അന്നത്തെ സെക്രട്ടറി ശ്രീ. എസ് വിജയകുമാറിൽ നിന്ന് ഈടാക്കാൻ നടപടി ആരംഭിക്കുകയും, ഇതിനെതിരെ ടിയാൻ കോഴിക്കോട് രണ്ടാം ക്ലാസ് അഡീഷണൽ ഡിസ്ട്രിക്ട് കോടതിയിൽ കേസ് ഫയൽ ചെയ്യുകയും (OP No.296/10), ടി കേസിന്റെ 8/6/2012 ലെ വിധിയിൽ ടി തുക ഒടുക്കുന്നതിൽ നിന്നും ടിയാനെ ഒഴിവാക്കിക്കൊണ്ട് വിധിയായിട്ടുള്ളതാണ്. ആയതിനാൽ ഈ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിത്തരണമെന്ന് സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു |

| | | | |
|---|---|---|---|
| 2008-09 | 3 4 5 (ബി) | **<u>പൊതു ടാപ്പുകളുടെ വെള്ളക്കരം നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം:</u>**<br><br>വെള്ളക്കരം ഇനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കുടിശ്ശിക ഇല്ലാതാക്കുന്നതിനും ഭാവിയിൽ കുടിശ്ശികയില്ലാതെ, പ്രായോഗികവും ശാസ്ത്രീയവുമായ രീതിയിൽ വെള്ളക്കരം ചുമത്തുന്നതിനും നടപടികൾ കൈക്കൊള്ളുന്നതിന് 23.6.06ലെ (ആർ.ടി) നമ്പർ 1501/06 എൽ.എസ്.ജി.ഡി. നമ്പർ സർക്കാർ ഉത്തരവും, 7.11.06ലെ എ3-9303/06 നമ്പറിലുള്ള വകുപ്പ്തലവൻമാരുടെ യോഗ തീരുമാനം എന്നിവ പ്രകാരവും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയത് പ്രകാരം 2006-07 മുതൽ ഓരോ മാസത്തെയും വാട്ടർ ചാർജ് അതാത് മാസംതന്നെ ഒടുക്കുകയാണ് ചെയ്യേണ്ടത്. വടകര നഗരസഭയിലെ 9/06ലെ വാട്ടർ അതോറിറ്റി ഡിമാന്റ് ബിൽ പ്രകാരം തൻമാസത്തെ വാട്ടർ ചാർജ് അടക്കം ആകെ 25,10,05,473 രൂപ കുടിശ്ശികയുണ്ടായിരുന്നത് 3/08 ആകുമ്പോഴേക്കും 25,16,33,718 രൂപയായി ഉയർന്നിട്ടുണ്ട്. 2006-07 ന് മുമ്പുള്ള കുടിശ്ശികയിൻമേൽ കേരളാ വാട്ടർ അതോറിറ്റി 23.6.06ലെ സർക്കാർ ഉത്തരവ് പ്രകാരം പിഴ ഡിമാന്റ് ചെയ്യാത്തതിനാൽ ആകെ കുടിശ്ശിക 3/08 ലും മാറ്റമില്ലാതെ നിലനിൽക്കേണ്ടതായിരുന്നു. 4/2006ൽ 453 വാട്ടർ ടാപ്പുകൾക്ക് വെള്ളക്കരം ചുമത്തിയിരുന്ന സ്ഥാനത്ത് 3/2008 ആകുമ്പോഴേക്കും 674 ടാപ്പുകൾക്കാണ് കേരളാ വാട്ടർ അതോറിറ്റി കരം ചുമത്തുന്നത്. എന്നാൽ വാട്ടർ ടാപ്പുകളുടെ ആകെ എണ്ണം ഉപയോഗയോഗ്യമായവ, എവിടെയൊക്കെ സ്ഥാപിച്ചു എന്നിവ സംബന്ധിച്ച് യാതൊരു കണക്കും കരം ഒടുക്കാൻ ബാധ്യതപ്പെട്ട നഗരസഭ സൂക്ഷിച്ചിട്ടില്ല. ഉപയോഗയോഗ്യമായ ടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതിനും മീറ്റർ ഘടിപ്പിച്ച് ശാസ്ത്രീയവും പ്രായോഗികവുമായ രീതിയിൽ വെള്ളക്കരം ചുമത്തുന്നതിന് വാട്ടർ അതോറിറ്റിയുടെയും നഗരസഭയുടെയും സംയുക്ത പരിശോധന നടത്തുന്നതിന് മാർഗ്ഗ നിർദേശം നൽകിയിരുന്നെങ്കിലും നഗരസഭ അധികൃതരുടെ ഉദാസീനത കാരണം പരിശോധന നാളിതുവരെ നടത്തിയിട്ടില്ല. ആയത് കാരണം മാസംതോറും വൻതുക നഗരസഭാ ഫണ്ടിൽ നിന്നും പാഴായി പോകുകയാണ്. | **<u>വടകര നഗരസഭ</u>**<br><br>വടകര നഗരസഭയിൽനിന്നും 677 പൊതു ടാപ്പുകളുടെ വെള്ളക്കരമാണ് ഒടുക്കിയിരുന്നത്. നഗരസഭയും കേരള വാട്ടർ അതോറിറ്റിയും സംയുക്തമായി പൊതു ടാപ്പുകൾ സംബന്ധിച്ച് നടത്തിയ പരിശോധനയിൽ 157 എണ്ണം ഒഴിവാക്കാമെന്ന് കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ എഇ/ബി/സ്ട്രീറ്റ്/ടാപ്പ് 2014 നമ്പർ കത്ത് പ്രകാരം അറിയിക്കയും ആയത് കൗൺസിൽ മുമ്പാകെ സമർപ്പിച്ചതിന് 20/02/2015ലെ 20-ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ആയത്പ്രകാരം പൊതു ടാപ്പുകൾ ഒഴിവാക്കിവരവെ ചില വാർഡ് കൗൺസിലർമാരുടെയും പൊതുജനങ്ങളുടെയും എതിർപ്പിനെതുടർന്ന് 157 പൊതുടാപ്പുകളിൽ 83 പൊതു ടാപ്പുകൾ മാത്രമേ വിച്ഛേദിക്കാൻ കഴിഞ്ഞിട്ടുള്ളുവെന്നും ബാക്കി 74 പൊതുടാപ്പുകൾ വിച്ഛേദിക്കാൻ കഴിഞ്ഞിട്ടില്ലായെന്നും കാണിച്ച് കെ ഡബ്ല്യു എ എക്സിക്യൂട്ടീവ് എഞ്ചിനീയർ രേഖാമൂലം അറിയിച്ചതു പ്രകാരം വിഷയം കൗൺസിൽ മുമ്പാകെ സമർപ്പിക്കുകയും, കേരള വാട്ടർ അതോറിറ്റിയുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്. നിലവിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന 594 പൊതുടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കേണ്ടുണ്ട് മേൽ സാഹചര്യം കണക്കിലെടുത്ത് ഓഡിറ്റ് തുടർനടപടികളിൽനിന്നും ഒഴിവാക്കിത്തരണമെന്ന് സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു |

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ വടകര നഗരസഭ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക (Remedial measures taken Statement)**

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2009-10 | 3.3.4(1) | <u>ദേശീയ ചേരി നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കുന്നതിന് ലഭിച്ച ഫണ്ട് വായ്പ തിരിച്ചടക്കുന്നതിന് വകമാറ്റി ചെലവഴിച്ചതും കണക്ക് സൂക്ഷിപ്പിലെ അപാകതയും</u><br><br>ഭവന നിർമ്മാണത്തിനായി കെ.യു.ഡി.എഫ്.സി യിൽ നിന്നും വായ്പയെടുത്ത് ഗുണഭോക്താക്കൾക്ക് നൽകുകയും ഗുണഭോക്താക്കൾ മുനിസിപ്പാലിറ്റിയിലേക്ക് വായ്പ തിരിച്ചടക്കുകയുമാണ് ചെയ്യുന്നത്. ഗുണഭോക്താക്കൾ പ്രതിമാസ ഗഡുക്കളായി തിരിച്ചടക്കുന്ന വായ്പാതുക നിശ്ചിത ഗഡുക്കളായി കെ.യു.ഡി.എഫ്.സി. യിലേക്ക് അടക്കുന്നു. എന്നാൽ 2005-06 മുതൽ 2007-08 വരെയുള്ള കാലയളവിലെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ ഗുണഭോക്താക്കളിൽ നിന്ന് കൃത്യമായി പ്രതിമാസ വായ്പാഗഡുക്കൾ ഈടാക്കാതെ ദേശീയ ചേരി നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കുന്നതിന് ലഭിച്ച ഫണ്ട് വകമാറ്റി വായ്പ തിരിച്ചടവാക്കുന്നതിന് ചെലവഴിച്ചതായി കണ്ടെത്തി. ഇപ്രകാരം 2005-06 മുതൽ 2007-08 വരെയുള്ള കാലയളവിൽ 355791/- രൂപ വകമാറ്റിചെലവഴിച്ചിട്ടുണ്ട്. വകമാറ്റി ചെലവഴിച്ച 355791/- രൂപാ തടസ്സത്തിൽ വെക്കുന്നു. ദേശീയ ചേരി വികസന പദ്ധതി | ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഫയലുകൾ ക്യാഷ് ബുക്ക്, പാസ് ബുക്ക്, തിരിച്ചടവ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഗുണഭോക്താക്കൾ കെ.യു.ആർ.ഡി.എഫ്.സി. ലോൺ തിരിച്ചടവ് ഇനത്തിൽ സി.ഡി.എസ്. ൽ അടച്ച തുക (5.4.2000 മുതല 7.2.2012 വരെ) 3096489/- രൂപയും സി.ഡി.എസിൽ . നിന്ന് കെ.യു.ആർ.ഡി.എഫ്.സി. യിലേക്ക് അടച്ച തുക 3264170/- രൂപയും ആണെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. രണ്ട് തുകകളുടെ വ്യത്യാസം 167681/- രൂപ കെ.യു.ആർ.ഡി.എഫ്.സി യിലേക്ക്. കൂടുതലായി അടച്ചതായി കാണുന്നു. ഓഡിറ്റ് പരാമർശിച്ച 355791/- രൂപ അക്കൗണ്ടുകളിലെ അവ്യക്തത കാരണം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. വ്യത്യാസമായി കാണുന്ന 167681/- രൂപാ കെ.യു.ആർ.ഡി.എഫ്.സി അക്കൗണ്ടിൽ നിന്ന് (അക്കൗണ്ട് നമ്പർ 4258000100 107316 പി.എൻ.ബി. എൻ.എസ്.ഡി.പി. അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 57034520553 എസ്.ബി.ടി) അടച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട രേഖകൾ (ക്യാഷ് ബുക്ക്, ബാങ്ക് പാസ്സ് ബുക്ക് മുതലായവ) ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം മുമ്പാകെ ഹാജരാക്കിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യുന്നു. |

| | | | | |
|---|---|---|---|---|
| | | | ഫണ്ട് വരവും ചെലവും കെ.യു.ഡി.എഫ്.സി ലോൺ വായ്പ ഗഡുക്കൾ ഗുണഭോക്താക്കൾ നഗരസഭയിലേക്ക് ഒടുക്കുന്നതും ടി തുക നഗരസഭ തിരിച്ചടക്കുന്നതും സംബന്ധിച്ച ഇടപാടുകൾ ഒരു ക്യാഷ് ബുക്കിലാണ് രേഖപ്പെടുത്തുന്നത്. എന്നാൽ വർഷാവസാനം രണ്ട് ഫണ്ടുകളും സംബന്ധിച്ച കണക്കുകൾ വേർതിരിച്ചെഴുതാത്തതിനാൽ രണ്ട് ഫണ്ടുകളും സംബന്ധിച്ച മുൻബാക്കി, നീക്കിയിരിപ്പ് കണക്കുകൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തിയിട്ടില്ല. ഇവ പ്രത്യേകം രേഖപ്പെടുത്തി ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുത്തലുകൾ നടത്തി ഓഡിറ്റിൽ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. | |
| 2 | 2009-10 | 3.7.13(v) | <u>മാതൃ ശിശു സംരക്ഷണ കേന്ദ്രം കെട്ടിടം പണി പൂർത്തിയാക്കി 10 വർഷം കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല.</u><br>വടകര നഗരസഭയിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം 1999-2000 വർഷത്തിൽ 15-ാം വാർഡിൽ പണികഴിപ്പിച്ച മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിന്റെ പ്രവർത്തിക്ക് 225814/- രൂപ ചെലവഴിക്കുകയും 8.8.2000ന് ഉദ്ഘാടനം ചെയ്തതുമാണ്. എന്നാൽ കേന്ദ്രത്തിന്റെ പ്രവർത്തനം നാളിതുവരെയായി തുടങ്ങിയിട്ടില്ല. 2006-07 വർഷത്തിൽ ഈ കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിന് മെയിന്റനൻസ് ഗ്രാന്റിൽ ഉൾപ്പെടുത്തി 88649/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 9-ാം പഞ്ചവത്സര പദ്ധതി കാലത്ത് അനുവദിച്ച തുകയിൽ നിലനിർത്തി | മെറ്റേണിറ്റി സെന്ററിനായി നിർമ്മിച്ച പ്രസ്തുത കെട്ടിടം നിലവിൽ എൻ.ആർ.എച്ച്.എം. മുഖേനയുള്ള ഇമ്മ്യൂണൈസേഷൻ ഉൾപ്പെടെയുള്ള ആരോഗ്യ സംബന്ധമായ പ്രവൃത്തികൾ പ്രസ്തുത കെട്ടിടത്തോടനുബന്ധിച്ച് നടക്കാറുണ്ടെന്നും, ഡോക്ടറുടെ നിയമനം നടക്കാത്തതിനാലാണ് മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതെന്നും റിപ്പോർട്ടു ചെയ്യുന്നു. വിഷയം കൗൺസിൽ മുമ്പാകെ സമർപ്പിച്ച് മെറ്റേണിറ്റി സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും റിപ്പോർട്ട് ചെയ്യുന്നു. |

438/2022.

| | | | | |
|---|---|---|---|---|
| | | | കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയതാണെന്നും മുഴുവൻ പണിയും പൂർത്തിയാക്കാത്തതിനാൽ 10-ാം പഞ്ചവത്സര പദ്ധതികാലത്താണ് മറ്റ് പ്രവൃത്തികൾ ചെയ്തതെന്നും മെറ്റേണിറ്റി സെന്റർ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറിയുടെ മറുപടിയിൽ അറിയിച്ചു.<br>കെട്ടിട നിർമ്മാണം നടത്തി 10 വർഷം കഴിഞ്ഞിട്ടും മാതൃശിശു സംരക്ഷണ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽ കൊണ്ടുവരുന്നു. | |

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2015- 16 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | റിപ്പോർട്ട് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | തൽസ്ഥിതി റിപ്പോർട്ട് |
| 1 | 2015- 16 | 8.21 | **ഉപയോഗപ്രദമല്ലാത്ത മലിനജല പ്ലാന്റിനു വേണ്ടി ലക്ഷങ്ങൾ ചെലവഴിച്ചു**<br><br>• മലിനീകരണനിയന്ത്രണബോർഡിന്റെ അംഗീകാരമില്ലാതെ പ്ലാന്റ് സ്ഥാപിച്ചു.<br>• കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി കൺസൾട്ടൻസി സ്ഥാപനത്തിലെ ജീവനക്കാർക്ക് പ്ലാന്റ് പ്രവർത്തിപ്പിക്കാൻ അനുമതി നൽകി.<br>• പ്ലാന്റ് പ്രവർത്തനം കാര്യക്ഷമമല്ലെന്ന റിപ്പോർട്ട് നഗരസഭ അവഗണിച്ചു.<br>• ഉപയോഗപ്രദമല്ലാത്ത പ്ലാന്റ് പ്രവർത്തിപ്പിക്കാൻ പ്രതിമാസം ₹ 45,000/- നിരക്കിൽ കരാർ പുതുക്കി നൽകി.<br><br>കോഴിക്കോട് ജില്ലയിലെ വടകര നഗരസഭയിൽ നാരായണ നഗറിൽ കരിമ്പനതോടിന് സമീപം ശുചിത്വമിഷന്റെ സഹായത്തോടെ സ്ഥാപിച്ച മലിനജല പ്ലാന്റിന്റെ നിർമ്മാണം പൊലൂകെം കൺസൾട്ടൻസി സർവ്വീസ് എന്ന സ്ഥാപനം ₹ 31,26,390/- ചെലവിൽ 2012-13 വർഷം പൂർത്തിയാക്കി. കരാർ ഉടമ്പടി പ്രകാരം നിർമ്മാണം പൂർത്തിയാക്കി ആദ്യ 6 മാസം കൺസൾട്ടൻസി സ്ഥാപനം പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതോടൊപ്പം ഇക്കാലയളവിൽ ഒരു നഗരസഭാ ജീവനക്കാരന് പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിൽ പരിശീലനം നൽകുമെന്ന് | • **വടകര നഗരസഭ**<br><br>വടകര നഗരസഭയിലെ 24, 26, 39. 42 വാർഡുകളിലൂടെ കടന്നുപോകുന്ന കരിമ്പനതോട് സമാനതകളില്ലാത്ത തോതിൽ മലിനമാക്കപ്പെടുകയും ഇതു മൂലം വടകര നഗരഹൃദയം ഉൾപ്പെടുന്ന നഗരസഭയിലെ ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ട് സൃഷ്ടിക്കുകയും ചെയ്ത സാഹചര്യത്തിലാണ് വടകര പുതിയ ബസ്സ്റ്റാന്റിന് സമീപത്തായി കരിമ്പന തോടിന്റെ ഉദ്ഭവം ആരംഭസ്ഥലത്ത് ഒരു മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് നഗരസഭ തീരുമാനിച്ചത്.<br><br>നഗരസഭ ഇതിനുവേണ്ടി തയ്യാറാക്കി സമർപ്പിച്ച പ്രതിദിനം ഒരു ലക്ഷം ലിറ്റർ മലിനജലം ശുദ്ധീകരിക്കാൻ ശേഷിയുള്ള ശുദ്ധീകരണ പ്ലാന്റ് പ്രപ്പോസലിന് സംസ്ഥാന ശുചിത്വമിഷൻ 13.04.2010 ന് അംഗീകാരം നൽകിയ പ്രകാരം പ്രോജക്ട് തയ്യാറാക്കി 2010-11 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഡി.പി.സി. അംഗീകാരം ലഭ്യമാക്കുകയും തുടർന്ന് ടെണ്ടർ നടപടികളിലൂടെ M/s. പൊലൂകെം കൺസൾട്ടൻസി സർവ്വീസ് എന്ന സ്ഥാപനത്തെ പ്ലാന്റ് നിർമ്മിക്കുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തിട്ടുള്ളതുമാണ്. 2012-13 ൽ പൂർത്തീകരിച്ച ടി പ്രവൃത്തിയുടെ ചെലവ് ₹ 31,26,390/- ആണ്. തുടക്കത്തിൽ 6 മാസം പ്ലാന്റ് സ്ഥാപിച്ച സ്ഥാപനം തന്നെ നേരിട്ട് പ്ലാന്റ് പ്രവർത്തിപ്പിക്കണമെന്നും തുടർന്ന് ടി സ്ഥാപനം പരിശീലനം നൽകുന്ന നഗരസഭാ ജീവനക്കാരൻ പ്ലാന്റ് പ്രവർത്തിപ്പിക്കണമെന്നും കരാറിൽ വിഭാവനം ചെയ്തിരുന്നു. എന്നാൽ നഗരസഭ നേരിട്ട് പ്ലാന്റ് പ്രവർത്തിക്കുമ്പോൾ നഗരസഭയ്ക്ക് ഏറ്റവും കുറഞ്ഞത് 2 പേരുടെയെങ്കിലും സേവനം ആവശ്യമായി വരുന്നതും, പ്ലാന്റിലെ മലിനജലം ശുദ്ധീകരിക്കുന്നതിന് ഉപയോഗിക്കുന്ന കെമിക്കൽസ് നഗരസഭ നേരിട്ട് വാങ്ങുന്നതും പരിഗണിച്ച് നഗരസഭാ |

| | | | | |
|---|---|---|---|---|
| | | | വ്യക്തമാക്കിയിരുന്നെങ്കിലും ആയതുണ്ടായില്ല. 06.12.2012 ൽ നഗരസഭ പ്രസ്തുത സ്ഥാപനവുമായി പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് ഒരു വർഷത്തേക്ക് കരാറുണ്ടാക്കുകയും മെയിന്റനൻസ് ചാർജ്ജ് ഇനത്തിൽ (ഓപ്പറേഷൻ ചാർജ്ജ് + കെമിക്കൽസിന്റെ വില) പ്രതിമാസം ₹ 30,000/- നിരക്കിൽ നൽകാൻ ധാരണയുണ്ടാക്കുകയും ചെയ്തു. നഗരസഭയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്ലാന്റിന്റെ പ്രവർത്തനത്തെപ്പറ്റി വിശദമായ റിപ്പോർട്ട് ഹെൽത്ത് ഇൻസ്പെക്ടർ തയ്യാറാക്കി സമർപ്പിച്ചതിൽ (17.07.2013, 27.08.2013, 11.11.2013 തിയ്യതികളിലെ റിപ്പോർട്ടുകൾ) കാര്യശേഷി വർദ്ധിപ്പിക്കാതെ പ്ലാന്റിന്റെ പ്രയോജനം നാട്ടുകാർക്ക് ലഭിക്കില്ലെന്നും നാമമാത്രമായ അളവിലെ മലിനജലം ട്രീറ്റ് ചെയ്യപ്പെടുന്നുള്ളുവെന്നും ട്രീറ്റ് ചെയ്ത ശുദ്ധജലം തോട്ടിലെ ട്രീറ്റ് ചെയ്യാത്ത മലിനജലത്തോടൊപ്പം ഒഴുക്കി വിടുകയാണെന്നും വ്യക്തമാക്കിയിട്ടും ആയതിന്മേൽ പഠനം നടത്താതെ 05.12.2013 ലും 11.02.2014 ലും കരാർ വീണ്ടും പുതുക്കി നൽകുകയാണ് നഗരസഭ ചെയ്തത്. പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനായി 03.07.2014 ൽ ടെണ്ടർ നൽകുകയും വളരെ താഴ്ന്ന നിരക്ക് ക്വോട്ട് ചെയ്ത മേൽസ്ഥാപനത്തിന് തന്നെ പ്രതിമാസം ₹ 45,000/- നിരക്കിൽ 3 വർഷത്തേക്ക് വീണ്ടും കരാർ നൽകുകയും ചെയ്തു. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനാനുമതി ഇല്ലാതെ സ്ഥാപിച്ച പ്രസ്തുത പ്ലാന്റ് പ്രവർത്തനരഹിതമാണെന്നും അടച്ചുപൂട്ടൽ ഉൾപ്പെടെയുള്ള അനന്തര നടപടികൾ എടുക്കാതിരിക്കാൻ കാരണം ബോധിപ്പിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്ലാന്റിന്റെ കാര്യശേഷി വർദ്ധിപ്പിച്ച് ഉപയോഗപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതെ പ്രയോജനരഹിതമായ പ്ലാന്റിനു വേണ്ടി വൻതുക ചെലവാക്കിയ നഗരസഭയുടെ നടപടി നഗരസഭാ ഫണ്ടിന് ലക്ഷങ്ങളുടെ പാഴ്ചെലവുണ്ടാക്കി. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.<br><br>പ്രസ്തുത വിഷയം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് ശുപാർശ ചെയ്യുന്ന വിവരം LFVRM/A2/100/15 തീ. 09.11.2015 നമ്പർ കത്ത് പ്രകാരം വടകര നഗരസഭാ | കൗൺസിൽ, നഗരവാസികളുടെ പൊതു താല്പര്യം മുൻനിർത്തി പ്ലാന്റ് തുടർന്നും വാർഷിക പരിപാലന ചുമതല M/s. പൊല്യൂകെം കൺസൾട്ടൻസി സർവ്വീസ് എന്ന സ്ഥാപനത്തെ തന്നെ വീണ്ടും ഏല്പിക്കാൻ നിർബ്ബന്ധിതമായി തീർന്നിട്ടുള്ളത്. ആയതിന് കെമിക്കൽസ് ചാർജ്ജും ഒരു ജീവനക്കാരന്റെ ശമ്പളവും ഉൾപ്പെടെ പ്രതിമാസം ₹ 30,000/- നിരക്കിലാണ് ടി സ്ഥാപനത്തെ ഏല്പിച്ചിട്ടുള്ളത്.<br><br>* 2012-13 വർഷം പ്രവർത്തിച്ച് തുടങ്ങിയ പ്ലാന്റിൽ നിന്നും ട്രീറ്റ് ചെയ്ത് പുറം തള്ളുന്ന വെള്ളത്തിന്റെ പരിശോധനാ റിപ്പോർട്ട് സമർപ്പിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിനോട് ആവശ്യപ്പെട്ടത് പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ 21.08.2013 ന് പ്ലാന്റ് സന്ദർശിക്കുകയും പ്ലാന്റിൽ ചില ക്രമീകരണങ്ങൾ വരുത്തുന്നതിന് നഗരസഭയോട് നിർദ്ദേശിക്കുകയും ആയത് പ്രകാരം നഗരസഭ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തി ബോർഡിന് റിപ്പോർട്ട് ചെയ്തത് പ്രകാരം 30.11.2013, 19.02.2014 എന്നീ തിയ്യതികളിൽ മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധനാ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിൽ പ്രത്യേക പരാമർശങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. ടി റിപ്പോർട്ട് കണക്കിലെടുത്താണ് കരാർ സ്ഥാപനമായ M/s. പൊല്യൂകെം കൺസൾട്ടൻസിക്ക് നഗരസഭ AMC തുക അനുവദിച്ചത്.<br><br>നഗരസഭ നാരായണനഗറിൽ പ്രവർത്തിക്കുന്ന പ്ലാന്റിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിന് ഇപ്പോഴുള്ള മലിനജല തോതും ഭാവിയിൽ വരാവുന്ന മലിനജല തോതിന്റെ വർദ്ധനവും മഴക്കാലത്ത് ഡ്രെയിനിൽ നിലവിലും ഭാവിയിലും വരുന്ന മഴവെള്ളം മലിനജലവുമായി കലരാതെ ഡൈവർട്ട് ചെയ്യാനുള്ള പ്രത്യേക സംവിധാനം എന്നിവ ഉൾപ്പെടുന്ന പ്രൊജക്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിന് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും 29.08.2014 ന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ സമർപ്പിച്ച മൂന്ന് സ്ഥാപനത്തിന് നഗരസഭ ടെണ്ടർ വ്യവസ്ഥകൾ പ്രകാരം യോഗ്യത ഇല്ലാത്തതിനാൽ ടെണ്ടറിന് അംഗീകാരം നൽകാൻ കഴിഞ്ഞിട്ടില്ല. പ്ലാന്റിന്റെ പ്രവർത്തനശേഷി വർദ്ധിപ്പിക്കുന്നതിന് ഡി.പി.ആർ തയ്യാറാക്കുന്നതിന് തളിപ്പറമ്പ് നഗരസഭ നടപ്പാക്കി പ്രവർത്തിച്ചുവരുന്ന പദ്ധതിയുടെ കൺസൾട്ടന്റായ ഡോ. ആർ. ജയചന്ദ്രൻ (കെമിക്കൽ എഞ്ചിനീയർ, തൃശ്ശൂർ ഗവ: എഞ്ചിനീയറിംഗ് കോളേജ്) എന്നവരെ ഏല്പിക്കുന്നതിന് 27.11.2014 ലെ നഗരസഭാ കൗൺസിൽ തീരുമാനിക്കുകയും ചെയ്തു. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഡോ. ആർ ജയചന്ദ്രൻ നഗരസഭാ ട്രീറ്റ്മെന്റ് പ്ലാന്റ് സന്ദർശിക്കുകയും നിലവിലുള്ള പ്ലാന്റിന്റെ കപ്പാസിറ്റി പ്രതിദിനം 10 ലക്ഷം ലിറ്റർ ആയി ഉയർത്തുന്നതിന് തയ്യാറാക്കിയ |

| | | | | |
|---|---|---|---|---|
| | | | സെക്രട്ടറിയെ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. | വിശദമായ പ്രോജക്ട് റപ്പോർട്ട് 06/15 ന് നഗരസഭയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് ടി റിപ്പോർട്ട് പ്രകാരം പ്ലാന്റ് സ്ഥാപിക്കുന്നതിന് 3.85 കോടി രൂപ ചെലവ് വരും. കൂടാതെ പ്ലാന്റിന്റെ പ്രവർത്തന ചെലവ് പ്രതിദിനം ഏതാണ്ട് 12,000–15,000 രൂപ വരെ വരുന്നതാണ്. ഇന്നത്തെ നിലയ്ക്ക് ഇത്രയും വലിയ പദ്ധതി നഗരസഭയ്ക്ക് തനിയെ ഏറ്റെടുക്കാൻ കഴിയാത്തതിനാൽ കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ സഹായം ലഭിക്കുന്നതിന് നഗരസഭ ശ്രമിച്ചു വരികയാണ്. കരിമ്പന തോടിലെ മലിനീകരണം ഫലപ്രദമായി നിയന്ത്രിക്കുന്നതിന് തോട് സൈഡ് കെട്ടി പുനരുദ്ധാരണം നടത്തേണ്ടത് അത്യാവശ്യമായിരുന്നു. ബഹുമാനപ്പെട്ട വടകര നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. സി.കെ. നാണു അവർകളുടെ ആസ്തി വികസന ഫണ്ടിൽ നിന്നും കരിമ്പനതോടിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കായി നഗരസഭയുടെ ഇടപെടലിന്റെ ഭാഗമായി 96 ലക്ഷം രൂപ അനുവദിക്കുകയും പുനരുദ്ധാരണ പ്രവൃത്തി നടന്നുവരികയും ചെയ്യുന്നുണ്ട് ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ മാത്രമെ ട്രീറ്റ്മെന്റ് പ്ലാന്റ് ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ കഴിയുകയുള്ളു. നിലവിൽ നഗരത്തിലെ വാണിജ്യ സ്ഥാപനങ്ങളിൽനിന്നുൾപ്പെടെയുള്ള മാലിന്യങ്ങൾ കരിമ്പന തോടിൽ പുറം തള്ളപ്പെടുന്നുണ്ട് തോടിന്റെ സൈഡ് കെട്ടി പുനരുദ്ധാരണ പ്രവൃത്തി പൂർത്തിയാകുന്നതോടെ ഇത് ഇല്ലാതാകുന്നതും തോട്ടിലെ മാലിന്യത്തിന്റെ അളവ് ഗണ്യമായി കുറയുകയും ചെയ്യും. ഇതിന് ശേഷം നിലവിലുള്ള മലിനജല ട്രീറ്റ്മെന്റ് പ്ലാന്റിന്റെ കപ്പാസിറ്റി ആവശ്യമായ തോതിൽ ഉയർത്തുന്നതിന് നഗരസഭ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>കൂടാതെ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി 2017-18 വർഷത്തെ ബഹു: എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 68 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട് ടി പദ്ധതിയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ചിട്ടുള്ളതും എന്നാലിന്റെ പണി അന്തിമഘട്ടത്തിലുമാണ്<br><br>കരിമ്പനതോട് പുനരുദ്ധാരണ പ്രവൃത്തിക്കായി ആകെ 1.64 കോടി രൂപയുടെ പദ്ധതിയാണ് നഗരസഭ നടപ്പിലാക്കുന്നത്. ഈ പ്രവൃത്തി പൂർത്തിയാക്കുന്നതോടെ മാത്രമേ ട്രീറ്റ്മെന്റ് പ്ലാന്റ് ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ കഴിയുകയുള്ളൂ. നിലവിലുള്ള പ്ലാന്റിന്റെ മോട്ടോറുകളുടെ തകരാർ പരിഹരിച്ച് പ്രവർത്തിപ്പിക്കുന്നതിന് 2018-19 വാർഷിക പദ്ധതിയിൽ 239 നമ്പർ പദ്ധതിയായി ₹ 4,00,000/- വകയിരുത്തിയിട്ടുണ്ട്<br><br>നിലവിൽ നഗരസഭയിലെ വാണിജ്യ സ്ഥാപനങ്ങളിൽ നിന്നുൾപ്പെടെയുള്ള മാലിന്യങ്ങൾ കരിമ്പന തോടിൽ പുറം |

| | | | | |
|---|---|---|---|---|
| | | | | തള്ളപ്പെടുന്നുണ്ട്. തോടിന്റെ സൈഡ് വാൾ കെട്ടുന്ന പുനരുദ്ധാരണ പ്രവൃത്തി പൂർത്തിയാക്കുന്നതോടെ ഇത് ഇല്ലാതാക്കുന്നതും മാലിന്യത്തിന്റെ അളവ് ഗണ്യമായി കുറയുകയും ചെയ്യും. ഇതിന് ശേഷം മാത്രമേ നിലവിലുള്ള മലിനജല പ്ലാന്റിന്റെ കപ്പാസിറ്റി എത്ര വർദ്ധിപ്പിക്കണമെന്ന് കൃത്യമായി കണക്കാക്കാൻ സാധിക്കുകയുള്ളൂ. പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് പ്ലാന്റിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിന് നഗരസഭ നടപടി സ്വീകരിക്കുന്നതാണ് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കണം. |


*L. SINDHU*
*Special Secretary to Govt.*
*Local Self Government Dept.*
*Govt. Secretariat*
*Thiruvananthapuram*
*Phone : 0471-2518346, 2327292*

# സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത റിപ്പോർട്ടിൻമേൽ (നഗരസഭകളുമായി ബന്ധപ്പെട്ടുള്ളത് ) സ്വീകരിച്ച നടപടി വിശദീകരണ പത്രിക

| | | | |
|---|---|---|---|
| 2010- 11 | 2.11 | **വർദ്ധിച്ചുവരുന്ന ഋണബാധ്യതകൾ :**<br>1963-ലെ കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി വായ്പകൾ സ്വീകരിക്കാവുന്നതാണ്. എന്നാൽ ഒരു സ്ഥാപനത്തിന്റെ വൻ ഋണബാധ്യത അതിന്റെ മരണ സാമ്പത്തിക സംവിധാനങ്ങളുടെ പിടിപ്പുകേടിലേക്ക് വിരൽ ചൂണ്ടുന്നു. ഓഡിറ്റിന് വിധേയമായ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഭീമമായ കടബാധ്യതയിലാണ്.<br>വരുമാനമുണ്ടാക്കുകയും ചെലവഴിക്കുകയും ചെയ്യുന്ന ഏതൊരു സ്ഥാപനത്തിനുമെന്ന പോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മികവുറ്റഭരണ സംവിധാനത്തോടൊപ്പം ഫലപ്രദവും അച്ചടക്കമുള്ളതുമായ സാമ്പത്തിക നിയന്ത്രണവും അനിവാര്യമാണ്. വരുമാന വർദ്ധനവും വിവേകപൂർണ്ണമായ ചെലവുചെയ്യലും ഉറപ്പാക്കാൻ മികച്ച സാമ്പത്തിക ആസൂത്രണവും മെച്ചപ്പെട്ട നേതൃത്വവും കൂടിയേതീരൂ. വരുമാന സ്രോതസ്സുകളുടെ ഉല്പാദനക്ഷമത ഉറപ്പാക്കുന്നതിനും അവ ചൂഷണം ചെയ്യുന്നതിൽ ഉത്തരവാദിത്തബോധം പുലർത്തുന്നതിലും പരാജയപ്പെടുന്ന സ്ഥാപനത്തിന് സാമ്പത്തിക സുസ്ഥിരത കൈവരിക്കാനാകാതെ വരുന്നു. വർദ്ധിച്ചുവരുന്ന ഋണബാധ്യതയിലേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നയിക്കുന്നത് പ്രധാന മായും കാര്യക്ഷമമല്ലാത്ത നികുതി നിയന്ത്രണ സംവിധാനങ്ങളാണ്. താഴ്ന്ന വരുമാന സമാഹരണം, കുറവായി നിർണ്ണയിക്കപ്പെടുന്ന നികുതികൾ, ഫീസുകൾ എന്നിവ സ്ഥാപനങ്ങളുടെ സാമ്പത്തിക നിലയെ സാരമായി ബാധിക്കുന്നു. വർദ്ധിച്ചുവരുന്ന കുടിശ്ശികകൾ അവയുടെ സാമ്പത്തിക നിലവാരം മോശതരമാക്കുന്നു.<br>1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 303-ൽ നഗരസഭകൾ ഋണമോചന നിധി രൂപീകരിക്കേതിന്റെ ആവശ്യകത വ്യക്തമാക്കുന്നു. വിവിധ ഏജൻസികളിൽ നിന്നും നഗരസഭകൾ എടുത്തിട്ടുള്ള വായ്പാതുകകളുടെ കൃത്യമായ തിരിച്ചടവുകൾക്ക് സഹായകമാകുന്ന വിധത്തിൽ ഒരു പ്രത്യേക നിധി രൂപീകരിക്കുകയും ആ നിധിയിൽ നിന്ന് കൃത്യമായി വായ്പാ തിരിച്ചടവുകൾക്ക് തുക വിനിയോഗിക്കുകയുമാണ് ചെയ്യേണ്ടത്. എന്നാൽ മിക്ക നഗരസഭകളിലും ഇത്തരത്തിലുള്ള ഋണമോചനനിധി രൂപീകരിച്ചിട്ടില്ല. മുനിസിപ്പൽ ഫണ്ടിന്റെ അപര്യാപ്തത കാരണം വായ്പകളുടെ കൃത്യമായ തിരിച്ചടവുകൾക്ക് സാധിക്കാറുമില്ല. ഇതുമൂലം തിരിച്ചടവ് നീളുക യും പലിശ യിനത്തിൽ കൂടുതൽ തുക നഗരസഭകൾ ചെലവഴിക്കേണ്ടി വരികയും ചെയ്യുന്നു.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായി ലഭിക്കേണ്ട മുഴുവൻ നികുതികളും ഫീസുകളും ചോർച്ച കൂടാതെ ലഭ്യമാക്കേണ്ട ഉത്തരവാദിത്വം ഉദ്യോഗസ്ഥരിലും ജനപ്രതിനിധികളിലും നിക്ഷിപ്തമാണ്. സ്ഥാപനങ്ങളുടെ വരുമാന | **കോഴിക്കോട് നഗരസഭ**<br>1994 ലെ കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 303 ൽ ഋണമോചന നിധി രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും, മുനിസിപ്പൽ ഫണ്ടിന്റെ അപര്യാപ്തത കാരണം സംസ്ഥാനത്തെ നഗരസഭ കളിലൊന്നും തന്നെ അത്തരത്തിലൊരു നിധിയ്ക്ക് നാളിതുവരെ രൂപം നല്കിയിട്ടില്ല. ഋണമോചനനിധി രൂപീകരിക്കുന്നതിലേക്ക് നഗരസഭകൾക്ക് സർക്കാർ നിർദ്ദേശം നല്കേണ്ടതാണ്. നഗരസഭകളുടെ പ്രധാന വരുമാനസ്രോതസ്സുകളായ തൊഴിൽ നികുതി, കെട്ടിടനികുതി, ലേലം/വാടക, ഡി & ഒ ലൈസൻസ് ഫീസ് എന്നിവ ഇപ്പോൾ യഥാസമയം കുടിശ്ശിക ഇല്ലാതെ പിരിച്ചെടുത്തുവരുന്നുണ്ട്. നിരവധി നഗര സഭകൾ നികുതി പിരിവിൽ 100% നേട്ടം കൈവരിച്ചിട്ടുണ്ട്.<br>കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ഹഡ്കോ ലോൺ ഇനത്തിൽ താഴെപ്പറയും പ്രകാരം ലോൺ എടുത്തിട്ടുള്ളതാണ്. (1) സ്കീം നമ്പർ : 18350 തീയതി 1.07.2004 (2) സ്കീം നമ്പർ 19677 തീയതി 28.04.2009. സ്കീം നമ്പർ 1 പ്രകാരം സ്റ്റേഡിയം കോംപ്ലക്സ് ഇനത്തിലുള്ള ലോൺ 9/2016-ന് അവസാനിച്ചിരിക്കുകയാണ്. സ്കീം 2 പ്രകാരം 50068000 രൂപയെടുത്ത തിൽ ഇനി ബാക്കി 1,59,19,628/- രൂപ തിരിച്ചടവാക്കാനുള്ളതായി കാണുന്നു. മേൽ അടവ് കൃത്യ മായി ചെയ്തു വരു ന്നുണ്ട് |

സ്രോതസ്സുകളായ തൊഴിൽനികുതി, കെട്ടിടനികുതി, ലേലം/വാടക, ഡി&ഒ ലൈസൻസ് ഫീസ് എന്നിവ യഥാസമയം പിരിച്ചെടുത്ത് ആ പണം വിനിയോഗിച്ച് ജനോപകാര പ്രദങ്ങളായ പദ്ധതികൾ നടപ്പിലാക്കാനും സാമ്പത്തികഭദ്രത കൈവരിക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആർജ്ജവം കാണിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കടബാധ്യതക്ക് ഏതാനും ഉദാഹരണങ്ങൾ ചേർക്കുന്നു.

വായ്പകൾ

| ക്രമ നം | സ്ഥാപനം | വായ്പ എടുത്ത വർഷം | വായ്പകളുടെ ഇനവിഭം | വായ്പ തുക (രൂപ) | തിരിച്ചടയ്ക്കാൻ ശേഷിക്കുന്നത് (31.03.2011) |
|---|---|---|---|---|---|
| 1 | — | — | ഹഡ്കോ | 63568000 | 52280000 |
| 2 | — | — | കേരള സർക്കാർ | 85214677 | [illegible] |
| | ആകെ | | | 148782677 | [illegible] |

കോഴിക്കോട് വികസന അതോറിറ്റിക്ക് 1981 മുതൽ 2005 വരെ സർക്കാരിൽ നിന്നും അനുവദിച്ച് നല്കിയിരുന്ന വായ്പക ളിൽ തിരിച്ചടച്ച തുക കിഴിച്ച് ബാക്കി 7,48,93,860.92 രൂപ കുടിശ്ശികയുള്ളതായി 2010-11-ലെ സർക്കാർ വായ്പകളുടെ സ്റ്റേറ്റ്മെന്റിൽ രേഖ പ്പെടുത്തിയിട്ടു ണ്ട് കോഴിക്കോട് വികസന അതോറിറ്റിയുടെ ആസ്തി ബാധ്യതകൾ കോഴിക്കോട് നഗരസഭ ഏറ്റെടുത്തിട്ടുള്ള സാഹചര്യത്തിൽ ടി വായ്പകൾ ഗ്രാന്റ് ഇൻ എയ്ഡ് ആയി മാറ്റണമെന്ന നഗരസഭയുടെ അപേക്ഷ സർക്കാരിന്റെ പരിഗണന യിലാണ്

2010- 11 2.14

<u>ഡെപ്പോസിറ്റ് വർക്കുകൾ പ്രവൃത്തി പൂർത്തീകരിക്കുന്നതിലെ കാലതാമസം</u>

വൈദ്യുതീകരിക്കാത്ത കെട്ടിടങ്ങളുടെ എണ്ണം ശേഖരിക്കൽ, പവർലൈൻ മാപ്പിംഗിലൂടെ ഊർജ്ജ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് അനർട്ടിന് 9,30,000/ രൂപ നൽകി.

<u>കൊയിലാണ്ടി നഗരസഭ</u>

23.02.2008 ലെ G O(P)No.95/2008 പ്രകാരം പാരമ്പര്യേതര ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായാണ് നഗരസഭ അനർട്ടിന് പണം അനുവദിച്ചത്. ഇക അനുവദിച്ചതില്ലാ കരാർ പ്രകാരമുള്ള പ്രവൃത്തികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൊന്നും കൃത്യമായി നടപ്പിലാക്കാൻ കഴിയാത്തതി നാൽ തുക സർക്കാരിലേയ്ക്ക് തിരിച്ചട ച്ചിട്ടുണ്ട് എന്ന് 22.12.2018 ന് അനെർട്ട് ഈ ഓഫീസിൽ ലഭ്യമാക്കിയ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിൽ (നം. 2888/പ്രോജക്റ്റ് അനർട്ട്/2012 തീയതി 21.10.2016) വ്യക്തമാക്കിയിട്ടുണ്ട് ഇത് പ്രകാരം നഗരസഭ അടവാക്കിയ 9,30,000/- രൂപ സർക്കാരിലേയ്ക്ക് തിരികെ ലഭിച്ചതിനാൽ ഓഡിറ്റ് തടസ്സം നീക്കണമെന്ന് സെക്രട്ടറി അപേക്ഷിച്ച വിവരം ബോധിപ്പിക്കുന്നു

## സമാഹൃത ഓഡിറ്റ് റിപ്പോർട്ട് (2014-15) കോഴിക്കോട് ജില്ലയിലെ നഗരസഭകളുമായി ബന്ധപ്പെട്ട നടപടി വിശദീകരണ പത്രിക

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശം | നടപടി വിശദീകരണ പത്രിക |
|---|---|---|---|
| 1 | 2.1 | **ഓഡിറ്റ് റിപ്പോർട്ടുകൾ ഭരണസമിതിയിൽ ചർച്ചയ്ക്ക് വിധേയമാകുന്നില്ല.**<br>ഓഡിറ്റ് റിപ്പോർട്ട് ഭരണസമിതി യോഗത്തിൽ വച്ചിട്ടില്ലാത്തതിന്റെ വിശദാംശം.<br>അവസാനം പുറപ്പെടുവിച്ച റിപ്പോർട്ടിനെ ആധാരമാക്കിയുള്ള ഉദാഹരണങ്ങൾ.<br>**കോഴിക്കോട് നഗരസഭ -ഓഡിറ്റ് വർഷം (2012-13)**<br><br>**കൊയിലാണ്ടി മുനിസിപ്പാലിറ്റി -ഓഡിറ്റ് വർഷം (2012-13)** | ഓഡിറ്റ് റിപ്പോർട്ടുകൾ യഥാസമയം ഭരണസമിതിയിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട സെക്രട്ടറിമാർ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. |
| 2 | 2.2 | **<u>ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രാഥമിക മറുപടി സമർപ്പിക്കുന്നതിൽ വീഴ്ച</u>**<br>ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ ഒഴിവാക്കി റിപ്പോർട്ട് തീർപ്പാക്കുന്നതിന് പ്രാഥമിക മറുപടിയുടെ യഥാസമയമുള്ള സമർപ്പണം അനിവാര്യമായ പ്രക്രിയയാണ്. എന്നാൽ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും മറുപടി സമർപ്പിക്കുന്നതിൽ കാണിക്കുന്ന വിമുഖത സുഗമമായ ഓഡിറ്റ് നടപടിക്രമങ്ങൾക്ക് വിഘാതമുണ്ടാക്കുന്നതായി കാണുന്നു. 2015 മെയ് മാസം വരെ പ്രാഥമിക മറുപടി സമർപ്പിക്കാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>**കൊയിലാണ്ടി മുനിസിപ്പാലിറ്റി - ഓഡിറ്റ് വർഷം(2012-13)** | ഓഡിറ്റ് റിപ്പോർട്ടുകൾക്ക് യഥാസമയം മറുപടി നല്കുന്നുണ്ടെന്ന് ബന്ധപ്പെട്ട സെക്രട്ടറിമാർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |
| 3 | 4.1.4 | **ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്** 2005-06 ൽ | കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ സെൻട്രൽ മാർക്കറ്റിലുള്ള ബയോഗ്യാസ് പ്ലാന്റ് ടാഗോർ ഹാളിലെ ബയോഗ്യാസ് |

184

| | | | |
|---|---|---|---|
| | | 13,91,834/- രൂപ ചെലവഴിച്ച് ജൈവമാലിന്യ പ്ലാന്റ് പണിതു. നിർമ്മാണം നടത്തിയ ഏജൻസി, 9 മാസത്തോളം സൗജന്യമായി പ്ലാന്റ് പ്രവർത്തിക്കുകയും, ഇവിടെ നിന്നുള്ള വൈദ്യുതി ഉപയോഗിച്ച് പഞ്ചായത്താഫീസിനു സമീപമുള്ള തെരുവുവിളക്കുകൾ തെളിക്കുകയും ചെയ്തു. എന്നാൽ തുടർന്ന് ഗ്രാമപഞ്ചായത്ത് ഇതിന്റെ നടത്തിപ്പ് ഏറ്റെടുത്തിട്ടില്ല. നിലവിൽ പ്ലാന്റും ജനറേറ്ററുകളും പ്രവർത്തനരഹിതമായി കാടുമൂടിക്കിടക്കുന്നു. | പ്ലാന്റ് മൊഫ്യൂസിൽ ബസ് സ്റ്റാന്റിലെ ബയോഗ്യാസ് പ്ലാന്റ് എന്നിവ പ്രവർത്തനക്ഷമമാക്കുന്നതിന് 25 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പദ്ധതി അംഗീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് സെക്രട്ടറി ആവശ്യപ്പെട്ട വിവരംബോധിപ്പിക്കുന്നു |
| 4 | 4.1.5 | **കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ** 2006-07 ൽ നിർമ്മിച്ച നെല്ലിക്കോട് വ്യവസായ എസ്റ്റേറ്റ് നിഷ്ക്രിയ ആസ്തിയായി തുടരുകയാണ്. 84,18,797/- രൂപയാണ് ഈ പദ്ധതിക്ക് ചെലവിട്ടത്. | കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ നെല്ലിക്കോട് വ്യവസായ എസ്റ്റേറ്റിൽ ഉൾപ്പെട്ട മുഴുവൻ പ്ലോട്ടുകളും ലേലം ചെയ്ത് നൽകിയിട്ടുള്ളതാണ്. |
| 5 | 4.1.5 | **കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ** 2011-12, 2012-13 വർഷങ്ങളിലായി 16,04,834/- രൂപ ചെലവഴിച്ച എലത്തൂർ വ്യവസായ എസ്റ്റേറ്റും നിഷ്ക്രിയമാണ്. | എലത്തൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപണി ഉൾപ്പെടെയുള്ള പ്രവൃത്തിയ്ക്കായി പ്രോജക്ട് നം. 1734/17 പ്രകാരം 39 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ലേല നടപടികൾ തുടങ്ങുന്നതാണ്. |
| 6 | 4.1.5 | മുക്കം ഗ്രാമപഞ്ചായത്ത് 2009-10 ൽ 28,13,283/- രൂപ ചെലവഴിച്ച് നിർമ്മിച്ച തോട്ടത്തിൻ കടവ് വനിതാ തൊഴിൽ പരിശീലനകേന്ദ്രം പ്രവർത്തനമില്ലാത്ത നിലയിലാണ്. | മുക്കം ഗ്രാമ പഞ്ചായത്ത് 2009-10 ൽ 2813283/- രൂപ ചെലവഴിച്ച് നിർമ്മിച്ച തോട്ടത്തിൻകടവ് വനിത തൊഴിൽ പരിശീലന കേന്ദ്രം പ്രവർത്തനക്ഷമമല്ലാത്ത നിലയിലാണ് എന്നാണ് ഓഡിറ്റ് പരാമർശത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. നിലവിൽ ഈ കേന്ദ്രം ദേശീയ നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം.) ന്റെ ഭാഗമായുള്ള നൈപുണ്യ വികസന പരിശീലനത്തിന് ഉപയോഗപ്പെടുത്തി വരികയാണ്. 30 പേരുടെ ആദ്യ ബാച്ച് വിജയകരമായി പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. തൊഴിൽ പരിശീലന കേന്ദ്രം നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ളതാണെന്ന വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു |
| 7 | 4.1.7 | **കോഴിക്കോട് ജില്ലയിലെ പയ്യോളി ഗ്രാമപഞ്ചായത്ത്** 2007-08 ൽ 6,92,292/-രൂപ ചെലവഴിച്ച കോട്ടപ്പുറം കുടിവെള്ള പദ്ധതി പ്രവർത്തിക്കുന്നില്ല. | കോട്ടപ്പുറം കുടിവെള്ള പദ്ധതി - നിലവിൽ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| 8 | 4.1.7 | **കോഴിക്കോട് ജില്ലയിലെ പയ്യോളി ഗ്രാമപഞ്ചായത്ത്**2004-05 ൽ 6.30 ലക്ഷം ചെലവിട്ട പയ്യോളി തീരദേശ ശുദ്ധജല പദ്ധതിയും പ്രവർത്തനക്ഷമമല്ല. | തീരദേശ ശുദ്ധജല പദ്ധതി - മേൽ പദ്ധതി ചെത്തിൽ താര പാട ശേഖര കിണർ ഉപയോഗിച്ച് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ടി പദ്ധതിക്ക് വേണ്ടി നിർമ്മിച്ച കിണർ ഉപയോഗശൂന്യമായതിനാലാണ് ചെത്തിൽതാര പാടശേഖര കിണറിലേക്ക് മോട്ടോർ മാറ്റി സ്ഥാപിച്ചിട്ടുള്ള ത്. |
| 9 | 4.1.7 | **കോഴിക്കോട് ജില്ലയിലെ പയ്യോളി ഗ്രാമപഞ്ചായത്ത്**2010-11 ൽ 2 ലക്ഷം രൂപ ചെലവിട്ട് നിർമ്മിച്ച ഇരിങ്ങൽ-മൂരാട് കടിവെള്ള പദ്ധതി പൊട്ടിപ്പൊളിഞ്ഞ് ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. | ഇരിങ്ങൽ-മൂരാട് കുടിവെള്ള പദ്ധതി - മേൽ കിണറിലെ വെള്ളം ഉപയോഗയോഗ്യമല്ലാത്തതിനാൽ ബഹു. കെ ദാസൻ എം എൽ എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നുള്ള 35 ലക്ഷം രൂപ കൂടി ഉപയോഗപ്പെടുത്തി പുതിയ കുടിവെള്ള സ്രോതസ്സ് കണ്ടെത്തിക്കൊണ്ട് ടി പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിന് നടപടികൾ സ്വീക രിച്ചുവരുന്നു. |
| 10 | 4.1.7 | **കോഴിക്കോട് ജില്ലയിലെ പയ്യോളി ഗ്രാമപഞ്ചായത്ത്**2003-04 ൽ 4.25 ലക്ഷം രൂപ ചെലവിട്ട് നിർമ്മിച്ച പെരിങ്ങാട് കടിവെള്ള പദ്ധതിയും നിലവിൽ ഉപയോഗപ്രദമല്ലാത്ത അവസ്ഥയിലാണ്. | പെരിങ്ങാട് കുടിവെള്ള പദ്ധതി - നിലവിൽ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. |
| 11 | 4.1.8 | **മുക്കം ഗ്രാമപഞ്ചായത്ത്**<br>മുക്കം ഗ്രാമപഞ്ചായത്ത് 2006 ൽ 3,54,700/- രൂപ ചെലവഴിച്ച് മണാശ്ശേരി പൊതുശ്മശാനത്തിന് സ്ഥലം വാങ്ങി. എന്നാൽ മറ്റു പ്രവൃത്തികൾ ഒന്നും നടക്കാതെ, സ്ഥലം കാടുപിടിച്ച കിടക്കുകയാണ്. | മണാശ്ശേരി പൊതു ശ്മശാനത്തിനായി വാങ്ങിയ സ്ഥലം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഫ്ളാറ്റ് സമുച്ചയം പണിയുന്നതിന് തീരുമാനിച്ചു. 07-11-2017 ലെ ബഹു. നഗരസഭാ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. |
| 12 | 4.1.8 | **മുക്കം ഗ്രാമപഞ്ചായത്ത്** തോട്ടത്തിൻകടവിൽ ചെറുകിട വ്യവസായ കേന്ദ്രം സ്ഥാപിക്കുവാനായി 2008-09 ൽ സ്ഥലം വാങ്ങി. എന്നാൽ 6,72,033/- രൂപ ചെലവിട്ട് വാങ്ങിയ സ്ഥലത്ത് വ്യവസായകേന്ദ്രം സ്ഥാപിക്കുവാനുള്ള ഇടർ പ്രവർത്തനങ്ങൾ ഒന്നും നടത്തിയിട്ടില്ല. | നിലവിൽ തോട്ടത്തിൻകടവ് വനിത തൊഴിൽ പരിശീലന കേന്ദ്രം ദേശീയ നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം.) ന്റെ ഭാഗ മായുള്ള നൈപുണ്യ വികസന പരിശീലനത്തിന് ഉപയോഗപ്പെ ടുത്തി വരികയാണ്. 30 പേരുടെ ആദ്യ ബാച്ച് വിജയകരമായി പ രിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. തൊഴിൽ പരിശീലന കേന്ദ്രം നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ളതാണ് നിലവിൽ ഇത് നിഷ്ക്രിയ ആസ്തിയല്ല.അപാകത പരിഹരിക്കപ്പെട്ടിട്ടുന്നെ വിവരം റിപ്പോർട്ട് ചെയ്യുന്നു. തടസ്സം ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു.. |
| 13 | 4.1.8 | **മുക്കം ഗ്രാമപഞ്ചായത്ത്** 2010 ൽ 25,38,698/- രൂപ ചെലവിട്ട് തോട്ടത്തിൻകടവ് മാതൃകാകോളനിക്ക് സ്ഥലം വാങ്ങിയെങ്കിലും ഇടർപ്രവർത്തനങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല. സ്ഥലം നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു. | മാതൃകാ കോളനിക്ക് വേണ്ടി വാങ്ങിയ സ്ഥലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഫ്ളാറ്റ് നിർമ്മിച്ച് നൽകാനുള്ള പ്രൊജക്ട് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് ലൈഫ് മിഷന് സമർപ്പിച്ചിട്ടുള്ളതാണ്. 07-11-2017 ലെ ബഹു. നഗരസഭാ കൗൺസിലിന്റെ 20 ാം നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകിയിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| 14 | 4.1.8 | കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര ഗ്രാമപഞ്ചായത്ത് 2006-07 ൽ 28,05,330/- രൂപ ചെലവഴിച്ച് കളിസ്ഥലം നിർമ്മിക്കുവാനുള്ള ഭൂമി വാങ്ങി. എന്നാലിതുവരെ കളിസ്ഥലം നിർമ്മിച്ചിട്ടില്ല. സ്ഥലം കാടുപിടിച്ചു കിടക്കുന്നു. | രാമനാട്ടുകര നഗരസഭ 2015 നവംബർ 1 നാണ് നിലവിൽ വന്നത്. 2006-07 വർഷത്തിൽ അന്നത്തെ പഞ്ചായത്ത് ഭരണ സമിതി കളിസ്ഥല നിർമ്മാണത്തിനായാണ് പ്രസ്തുത ഭൂമി വാങ്ങിയത്. പ്രസ്തുത സ്ഥലം മണ്ണിട്ട് നികത്തി നിർമ്മാണപ്രവൃത്തി നടത്തുകയെന്ന ഉദ്ദേശത്തോടെയാണ് സ്ഥലം വാങ്ങിയത്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തമൂലം നിർമ്മാണ പ്രവർത്തനം അന്ന് ആരംഭിക്കാൻ കഴിഞ്ഞില്ല. 2008 ൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതിനാലും, രാമനാട്ടുകര വില്ലേജിലെ റി.സ. 236/2 പെട്ട സ്ഥലം റവന്യൂരേഖകളിൽ wet land ആയതിനാലും, ഭൂമി പൊതു ആവശ്യത്തിനായി പരിവർത്തനപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ പ്രകാരം സർക്കാർ അനുമതി ആവശ്യമായി വന്നു. ആയതിന്റെ അടിസ്ഥാനത്തിൽ രാമനാട്ടുകര ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി ലഭ്യമാകുന്നതിനുള്ള 16.03.2010 ലെ VI(10) നമ്പർ തീരുമാനപ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു എങ്കിലും ആയത് നിരസിക്കപ്പെടുകയുണ്ടായി.<br>തുടർന്ന് 07/10/2016 ൽ നഗരസഭ സെക്രട്ടറി പൊതു ആവശ്യത്തിനായി പരിവർത്തനം ചെയ്യപ്പെടുന്നതിന് പ്രാദേശിക നിരീക്ഷണ സമിതി കൺവീനർക്ക് അപേക്ഷ സമർപ്പിക്കുകയും ആയത് കമ്മിറ്റി ശുപാർശ ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. നഗരസഭാ ചെയർമാൻ 19.07.2015 ൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. കൂടാതെ നഗരസഭാ സെക്രട്ടറി 24.04.2017 ൽ പ്രസ്തുത സ്ഥലം കളിസ്ഥല നിർമ്മാണത്തിനായി പരിവർത്തനം ചെയ്യുന്നതിന് നഗരകാര്യ ഡയറക്ടർ മുഖേന തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ സർക്കാരിന്റെ പരിഗണനയിലുമാണെന്ന് റിപ്പോർട്ട് ചെയ്തു കൊള്ളുന്നു. അനുമതി ലഭിക്കുന്ന മുറയ്ക്ക് സ്ഥലത്ത് സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| 15 | 4.1.9 | **കോഴിക്കോട് ജില്ലയിലെ വടകര നഗരസഭ** 2011-12 ൽ 29,82,224/- രൂപ വിനിയോഗിച്ച് നാരായണനഗരം മത്സ്യ മാർക്കറ്റ് പണികഴിപ്പിച്ചു. ഇത് നിലവിൽ പ്രവർത്തിക്കുന്നില്ല. | വടകര നഗരസഭയിൽ നിലവിൽ പഴയ ബസ്സ്റ്റാന്റ് പരിസരത്ത് ഒരു മത്സ്യ മാർക്കറ്റും താഴെഅങ്ങാടി പ്രദേശത്ത് ഒരു മത്സ്യമാർക്കറ്റും പ്രവർത്തിച്ചു വരുന്നു. വടകരയിൽ വ്യാപാര മേഖലയായി അതിവേഗം വളർച്ച കൈവരിക്കുന്ന പുതിയ ബസ്സ്റ്റാന്റ് പരിസരത്ത് ഒരു മത്സ്യ മാർക്കറ്റ് വേണം എന്ന് നഗരസഭ തീരുമാനിക്കുകയും ആയതിന്റെ ഭാഗമായി വടകര നാരായണ നഗറിൽ 2011-12 വർഷം ഒരു ബയോഗ്യാസ് പ്ലാന്റ് ഉൾപ്പെടെ 29,82,224/- രൂപ ചെലവഴിച്ച് ഒരു പുതിയ മത്സ്യമാർക്കറ്റ് കെട്ടിടം നിർമ്മിക്കുകയും ചെയ്തു. എന്നാൽ ഈ കെട്ടിടത്തോട് ചേർന്ന് കടന്നു പോകുന്ന കരിമ്പനത്തോട്ടിലെ മലിനീകരണപ്രശ്നം ഉയർത്തി പരിസരവാസികൾ നഗരസഭയ്ക്കെതിരെ പ്രത്യക്ഷ സമരപരിപാടികളുമായി മുന്നോട്ടുവന്നതും, ബഹു: വടകര MLA ശ്രീ. സി.കെ. നാണു അവർകളുടെ ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കി വരുന്ന നാരായണനഗരം സ്റ്റേഡിയത്തിന്റെ നിലവിലെ പ്രവേശന കവാടത്തിന് പരിസരത്തായതിനാലും ഈ സ്ഥലത്ത് തുറന്ന പൊതു മത്സ്യമാർക്കറ്റ് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വിഘാതമായി നിൽക്കുകയാണ്. ടി കെട്ടിടത്തിൽ നിലവിൽ താല്കാലിക MRF കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ടി കെട്ടിടം സംസ്ഥാന ഫിഷറീസ് വകുപ്പ് അനുവദിച്ച 7.6 ലക്ഷം രൂപ കൂടി ഉപയോഗപ്പെടുത്തി നിർമ്മിച്ചിരിക്കുന്നതാകയാൽ കെട്ടിടത്തിന്റെ സ്വഭാവത്തിൽ മാറ്റംവരുത്തുന്നതിന് സർക്കാർ അനുമതിക്കായി സമർപ്പിക്കുന്നതിന് 05.11.2018 ലെ നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാധൂകരണത്തിനായി 21.11.2018 ന് സർക്കാറിലേക്ക് നിവേദനം നല്കിയിട്ടുള്ളതും ആയത് സർക്കാരിന്റെ പരിഗണനയിലുമാണ്. |

മിനിമോൾ എബ്രഹാം
ഗവ: അഡീഷണൽ സെക്രട്ടറി &
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
തദ്ദേശസ്വയംഭരണ വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്
തിരുവനന്തപുരം, ഫോൺ: 0471- 2518535

# ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ കോഴിക്കോട് കോർപറേഷൻ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക (Remedial Measures Taken Statement)

| ക്രമ നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2006-07 | 4-5-1 | നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സുകളായ വസ്തു നികുതി, തൊഴിൽ നികുതി, കെട്ടിടങ്ങളുടെ ലൈസൻസ് ഫീ, വാടക എന്നിവ കുടിശ്ശികയാകാതെ പിരിച്ചെടുക്കുന്നതിൽ നഗരസഭയുടെ ഭാഗത്തുനിന്നും ഫലപ്രദമായ നടപടികൾ ഉണ്ടാകുന്നില്ല. വിവിധ നികുതിയിനങ്ങൾ ഡിമാന്റ് ചെയ്യുന്നതിലെ കാലതാമസവും അവ പിരിച്ചെടുക്കുന്നതിലെ അനാസ്ഥയും കാരണം നഗരസഭക്ക് വരവിനങ്ങളിൽ ഭീമമായ നഷ്ടമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ലഭ്യമായ കണക്കുകൾ പ്രകാരം 1985-86 വർഷം മുതൽ 2001-02 വർഷം വരെ നഗരസഭക്ക് 14.358 കോടിയിൽപരം രൂപ വിവിധ നികുതിയിനങ്ങളിലായി താഴെ വിവരിക്കും പ്രകാരം പിരിഞ്ഞുകിട്ടാനുണ്ട്.<br>നികുതിയിനം — കുടിശ്ശിക<br>1. വസ്തുനികുതി — 11,50,29,059<br>2. തൊഴിൽ നികുതി — 1,36,57.098<br>3. കെട്ടിട വാടക — 90,21,281<br>4. ഡി ആന്റ് ഒ ലൈസൻസ് ഫീ — 5,48,385<br>5. പരസ്യ നികുതി — 6,12.450<br>6. മാർക്കറ്റ്,.ടാക്സിസ്റ്റാന്റ് വാടക മുതലായവ — 38,12,057<br>7. പി.എഫ്.എ ലൈസൻസ് — 4,845<br>14,35,85,175<br>കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 539(1) പ്രകാരം മുനിസിപ്പാലിറ്റിക്ക് ലഭിക്കേണ്ട ഏതെങ്കിലും തുക ഈടാക്കാനുള്ള നടപടി സ്വീകരിച്ച് 3 വർഷ | 1985-86 വർഷം മുതൽ 2001-02 വർഷം വരെ കോഴിക്കോട് നഗരസഭയിൽ കുടിശ്ശിക വസ്തുനികുതി ഇനത്തിൽ ആകെ 11,59,29,059/- രൂപയാണ് പിരിച്ചെടുക്കാനുള്ളതായി കാണിച്ചിട്ടുള്ളത്. കാലഹരണപ്പെട്ട വസ്തുനികുതി ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച ഊർജ്ജിത നികുതിപിരിവ്, ജപ്തി നടപടികൾ, റവന്യൂ റിക്കവറി നടപടികൾ എന്നിവയുടെ ഫലമായി 2005-06-ൽ കുടിശ്ശിക വസ്തുനികുതിയായി 1,62,61,117/- രൂപയും 2006-07 1,15,23,915/- രൂപയും, 2007-08 2,54,30,698/- രൂപയും, 2008-09-ൽ. 1,90,46,211/- രൂപയും 2009-10-ൽ 2,33,60,068/- രൂപയും ഉൾപ്പെടെ ആകെ 9,56,22,009/- രൂപ കുടിശ്ശിക നികുതിയിനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. നഗരസഭ സ്വീകരിച്ച മേൽ നടപടിയുടെ ഫലമായി 2010-11 വർഷത്തിൽ കുടിശ്ശിക വസ്തുനികുതി ഇനത്തിൽ പിരിഞ്ഞ് കിട്ടുവാനുള്ളത് 1,52,97,278/- രൂപ മാത്രമാണ്. ടി കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് ജപ്തി നടപടികൾ, റവന്യൂ റിക്കവറി നടപടികൾ, പ്രോസിക്യൂഷൻ നടപടികൾ എന്നിവ സ്വീകരിച്ച് വരുന്നുണ്ട്. കാലഹരണപ്പെട്ട തുകയിൽ ഭൂരിഭാഗവും ഇപ്പോൾ പിരിച്ചെടുത്ത് കഴിഞ്ഞിട്ടുള്ളതാണ്.<br><br>തൊഴിൽനികുതി :- 1985-86 വർഷം മുതൽ 2001-02 വർഷം വരെ തൊഴിൽനികുതി ഇനത്തിൽ 1,36,57,092/- രൂപയാണ് പിരിഞ്ഞ് കിട്ടാനുണ്ടായിരുന്നത്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 1,21,55,204/- രൂപ പിരിഞ്ഞ് കിട്ടുകയുണ്ടായി. ബാക്കി തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br><br>കെട്ടിട വാടക, മാർക്കറ്റ്, ടാക്സി സ്റ്റാന്റ് വാടക :- കെട്ടിട വാടക ഇനത്തിൽ 90,21,281/- രൂപയും മാർക്കറ്റ്. ടാക്സി സ്റ്റാന്റ് വാടക ഇനത്തിൽ 38,12057/- രൂപയും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ആയതിൽ 31.53.534/- രൂപ ഒഴികെയുള്ള തുക കോർപ്പറേഷൻ ഫണ്ടിൽ വരവ് |

| | | | | |
|---|---|---|---|---|
| | | | ത്തിനകം പിരിച്ചെടുക്കാൻ സാധിക്കാതെ വന്നാൽ കാലഹരണം സംഭവിക്കുകയും നിയമപരമായി പിരിച്ചെടുക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു. ഇങ്ങനെ കാലഹരണപ്പെട്ട് നഗരസഭക്ക് നഷ്ടപ്പെടുന്ന തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കണമെന്ന് 539(12)-ാം വകുപ്പ് നിർദ്ദേശിക്കുന്നു. | വന്നിട്ടുള്ളതുമാണ്. 29,17,061/- രൂപ കേസ് കാരണം കുടിശ്ശിക ആയിട്ടുള്ളതാണ്. ബാക്കി 2,36,473/- രൂപ പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾക്കായി ജില്ലാ കലക്ടർക്ക് അയച്ചിട്ടുള്ളതുമാണ്. കുടിശ്ശികയായ തുക കാലഹരണപ്പെട്ടിട്ടില്ല. ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. |
| 2 | 2006-07 | ഖണ്ഡിക 4-5-2 | 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 235(5) വകുപ്പ് പ്രകാരം കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ട ഏറ്റവും കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കി വരുന്നതിനാൽ പ്രതിവർഷം ഏകദേശം 20 ലക്ഷം രൂപ നഗരസഭക്ക് നഷ്ടമുണ്ട്. | 1994-ലെ കേരള മുനിസിപ്പൽ ആക്ട് 233(5) വകുപ്പ് പ്രകാരം ഏറ്റവും കുറഞ്ഞ വസ്തുനികുതി 50/- രൂപ ഈടാക്കുന്നതിന് ഓഫീസ് നടപടി സ്വീകരിച്ചിരുന്നതും വിവരം ധനകാര്യ അക്കൗണ്ട്സ് സമിതി മുഖേന കൗൺസിലിലേക്ക് അയച്ചിരുന്നതുമാണ്. ധനകാര്യ അക്കൗണ്ട്സ് .സമിതി 5.11.2005-ലെ 1-ാം നമ്പർ തീരുമാന പ്രകാരം ഈ നടപടി ദുർബ്ബല വിഭാഗങ്ങളുടെ മാത്രം നികുതി പരിഷ്കരണമായി മാറാൻ ഇടയുള്ളതിനാൽ ഇത് സംബന്ധിച്ച് സർക്കാരിൽ നിന്നും വ്യക്തമായ നിർദ്ദേശം ലഭ്യമാക്കാവുന്നതാണെന്ന് കൗൺസിലിലേക്ക് ശുപാർശ ചെയ്യുകയും ഈ ശുപാർശ കൗൺസിലിന്റെ 18.1.2006-ലെ 39-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേക്ക് കത്തയച്ചെങ്കിലും ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല. മുൻസിപ്പൽ ഭരണ ഡയരക്ടറുടെ 14.5.1999-ലെ എ2-9566/99 നമ്പർ സർക്കുലർ പ്രകാരം നഗരസഭകൾ തുടർന്ന് കൊണ്ടിരുന്ന നികുതി നിർണ്ണയരീതി ഇനിയൊരറിയിപ്പ് ഉണ്ടാകുന്നത് വരെ തുടരാവുന്നതാണെന്നും 1998 ഏപ്രിൽ 1-ാം തീയതിക്ക് ശേഷം വരുന്ന നികുതി പുതുക്കൽ സർക്കാർ നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുത്തുന്നതാണെന്നും ജനറൽ റിവിഷൻ 4 വർഷത്തിൽ ഒരിക്കൽ നടത്തേണ്ടത് സർക്കാർ നിർദ്ദേശം ലഭിച്ചതിന് ശേഷം മാത്രമെ നടത്താൻ പാടുള്ളുവെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. 1999-ലെ 14-ാം ആക്ട് പ്രകാരം കേരള മുനിസിപ്പാലിറ്റി നിയമത്തിൽ ഭേദഗതി വന്നതിന് ശേഷം അസ്സസ് ചെയ്ത കെട്ടിടങ്ങൾക്ക് അർദ്ധവർഷത്തേക്ക് മിനിമം 50/- രൂപ നികുതി ചുമത്തി വരുന്നുണ്ട്. ടി കാലയളവിന് മുമ്പ് അസ്സസ് ചെയ്ത കെട്ടിടങ്ങളുടെ നികുതി സംബന്ധിച്ച അപാകതകൾ |

| | | | | |
|---|---|---|---|---|
| | | | | പുതിയ വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വരുമ്പോൾ പരിഹരിക്കപ്പെടുന്നതാണ്. |
| 3 | 2006-07 | ഖണ്ഡിക 4-5-3 | 22.7.92 ലെ 12499/സി3-92/പി ആന്റ് എ.ആർ.ഡി.നമ്പർ സർക്കുലറിന് വിരുദ്ധമായി പി.എസ്.സി ലിസ്റ്റ് നിലവിലിരിക്കെ 2003-04 വർഷത്തിൽ 15 ഓളം വർക്ക് സൂപ്രണ്ടുമാരെ ദിവസക്കൂലി നിരക്കിൽ നിയമിച്ച് 170520/- രൂപ വേതനം നൽകിയിട്ടുണ്ട്. വർക്ക് സൂപ്രണ്ട് തസ്തികയിൽ ദിവസക്കൂലി നിരക്ക് എത്രയെന്ന് സർക്കാർ നിശ്ചയിക്കുകയോ നിയമനം നടത്താനുള്ള അനുവാദം നൽകുകയോ ചെയ്തിട്ടില്ല. | കോഴിക്കോട് നഗരസഭയിൽ കോടികണക്കിന് രൂപയുടെ പൊതുമരാമത്ത് പ്രവർത്തികളാണ് കേരള വികസന പദ്ധതിയിൽ ഉൾപ്പെടുത്തികൊണ്ട് എല്ലാ വർഷവും മാർച്ച് 31 നകം പൂർത്തിയാക്കിപോന്നിട്ടുള്ളത്. പൊതുമരാമത്ത് പ്രവർത്തികൾ വേണ്ടവിധം സൂപ്പർവൈസ് ചെയ്യുന്നതിനും അനുബന്ധ ഓഫീസ് പ്രവർത്തികൾക്കുമായി വർക്ക് സൂപ്രണ്ടുമാരുടെ സേവനം അത്യാവശ്യമാണ്. ആവശ്യത്തിന് വർക്ക് സൂപ്രണ്ടുമാരെ നിയോഗിക്കാത്തപക്ഷം പൊതുമരാമത്ത് പ്രവർത്തികൾ സൂപ്പർവൈസ് ചെയ്യുന്നതിന് ആളില്ലാതെ വരികയും അങ്ങിനെ പ്രവർത്തികൾ യഥാവിധി നടത്തുന്നുവെന്ന് ഉറപ്പിക്കാൻ കഴിയാതെ വരികയും ചെയ്യും മാത്രമല്ല ഈ അവസ്ഥ അഴിമതിക്ക് ഇട നൽകുവാനും സാധ്യതയുണ്ട്.<br>കോഴിക്കോട് നഗരസഭയിൽ വർക്ക് സൂപ്രണ്ടുമാരുടെ അനുവദിക്കപ്പെട്ട തസ്തിക 18 എണ്ണമാണ് 15.11.03 ൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ 12 എണ്ണമാണ്. 15.11.03 ന് ശേഷം പി.എസ്.സി. മുഖേന നടത്തിയ നിയമനപ്രകാരം ജോലിക്ക് ഹാജരായവർ 6 പേർ മാത്രമാണ്. ബാക്കിവന്ന ഒഴിവുകൾ 6 എണ്ണമാണ്. വർക്ക് സൂപ്രണ്ടുമാരുടെ ഒഴിവുകൾ നികത്തുന്നതിന് പല പ്രാവശ്യം ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളിൽ അപേക്ഷിച്ചിട്ടുള്ളതാണ്. പി.എസ്.സി. മുഖാന്തിരം നിയമിക്കപ്പെട്ട ചിലർ മറ്റ് ജോലികൾ ഉള്ളതിനാൽ ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യാതെയും വന്നിട്ടുണ്ട്. ഈ വിവരം അർബൻ അഫയേഴ്സ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ടി അവസരത്തിൽ 2-ാം ഗ്രേഡ് ഓവർസിയർമാരുടെ തസ്തികകളിൽ 6 ഒഴിവുകൾ ഉണ്ടായിരുന്നു. ഇതും എഞ്ചിനീയറിംഗ് വിഭാഗത്തിൽ വർക്ക് സൂപ്രവിഷൻ വലിയ പ്രസിസന്ധി സൃഷ്ടിച്ചിരുന്നു.<br>ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 5.10.05 ലെ എ6/582/05 നമ്പർ കത്ത് പ്രകാരം ദിവസക്കൂലി അടിസ്ഥാനത്തില എഞ്ചിനീയറിംഗ് വയിഭാഗത്തിൽ വർക്ക് സൂപ്രണ്ടുമാരെ നിയോഗിച്ചത് സംബന്ധിച്ചും 2003-04 വർഷത്തിൽ ഈയിനത്തിൽ നൽകിയ 170520/- രൂപ തടസ്സത്തിൽ വെച്ചതായി അറിയിച്ചതിന്റെ വെളിച്ചത്തിലും ഒഴിവുള്ള തസ്തികയിലേക്ക് പി.എസ്.സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ നിയമനം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മതിയായ ടെക്നിക്കൽ സ്റ്റാഫ് ഇല്ലാത്തതിനാലും വികസന പ്ലാൻ പ്രകാരമുള്ള പ്രവർത്തികൾ സമയബന്ധിതമായി തീർപ്പാക്കേണ്ടതിനാലും ദിവസക്കൂലി വ്യവസ്ഥയിൽ ഇപ്പോൾ തുടരുന്നതുപോലെ വർക്ക് സൂപ്രണ്ടുമാരെ ആവശ്യാനുസരണം നിയോഗിക്കുന്ന കാര്യം അനുവദിക്കണമോ എന്ന വിഷയം തീരുമാനത്തിനായി കൗൺസിൽ മുമ്പാകെ സമർപ്പിച്ചതിൽ 28.11.06 ലെ 122-ാം നമ്പർ തീരുമാന പ്രകാരം 2003-04 വർഷത്തിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ വർക്ക് സൂപ്രണ്ടുമാരെ നിയമിച്ചത് കോർപറേഷനിലെ അനുവദനീയ തസ്തികയിൽ ഒഴിവുള്ള |

| | | | | |
|---|---|---|---|---|
| | | | | പോസ്റ്റിലേക്ക് മാത്രമുള്ളതും കോർപറേഷൻ കൗൺസിലിന്റെ പ്രവർത്തനത്തിന് ആവശ്യമാണെന്ന് കണ്ടതിനാലുമാണ്. പ്രസ്തുത നടപടി മൂലം കോർപറേഷന് സാമ്പത്തിക നഷ്ടം ഒന്നും സംഭവിച്ചിട്ടില്ല എന്ന കാര്യം ഓഡിറ്റിനെ അറിയിക്കുന്നതിന് തീരുമാനിച്ചു. |
| 4 | 2006-07 | ഖണ്ഡിക 4-5-4 | കോഴിക്കോട് നഗരസഭയുടെ ചുമതലയിലുണ്ടായിരുന്ന ശുദ്ധജല വിതരണം 1990 നവംബർ 15 മുതൽ കേരള വാട്ടർ അതോറിറ്റിയെ ഏൽപ്പിച്ചിരുന്നു. നഗരസഭ കൈമാറിയ ആസ്തിയുടെ വില 10.05 കോടി രൂപയായി നിജപ്പെടുത്തുകയും തുക നൽകുന്നതിനു നഗരസഭ വാട്ടർ അതോറിറ്റിയോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ ആസ്തി കൈമാറി 17 വർഷമായിട്ടും തുക നഗരസഭക്ക് ലഭിച്ചിട്ടില്ല. ആസ്തിയുടെ വിലയായി 10.05 കോടി രൂപ കിട്ടാനിരിക്കെ വർഷം തോറും കോഴിക്കോട് നഗരസഭക്ക് ലഭിക്കേണ്ട സ്റ്റാമ്പ് ഡ്യൂട്ടി വിഹിതത്തിൽ നിന്നും വൻതുക കുറവുവരുത്തി വെള്ളക്കരത്തിന്റെ കുടിശ്ശികയായി വാട്ടർ അതോറിറ്റിക്ക് നൽകിവരുന്നു. 2003-04 സാമ്പത്തിക വർഷത്തിൽ നഗരസഭക്ക് ലഭിക്കേണ്ട സ്റ്റാമ്പ് ഡ്യൂട്ടി വിഹിതത്തിൽ നിന്നും 1,23,89,455/- രൂപ കുറവു വരുത്തി കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. | കോഴിക്കോട് നഗരസഭ കേരള വാട്ടർ അതോറിറ്റിക്ക് 10.05 കോടി രൂപയുടെ ആസ്തി കൈമാറ്റം ചെയ്തതു സംബന്ധിച്ച് വെള്ളക്കര കുടിശ്ശിക ഇനത്തിൽ കോഴിക്കോട് കോർപ്പറേഷനിൽ നിന്നും വാട്ടർ അതോറിറ്റിക്ക് പിരിഞ്ഞുകിട്ടേണ്ട തുക സംബന്ധിച്ചു ഒരു തീർപ്പുണ്ടാകുന്നതിനുവേണ്ടി 8.9.2010 ന് എൽ.എസ്.ജി.ഡി ഗവൺമെന്റ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു മീറ്റിംഗ് കോഴിക്കോട് നഗരസഭയിൽ വെച്ചു ചേരുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ കേരള വാട്ടർ അതോറിറ്റിയുടെ പ്രതിനിധികളും സർക്കാർ നിയോഗിച്ച പെർഫോമൻസ് ഓഡിറ്റ് ടീമും റീജിയണൽ പെർഫോമൻസ് ഓഡിറ്റ് ഓഫീസറും, കോർപ്പറേഷൻ പ്രതിനിധികളും പങ്കെടുത്തിരുന്നു. കോർപ്പറേഷനുവേണ്ടി ആസ്തി കണക്കാക്കിയ എഞ്ചിനീയറും യോഗത്തിൽ പങ്കെടുത്തിരുന്നു. ഈ യോഗത്തിൽ 2 ഭാഗത്തു നിന്നും വാദങ്ങളുണ്ടായിരുന്നുവെങ്കിലും തീർപ്പു സംബന്ധിച്ചുള്ള തീരുമാനത്തിലേക്ക് എത്തുവാൻ കഴിഞ്ഞില്ല. ഈ യോഗത്തിന്റെ മിനുട്സ് ഇതോടൊന്നിച്ച് വെക്കുന്നു. |
| 5 | 2006-07 | ഖണ്ഡിക 4-5-5 | സ്റ്റേഡിയം കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനുവേണ്ടി 590.17 ലക്ഷം രൂപ ഹഡ്കോയിൽ നിന്നും വായ്പയെടുത്തു. എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം വായ്പയുടെ മുതലും പലിശയും തിരിച്ചടക്കുന്നതിൽ വീഴ്ചവരുത്തി. 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 286 പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ വായ്പയുടെ മുതലും പലിശയും തിരിച്ചടക്കുന്നതിന് മതിയായ തുക വകയിരുത്തേണ്ടതും തിരിച്ചടവ് ഉറപ്പുവരുത്തേണ്ടതുമാണ്. എന്നാൽ തിരിച്ചടവിൽ വീഴ്ച വരുത്തിയതുകൊ | സ്റ്റേഡിയം-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് ഹഡ്കോയിൽ നിന്നും ലഭ്യമാക്കിയ 59.17 ലക്ഷം രൂപയുടെ വായ്പയുടെ തിരിച്ചടവ്, ആയത് തുടങ്ങേണ്ടതായ 3/98 മുതൽ തിരിച്ചടയ്ക്കാൻ കഴിയാതിരുന്നത്, അന്ന് നഗരസഭയുടെ ദൈനംദിന അത്യാവശ്യ ചെലവുകൾ പോലും നടത്താൻ കഴിയാത്ത നിലയിൽ സാമ്പത്തികനില വളരെ മോശമായിരുന്നത് കൊണ്ടാണെന്ന് ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു. പ്രസ്തുത വിവരം യഥാസമയം ധനകാര്യ സ്ഥിരം സമിതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും നഗരസഭയുടെ സാമ്പത്തിക നില മെച്ചപ്പെടുന്ന മുറയ്ക്ക് തിരിച്ചടവ് യഥാസമയം നടത്തുന്നതിന് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതുമാണ്.<br>തുടർന്ന് ധനകാര്യ സ്ഥിരം സമിതിയുടെ 10.3.03-ലെ 8-ാം നമ്പർ |

| | | | | |
|---|---|---|---|---|
| | | | ണ്ടും, താഴ്ന്നുകൊണ്ടിരിക്കുന്ന പലിശ നിരക്കിലേക്ക് മാറാൻ കാലതാമസം വരുത്തിയതിനാലും, 31.3.03 വരെ പലിശ, പിഴപ്പലിശ, കൂട്ടുപലിശ, പലിശനികുതി, ലോൺ റീസെറ്റ് ചാർജ്ജ്, ഡെഫർമെന്റ് ചാർജ്ജ് എന്നി ഇനങ്ങളിലായി 442.32 ലക്ഷം രൂപയുടെ അധിക ബാദ്ധ്യതയുണ്ടായി. | തീരുമാന പ്രകാരം വായ്പാ നിബന്ധനകൾ പുതുക്കുകയും തിരിച്ചടവ് വ്യവസ്ഥകളിൽ മാറ്റം വരുത്തുകയും കുറഞ്ഞ പലിശ നിരക്ക് നടപ്പിലാക്കുകയും ചെയ്തതനുസരിച്ചാണ് തിരിച്ചടവ് ഗഡുക്കളുടെ കുടിശ്ശികയും തുടർന്നുള്ള ഗഡുക്കളും തിരിച്ചടച്ചിട്ടുള്ളത്. തുടർന്ന് നാളിതുവരെ വീഴ്ച വരാതെ ഗഡുക്കൾ അടച്ചിട്ടുള്ളതുമാണ്. കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് നിലനിന്നതിനാലാണ് 1998 മുതൽ 2003 വരെ കാലത്തേക്കുള്ള വായ്പ തിരിച്ചടവ് മുടങ്ങിയിട്ടുണ്ടായിരുന്നത് എന്ന വസ്തുത കണക്കിലെടുത്തും നിലവിൽ കൃത്യമായി അടച്ച് വരുന്നുണ്ടെന്നതിനാലും ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു. |
| 6 | 2006-07 | ഖണ്ഡിക 4-5-6 | കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ നിയന്ത്രണത്തിനുള്ള മെച്ച്യൂർ എന്ന സ്ഥാപനത്തിന്റെ ധനസഹായത്തോ ടെ ടിഫാക്ക് ന്യൂഡൽഹി, സി.ഡബ്ല്യു. ആർ.ഡി.എം.കുന്ദമംഗലം എന്നി സ്ഥാപനങ്ങൾ വഴി കോഴിക്കോട് നഗരസഭ നടപ്പിലാക്കുന്ന 48.5 ലക്ഷം രൂപയുടെ 4 പദ്ധതികളിൽ ഒന്നാണ് നീലിച്ചിറയുടെ പുനരുജ്ജീവനം. 18 ലക്ഷം രൂപയാണ് പദ്ധതിക്കായി അടങ്കൽ നിശ്ചയിച്ചിരുന്നത്.ഒരു കുടിവെള്ള പ്രോജക്ട് എന്ന നിലയിൽ സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കുകയോ വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനായി ഹൈഡ്രോ ജിയോളജിക്കൽ ടെസ്റ്റ് നടത്തുകയോ ചെയ്തിരുന്നില്ല. കുളത്തിലേക്കുള്ള താല്ക്കാലിക റോഡ് നിർമ്മാണ്, പുല്ല് വെട്ടിമാറ്റൽ എന്നീ പ്രാഥമിക പ്രവർത്തികൾ സൈറ്റ് പരിശോധിച്ച് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. 2002 ൽ ഒപ്പുവെച്ച ധാരണാപത്ര പ്രകാരം പ്രോജക്ടിന്റെ കാലാവധി ഒരു വർഷമായിരുന്നു. എന്നാൽ 20 മാസങ്ങൾക്കു ശേഷമാണ് ടെണ്ടർ നടപടികൾ പോലും പൂർത്തിയാക്കിയത്. ഒരു ധനസഹായ പ്രോജക്ട് ഇത്രയധികം വൈകിച്ചതിന് യാതൊരു ന്യായീകരണവു് കാണുന്നില്ല. പദ്ധതി ഡിസൈനിംഗിലെ ഗുരുതരമായ സാങ്കേതിക ന്യൂനതകൾ മൂലം ചിറ വൃത്തിയാക്കി കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിക്കുന്ന പ്രവർത്തിക്ക് ഏറ്റവും ചുരുങ്ങിയത് 3 ലക്ഷം രൂപയുടെ അധിക ചെലവുണ്ടായി. ധാരണാപത്രത്തിലെ സമയപരിധി ഒരു വർഷമാണെങ്കിലും 2 വർഷത്തോളം സമയം നൽകിയിട്ടും പ്രോജക്ട് പൂർത്തിയാക്കാനാവ | 1) കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മെച്ച്യൂർ എന്ന സ്ഥാപനത്തിന്റെ ധനസഹായത്തോടെ ടിഫാക്ക്, ന്യൂഡൽഹി, സി.ഡബ്ല്യു.ആർ. ഡി.എം. കുന്ദമംഗലം എന്നീ സ്ഥാപനങ്ങൾ വഴി കോഴിക്കോട് നഗരസഭ നടപ്പിലാക്കുന്ന 48.5 ലക്ഷം രൂപയുടെ 4 പദ്ധതികളിൽ ഒന്നാണ് 18 ലക്ഷം രൂപ അടങ്കലുള്ള നീലിച്ചിറയുടെ പുനരുജ്ജീവനം.<br>2) നീലിച്ചിറ പുനരുജ്ജീവനം എന്ന മെച്ച്യൂർ പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിലേക്കായി പാർട്ടിസിപ്പേറ്ററി റൂറൽ സർവെ- സി.ഡബ്ല്യു.ആർ.ഡി.എം. നടത്തുകയും പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കുന്നതിന് മുമ്പായി കേന്ദ്ര ഗവൺമെന്റിൽ നിന്നും വാട്ടർ റിസോഴ്സ് എക്സ്പെർട്ട് ഉൾപ്പെടെയുള്ളവർ പദ്ധതി പ്രദേശം സന്ദർശിക്കുകയും നിർദ്ദിഷ്ട നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുശേഷമാണ് കേന്ദ്രസർക്കാർ മെച്ച്യൂർ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുള്ളത്. ഈ പദ്ധതിയുടെ വിഭാവനം, ആസൂത്രണം, വെള്ളത്തിന്റെ പരിശോധന എന്നിവ സർക്കാർ സ്ഥാപനമായ സി.ഡബ്ല്യു.ആർ.ഡി.എം. ആണ് നടത്തിയിട്ടുള്ളത്.<br>3) കുളത്തിലെ പുല്ല് വെട്ടുന്നത് പ്രാദേശികമായ സന്നദ്ധ സേവനം വഴി ചെയ്യണമെന്നാണ് ആദ്യം കരുതിയിരുന്നത്. എന്നാൽ പുല്ലുവെട്ടുന്നത് അത്തരം സന്നദ്ധ സേവനം വഴി തൃപ്തികരമായി ചെയ്തു തീർക്കാൻ കഴിയില്ല എന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ ആയതുകൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയാണ് ഉണ്ടായത്. കുളത്തിന്റെ രണ്ട് ഭാഗത്തുമാത്രം റോഡ് നിർമ്മിക്കണമെന്നാണ് ഒറിജിനൽ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ വാർഡ് കൗൺസിലറുടെയും ഗുണഭോക്താക്കളുടെയും നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കുളത്തിന്റെ നാലുഭാഗത്തും റോഡ് ഉണ്ടാക്കുകയാണെങ്കിൽ ഭാവിയിൽ ലോറിയും മറ്റ് വാഹനങ്ങൾ വഴിയും കുടിവെള്ള വിതരണത്തിന് മാനാഞ്ചിറ പോലെ സൗകര്യം ഉണ്ടാകുമെന്ന അഭിപ്രായം പരിഗണിക്കുകയും ആയതുകൂടി റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയുമാണ് ഉണ്ടായിട്ടുള്ളത്. ഈ റോഡ് ഇപ്പോൾ സ്ഥിരം വഴിയായി ഉപയോഗിച്ചുവരുന്നുണ്ട്. താല്ക്കാലിക റോഡ് നിർമ്മാണം, പുല്ല് വെട്ടിമാറ്റൽ എന്നീ പ്രാഥമിക പ്രവർത്തികൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയില്ല എന്നുള്ള ഓഡിറ്റ് തടസ്സ |

| | | | | |
|---|---|---|---|---|
| | | | ത്തതിനാൽ 2,25,676/- രൂപയുടെ നേരിട്ടുള്ള മെച്ചൂർ ധനസഹായം നഷ്ടപ്പെട്ടു. പ്രോജക്ട് കോസ്റ്റ് 18 ലക്ഷം രൂപയിൽ നിന്ന് 30 ലക്ഷം രൂപയിലേക്ക് ഉയർന്നപ്പോൾ നിശ്ചതപരിധിക്കകം പ്രവൃത്തി പൂർത്തീകരിച്ചുവെങ്കിൽ അധിക ധനസഹായം പോലും ലഭിക്കുമായിരുന്നു. | വാദം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.<br>4) നിലവിലുള്ള പബ്ലിക് വർക്സ് റൂൾസും, മുനിസിപ്പൽ ചട്ടങ്ങൾക്കും അനുസൃതമായി ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാകയാൽ അവ പാലിക്കുന്നതിലേക്കായി നിശ്ചിത സമയം ആവശ്യമാണ്. നാലുതവണ ടെണ്ടർ ചെയ്തെങ്കിലും ആരും തന്നെ പ്രവൃത്തി ഏറ്റെടുക്കുകയുണ്ടായിട്ടില്ല. ധാരണാപത്രം ഒപ്പുവെച്ച് ഡിസൈൻ തയ്യാറാക്കി ഭരണ സാങ്കേതികാനുമതികൾ നൽകുന്നതിനും അംഗീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും ഒന്നാം ഘട്ടം പൂർത്തീകരണത്തിനു ശേഷം മാത്രമേ രണ്ടാം ഘട്ട പ്രവർത്തികൾ ചെയ്യാൻ കഴിയൂ എന്നതുകൊണ്ടും അതിനിടക്ക് കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച തർക്കങ്ങൾ ഉണ്ടായത് കാരണവുമാണ് പ്രവർത്തിക്ക് തടസ്സം നേരിട്ടത്. പ്രവൃത്തി ചെയ്യുന്നതിന് ആവശ്യമായ സൗകര്യങ്ങൾക്കായി രണ്ടു ഘട്ടങ്ങളിലായി എസ്റ്റിമേറ്റ് പുതുക്കേണ്ടതായി വന്നിട്ടുണ്ട്. രണ്ടുതവണ എസ്റ്റിമേറ്റ് പുതുക്കിയതനുസരിച്ച് ഓരോ തവണയും രണ്ട് പ്രവശ്യം വീതം (റീ ടെണ്ടർ) പ്രവൃത്തി ടെണ്ടർ ചെയ്യുകയുണ്ടായി. എസ്റ്റിമേറ്റ് പുതുക്കി ഭരണ സാങ്കേതികാനുമതികൾ ലഭിച്ച് 4 തവണ ടെണ്ടർ ചെയ്യുന്നതിന് വേണ്ട ന്യായമായ സമയം ഈ പ്രവർത്തിക്കും വേണ്ടി വന്നിട്ടുണ്ട്. 4 തവണ ടെണ്ടർ ക്ഷണിച്ചിട്ടും പ്രവൃത്തി ആരുംതന്നെ ഏറ്റെടുത്ത് നടത്താൻ തയ്യാറാകാത്തതിനാലും പ്രവർത്തിക്ക് അനുവദിച്ച ധനസഹായം നഷ്ടപ്പെടാതെ പ്രവൃത്തി നടത്താൻ നഗരസഭാ കൗൺസിൽ താല്പര്യം പ്രകടിപ്പിച്ചതിനാലുമാണ് നെഗോഷിയേറ്റ് ചെയ്ത് കരാറുകാരനെ ഏൽപ്പിച്ചത്. ഈ പ്രവൃത്തി സംബന്ധിച്ചുണ്ടായ തർക്കങ്ങളും മറ്റു സാങ്കേതിക കാരണങ്ങളുമാണ് പ്രവർത്തിക്ക് തടസ്സം വരാനിടയായിട്ടുള്ളത്. അതോടൊപ്പംതന്നെ ജീവനക്കാരുടെ അപര്യാപ്തതയും പ്രവൃത്തി സമയബന്ധിതമായി തീർക്കുന്നതിന് തടസ്സം വരുത്തിയിട്ടുണ്ട്.<br>5) നീലിച്ചിറ ഗുണഭോക്തൃ കമ്മിറ്റി നിർവഹിച്ച പ്രവർത്തിയുടെ 2-ാം ഇനത്തിന് വലിയ വ്യത്യാസം വന്നതായി തോന്നാമെങ്കിലും വിവിധ ഉയരങ്ങളിലായി ചെയ്ത മൊത്തം എർത്ത് വർക്കുകകളുടെ ആകെ അളവിൽ കാര്യമായ വ്യതിയാനം വന്നിട്ടില്ല എന്ന് കാണാവുന്നതാണ്. 3-ാം ഇനത്തിൽ അസംബിൾ ചെയ്ത കരിങ്കൽ വെള്ളത്തിനടിയിലുള്ളതായതിനാൽ പല ഭാഗങ്ങളിലും ആഴ വ്യത്യാസമുണ്ടായതിനാലും കുളത്തിന്റെ നാലുഭാഗത്തും മുഴുവൻ നീളത്തിലും കെട്ടില്ലാത്തതിനാലും അളവ് കുറവായാണ് യഥാർത്ഥത്തിൽ സൈറ്റിൽ സ്റ്റാക്ക് ചെയ്തപ്പോൾ കണ്ടതും. 7-ാം ഇനത്തിൽ ഒരു ബെൽറ്റ് ഏറ്റവും മുകളിലായി 2-ാം ഘട്ടത്തിൽ ഉള്ളത് ഒഴിവാക്കിയതിനാലാണ് മൊത്തം അളവ് കുറഞ്ഞുപോയിട്ടുള്ളത്. ആകയാൽ കരിങ്കൽഭിത്തി കെട്ടി സംരക്ഷിക്കുന്ന പ്രവർത്തിക്ക് അധിക ചെലവുണ്ടായത് സംബന്ധിച്ച് തടസ്സവാദം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.<br>6) ഖണ്ഡിക 4 ൽ പ്രതിപാദിച്ച കാരണങ്ങൾ കൂടാതെ കാലാവസ്ഥാ വ്യതിയാന |

4285/22

| | | | | |
|---|---|---|---|---|
| | | | | ങ്ങൾ കൂടി കണക്കിലെടുത്തും പ്രവൃത്തി നടത്തേണ്ടിവന്നിരുന്നു. നഗരസഭയുടെ പരിധിയിൽ ഉൾക്കൊള്ളാത്ത മേൽ പറഞ്ഞ കാരണങ്ങളാലാണ് ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് കാലതാമസം വന്നിട്ടുള്ളതും നഗരസഭക്ക് അർഹതപ്പെട്ട അധിക ധനസഹായം ആവശ്യപ്പെടാൻ സാധിക്കാതെ പോയിട്ടുള്ളതും എന്നതിനാലും മെച്യൂർ പ്രോജക്ട് ഫൈനൽ റിപ്പോർട്ടിൽ പ്രതിപാദിച്ച പ്രകാരം കേന്ദ്ര സർക്കാറിന്റെ അപ്രീസിയേഷൻ കൂടെ ലഭ്യമായിട്ടുള്ള പ്രോജക്ട് എന്നതിനാലും ഇതു സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കി ഉത്തരവുണ്ടാകണമെന്നപേക്ഷിക്കുന്നു. |
| 7 | 2006-07 | ഖണ്ഡിക 4-5-7 | 31.3.2004 ൽ ചെലവഴിക്കാതെ നീക്കിയിരിപ്പുള്ള സംസ്ഥാന പദ്ധതി വിഹിതം സർക്കാരിലേക്ക് തിരിച്ചടക്കാനുള്ള ഉത്തരവനുസരിച്ച് (16.3.2004 ലെ 18/2004/ഫിൻ നം.സർക്കുലർ) 5,04,63,734/- രൂപ തിരിച്ചടച്ചു. എ.ൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക 4,42,00,402/- രൂപ മാത്രമായിരുന്നു. ക്യാഷ് ബുക്കിലെ ചെലവു തുക കൂട്ടിയതിലെ തെറ്റുമൂലമാണ് 62,63,332/- രൂപ അധികമായി സർക്കാരിലേക്ക് തിരിച്ചടക്കേണ്ടി വന്നത്. പ്രസ്തുത തുക 2004-05 വർഷത്തെ പദ്ധതിച്ചെലവായി പരിഗണിക്കേണ്ടി വന്നതും ശരിയായ വിധത്തിൽ കണക്ക് സൂക്ഷിക്കുന്നതിലെ അനാസ്ഥയിലേക്ക് വിരൽ ചൂണ്ടുന്നു. | ഇപ്പോൾ കണക്കുകൾ വ്യക്തമായി രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിച്ചുവരുന്നുണ്ട്. കൂടാതെ സർക്കാരിൽ നിന്ന് ലഭിക്കുന്ന ഫണ്ടുകൾ കമ്പ്യൂട്ടറിൽ (ഓൺ ലൈൻ സംവിധാനത്തിൽ) രേഖപ്പെടുത്തുന്നതിനാവശ്യമായ സോഫ്റ്റ്‌വെയർ സംവിധാനം നഗരസഭയിൽ ഇപ്പോൾ നിലവിലുള്ളതിനാലും അക്കൗണ്ട് സംബന്ധിച്ച് വ്യക്തമായ രേഖപ്പെടുത്തലുകൾ കുറ്റമറ്റ രീതിയിൽ ചെയ്തുവരുന്നുണ്ട് എന്ന കാര്യം കണക്കിലെടുത്ത് ടി ഓഡിറ്റ് തടസ്സം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. |
| 8 | 2006-07 | 4-5-8 | നഗരവാസികളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി തയ്യാറാക്കിയ താഴെ പ്പറയുന്ന വിവിധ പ്രോജക്ടുകളിലായി 2002-03, 2003-04 സാമ്പത്തിക വർഷങ്ങളിൽ 67,48,509/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചുവെങ്കിലും പ്രവർത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.<br>പ്രോ.നം. തുക(രൂ) വിശദാംശം<br>S 086/03 2718750/- വിവിധ വാർഡുകളിൽ 14000 മീറ്റർ സബ്മെയിൻ സ്ഥാപിക്കൽ<br>S 085/03 750000/- വിവിധ വാർഡുകളിൽ 153 പൊതു ടാപ്പുകൾ സ്ഥാപിക്കൽ<br>S 086/03 269250/- ക്രമനം. 1 ലെ പ്രവർത്തിക്ക് 03-04 ൽ അടച്ചത്.<br>S 086/03 1073146/- ക്രമനം.2 ലെ പ്രവർത്തിക്ക് 03 | 2002-03, 03-04 സാമ്പത്തിക വർഷങ്ങളിൽ 67,48,509/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച പ്രവർത്തികൾ എല്ലാംതന്നെ പൂർത്തീകരിച്ചിട്ടുള്ളതാണ് എന്ന് ബോധിപ്പിക്കുന്നു. ഈ പ്രവർത്തികളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് അയച്ചുതരുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് കത്തുകളും ഓർമ്മക്കുറിപ്പുകളും നല്കിയിട്ടുള്ളതാണ്. എന്നാൽ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട കണക്കുകൾ പരിശോധിച്ച് എത്രയും വേഗത്തിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് അയച്ചുതരുന്നതാണെന്ന് കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | -04 ൽ ഡെപ്പോസിറ്റ് ചെയ്തത്<br>S 086/03 366525/- വാർഡ് 2 ൽ 200 മീറ്റർ സബ് മെയിനും വാർഡ് 24 മുതൽ 31 വരെ 4 ടാപ്പും സ്ഥാപിക്കുന്നതിന്<br>S 571500/- വാർഡ് 18 ൽ സബ് മെയിനും ടാപ്പും സ്ഥാപിക്കുന്നതിന്<br>M 138/03 726638/- വിവിധ ചേരികളിൽ 37 ടാപ്പുകൾ സ്ഥാപിക്കുന്നതിന്<br>S 295/03 272700/- വിവിധ ചേരികളിൽ 20 ടാപ്പുകൾ സ്ഥാപിക്കുന്നതിന് | |
| 9 | 2006-07 | 4-5-9 | ഡി.പി.സി.അംഗീകാരത്തോടെ സമ്പൂർണ്ണ ഭവന നിർമ്മാണ/ശുചിത്വ പദ്ധതികളുടെ ഭാഗമായി ദാരിദ്ര്യരേഖക്ക് താഴെയുള്ളവരും ചേരി നിവാസികളും ഉൾപ്പെടുന്ന 563 കുടുംബങ്ങൾക്കായി വിഭാവനം ചെയ്ത 78.05 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച് താഴെ പറയുന്ന 6 പ്രോജക്ടുകൾ നടപ്പിലാക്കാതെ പദ്ധതിപ്പണം പാഴാക്കി. അശരണരായ ജനവിഭാഗങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ പര്യാപ്തമായ ഇത്തരം പ്രോജക്ടുകൾ പാഴാക്കാതിരിക്കാൻ അധികാരികളുടെ അതീവ ശ്രദ്ധ പതിയേണ്ടതുണ്ട്.<br>പ്രോ.നം. പദ്ധതിയുടെ പേര് പദ്ധതിവിഹിതം (രൂ)<br>S 112/04 പുനരധിവാസ ഭവന നിർമ്മാണ പദ്ധതി (വനിത) 1930000/-<br>S 111/04 പുനരധിവാസ ഭവന നിർമ്മാണ പദ്ധതി (ജനറൽ) 3670000/-<br>S 063/04 ശുചിത്വമാർന്ന കക്കൂസ് നിർമ്മാണം 100000/-<br>S 313/03 പുനരധിവാസ ഭവന നിർമ്മാണ പദ്ധതി 1405000/-<br>M 131/03 ചേരി പ്രദേശങ്ങളിൽ സ്ഥലവും വീടും ഇല്ലാത്ത 100000/- | പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴിയാതിരുന്നത് അന്ന് നിലവിലുണ്ടായിരുന്ന സർക്കാർ ഉത്തരവുകൾ (സ.ഉ.(എം.എസ്) നമ്പർ 15/2000 പ്ലാനിംഗ്,തീയ്യതി 29.3.2000) പ്രകാരം സ്ഥലം വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനും പട്ടികജാതിക്കാർക്ക് മാത്രമേ തുക അനുവദിക്കുവാൻ കഴിയുമായിരുന്നുള്ളൂ എന്നതിനാലാണ്. കോർപറേഷന്റെ ഭാഗത്തുനിന്നുള്ള വീഴ്ച കൊണ്ടല്ല മേൽ പ്രോജക്ടുകൾ നടപ്പിലാക്കാൻ സാധിക്കാതിരുന്നത്. |

| | | | | |
|---|---|---|---|---|
| | | | വർക്ക് വീട് വെക്കാൻ<br>സ്ഥലം കൊടുക്കൽ<br>M 132/03 ചേരികളിൽ വീടിനും 600000/-<br>സ്ഥലത്തിനും ധനസഹായം | |
| 10 | 2006-07 | 4-5-10 | ദാരിദ്ര്യ രേഖക്ക് താഴെയുള്ള ചേരിനിവാസികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഒരു ലക്ഷം ഭവന നിർമ്മാണ പദ്ധതിയിൽ ഒരു ഗുണഭോക്താവിന് 33,500/-രൂപ (കേന്ദ്ര സഹായം 5000/-രൂപ, സംസ്ഥാന പദ്ധതി വിഹിതം 11,000/- രൂപ, ലോൺ 15,000/- രൂപ ഗുണഭോക്തൃവിഹിതം 2500/- രൂപ) എന്ന കണക്കിൽ 700 പേർക്ക് മൊത്തം 2,34,50,000/- രൂപയുടെ ബൃഹത്തായ പ്രോജക്റ്റ് 2000 -01 മുതൽ തുടർന്നുവരുന്നു. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി ചേരികൾ സർവെ നടത്തി അർഹതപ്പെട്ടവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ബാങ്ക് ലോൺ ലഭ്യമാക്കുന്നതിനു മുമ്പേ 681 ഗുണഭോക്താക്കൾക്ക് സബ്സിഡി തുക 16,000/- രൂപ വീതം (11000+5000) വിതരണം ചെയ്തു. ഇവരിൽ 323 പേർ മാത്രമാണ് സബ്സിഡി തുക കൈപ്പറ്റിയ ശേഷം ബാങ്ക് ലോൺ വാങ്ങിയത്. ബാക്കി വന്ന 358 ഗുണഭോക്താക്കൾ പ്രമാണങ്ങൾ പ്രോജക്ട് ഓഫീസിൽ ഈട് നൽകാതെ മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തി വായ്പ നേരത്തെ എടുത്തവരായിരുന്നു. അതിനാൽ 358 പേർക്ക് നൽകിയ സബ്സിഡി 57,28,000/- രൂപ ഉദ്ദേശ്യലക്ഷ്യം സാധിക്കാതെ പാഴായിപ്പോയി. അടിസ്ഥാന രേഖകൾ പോലും ഇല്ലാതെ പദ്ധതിപ്പണം ദുർവ്യയം ചെയ്യുകയാണുണ്ടായത്. സബ്സിഡി കൈപ്പറ്റിയതിൽ പലരും കാലാവധി കഴിഞ്ഞ ബിൽഡിംഗ് പെർമിറ്റ് ഹാജരാക്കിയവരോ അനധികൃതമായ നിർമ്മാണം നടത്തി ക്രമവൽക്കരണം നേടിയവരോ ഇരുനില കെട്ടിടങ്ങൾ നിർമ്മിക്കുന്നവരോ മേൽക്കൂര മാറ്റാനും വീട് റിപ്പയറിംഗിനും പെർമിറ്റ് സമ്പാദിച്ചവരോ വീട് കൂട്ടിയെടുക്കുന്നതിന് | എൻ.എസ്.ഡി.പി. എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഭവനപുനരുദ്ധാരണം, കക്കൂസ്, കുടിവെള്ളം എന്നീ അംഗീകൃത ഇനങ്ങൾ ഉൾപ്പെട്ടിട്ടുള്ളതാണ് ഇതുമായി ബന്ധപ്പെട്ട് തറ വിസ്തീർണ്ണം പരമാവധി നിർണ്ണയിച്ച് ഗവൺമെന്റ് ഉത്തരവുകൾ നിലവിൽ ഉണ്ടായിരുന്നതായി അറിവില്ല. ആ സ്ഥിതിക്ക് മേൽക്കൂര മാറ്റൽ, മുറി സൗകര്യം ഉണ്ടാക്കൽ, തുടങ്ങി ദരിദ്രർക്ക് പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് മുഖ്യ പരിഗണന നൽകിയിട്ടുള്ളതു കൊണ്ട് അവയെല്ലാം പദ്ധതിയുടെ നിർവ്വഹണത്തിന്റെ ഭാഗമായിട്ടാണ് വിലയിരുത്തപ്പെടേണ്ടത്.<br>ബിൽഡിംഗ് പെർമിറ്റ് നിലവിലുള്ളത് പുതുക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ ഗുണഭോക്താക്കൾ കോർപ്പറേഷൻ ഓഫീസിൽ ടൗൺപ്ലാനിംഗ് ചട്ടങ്ങൾ പ്രകാരം ചെയ്യുന്ന നടപടിയാണ്. പുതുക്കിയ അനുവാദപത്രം ഹാജരാക്കിയാലെ പ്രാഥമികമായി എൻ.എസ്.ഡി.പി. ഒരു ലക്ഷം ഭവനപദ്ധതി പ്രകാരം ഗഡുക്കൾ അനുവദിക്കുകയെന്ന് ഗവ. ഉത്തരവിൽ ഒന്നും അനുശാസിച്ചിരുന്നില്ല. ചുരുക്കത്തിൽ ഓല മാറ്റി ഓടാക്കൽ, തറ സിമന്റ് ഇടൽ, ചുവർ തേക്കൽ, വൈദ്യുതി കണക്ഷൻ എടുക്കൽ. കുടിവെള്ള സംവിധാനം ഏർപ്പെടുത്തൽ (പൈപ്പ്, കിണർ) എന്നിവയെല്ലാം എൻ.എസ്.ഡി.പി.യിൽ ഭവന പുനരുദ്ധാരണം എന്ന നിർവചനത്തിന്റെ പരിധിയാലായതുകൊണ്ട് അതുമായി ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകിയ സബ്സിഡി അർഹർക്ക് മാത്രമേ അനുവദിച്ചുള്ളൂ എന്നത് ബോധ്യപ്പെടുത്തുന്നു. |

| | | | | |
|---|---|---|---|---|
| | | | ബിൽഡിംഗ് പെർമിറ്റ് കരസ്ഥമാക്കിയവരോ ആയിരുന്നു. ചുരുക്കത്തിൽ പദ്ധതിക്കായി അനുവദിച്ചുകിട്ടിയ പണത്തിന്റെ നല്ലൊരുഭാഗം അനർഹമായ ഗുണഭോക്താക്കൾക്ക് വീതം വെച്ച് നൽകുകയായിരുന്നു. പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത് 27 ച.മീ. വിസ്തീർണ്ണമുള്ള വീടുകൾ ആയിരുന്നുവെങ്കിലും 50 ച.മീ.മുതൽ 97 ച.മീ വരെ വിസ്തീർണ്ണമുള്ള 91 കുടുംബങ്ങളുടെ വീടുകൾക്കും സബ്സിഡി തുക നൽകുകയുണ്ടായി. പാവപ്പെട്ടവർക്ക് ചെലവു കുറഞ്ഞ വീട് നിർമ്മാണത്തിന് നൽകേണ്ട ധനസഹായം യാതൊരു അടിസ്ഥാന രേഖകളുമില്ലാതെ പ്രോജക്ടിന്റെ സാമ്പത്തിക പരിധിയും മറ്റു വ്യവസ്ഥകളും യഥേഷ്ടം ലംഘിച്ചുകൊണ്ട് നൽകുക വഴി 14,56,000/- രൂപ (91× 16000) ദുർവ്യയം ചെയ്തതായി കണക്കാക്കുന്നു. | |
| 11 | 2006-07 | 4-5-11 | ചേരി നിവാസികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടി കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത വാംബേ പദ്ധതി നഗരസഭയിൽ നടപ്പിലാക്കാൻ തീരുമാനിച്ചതിനെ തുടർന്ന് 1116 പേരുടെ ലിസ്റ്റ് തയ്യാറാക്കി നഗരസഭ നൽകേണ്ട 25% വിഹിതമായ 1,11,60,000/- രൂപ (55,80,000/- രൂപ) തനതുഫണ്ടിൽ നിന്നും 5,80,000/- രൂപ എൻ.എസ്.ഡി.പി.യിൽ നിന്നും) 2003 ജനുവരിയിൽ തന്നെ സി.ഡി.എസ്സിനു നൽകി. 1116 ഗുണഭോക്താക്കളുടെ കേന്ദ്ര സർക്കാർ വിഹിതമായ 3,34,00,000/- രൂപ ഉൾപ്പെടെ 4,46,40,000/- രൂപ മൊത്തം അടങ്കലായുള്ള പദ്ധതി 2003-04 ൽ തുടങ്ങി. പദ്ധതി നിർവഹവണത്തിൽ താഴെ പറയുന്ന അപാകതകൾ ചൂണ്ടിക്കാട്ടുന്നു.<br>I. 05.08.2002 ലെ ജി.ഒ.(എം.എസ്) 135/02 എൽ.എസ്. ജി.ഡി. ഉത്തരവിൽ പ്രതിപാദിച്ചതുപോലെ സ്വന്തമായി ഭൂമിയില്ലാത്ത അധ:സ്ഥിതരായ ചേരിനിവാസികളെ കണ്ടെത്തി ഗ്രൂപ്പ് അടിസ്ഥാനത്തിലോ അല്ലാതെയോ പദ്ധതി നടപ്പാക്കുന്നതിനു വേണ്ട ഒരു പ്രാഥമിക സർവെ നടത്തുകയോ ഗുണഭോക്തൃ | 2002 -2003 സംസ്ഥാന സർക്കാർ ആവിഷ്കരിച്ച വാംബെ ഭവനനിർമ്മാണ ധനസഹായ പദ്ധതി കോഴിക്കോട് കോർപ്പറേഷൻ കുടുംബശ്രീ മുഖേന 2003 -2004 ൽ മാത്രമാണ് നടപ്പാക്കാൻ സാധിച്ചത്. ചേരി പ്രദേശങ്ങളിലെ ഭവനരഹിതരുടെ പുനരധിവാസം എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതി കോഴിക്കോട് നഗരസഭയിൽ നടപ്പിലാക്കുന്നതിന് ഒട്ടേറെ പ്രതിബന്ധങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ടത് കോഴിക്കോട് കോർപ്പറേഷനിൽ ചേരി എന്ന നിലയിൽ കണക്കാക്കപ്പെടുന്ന പ്രദേശങ്ങൾ കുറവാണ്. ഇക്കാരണത്താൽ ചേരി നിവാസികളായ 1116 പേരെ കണ്ടെത്തുക എന്നത് ദുഷ്കരമായിരുന്നു. അതുകൊണ്ടു തന്നെ ചേരിക്ക് സമാനമായ പ്രദേശങ്ങൾ കൂടി ചേരിയായി പ്രഖ്യാപിക്കേണ്ടി വന്നു ഇപ്രകാരം ചേരിക്ക് സമാനമായ പ്രദേശങ്ങൾ ചേരിയായി പ്രഖ്യാപിച്ചുകൊണ്ട് കൗൺസിൽ തിരുമാനം വന്നത് 12/09/03 ന് ആണ്. ഇത്തരത്തിൽ വിവിധ ഭാഗങ്ങളിലുള്ള ചിതറിക്കിടക്കുന്ന ഗുണഭോക്താക്കളായതിനാൽ ഫ്ളാറ്റ് സിസ്റ്റം അല്ലെങ്കിൽ ഹൗസിംഗ് കോളനി എന്ന രീതിയിലുള്ള ഒരു പദ്ധതി പ്രായോഗികമായിരുന്നില്ല. അത് കൊണ്ട് തന്നെ വ്യക്തിഗത ഗുണഭോക്താക്കളെ കണ്ടെത്തി ധനസഹായം മാത്രമേ കരണീയമായിരുന്നുള്ളു.<br>വളരെ പരിമിതമായ സമയത്തിനുള്ളിൽ ലിസ്റ്റ് തയ്യാറാക്കേണ്ടി വന്നതിനാലും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കാതിരുന്നതിനാലും യഥാർത്ഥ മാനദണ്ഡം പ്രകാരമല്ല ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത് അതുകൊണ്ട് തന്നെ കെട്ടിടനിർമ്മാണ നിയന്ത്രണ മേഖലകളിൽ ഉള്ളവരും ലിസ്റ്റിൽ ഉൾപ്പെട്ടു. അംഗീ |

ലിസ്റ്റ് തയ്യാറാക്കുകയോ ചെയ്തിരുന്നില്ല.

2. അനർഹമായ ധാരാളം പേർക്ക് ധനസഹായം
നൽകി. ധനസഹായത്തിനർഹരായവരുടെ വീടിന്റെ
തറവിസ്തീർണ്ണം 30 ച.മീറ്റർ ആയി സർക്കാർ നിശ്ച
യിച്ചിരുന്നുവെങ്കിലും ധനസഹായം ലഭിച്ചവരിൽ ഭൂരി
ഭാഗവും അംഗീകരിച്ച തറവിസ്തീർണ്ണത്തിന്റെ ഇര
ട്ടിയും അതിലധികവും വിസ്തീർണ്ണത്തിൽ തറ
നിർമ്മിച്ചവരാണ്. അക്കാരണത്താൽ തന്നെ ഈ
ഗുണഭോക്താക്കൾ വീട് നിർമ്മാണത്തിന്റെ അവ
സാന ഗഡു കൈപ്പറ്റിയിട്ടില്ല.

3. പ്രോജക്ടിലെ വ്യക്തിഗത ഭവന നിർമ്മാണച്ചെല
വിന്റെ ഉയർന്ന പരിധി 40,000/- രൂപയായി സർക്കാർ
നിശ്ചയിച്ചിരുന്നുവെങ്കിലും പ്രോജക്ട് ചെലവിന്റെ
നാലിരട്ടിയും അതിൽ കൂടുതലും ചെലവു വരുന്ന
വ്യക്തിഗത ഭവന നിർമ്മാണത്തിന് വാംബേ പദ്ധതി
യിൻ പ്രകാരം ധനസഹായം നൽകി.

കൃത പ്ലാൻ ലഭ്യമല്ലാതിരുന്നതിനാൽ ഇവർക്ക് അപേക്ഷ സമർപ്പിക്കുവാൻ
നിർവ്വാഹമില്ലായിരുന്നു. ഈ അവസ്ഥ മനസ്സിലാക്കി വിവിധ നഗരസഭകളിൽ
നിന്നും നൽകിയ നിവേദനത്തിന്റെ ഫലമായി സോണൽ റസ്റ്റിക്ഷൻ ഒഴിവാക്കി
യിട്ടുള്ള സ ഉ.(സാധ) നം 805/04 തസ്വഭവ എന്ന ഉത്തരവ് വന്നത് 26/02/04 ൽ
ആണ്. പ്രസ്തുത ഉത്തരവ് പ്രകാരം വീണ്ടും ഗുണഭോക്താക്കളിൽ നിന്ന്
അപേക്ഷ സ്വീകരിക്കേണ്ടതായി വന്നതാണ് പദ്ധതി നിർവ്വഹണ കാലം ദീർഘി
പ്പിക്കാൻ കാരണമെന്ന് ബോധിപ്പിക്കുന്നു. വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ലഭി
ക്കാതെ തയ്യാറാക്കിയ ബൃഹത്തായ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽ
പലരും തുടർന്ന് വന്ന ഭേദഗതികൾ സ്വീകരിക്കുന്നതിന് വിമുഖത കാട്ടി . ഉദാ
ഹരണത്തിന് മാർഗ്ഗ നിർദ്ദേശങ്ങളിൽ കുറഞ്ഞ തറ വിസ്തീർണ്ണം 15 എം2
നിന്നത് തുടർന്ന് വന്ന സ.ഉ (സാധ) 805/04 തീയ്യതി 26/0204 ഉത്തരവ് പ്രകാരം
കൂടിയ തറ വിസ്തീർണ്ണം 30 എം2 ആയി പരിമിതപ്പെടുത്തിയത് കാരണം
ലിസ്റ്റിൽ ഉൾപ്പെട്ട ധാരാളം പേർ പദ്ധതിയിൽ നിന്ന് പിൻമാറി.
ഇത്തരത്തിൽ ഗുണഭോകൃത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ധനസഹായം കൈപ്പറ്റാൻ
താല്പര്യമില്ലാത്ത ഗുണഭോക്താക്കൾക്ക് പകരം ആളുകളെ കണ്ടെത്തി ലിസ്റ്റ്
തയ്യാറാക്കി കൗൺസിൽ മുഖേന സർക്കാരിൽ നിന്ന് അംഗീകാരം വാങ്ങേണ്ടി വ
ന്നതിനാലും കാലതാമസം നേരിട്ടിട്ടുണ്ട്. ഇത്തരത്തിൽ 2005 ജൂൺ മാസത്തി
ലാണ് അവസാനമായി ലിസ്റ്റ് അംഗീകരിച്ചു വന്നിട്ടുള്ളത്
കോഴിക്കോട് കോർപ്പറേഷനിൽ വാംബെ പദ്ധതിയുടെ ടാർജറ്റ് 1118 ആയിരു
ന്നു. ഈ ലക്ഷ്യം സാധിച്ചത് 2005 ആഗസ്റ്റ് മാസത്തിലായിരുന്നതിനാലും 2004
ഒക്ടോബർ വരെ 439 പേർക്കും 700 പേർക്ക് ധനസഹായം നൽകിയത് 2004
ഒക്ടോബറിനു ശേഷമാണ് എന്നതും 2006 സെപ്റ്റംബർ മാസത്തോടെ ഫണ്ടിന്റെ
92% ചെലവഴിച്ചു എന്നതും 571 പേർ നിർമ്മാണം പൂർത്തിയാക്കി എന്നതും പരി
ഗണിച്ച് പദ്ധതിയുടെ നടത്തിപ്പിന് വേഗം കൂടിയെന്ന് ബോദ്ധ്യപ്പെടാവുന്നതാണ്.
ധനസഹായത്തിന്റെ വിവിധ ഗഡുക്കൾ കൈപ്പറ്റിയവർ വീടു നിർമ്മാണം പൂർത്തീ
കരിക്കാതിരിക്കാനൊരു പ്രധാന കാരണം സാമ്പത്തിക പ്രയാസം തന്നെയാണ്.
40000/- രൂപ കൊണ്ട് വീടിന്റെ നിർമ്മാണം പൂർത്തീകരിക്കുവാൻ സാധ്യമല്ലെന്നു
ള്ളത് നിസ്തർക്കമായ കാര്യമാണ്. ഇതും പദ്ധതിയുടെ കാല വിളംബത്തിന് കാര
ണമായിട്ടുണ്ട്.

സർക്കാറിന്റെ ജി.ഒ.എം.എസ്/135/02/എൽ.എസ്.ജി.ഡി/5/08/02/ ഉത്തരവനുസ
രിച്ച് റിപ്പോർട്ടിൽ സൂചിപ്പിച്ച പ്രകാരമുള്ള പ്ലിന്ത് ഏരിയ കൂടിയ പരിധി
നോക്കാതെ ധാരാളം പേർക്ക് ധനസഹായത്തിന്റെ വിവിധ ഗഡുക്കൾ 2004 ജനുവ
രിയോടെ നൽകി കഴിഞ്ഞിരുന്നു. ഈ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ
ത്തിന്റെ വിവിധ ഘട്ടങ്ങളിൽ ആയിരിക്കുമ്പോഴാണ് പ്ലിന്ത് ഏരിയ 30 എം2

എന്ന് നിജപ്പെടുത്തി ഉത്തരവ് വന്നത് ഇത്തരത്തിലുള്ള ഗുണഭോക്താക്കൾക്ക്
ധനസഹായത്തിന്റെ തുടർന്നുള്ള ഗഡുക്കൾ കൊടുക്കാതിരിക്കുന്നത് നീതി
നിഷേധമായേ കാണാൻ കഴിയൂ . വാംബെ ഭവന നിർമ്മാണ പദ്ധതിയിൽ
ഏരിയ 30 എം2 ആയി നിജപ്പെടുത്തികൊണ്ടുള്ള എക്സി. ഡയറക്ടറുടെ കെ.
എസ്.ഡി/1885/03 കത്തിന്റെ തീയ്യതിക്ക് മുമ്പ് അംഗീകാരത്തിനായി സമർപ്പിച്ച
പ്ലാനുകൾ 60 എം2 വരെ അനുവദിക്കുവാൻ 17/01/2004 ലെ 6-ാം നമ്പർ തിരുമാന
പ്രകാരം സിറ്റി മാനേജ്മെന്റ് കമ്മറ്റി തീരുമാനിച്ചിട്ടുണ്ട് .

4- ാം ഗഡു ധനസഹായം അനുവദിച്ചത് ഒക്യുപ്പൻസി സർട്ടിഫിക്കറ്റിന്റെ അടി
സ്ഥാനത്തിലല്ല എന്ന് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട് . 3, 4 ഗഡുക്കൾ ടൗൺ
പ്ലാനിങ്ങിൽ നിന്നും ബന്ധപ്പെട്ട ഓവർസിയർ നൽകുന്ന സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ
അടിസ്ഥാനത്തിൽ പ്രൊജക്ട് ഓഫീസർക്ക് അനുവദിക്കാവുന്നതാണ്. എന്ന്
20/06/2003 ലെ കെശ്രീ/89955/02 നമ്പർ ഉത്തരവ് പ്രകാരം കോർപ്പറേഷൻ
സെക്രട്ടറി നിർദ്ദേശിച്ചിട്ടുള്ളതാണ്. ഭൂരിഭാഗം പേരും ഉയർന്ന തറ വിസ്തീർണ്ണത്തി
ലാണ് പണി പൂർത്തീകരിച്ചിട്ടുള്ളത് എന്ന് റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. 2004
ഫെബ്രുവരിയാലാണ് 30എം2 പരിതി നിശ്ചയിച്ചു ഉത്തരവ് വരുന്നത് 2004 ജനുവരി
യോടെ തന്നെ 342 ഒന്നാംഗഡു, 321 പേർക്ക് 2-ാം ഗഡു, 224 പേർക്ക് 3-ാം ഗഡു
80 പേർക്ക് 4-ാം ഗഡു എന്നീ രീതിയിൽ ധനസഹായം നൽകുകയും ചെയ്തിരു
ന്നു . 2010 ആയപ്പോഴേക്കും 1,2 ഗഡുക്കൾ 1097 പേർക്കും, 1045 പേർക്ക് 3-ാം
ഗഡുവും, 845 പേർക്ക് 4-ാം ഗഡുവും നൽകിയിട്ടുണ്ട്. ബാക്കിയുള്ളവർക്ക്
പ്രവൃത്തി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റുന്നതിന് അറിയിപ്പ് നൽകിയി
ട്ടുണ്ട്.

റിപ്പോർട്ടിൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ അപേക്ഷ സമർപ്പിക്കുമ്പോൾ പ്ലിന്ത്
ഏരിയാപരിധി 30 എം2 എന്ന് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ പല ഗുണഭോക്താ
ക്കളും കോർപ്പറേഷനിൽ നിന്നും നേരത്തെ അംഗീകാരം ലഭിച്ച പ്രകാരമാണ്
അപേക്ഷ സമർപ്പിച്ചത് . ഇപ്രകാരം ഉള്ള അപേക്ഷകൾ പ്ലിന്ത് ഏരിയാ പരിധി
കുറഞ്ഞത് 15 എം2 എന്ന വ്യവസ്ഥ പ്രകാരം നിരസിക്കുവാൻ നിർവ്വാഹമുണ്ടായി
രുന്നില്ല ഇത്തരത്തിൽ വീട് നിർമ്മിച്ച 24 പേരുടെ ലിസ്റ്റ് റിപ്പോർട്ടിൽ പരാമർശി
ച്ചിട്ടുണ്ട്. ഇവരിൽ 23 പേരുടെയും വീടുകൾ ലോക്കൽ ഫണ്ട് ഓഡിറ്റിലെ ബന്ധ
പ്പെട്ട ഉദ്യോഗസ്ഥർ കുടുംബശ്രീ പ്രൊജക്ട് ഓഫീസർ, സി.ഡി.എസ്. പ്രസിഡണ്ട്
എന്നിവർ 14/07/2006 ന് പരിശോധന നടത്തി യഥാർത്ഥത്തിൽ അർഹതപ്പെട്ട
വരാണെന്നും തറ വിസ്തീർണ്ണം പ്ലാനിൽ മാത്രമാണെന്നും ബോധ്യപ്പെട്ടിട്ടുള്ള
താണ്. 4½ കോടി രൂപയുടെ ബൃഹത് പദ്ധതി കോഴിക്കോട് കോർപ്പറേഷൻ നട
പ്പിലാക്കുമ്പോൾ ജീവനക്കാർ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ വളരെ പരിമിത

| | | | | |
|---|---|---|---|---|
| | | | | മായിരുന്നുവെങ്കിൽ കൂടി ഈ പരിമിതിക്കുള്ളിൽ നിന്ന് പരമാവധി ശ്രമം നടത്തി വാംബെ പദ്ധതി പൂർണ്ണവിജയമല്ലെങ്കിൽ കൂടി പാവപ്പെട്ടവന് തലചായ്ക്കാനൊരിടം എന്ന സ്വപ്നം ഒരു പരിധി വരെയെങ്കിലും സാക്ഷാത്കരിക്കുവാൻ കുടുംബശ്രീ പ്രൊജക്ടിന് കഴിഞ്ഞു എന്നത് ചാരിതാർത്ഥ്യ ജനകമാണ്. ഇത്തരം ഒരു ബൃഹത്തായ നടത്തിപ്പിൽ വന്ന പാകപിഴകൾ വ്യക്തമായ മാർഗ്ഗനിർദ്ദേശത്തിന്റെ അഭാവം കൊണ്ടും ആസൂത്രണത്തിലുള്ള പാകപ്പിഴവ് കൊണ്ടുമാണെന്ന് ബോധിപ്പിക്കുന്നു. |